# കോൺഗ്രസ്സും കേരളവും

ബാരിസ്റ്റർ : എ. കെ. പിള്ള



ചരിത്രം പബ്ലിക്കേഷൻസ്
തിരുവനന്തപുരം-695010

# കോൺഗ്രസ്സും കേരളവും

# കോൺഗ്രസും കേരളവും

## ബാരിസ്റ്റർ എ. കെ. പിള്ള

(പ്രസാധകർ കേരള സംസ്ഥാനകോൺഗ്രസ്സ് കമ്മിററി)

(തൃശ്ശിവപേരൂർ രാമാനുജം മുദ്രാലയം ക്ലിപ്തത്തിൽ അച്ചടിച്ചതു്)

പുന:പ്രസിദ്ധീകരണം

ചരിത്രം പബ്ലിക്കേഷൻസ്
1982

തിരുവനന്തപുരം-695 010
വില 20 ക.

ആഗസ്ററു് 1982.

ചരിത്രം പബ്ളിക്കേഷൻസ് പ്രസിദ്ധീകരണങ്ങൾ.

| No. | Title | Author | Price |
| --- | --- | --- | --- |
| 1. | Kerala under Haidar Ali & Tipu Sultan | Dr. C. K. Kareem | 40-00 |
| 2. | What happened in Indian History | Dr. C K Kareem | 30-00 |
| 3. | Institutions & Movements in Kerala History | Dr. T. K. Ravindran | 30-00 |
| 4. | Extremist Movement in Kerala | Dr. K. K. Kusumam | 10-00 |
| 5. | Making of History | Prof. K. V. Krishna Iyer and Prof. Mary Samuel David | 20-00 |
| 6. | ഇന്ത്യാ ചരിത്രത്തിനു് ഒരു മുഖവുര | ഡോ. സി. കെ. കരീം | 10-00 |
| 7. | കേരള ചരിത്ര വിചാരം | ഡോ. സി. കെ കരീം | 15-00 |
| 8. | ചരിത്ര സംവേദനം | ഡോ. സി. കെ. കരീം | 10-00 |
| 9. | മുഹമ്മദ് തുഗ്ളക്ക് ഒരു പഠനം | ഡോ. സി. കെ. കരീം | 10-00 |
| 10. | ഇബിനു ബത്തൂത്തയുടെ കള്ളക്കഥകൾ | ഡോ. സി. കെ. കരീം | 10-00 |
| 11. | നാടൻ കലകൾ | ഡോ. ചുമ്മാർ ചൂണ്ടൽ | 10-00 |
| 12. | പുള്ളവർ | ഡോ. ചുമ്മാർ ചൂണ്ടൽ | 10-00 |
| 13 | കേരള ചരിത്രധാര | ടി. എച്ച്. പി. ചെന്താരശ്ശേരി | 10-00 |
| 14. | വേണാട്ട വിശേഷങ്ങൾ | വി. ഭാസ്ക്കരൻ നായർ | 5-00 |
| 15. | ചില കേരള ചരിത്രവിഭവങ്ങൾ | അടൂർ രാമചന്ദ്രൻ നായർ | 5-00 |
| 16. | കോൺഗ്രസ്സും കേരളവും | ബാരിസ്റ്റർ എ.കെ.പിള്ള | 20-00 |

# വിഷയ സൂചി

പ്രസ്താവന

ഡോ. സി. കെ. കരീം

അദ്ധ്യായം

1 കേരളം അന്നും ഇന്നും

2 1920-ന് മുമ്പ്

3 മഞ്ചേരി

4 നേതാക്കന്മാരുടെ ബന്ധനം

5 ഒററപ്പാലം

6 മലബാർ ലഹള

7 സരോജിനി സന്ദേശം

8 അയിത്തോച്ചാടന ശ്രമങ്ങൾ

വൈക്കം സത്യാഗ്രഹം

9 പിന്നോക്കമുള്ള ഗതി

10 വീണ്ടും മുന്നോട്ട് തന്നെ

11 ഉപ്പു സത്യാഗ്രഹം

12 രണ്ടു് വൻസമരങ്ങൾ

ഗുരുവായൂർ സത്യാഗ്രഹം

നിയമലംഘന പ്രസ്ഥാനം

(Malayalam)
KERALAVUM CONGRESSUM
History
By Barrister A. K. Pillai
First Published 1935
By Kerala Pradesh Congress Committee
Reprinted 1983
By Charithram Publications
Trivandrum-695 010
Price Rs. 20
Printed at
Luqman Printers
Trivandrum-695008

# പ്രസ്താവന

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ ചരിത്രം ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രവുംകൂടിയാണല്ലോ. കോൺഗ്രസ്സിൻെറ കേരളഘടകത്തെക്കറിച്ച് 1935ൽ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിററി പ്രസിദ്ധീകരിച്ച 'കോൺഗ്രസ്സും കേരളവും' എന്ന ഈ ഗ്രന്ഥംനമ്മുടെ ആദ്യകാല രാഷ്ട്രീയ പ്രവൎത്തന ശൈലിയെ അനുസ്മരിക്കുവാനുപകരിക്കുന്നു. സ്വാതന്ത്ര്യത്തിന്നുവേണ്ടി ദേശാഭിമാനികളായ ധീരസേനാനികൾ നടത്തിയ ത്യാഗോജ്ജ്വലമായ സമരങ്ങളും, അനുഭവിച്ച കഠിനമായ യാതനകളും ഇന്നത്തെ തലമുറക്ക് മിക്കവാറും അജ്ഞാതമാണ്. നാം നേടിയ സ്വാതന്ത്ര്യം കളഞ്ഞുകളിക്കാതിരിക്കണമെങ്കിൽ നിശ്ചയമായും ഇന്നലെ കഴിഞ്ഞ കാര്യങ്ങൾ വല്ലപ്പോഴുമൊക്കെ നാം ഓർക്കേണ്ടതുണ്ട്.

പാരതന്ത്ര്യത്തിൻ കീഴിൽ ഇൻഡ്യയുംഇൻഡ്യാക്കാരും സഹിക്കേണ്ടതായിവന്ന ഭീഷണമായ സാമ്രാജ്യത്വ മർദ്ദനങ്ങളേയും കിരാതമായ നരനായാട്ടുകളേയും നമുക്ക് മറന്നുകളയുവാൻ സാദ്ധ്യമല്ല. ഇത്തരം ചരിത്രഗ്രന്ഥങ്ങൾ നിശ്ചയമായും പഴയ ഓർമ്മകളെ അയവിറക്കുവാനുപകരിക്കുന്നു. അതു തന്നെയാണ് ഈ ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരണത്തിനു് തിരഞ്ഞെടുക്കുവാൻ ഞങ്ങൾക്ക് പ്രേരണയായി നിൽക്കുന്നതും.

'കോൺഗ്രസ്സും കേരളവും' എന്ന ഈ പുസ്തകം കേരളപ്രദേശ് കോൺഗ്രസ്സ് കമ്മററി 1935 ൽ പ്രസിദ്ധീകരിച്ചതാണ്. കോൺഗ്രസ്സിൻെറ അതുവരെയുള്ള കേരളത്തിലെ പ്രവൎത്തനങ്ങളെ ആധികാരികമായി ആവിഷ്ക്കരിച്ചിരിക്കുകയാണ് ഈ പുസ്തകത്തിൽ. ദേശാഭിമാനപ്രചോദിതനായി ഇംഗ്ലണ്ടിൽനിന്നും ഉപരിപഠനം മതിയാക്കി കോൺഗ്രസ്സ് പ്രവൎത്തനങ്ങളിൽ പങ്കാളിയാകുവാൻ വേണ്ടി കേരളത്തിൽ മടങ്ങിയെത്തിയ കോൺഗ്രസ്സിൻെറ ആദ്യകാലനേതാക്കന്മാരിൽ ഒരാളായ ബാരിസ്റ്റർ ഏ കെ. പിള്ളയാണ് ഈ ഗ്രന്ഥത്തിൻെറ രചയിതാവ്. കോൺഗ്രസ്സ് നേതാക്കന്മാരിൽ സമാദര

ണീയനും അനിഷേദ്ധ്യനുമായിരുന്ന ബാരിസ്റ്റർ ഏ.കെ.പിള്ള കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിററിയുടെ സമ്മതത്തോടും അനുവാദത്തോടുംകൂടി എഴുതി തയ്യാറാക്കിയ ഈ ഗ്രന്ഥം തീർത്തും ആധികാരികമാണെന്ന കാര്യത്തിൽ രണ്ടു പക്ഷമുണ്ടാകുകയില്ലല്ലോ.

കോൺഗ്രസ്സും, കേരളവും' എന്ന ഈ പുസ്തകം ഇന്നു് എവിടെയും കിട്ടാനില്ലാത്തതിനാൽ 'ചരിത്രം പബ്ലിക്കേഷൻസ്'' ഇതു് പുനഃപ്രകാശനം നടത്തുകയാണു്. നമ്മുടെ രാഷ്ട്രീയ ഗതിവിഗതികളെക്കുറിച്ചറിയുവാനാഗ്രഹിക്കുന്ന വർക്കും കേരളത്തിൻെറ ചരിത്രഭാഗമായി മാറിയിട്ടുള്ള സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നവർക്കും ഇതു് വളരെ പ്രയോജനകരമായിരിക്കും. ഒരു സദ് പ്രവൃത്തി ചെയ്ത സംതൃപ്തിയോടുകൂടി ചരിത്രം പബ്ലിക്കേഷനു വേണ്ടി ഞാനീഗ്രന്ഥം സഹൃദയസമക്ഷം സമർപ്പിച്ചു കൊള്ളട്ടെ.

ഈ പുസ്തകം അച്ചടിച്ചതു് തിരുവനന്തപുരത്തു് വള്ളക്കടവിലുള്ള ലുക്മാൻ പ്രിൻേറഴ്സാണു്. അവിടത്തെ പ്രവർത്തകരോടു് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ സന്തോഷമുണ്ടു്.

തിരുവനന്തപുരം-10 — ഡോ: സി. കെ. കരീം

24-8-1982

## അദ്ധ്യായം 1.

# കേരളം: അന്നും ഇന്നും

വർത്തമാനകേരളത്തിൻെറ രാഷ്ട്രീയചരിത്രം മുഖ്യമായും മലബാറിനെ സംബന്ധിച്ചതാകുന്നു. ഗ്രീക്കുകാരുടെ കാലത്തിനുശേഷം യൂറോപ്പിൽനിന്നു ഒരാം ഒന്നാമതായി ഇന്ത്യയിലേക്കു വന്നതു് വാസ്കോഡിഗാമയാണു്. വാസ്കോഡിഗാമ ആദ്യം കപ്പലിറങ്ങിയതു് കോഴിക്കോട്ടും ആണല്ലോ. ഫ്രഞ്ചുകാർ ആദ്യം ഡിപ്പോ സ്ഥാപിച്ചതും മലബാറിലായിരുന്നു. ഇംഗ്ലീഷുകാരുടെ ആദ്യത്തെ പാർപ്പുസ്ഥലങ്ങളിലൊന്നു് കോഴിക്കോടായിരുന്നു. 1792-ലാണു് മലബാർ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കൈവശത്തിൽ വന്നതു്. ആദ്യം ഏതാനും കാലത്തേക്കു് അതിൻെറ ഭരണം ബോംബെ പ്രസിഡൻസിയിൽ ഉൾപ്പെട്ടിരിക്കുകയായിരുന്നു. ആ വ്യവസ്ഥ അതൃപ്തികരമെന്നു് കണ്ടശേഷമാണു് 1800-ൽ അതിൻെറ ഭരണം മദ്രാസ് പ്രസിഡൻസിയിലേക്കു മാററിയതു്. ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണത്തിൻകീഴിൽ വരുന്നതിനുമുമ്പു്, മലബാറിൽ വിളഭൂമിയിന്മേൽ നികുതി ഏർപ്പാടുണ്ടായിരുന്നില്ല. വാണിജ്യത്തിനും വ്യവസായങ്ങൾക്കും കേരളം; പ്രത്യേകിച്ചും മലബാർ, പണ്ടു വളരേ പേരു കേട്ടിരുന്നു ചുങ്കങ്ങളിൽനിന്നു് ലഭിച്ചിരുന്ന ആദായം തന്നേയായിരുന്നു അന്നത്തെ പ്രധാനമായ രാജഭോഗം. ഹൈദരാലിയുടെ ആക്രമണത്തിന്നു ശേഷമായിരുന്നു മലബാറിൽ ആദ്യം ഭൂനികുതി ഏർപ്പാടുണ്ടായതു്. ഹൈദരാലിയാവട്ടെ, താഴ്ന്ന നഞ്ചനിലങ്ങൾക്കു മാത്രമേ നികുതി ചുമത്തിയിരുന്നുള്ളു. എന്നാൽ കിഴക്കൻ ജില്ലകളേപ്പോലെ ഇവിടത്തെ ജനങ്ങൾ കൃഷിയേയും നഞ്ചനിലങ്ങളേയും ആശ്രയിച്ചല്ലാ കഴിഞ്ഞുവന്നതു്. അവർ വാണിജ്യത്തിലും വ്യവസായങ്ങളിലും

കൈത്തൊഴിലുകളിലും ഏർപ്പെട്ടിരുന്നു. കൃഷിയിൽതന്നേ—നെൽകൃഷിയേക്കാളധികം നാളികേരം, കുരുമുളക്, ഏലം, ഇഞ്ചി, കാപ്പി എന്നീ കൃഷികളിലായിരുന്നു വിളഭൂമിയുടെ അധികഭാഗവും വിനിയോഗിച്ചു വന്നതു്. അനവധി ഗ്രാമീണത്തൊഴിലുകളും കൃഷിയോടൊപ്പം അവർക്കവലംബമായിട്ടുണ്ടായിരുന്നു. ഇത്രയും സമൃദ്ധിയും സൌഖ്യവും അഴകും ഉള്ള സ്ഥലം ഇന്ത്യയിലെന്നല്ല ലോകത്തിൽതന്നേ ദുർല്ലഭമാണെന്നു് കേരളം സന്ദർശിച്ചിട്ടുള്ള വിദേശസഞ്ചാരികൾ അവർ ചമച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നാവട്ടെ, മലബാർ നിർദ്ധനന്മാരുടെ ഒരു നാടായിത്തീർന്നിരിക്കുന്നു. നിത്യവൃത്തിക്കു നിവൃത്തിയില്ലാതെ നട്ടംതിരിയുന്നവരാണു് ഭൂരിപക്ഷവും. നാളികേരത്തിൻേറയും പൂളക്കിഴങ്ങിൻേറയും (മരച്ചീനി) സഹായത്താലും കാലവർഷത്തിൻേറയും സൂര്യരശ്മിയുടേയും അനുഗ്രഹത്താലും, കഠിനമായ ദാരിദ്ര്യത്തിൽ, ആളുകൾ കഷ്ടപ്പെട്ടു അങ്ങിനെ കഴിഞ്ഞുകൂടുന്നു. ഈ സ്ഥിതിയാൽ തുച്ഛമായ കൂലിപ്രവൃത്തിക്കു് മലേഷ്യാ, സിങ്കപ്പൂർ, സിലോൺ താങ്കിനൈക്ക മുതലായ അന്യദേശങ്ങളിൽ മലബാറിലേ ജനങ്ങൾ പോയ്ക്കൊണ്ടിരിക്കുന്നു "മലയാളി"യും കൂലിപ്പണിക്കാരനും അവിടങ്ങളിൽ പര്യായപദങ്ങളായിത്തീർന്നിരിക്കുന്നതത്ഭുതമല്ല. മദിരാശിയിലുള്ള ഹോട്ടലുകളിലും ചായപ്പീടികകളിലും കേവലപ്രവൃത്തികൾ മലയാളികളുടെ പ്രത്യേകാവശങ്ങളായിത്തീർന്നിട്ടുണ്ടു്. കേരളഭൂമിയിൽ ഇന്നും "പാലും തേനും ഒഴുകുന്നു"ണ്ടെങ്കിലും അവ ഇതരന്മാരുടെ അനുഭവത്തിലാണു്. ബ്രിട്ടനിലെ ഏററവും വമ്പിച്ച ചില കമ്പനികളുടെ പ്രധാനകേന്ദ്രങ്ങൾ കേരളത്തിലാണെന്നു പറഞ്ഞാൽ അധികം പേർക്കും വിശ്വസിക്കുവാൻതന്നെ പ്രയാസമായിരിക്കും. ഇവിടത്തെ ചില യൂറോപ്യൻ കമ്പനികളുടേയും തോട്ടങ്ങളുടേയും മാനേജർമാർക്കു് അവരുടെ എത്രയും ധാരാളിച്ചതായ ചെലവുകൾ കഴിച്ചു് പ്രതിമാസം അയ്യായിരം, ഏഴായിരം എന്നിങ്ങനെ വമ്പിച്ച തുകകൾ ശമ്പളം കൊടുത്തു കൊണ്ടിരിക്കത്തക്കവണ്ണം ആ കമ്പനികൾ ഇവിടെനിന്നു ആദായമുണ്ടാക്കി വരുന്നു. കോഴിക്കോട്ടെ പ്രധാന വ്യാപാരങ്ങളും വ്യവസായശാലകളും ഇന്നും അന്യകൈവശത്തിലല്ലെ? ഈ രാജ്യത്തെ ഏററവും

വലിയ തോട്ടങ്ങളും ഇന്നു ആരുടെ വകയാണു്? രത്നം വിളയുന്ന നമ്മുടെ മലകളിൽ സാക്ഷാൽ കൈലാസം പോലെയുള്ള 'അഴകാപുരി'കളുണ്ടു്. അവിടെ വസിക്കുന്നവരും അഭിനവലോകത്തിലെ "ദേവന്മാരും ഗന്ധർവ്വ"ന്മാരുമാകുന്നു. വലിയ പട്ടണങ്ങളിൽപോലും ഇലക്ട്രിസിററി വരുന്നതിനുമുമ്പു്, യൂറോപ്യൻ തോട്ടക്കാരുടെ അധിവാസസ്ഥലങ്ങളിൽ ദേവികുളം, മൂന്നാർ, ഗൂഡലൂർ, എന്നീ ഉന്നതപ്രദേശങ്ങളിൽ വിദ്യുത്ശക്തി സാധാരണ ഗൃഹകാര്യങ്ങൾക്കുകൂടി ഉപയോഗപ്പെടുത്തി തുടങ്ങി. ഇലക്ട്രിസിററിയും കമ്പിത്തപാലും റെയിൽവേയും മററും ഇവിടെ പണ്ടുണ്ടായിരുന്നുവോ — ഇവയെല്ലാം ഈ രാജ്യത്തു ബ്രിട്ടീഷുകാർ കൊണ്ടുവന്നതല്ലേ എന്നു പലരുംവിചാരിക്കുന്നുണ്ടാകും. ബ്രിട്ടീഷുകാരുടെ വരവിനുശേഷമാണു് ഇവയെല്ലാം ഈ രാജ്യത്തു നടപ്പിൽ വരുത്തീട്ടുള്ളതു്, എന്ന സംഗതി വാസ്തവമാണു. എന്നാൽ ബ്രിട്ടീഷുകാരുടെ വരവിനുമുമ്പു് ഈ വകയൊന്നും ഇന്ത്യയിലെന്നല്ല, ഇംഗ്ലണ്ടിലോ യൂറോപ്പിലൊ എങ്ങും തന്നേ ഉണ്ടായിരുന്നില്ല. 19—ാം നൂററാണ്ടിലെ ശാസ്ത്രീയാഭിവൃദ്ധിയുടെയും അത്ഭുതകരമായ കണ്ടുപിടിത്തങ്ങളുടേയും ഫലമായി മനുഷ്യസമുദായത്തിനു ലഭിച്ച ഈ വക അനുഗ്രഹങ്ങൾ ഇപ്പോളാകട്ടെ ഇന്ത്യയിലോ ബ്രിട്ടീഷ് സാമ്രാജ്യത്തിലൊ മാത്രമല്ല മററു രാജ്യങ്ങളിലും ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല.

കേരളീയർ ദരിദ്രരാണെങ്കിലും, കേരളം ഇന്നും വിഭവസമ്പന്നയാണു്. പക്ഷെ വിളയുന്നതു് നമ്മുടെ വയലിലാണെങ്കിലും ചേരുന്നതു മററുള്ളവരുടെ പത്തായത്തിലാണെന്നു മാത്രം: മലബാറിലെ ജനങ്ങളുടെ തീരാദാരിദ്ര്യത്തിനുള്ള പ്രധാന കാരണം ഇവിടത്തെ അന്യായമായ ഭൂനികുതിവ്യവസ്ഥയും ജന്മികുടിയാൻ ഏർപ്പാടും ആകുന്നു. മററുള്ള സ്ഥലങ്ങളെ അപേക്ഷിച്ചു് ഇവിടെ ഭൂനികുതി എത്രയോ കൂടുതലാണെന്നു പണ്ഡിതന്മാരായ ചില ഇംഗ്ലീഷുഗ്രന്ഥകാരന്മാർതന്നെ എഴുതിക്കാണുന്നു. കൃഷി അൽപമെങ്കിലും ആദായകരമായ ഒരു തൊഴിൽ ആയിരിക്കുവാൻ നിവർത്തിയല്ലാത്തവണ്ണം അത്ര കൂടുതലാണു് ഇവിടത്തെ ഭൂനികുതി എന്നു് ഡോക്ടർ ബുക്കാനൻ പ്രസ്താവിച്ചിരിക്കുന്നു. ഭൂനികുതി വർദ്ധിച്ചിട്ടുള്ള ക്രമത്തിലും അധികമായിത്തന്നെ ജന്മിഭോഗങ്ങൾ വർദ്ധിച്ചുകാണുന്നു

ത്ത് അസ്വാഭാവികമല്ല. ഇന്നത്തെ അക്രമമായ പാട്ടവും നികുതിയും കുറയുകയും കൃഷിക്കാർക്ക് ഭൂമിയിൽ അദ്ധ്വാനിക്കുവാൻ വേണ്ടുന്ന പ്രോൽസാഹനവും സൗകര്യങ്ങളും ഉണ്ടാവുകയും ചെയ്താലേ കേരളത്തിൽ ഐശ്വര്യവും സമാധാനവും വാഴുകയുള്ളൂ. ശാസ്ത്രീയമായഅറിവിൻെറയും പര്യവേക്ഷണങ്ങളുടേയും സുവർണ്ണവിത്തുകൾ വിളനിലങ്ങളിൽ പാകുമ്പോൾ നാട്ടിൽ സുരഭിലമായ ക്ഷേമം ഫലപ്രദമാവുകയും ചെയ്യും.

രാഷ്ട്രീയ കേരളം

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്മലബാർ എന്നു മൂന്നു പ്രത്യേകവിഭാഗങ്ങളായി കേരളം വേർതിരിഞ്ഞിരിക്കുന്നതുകൊണ്ട് പൊതുവായ ഒരു രാഷ്ട്രീയ ജീവിതം ഏതാനും ശതാബ്ദങ്ങളായി ഇവിടെ നഷ്ടപ്രായമായിരിക്കുന്നു. 1920—നു മുമ്പ് നാട്ടുരാജ്യങ്ങൾ കോൺഗ്രസ്സിൻെറ പരിധിയിൽ പെട്ടിരുന്നില്ല. ബ്രിട്ടീഷിന്ത്യയിലെ ഭരണകാര്യ സംബന്ധമായ പ്രശ്നങ്ങളിൽ മാത്രമാണ് കോൺഗ്രസ്സ് ആദ്യകാലങ്ങളിൽ ശ്രദ്ധിച്ചിരുന്നത്. ചേററൂർ ശങ്കരൻനായർ, ജി. പി. പിള്ള, വിരയിരുനമ്പ്യാർ, സി. കുഞ്ഞിരാമമേനോൻ, മന്ദത്തു കൃഷ്ണൻനായർ, ഡാക്ടർ ടി. എം. നായർ, എസ്സ്. കേ. നായർ, സി. കരുണാകരമേനോൻ, കേ. പി. അച്യുതമേനോൻ, കേ യു നാരായണമേനോൻ എന്നിവർ അക്കാലങ്ങളിലെ കോൺഗ്രസ്സ സമ്മേളനങ്ങളിൽ ഇവസ്സിടെ സംബന്ധിച്ചതായും, നടപടികളിൽ പങ്കുകൊണ്ടതായും കാണുവാനുണ്ട്. ഇവരിൽ, സി. ശങ്കരൻനായർ അമരാവതിയിൽവെച്ച നടന്ന കോൺഗ്രസ്സിൻെറ 13—ാം സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു എന്നാൽ, ഈ പറഞ്ഞവരിൽ പ്രധാനപ്പെട്ട പലരും കേരളത്തിനു പുറമേ സ്ഥിരമായി പാർത്തുവന്നവരായിരുന്നു. അതിനാൽ അവരുടെ പൊതുക്കാര്യതല്പരത കേരളത്തിലെ അന്തരീക്ഷത്തെ സ്പർശിച്ചില്ല. കുറേക്കാലം കഴിഞ്ഞു് ഏകദേശം 1910—ാമാണ്ടിടക്കു മലബാറിൽ ഒരു ഡിസ്ട്രിക്ട് കോൺഗ്രസ്സ കമ്മിററി ഏർപ്പെട്ടത്തിയതായും അതിൻെറ സെക്രട്ടറിയായി സി കുഞ്ഞിരാമമേനോൻ ഏതാനുംവർഷം പ്രവ

ത്തിച്ചു വന്നതായും അറിയുന്നു. തുടർച്ചയായ ഒരു രാഷ്ട്രീയ പ്രവർത്തനം ഇവിടെ തുടങ്ങുന്നതു 1915—നുശേഷം ഹോംറൂൾ പ്രസ്ഥാനത്തിൻെറ ആരംഭത്തോടുകൂടിയാണു്. 1916—ൽ ബാരിസ്ററർ കെ. പി. കേശവമേനോൻ ബിലാത്തിയിൽനിന്നു മടങ്ങിയെത്തി കോഴിക്കോട്ടു പ്രാക്ടീസ്സാരംഭിച്ചു. കേശവമേനോൻ മലബാർ ഹോംറൂൾ ലീഗിൻേറയും പിന്നീടു ഡിസ്ട്രിക്ററ് കോൺഗ്രസ്സു് കമ്മിററിയുടേയും സെക്രട്ടറിയായിരുന്നു. ഹോംറൂൾ ലീഗിൻെറ പ്രസിഡണ്ടു മഞ്ചേരി രാമയ്യരും ഡിസ്ട്രിക്ററ് കോൺഗ്രസ്സു് കമ്മിററിയുടെ പ്രസിഡണ്ടു കെ. പി. രാമൻമേനോനും ആയിരുന്നു. പി. എ. കുഞ്ഞഹമ്മദു് ഈ രണ്ടു സംഘടനകളുടേയും അസിസ്ററൻറ് സെക്രട്ടറിയായി രണ്ടു കൊല്ലം പ്രവൃത്തി എടുത്തിരുന്നു. കലക്ടരുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട്ടു ടൌൺഹാളിൽവെച്ചുണ്ടായ പൊതുയോഗവും, ആ പൊതുയോഗത്തിൽ അവതരിപ്പിച്ച ഒരു പ്രധാന പ്രമേയത്തിന്മേൽ അഭിപ്രായം പുറപ്പെടുവിക്കുവാൻ എഴുന്നീററ കേശവമേനോൻ മലയാളത്തിൽ പ്രസംഗിക്കുവാനാരംഭിച്ചതു, കലക്ടർ അതിനെ തടഞ്ഞതും, മലയാളികളുടെ പൊതുയോഗത്തിൽ മലയാളത്തിൽ സംസാരിക്കുവാൻ തനിക്കവകാശമുണ്ടെന്നു കേശവമേനോൻ പറഞ്ഞതും, കലക്ടർ പിന്നേയും സമ്മതിക്കാതിരുന്നതും കേശവമേനോനും, മററു വളരെപ്പേരും ഹാൾവിട്ടിറങ്ങിപ്പോയതും അക്കാലത്തു് പ്രക്ഷോഭജനകമായ സംഭവമായിരുന്നു. ഇതു ഈ നഗരത്തിലെ ജനങ്ങളുടെ ഇടയിൽ മാത്രമല്ല, മലബാറിൽ പൊതുവേയും ഒരു ഇളക്കത്തേയും അതോടുകൂടി ഒരു ഉണർച്ചയേയും ഉണ്ടാക്കി.

മലബാറിൽ ഒരു ദേശീയസമ്മേളനം ഒന്നാമതായി നടന്നതു് ആനിബെസൻറിൻെറ അദ്ധ്യക്ഷതയിൽ പാലക്കാട്ടുവെച്ചു 1916 ൽ കൂടിയ മലബാർ കോൺഫറൻസായിരുന്നു. ഇക്കാലങ്ങളിൽ നടന്നിരുന്ന മലബാറിലെ കോൺഫറൻസുകളെക്കുറിച്ചു് മാധവൻ നായർ ഒരവസരത്തിൽ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം കാണുന്നു :— "ദേശീയപ്രവൃത്തികൾ ആപൽകരമല്ലായിരുന്ന കാലത്തു് തീരെ യാഥാസ്ഥിതികന്മാർ മുതൽ അത്യന്തം ഉൽപതിഷ്ണുക്കൾവരെ രാഷ്ട്രീയകാര്യ

ജില്ലാ കോൺഫറൻസുകൾ

ങ്ങളിൽ വിവിധാഭിപ്രായങ്ങളോടും മനസ്ഥിതിയോടും കൂടിയ പലരും ഒരേ കോൺഫറൻസുപന്തലിൽ, യാതൊരു അഭിപ്രായവിത്യാസവുമില്ലാതെ, സർവ്വസമ്മതമായി പ്രമേയങ്ങൾ പാസ്സാക്കുകയും, പിന്നീട് പിറേറ കൊല്ലവും മറേറതെങ്കിലും സ്ഥലത്തുവെച്ച് അതേ സമാധാനപരമായ രീതിയിൽതന്നെ കോൺഫറൻസ് കൂടി വരുകയുമായിരുന്നു പതിവു. പാലക്കാട്, കോഴിക്കോട്ട്, തലശ്ശേരി, വടകര, മഞ്ചേരി എന്നീ സ്ഥലങ്ങളിൽ ഇപ്രകാരമുള്ള കോൺഫറൻസുകളുടെ പ്രോത്സാഹികളും, സ്വീകരണസംഘാദ്ധ്യക്ഷന്മാരും ഏതെങ്കിലും പ്രഭുകുടുംബത്തിലെ അംഗങ്ങളായിരുന്നു. അഞ്ചാമത്തെ ഡിസ്ട്രിക്ട് കോൺഫറൻസ് മഞ്ചേരിക്കു ക്ഷണിച്ചതു് ഇപ്പോഴത്തെ നിലമ്പൂർ വലിയ തിരുമുൽപാടവർകളായിരുന്നു. ആ കോൺഫറൻസ് കൂടുന്നതിനുമുമ്പായി ചില പ്രത്യേകസംഭവങ്ങൾ നടന്നിരുന്നില്ലെങ്കിൽ പരമ്പരയായ നടപടികളോടും ചടങ്ങുകളോടുംകൂടിത്തന്നെ ആ കോൺഫറൻസും പര്യവസാനിക്കുമായിരുന്നു. എന്നാൽ, അതിനിടയിൽ റൌലററ് നിയമം, ഖിലാഫത്തുകാര്യത്തിലെ അനീതി, പഞ്ചാബിലെ അഴിമതികൾ എന്നിവ നമ്മുടെ രാഷ്ട്രീയമനസ്ഥിതിക്കും പ്രവൃത്തികൾക്കും ഗണ്യമായ പ്രകാരഭേദം വരുത്തി... സഹകരണത്യാഗം കോൺഗ്രസ്സിന്റെ നയമായി അംഗീകരിക്കപ്പെട്ടതോടുകൂടി രാജഭക്തന്മാരും മിതവാദികളും കോൺഗ്രസ്സിൽ നിന്നു വിട്ടുപിരിഞ്ഞു."

1914 മുതൽ മലബാറിൽ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററി വർഷത്തിലൊരിക്കൽകൂടി കോൺഗ്രസ്സ് സമ്മേളനത്തിലെ പ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നതായി കാണുന്നുണ്ടു്. എല്ലാ സംസ്ഥാനങ്ങളിലും ജില്ലകളിലും താലൂക്കുകളിലും ആണ്ടുതോറും യോഗം വിളിച്ചുകൂട്ടി കോൺഗ്രസ്സ് നിശ്ചയങ്ങളെ ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണമെന്നു് കോൺഗ്രസ്സ് തീരുമാനിച്ചിരുന്നുവെങ്കിലും മലബാർ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയൊന്നും തന്നെ നടന്നില്ല. ഒരു ജില്ലാസമ്മേളനം കൂട്ടുവാനുള്ള ഉദ്ദേശത്തിൽ കോഴിക്കോട്ടുവെച്ച് 1915 ൽ പൊതുയോഗം ചേർന്നുവെങ്കിലും അതു് തീരുമാനമൊന്നും ചെയ്യാതെ

ഒന്നാമത്തെ കോൺഫറൻസ്

പിരിയുകയാണ് ചെയ്തത്. ഈ ഘട്ടത്തിൽ പാലക്കാട്ടുകാർ അവിടെ ഒരു ജില്ലായോഗം കൂട്ടുന്നതിന്ന് ഉൽസാഹിച്ചു. അതിൻെറ ഫലമായി 1916 മേയ് 4-ാംതിയതിയും 5-ാം തിയതിയും അവിടെ ആനിബെസൻറിൻെറ ആദ്ധ്യക്ഷ്യത്തിൽ ഒരു കോൺഫറൻസ് കൂടി. ഇതായിരുന്നു ഒന്നാമതായി നടന്ന ജില്ലാ കോൺഫറൻസ്. ജനങ്ങൾ അസാമാന്യമായ ഉൽസാഹം പ്രദർശിപ്പിച്ചു. ഇതിൻെറ സ്വാഗതസംഘാദ്ധ്യക്ഷൻ കൊല്ലങ്കോട്ട വാസുദേവരാജാവായിരുന്നു. ജില്ലയിലെ പലഭാഗങ്ങളിൽ നിന്നുമായി ആയിരത്തിൽപരം ജനങ്ങൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. സ്വാഗതസംഘാദ്ധ്യക്ഷൻേറയും, അദ്ധ്യക്ഷയുടേയും പ്രസംഗങ്ങൾ കാര്യഗൗരവമുള്ളവയായിരുന്നു. ഗവർമ്മേണ്ടിൻെറ ആയുധനിയമത്തിൻെറ അനീതിയേയും, അതിൻെറ വ്യവസ്ഥയിലുള്ള പക്ഷപാതിത്വത്തേയുംപററി വാസുദേവരാജാവ് ഊന്നിപ്രസ്താവിച്ചു. "ആവശ്യം നേരിടുമ്പോൾ ആത്മരക്ഷക്ക് ആയുധമില്ലാതെ വരുന്നതു കഷ്ടമാണ്. അതു് ഒരു നിയമത്താൽ തടസ്ഥപ്പെടുന്നതു് അനീതിയുമാണ്. നിറവ്യത്യാസമനുസരിച്ച് ആയുധം ഉപയോഗിക്കാമെന്നും, ആയുധം ഉപയോഗിച്ചുകൂടാ എന്നും വ്യവസ്ഥചെയ്തിരിക്കുന്നതു് ഈ അനീതിയെ ദ്വിഗുണീഭവിപ്പിക്കുന്നു. ഒരു കീഴുദ്യോഗസ്ഥനായ വെള്ളക്കാരന്നു ആയുധം ഉപയോഗിക്കാം. മേലുദ്യോഗസ്ഥനായ ഒരു ഇന്ത്യാക്കാരന്നു പാടില്ല എന്നുവരുന്നതു് എത്ര അന്യായമാണ്?" നായന്മാരെ കൂട്ടത്തലായി പട്ടാളത്തിൽ ചേർക്കേണ്ടതാണെന്നും രാജാവു് പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഭാരതമഹാജനസഭ ചെയ്യുന്നതുപോലെ വിഷയങ്ങളെ കുറിച്ചല്ലാ ജില്ലായോഗങ്ങൾ ആലോചിക്കേണ്ടതെന്നും, ജില്ലയെ സംബന്ധിക്കുന്ന പ്രത്യേക പ്രശ്നങ്ങളിലാണ് ജില്ലായോഗങ്ങളുടെ ശ്രദ്ധ പതിയേണ്ടതെന്നും പ്രസിഡണ്ട് അഭിപ്രായപ്പെട്ടു. അതതു ജില്ലകളിലെ ക്ഷേമത്തിന്നു വേണ്ടുന്ന ഭരണപരിഷ്കാരങ്ങൾ നിർദ്ദേശിക്കേണ്ടതും ജില്ലായോഗങ്ങളുടെ മുറയാണെന്നു അദ്ധ്യക്ഷ പ്രസ്താവിച്ചു.

കോൺഫറൻസിൽ പാസ്സാക്കിയ പ്രമേയങ്ങൾ: (1) കോൺഗ്രസ്സിൻെറ നിബന്ധനകളിൽ ഒന്നാം വകുപ്പിൽ പറഞ്ഞ പ്രകാരം ഇൻഡ്യയ്ക്കു് സ്വയംഭരണാധികാരം കിട്ടേണ്ടതിന്നായി

ജില്ലയിൽ എല്ലാഭാഗങ്ങളിലും സംഘങ്ങൾ സ്ഥാപിച്ച് ജനങ്ങളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി പൊതുജനാഭിപ്രായം രൂപവൽക്കരിക്കുവാൻ ശ്രമിക്കേണ്ടതാണ്.

(2) ഗ്രാമശുചീകരണം, ഗ്രാമനിരത്ത്, ഗ്രാമത്തിലെ കടവ്, പാലം, സ്കൂൾ, ലൈബ്രറി, മേച്ചിൽസ്ഥലം, കാട്, ഇവയുടെ കാര്യത്തിൽ പൂർണ്ണമായ അധികാരമുള്ള ഗ്രാമപഞ്ചായത്തുകൾ സ്ഥാപിക്കേണ്ടതാണെന്നും, ഗ്രാമപ്പഞ്ചായത്തുകൾക്ക് ക്രിമിനലും സിവിലുമായ ചെറിയ കേസ്സുകളിൽ നടപടി നടത്തി നീതിന്യായമനുസരിച്ച് പ്രവർത്തിക്കുവാനുള്ള അധികാരംകൂടി നൽകണമെന്നും, 1000-ൽ അധികം ജനങ്ങൾ അധിവസിച്ചു വരുന്ന ഗ്രാമങ്ങളിലെല്ലാം പഞ്ചായത്തു സഭകൾ സ്ഥാപിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(3) മുനിസിപ്പാലിററികൾ, ലോക്കൽ ബോർഡുകൾ ഇവയ്ക്കു യഥാർത്ഥമായ സ്വയംഭരണാവകാശം നൽകുന്ന ഭേദഗതികൾ ഇപ്പോഴത്തെ നിയമത്തിൽ വരുത്തേണ്ടതും, ഗവർമ്മേണ്ട് ഈ വിഷയത്തിൽ എഴുതിവച്ചിട്ടുള്ള കരടുനിയമം, നിയമസഭയിൽ ഹാജരാക്കുന്നതിന്നുമുമ്പായി പൊതുജനാഭിപ്രായം അറിയുവാൻ തക്കവണ്ണം കാലേകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

(4) കോഴിക്കോട്ടെയും, തലശ്ശേരിയിലേയും മുൻസിപ്പാൽ കൌൺസിലുകളിൽ തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതും, മലബാർ ഡിസ്ത്രിക്ട് ബോർഡിൻേറയും താലൂക്കു ബോർഡുകളുടേയും പ്രസിഡൻറന്മാരായി അനുദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതും, കോഴിക്കോട്, തലശ്ശേരി എന്നീ മുനിസിപ്പാലിററികളിൽ മാസപ്പടി കൊടുത്തു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥ സിക്രട്ടറിമാരേയും, പാലക്കാട് മുൻസിപ്പാലിററിയിലെ ഉദ്യോഗസ്ഥമാനേജരേയും വേണ്ടെന്നുവെയ്ക്കേണ്ടതുമാകുന്നു.

(5) മദ്രാസ് നിയമസഭയുടെ സമ്മതം കൂടാതെ മലബാർ ജില്ലയിൽ റീസെററിൽമെൻറ് തുടങ്ങുവാൻ അനുവാദം കൊടുക്കരുത്.

(6) കാലവർഷം ഇല്ലാതേ വരുന്നതുകൊണ്ട് കൃഷിക്കാർ മററും ഉണ്ടാകുന്ന ദോഷങ്ങൾ പരിഹരിക്കുവാൻ ഇറിഗേഷൻ വേലകൾ ഈ ജില്ലയിലും തുടങ്ങേണ്ടതാകുന്നു.

(7) സ്വകാര്യജന്മികളുടെ വസ്തുക്കളിൽകൂടി ഒഴുകുന്ന തോ

ടിന്മേലും, പുഴകളിന്മേലും ഗവർമ്മെണ്ടു് അവകാശം പുറപ്പെടു വിച്ചു് അവയെ പുറമ്പോക്കായി ഗണിച്ചതു് അനീതിയും, വ്യവഹാരങ്ങൾക്കു കാരണവും ആകയാൽ, ഇതുസംബന്ധമായ ഗവർമ്മെണ്ടിന്റെ അവകാശം വെടിഞ്ഞതായ ഒരു കല്പന ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു

(8) ഡിസ്ട്രിക്ടുബോർഡു വകയായി തീവണ്ടിപ്പാതയുണ്ടാക്കുന്ന കാര്യത്തിൽ മദ്രാസ് ഗവർമ്മെണ്ടു് സ്വീകരിച്ചു കാണുന്ന നയത്തിൽ വ്യസനിക്കുകയും, മലബാർ, കോയമ്പത്തൂർ മധുര ഈ ജില്ലകളിലെ ബോർഡുകാർക്കുകൂടി പാർക്കാട്ടു് ദിണ്ഡി നൽകേണ്ടതാണെന്നു് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

(9)മലബാർ ജില്ലയിൽ ആയുധ നിയമത്തെ ഉപയോഗിക്കുന്നതു് ആശാസ്യമായവിധത്തിലല്ലെന്നും, അതിനെ അനുകമ്പയോടുകൂടി ഉപയോഗിക്കുവാൻ ഡി. മജിസ്ട്രേട്ടു് കല്പന കൊടുക്കണമെന്നും അഭിപ്രായപ്പെടുന്നു.

(10) മുനിസിപ്പാലിട്ടികളിലും, ടൂനിയൻനഗരങ്ങളിലും പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതും, നാട്ടുപുറങ്ങളിൽ ആവശ്യംപോലെ പുതിയസ്ക്കൂളുകൾ ഏർപ്പെടുത്തേണ്ടതും, താണക്ലാസ്സുകളിൽകൂടി ഫീസ്സു വാങ്ങിവരുന്ന സമ്പ്രദായം നിർത്തേണ്ടതും, പ്രൈമറി സ്കൂളുകളിൽ ഇംഗ്ലീഷുകൂടി പഠിപ്പിക്കേതും, എലിമെന്ററി സ്കൂളുകളിൽനിന്നു് സെക്കണ്ടറി സ്കൂളുകളിലേക്കു പോകുന്ന കുട്ടികൾക്കുള്ള പ്രതിബന്ധങ്ങൾ തീർക്കേണ്ടതും, പൊതുജനങ്ങളാൽ നടത്തപ്പെടുന്ന സ്ക്കൂളുകൾക്കു ഗ്രാന്റു കൊടുക്കേണ്ടതും, വിദ്യാർത്ഥികളുടെ രക്ഷിതാക്കന്മാർ ഇഷ്ടപ്പെടുന്നില്ലെങ്കിൽ മതസംബന്ധമായ വിദ്യാഭ്യാസത്തിൽ യാതൊരു സ്ക്കൂളുകളിലും നിർബന്ധം പാടില്ലാത്തതും, എലിമെന്ററി സ്ക്കൂൾമാസ്റ്റർമാർക്കു് മാസപ്പടി കൂടിക്കൊടുക്കേണ്ടതുമാകുന്നു.

(11) നായന്മാരെ ചേർത്തു് ഒരു പ്രത്യേക പട്ടാളമേർപ്പെടുത്തിയതിന്നു് നന്ദി പറഞ്ഞു.

(12) വിദേശങ്ങളിലേക്കു കൂലിക്കാരെ കയററി അയക്കുന്ന ഇപ്പോഴത്തെ ഇൻഡെഞ്ചർ സമ്പ്രദായത്തെ നിറുത്തൽ ചെയ്യേണ്ടതാണു്. കൂലിഡിപ്പോകളിൽ ചെന്നു പരിശോധന നട

ത്തുവാൻ അനുദ്യോഗസ്ഥന്മാർക്കും അധികാരമുണ്ടായിരിക്കണം.

(13) വ്യവസായപരവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം നൽകണം.

(14) ഈ ജില്ലയിൽ ഒരു ഒന്നാം ഗ്രേഡ് കോളേജ് ഏർപ്പെടുത്തണം.

(15) രാമേശ്വരത്ത് തീർത്ഥയാത്രയ്ക്കു പോകുന്ന മലയാളികൾക്കു നേരിടുന്ന അസൗകര്യങ്ങളും, അവരോടുമാത്രം കാണിച്ചുവരുന്ന അന്യായങ്ങളും നിർത്തൽ ചെയ്യണം.

(16) പരസ്പരസഹായസംഘങ്ങളുടെ പ്രവർത്തനം കൂടുതലായി അനുദ്യോഗസ്ഥ മെമ്പർമാർക്കു വിട്ടുകൊടുക്കണം.

പ്രധാനവും അപ്രധാനവുമായി ഇങ്ങിനെ പതിനാറു പ്രമേയങ്ങളാണ് ഒന്നാം സമ്മേളനത്തിൽ പാസ്സായത്.

## അദ്ധ്യായം 2

# 1920 നു മുമ്പ്

ഹോംറൂം പ്രസ്ഥാനം നിമിത്തം ഇന്ത്യയിൽ ആകപ്പാടെ അക്കാലത്തുണ്ടായിരുന്ന ഉൽസാഹം മലബാറിലും പ്രതിഫലിച്ചിരുന്നു. കെങ്കേമമായി കഴിഞ്ഞ പാലക്കാട്ടെ സമ്മേളനം ഇവിടത്തെ ഉൽസാഹത്തെ ഒന്നുകൂടി വർദ്ധിപ്പിക്കയും ചെയ്തു.

രണ്ടാം സമ്മേളനം 1917

രണ്ടാമത്തെ സമ്മേളനത്തെ സംബന്ധിച്ചുള്ള ആലോചനകൾ നേരത്തേതന്നെ തുടങ്ങിക്കഴിഞ്ഞു. കോഴിക്കോട്ടെ ഡിസ്ട്രിക്ടു കോൺഗ്രസ്സ കമ്മിററി ആഫീസിൽവെച്ചു ഒരു പ്രാരംഭയോഗം കൂട്ടുകയും രണ്ടാംജില്ലാസമ്മേളനം കോഴിക്കോട്ടു നഗരത്തിൽവെച്ചു നടത്തുവാൻ നിശ്ചയിക്കുകയും 50 പേരടങ്ങിയ ഒരു നിർവ്വാഹകസംഘത്തെ തിരഞ്ഞെടുക്കുകയും ചെയ്തു. നിർവ്വാഹകസംഘത്തിൻെറ അദ്ധ്യക്ഷനായി കെ. പി. രാമൻമേനോനെയും നിശ്ചയിച്ചു. കൂടാതെ പതിനാലു ഉപാദ്ധ്യക്ഷന്മാരേയും തിരഞ്ഞെടുത്തു. ഈ നിർവ്വാഹകസംഘത്തിൻെറ ശ്രമത്താൽ വിപുലമായ സ്വാഗതസംഘത്തെ രൂപവൽകരിക്കുകയും സ്വാഗതസംഘാദ്ധ്യക്ഷനായി കെ. പി. രാമൻമേനോനേയും സെക്രട്ടറിമാരായി കെ. പി കേശവമേനോൻ, ടി. വി. സുന്ദരയ്യർ, പി. അച്യുതൻ എന്നിവരേയും തിരഞ്ഞെടുക്കുകയും ചെയ്തു. 1917 ഏപ്രിൽ 23-ം 24-ം തീയ്യതികളിൽ സമ്മേളനം സി. പി. രാമസ്വാമിഅയ്യരുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീർച്ചപ്പെടുത്തി. സമ്മേളനപ്പന്തൽ കെട്ടുവാൻ മാനാഞ്ചിറ മൈതാനം ആവശ്യപ്പെട്ടതിൽ അധികൃതന്മാർ അനുവാദം നൽകിയില്ല. ഇക്കാലത്തെ കോൺഗ്രസ്സ കാര്യങ്ങൾ രാജഭക്തിമയമായിരുന്നുവെങ്കിലും ഉന്നതസ്ഥാനങ്ങളിൽ

ഇവയെ സംശയദൃഷ്ടിയോടുകൂടിയാണ് വീക്ഷിച്ചിരുന്നത്. ഹജ്ജൂർ ഓഫീസിൻെറ ഇത്ര സമീപത്തുവെച്ച രാഷ്ട്രീയ പ്രക്ഷോഭണങ്ങരം നടത്തുവാൻ അനുവദിക്കുകയോ? ഒരിക്കലും ഇല്ല. അവസാനം കോൺഫറൻസ് സ്വാഗതസംഘാദ്ധ്യക്ഷൻെറ ഭവനത്തിന്നു മുമ്പിൽ അദ്ദേഹത്തിൻെറ വക സ്ഥലത്തു പ്രത്യേകമായി കെട്ടിയുണ്ടാക്കിയ പന്തലിലാണ് കൂടുകയുണ്ടായത്. ജില്ലയുടെ നാനാഭാഗങ്ങളിൽനിന്നും പ്രതിനിധികളുടെ ലിസ്റ്റുകരം വന്നുകൊണ്ടിരുന്നു ഏപ്രിൽ 21-ാ തിയതി മുതൽ ആളുകരം എത്തുവാൻ തുടങ്ങിയിരുന്നു.

അദ്ധ്യക്ഷനും വിശേഷാൽ അതിഥിയായി ക്ഷണിക്കപ്പെട്ടിരുന്ന ആനിബെസൻറും മദിരാശിയിൽനിന്നു തീവണ്ടിക്കു വരുന്നതിനെ പ്രതീക്ഷിച്ച് അനവധി ജനങ്ങരം സ്റേറഷൻെറ പരിസരങ്ങളിൽ കൂടീട്ടുണ്ടായിരുന്നു. സ്വാഗതസംഘത്തിലെ അദ്ധ്യക്ഷനും മെമ്പർമാരും അവരെ പ്ലാററ്ഫോറത്തിൽ വെച്ചു സ്വീകരിക്കുകയും കോഴിക്കോട്ട നഗരത്തിൽ അടുത്തകാലത്തെങ്ങും കണ്ടിട്ടില്ലാത്തവിധം ഗംഭീരമായ ഒരു ഘോഷയാത്രയായി അദ്ധ്യക്ഷനേയും ആനിബസൻറിനേയും നഗരത്തിലെ പ്രധാനവീഥികളിൽകൂടി കൊണ്ടുപോവുകയും ചെയ്തു.

സമ്മേളനത്തിൻെറ ആരംഭദിവസം നഗരത്തിൻെറ എല്ലാഭാഗത്തും ഒരു ഉൽസാഹം കാൺമാനുണ്ടായിരുന്നു. നാന്നൂറോളം പ്രതിനിധികരം ഉരംപ്പെടെ ആയിരത്തിലധികം ആളുകരം പന്തലിൽ സന്നിഹിതരായിരുന്നു. പ്രതിനിധികരംക്കും സന്ദർശകന്മാർക്കും വേറെ വേറെ ടിക്കററുകരം ഉണ്ടായിരുന്നു. മദ്ധ്യാഹ്നം മണി 12 ആയപ്പോരം അദ്ധ്യക്ഷനും ആനിബെസൻറും സമ്മേളനസ്ഥലത്തെത്തി. അവരെ സ്വീകരിപ്പാനായി സാമൂതിരിപ്പാട്ട് അല്പം മുമ്പായി എത്തിയിരുന്നു. ആദ്യമായി പെൺകുട്ടികളുടെ ദേശീയ ഗാനമായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ ചെയ്ത പ്രസംഗത്തിൽ മാനാംചിറ മൈതാനത്തുവെച്ച് ഈ യോഗം കൂടുവാൻ ഗവർമ്മെണ്ട് അനുവദിക്കാത്ത സംഗതിയെപ്പററിയും തങ്ങളുടെ രാജഭക്തിയെപ്പററിയും പ്രസ്താവിച്ചതിനു പുറമേ മഹായുദ്ധം, യുദ്ധാവസാനമുള്ള ഭരണപരിഷ്ക്കാരം, ഇന്ത്യയുടെ സ്വയംഭരണാവകാശം, ആയുധനിയമം, പ്രാ

ധമികവിദ്യാഭ്യാസം, ജന്മികുടിയാൻ നിയമം എന്നീ വിഷയങ്ങളെക്കുറിച്ചും സമഷ്ടയായി പ്രതിപാദിച്ചിരുന്നു.

ഈ പ്രസംഗത്തിനുശേഷം സാമൂതിരിപ്പാട്ട് അഭിപ്രായപ്പെടുകയും കുതിരവട്ടത്തു കുഞ്ഞിക്കുട്ടൻ തമ്പുരാൻ, രാരിച്ചൻ മൂപ്പൻ എന്നീ ധനാഢ്യന്മാർ പിൻതാങ്ങുകയും ചെയ്തതനുസരിച്ചു സി. പി. രാമസ്വാമി അയ്യർ അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു. ദീർഘമായ അദ്ധ്യക്ഷ പ്രസംഗത്തിൽ കേരളത്തിൻെറ പൂർവ്വികമഹിമ ഇന്നത്തെ പ്രാദേശിക ആവശ്യങ്ങരം, യുദ്ധത്തിൽ ഇംഗ്ലണ്ടിലെ എല്ലാവിധത്തിലും ഇന്ത്യ സഹായിക്കേണ്ടുന്ന ആവശ്യം, വ്യാവസായികപരിവേഷണം എന്നീ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിച്ചു ഇതിനുശേഷം വൈകുന്നേരം വിഷയനിർണ്ണയ കമ്മിററി ചേർന്നു. ജന്മികുടിയാൻകാര്യം ഈ സമ്മേളനത്തിൽ ആലോചിക്കുവാൻ പാടില്ലെന്നു തീർച്ചയാക്കിയ സംഗതി പ്രസ്താവ്യമാണ്. രണ്ടാം ദിവസത്തെ നടപടികരം ചക്രവർത്തിയോടുള്ള രാജഭക്തിയും യുദ്ധത്തിൽ ഇംഗ്ളണ്ട് ജയിച്ചുകാണുവാനുള്ള ആശംസയും രേഖപ്പെടുത്തികൊണ്ട് ആരംഭിച്ചു. യോഗത്തിൽ പാസ്സാക്കിയ മററു പ്രധാന പ്രമേയങ്ങരം താഴെ പറയുന്നവയാണ്:-

(1) ഈ ജില്ലയിലെ രാജഭക്തരായ ജനങ്ങരം യുദ്ധക്കളത്തിലേക്ക് അവരുടെ കഴിവിനനുസരിച്ച് ധാരാളം പണം കൊടുക്കേണ്ടതാണ്. പ്രമേയം ഈ രൂപത്തിൽ പാസാക്കുന്നതിൽ എം. പി. നാരായണമേനോൻ ആക്ഷേപം പുറപ്പെടുവിച്ചു. "വാർലോൺ സംബന്ധിച്ച് നാം കൊടുക്കണമെന്ന് പറയുന്ന പണം ഇന്ത്യയിലെ ഗവർമ്മെണ്ട് നമ്മോടു കടമായി വാങ്ങുകയും ഇംഗ്ളണ്ടിലെ ഗവർമ്മെണ്ടിനു ദാനമായി കൊടുക്കുകയുമാണ് ചെയ്യുന്നതു്. ഇതു നീതിയാണെന്നു തോന്നുന്നില്ല. നാം തന്നേ ഇംഗ്ളണ്ടിൽനിന്നും വലിയ സംഖ്യകരം കടംവാങ്ങികൊണ്ടിരിക്കുമ്പോരം നമുക്കെങ്ങിനെയാണ് ഇംഗ്ളണ്ടിനു് ദാനം കൊടുക്കുവാൻ കഴിയുക? അധമർണ്ണൻ ഉത്തമർണ്ണനു് ദാനംകൊടുക്കുന്നതു് ഒരു പുതിയ വർത്തമാനമാണ്. നമുക്ക് പണം ഉണ്ടെങ്കിൽ ഗവർമ്മെണ്ടിനെക്കൊണ്ട് അന്യരാജ്യങ്ങളിൽനിന്നു് കടം വാങ്ങിക്കുവാൻ ഇടയാക്കാതെ നാംതന്നേ രാജ്യത്തിലെ ആവശ്യങ്ങരംക്കു വേണ്ടപണം കൊടുക്കുന്നതു ബുദ്ധി

പൂർവ്വമായിരിക്കും. അപ്പോഠം ആണ്ടോടാണ്ട് വലിയൊരു സംഖ്യപലിശയായി പുറത്തേക്ക് പോവുകയില്ല. യുദ്ധം നിമിത്തം ഇംഗ്ളണ്ടിന്നു ഞെരുക്കമുണ്ടെങ്കിൽ നമുക്ക് ഉള്ളെടത്തോളം പണം അവർക്ക് കടംകൊടുക്കാം. ഇന്ത്യാഗവർമ്മെണ്ട് യുദ്ധക്കടം പിരിച്ച് ഇംഗ്ളണ്ടിന്നു കേവലം ദാനമായി കൊടുക്കുന്നതിലാണ് ആക്ഷേപമുള്ളത്." എം. പി. നാരായണമേനോൻെറ ഈ അഭിപ്രായത്തിൽ പന്തലിൽ വലിയ ക്ഷോഭമുണ്ടായതായി റിപ്പോർട്ടു ചെയ്തുകാണുന്നു. എം. പി. നാരായണമേനോൻെറ അഭിപ്രായത്തെ കഠിനമായ ഭാഷയിൽ എതിർക്കുകയും ചെയ്തു. വള്ളുവനാട്ടുകാരെല്ലാം നാരായണമേനോൻെറ അഭിപ്രായക്കാരാണെന്ന് ആരും ധരിച്ചുപോകരുതെന്നും മററു താലൂക്കുകളിലെപ്പോലെ വള്ളുവനാട്ടുകാരും ധാരാളം പണം യുദ്ധക്കടത്തിലേക്കു കൊടുത്തുവരുന്നുവെന്നു നാരായണമേനോൻ പറഞ്ഞതു് ഒരു 'അധികപ്രസംഗ"മായിരുന്നുവെന്നും സി. കരുണാകരമേനോൻ പ്രസംഗിച്ചു. അധികപ്രസംഗമെന്ന വാക്ക് പിൻവലിക്കാനാവശ്യപ്പെട്ടതനുസരിച്ച് പിൻവലിക്കുകയുംചെയ്തു.

ഇംഗ്ളണ്ടിനോളം സ്വാതന്ത്ര്യമുള്ള മറെറാരുരാജ്യം ലോകത്തിലില്ലെന്നും ഇംഗ്ളണ്ട് ഈ യുദ്ധത്തിലേപ്പെട്ടിട്ടുള്ളതുതന്നേ ചെറിയ രാജ്യങ്ങളുടെ അവകാശത്തെ അധികരിച്ചാണെന്നും ഈ യുദ്ധത്തിൽ ഇംഗ്ളണ്ടിനെ സർവ്വധാ സഹായിപ്പാൻ ഇന്ത്യക്ക് കടമയുണ്ടെന്നും അതിനാൽ എം. പി. നാരായണമേനോൻ തൻെറ ഭിന്നാഭിപ്രായത്തെ പിൻവലിക്കുകയും പ്രമേയം ഐകണ്ഠ്യമായി പാസ്സാക്കുകയും ചെയ്യണമെന്നും അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു. പ്രമേയം വോട്ടിനിട്ടതിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം പാസായി. പ്രതികൂലാഭിപ്രായക്കാർ അവരുടെ നിലയെ ഉപേക്ഷിച്ചില്ല.

(2) അന്യായമായ കരാറിന്മേൽ സാധുക്കളായ കൂലിക്കാരെ അന്യരാജ്യങ്ങളിലേക്കു കൊണ്ടുപോയി കഷ്ടപ്പെടുത്തുന്ന "ഇൻഡെഞ്ചർ" ഏർപ്പാട് യുദ്ധകാലത്തു നിർത്തിയതിൽ ഗവർമ്മെണ്ടിനോട് നന്ദിപറയുകയും ആ ഏർപ്പാട് ഇനിയും അനുവദിക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

(3) യുദ്ധാനന്തരം ഇന്ത്യക്ക് ലഭിക്കേണമെന്നഭിലഷിക്കുന്ന സ്വയംഭരണപദ്ധതി കോൺഗ്രസ്സിൻേറയും ലീഗിൻേറയും ഭാരവാഹികരം കൂടി തയ്യാറാക്കിട്ടുള്ളതിനെ ഇംഗ്ളണ്ടിലും ഇന്ത്യയിലും പ്രചരിപ്പിച്ച് അതിലടങ്ങിയിരിക്കുന്ന തത്വങ്ങളേയും വ്യവസ്ഥകളേയും ജനങ്ങളെ മനസ്സിലാക്കേണ്ടതാവശ്യമാകയാൽ ആ വിഷയത്തിൽ സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുമായി ആലോചിച്ച് ഈ ജില്ലയെ സംബന്ധിച്ചിടത്തോളം വേണ്ടതു പ്രവർത്തിക്കേണ്ടതാണ്.

സാമ്രാജ്യനിയമസഭയിലെ പത്തൊമ്പതു അനുദ്യോഗസ്ഥമെമ്പർമാർ ചേർന്നു് ഗവർമ്മെണ്ടിന്നു സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽ ഈ സമ്മേളനം പരിപൂർണ്ണമായി യോജിക്കുന്നതായും രേഖപ്പെടുത്തി.

(4) "ഇന്ത്യൻ ഡിഫൻസ് ഫോർസി"ൽ ഇന്ത്യാക്കാരായ യുവാക്കന്മാരെ വാളൻറിയർമാരായി ചേരുവാൻ അനുവദിച്ച മഹാമനസ്കതക്കു നന്ദി രേഖപ്പെടുത്തി. ഈ പ്രമേയം ടി. വി കേ. കുറുപ്പ് അവതരിപ്പിച്ചു അഭിലാഷമുള്ള എല്ലാ യുവാക്കന്മാർക്കും ചേരുവാൻ തക്കവണ്ണം ഇപ്പോരം ഏർപ്പാടു് ചെയ്തിട്ടില്ലെന്നും. ഇങ്ങിനെ ചേർന്നു പരിശീലനം ലഭിക്കുന്നവരെ കേവലം ഭടന്മാരായി മാത്രമേ സൈനികസർവീസിൽ എടുക്കുകയുള്ളുവെന്നും ഓഫീസർമാരായി ഇന്ത്യൻ യുവാക്കരംക്കു് ഒരിക്കലും കയററം ലഭിക്കുന്നതല്ലെന്നും ഈ സംഗതിയിൽ ഇംഗ്ളീഷുകാർക്കോ യൂറോപ്യൻ യുവാക്കന്മാർക്കുപോലുമോ അനുവദിച്ചിട്ടുള്ള സൌകര്യങ്ങളും അവകാശങ്ങളും ഇന്ത്യൻ യുവാക്കന്മാർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നും ഈ ന്യൂനതകരം ഗവമ്മെണ്ടു് പരിഹരിക്കണമെന്നും പ്രമേയകർത്താവു് തൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചു.

"ഈ യുദ്ധം ഇംഗ്ളണ്ടിനെ മാത്രം സംബന്ധിക്കുന്നതല്ല. ഇന്ത്യയുടെ രക്ഷക്കും ഈ യുദ്ധത്തിൻെറ വിജയപൂർവമായ പര്യവസാനം ആവശ്യമാണു്. ഇംഗ്ളണ്ടിൻെറ രാജാവുതന്നെയാണു് ഇന്ത്യയുടെ ചക്രവർത്തി. അതിനാൽ യുദ്ധത്തിൽ ചേർന്ന തങ്ങളുടെ ചക്രവർത്തിയെ സേവിക്കുവാൻ ഇന്ത്യാക്കാരും കടപ്പെട്ടവരാണു്. തൻെറ മുമ്പത്തെ പ്രസംഗത്തിൽ"വിന്നു താൻ

രാജഭക്തിയില്ലാത്തവനാണെന്നു് ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതു് അബദ്ധമാണു്'' എന്നു് എം. പി. നാരായണമേനോൻ ഈ പ്രമേയത്തെ പിൻതാങ്ങി പ്രസംഗിച്ചു.

(5) ഇപ്പോഴത്തെ മദ്രാസ് നിയമസഭയിൽ വലിയ ജന്മിമാർക്കല്ലാതെ ഇ:ത്തരക്കാരുടെ കാര്യബന്ധങ്ങൾക്ക പ്രാതിനിദ്ധ്യം നൽകീട്ടില്ലെന്നും ആ സ്ഥിതിയെ പരിഹരിച്ചു് ചെറിയ ജന്മികൾക്കും കുടിയാന്മാർക്കുംകൂടി പ്രാതിനിദ്ധ്യാവകാശം നൽകേണ്ടതാണെന്നും ഒരു പ്രമേയം രാരിച്ചൻമൂപ്പൻ കൊണ്ടുവന്നു. കൃഷിക്കാരേയും വസ്തുക്കളേയും സംബന്ധിച്ച കാര്യങ്ങൾ കൌൺസിലിൽ ആലോചനക്കു വരുമ്പോൾ പ്രായേണ കണ്ടുവരാറുള്ളതു് അവിടെ ജന്മിമാരുടെ താല്പര്യങ്ങൾക്കു് മുൻഗണന ലഭിക്കുന്നതായിട്ടാണു്. ജന്മിയുടെ താൽപര്യങ്ങളെ രക്ഷിക്കുന്നതിൽ സവിശേഷമായ ഒരുൽക്കണ്ഠയും ഒരു ഔൽസുക്യവും മെമ്പർമാർ പ്രദർശിപ്പിച്ചുകാണാറുണ്ടു്. ജനങ്ങളുടെ എല്ലാ വിഭാഗങ്ങൾക്കും തുല്യമായ പ്രാതിനിദ്ധ്യം നൽകുന്നതുകൊണ്ടു മാത്രമേ അവരുടെ അവകാശങ്ങൾ സുരക്ഷിതമായി ഭവിക്കയുള്ളു എന്നായിരുന്നു രാരിച്ചൻമൂപ്പൻ പ്രസ്താവിച്ചതു്.

(6) ജാതിവ്യത്യാസം പരിഗണിക്കാതേ എല്ലാ വിദ്യാർത്ഥികൾക്കും സാമൂതിരി കോളേജിൽ പ്രവേശനം അനുവദിക്കണമെന്നു് ശിപാർശ ചെയ്തു.

(7) ആയുധനിയമത്തിന്റെ പരിധിയിൽനിന്നു ക്ഷേത്രങ്ങളിലും പള്ളികളിലും മതകാര്യമായി സൂക്ഷിച്ചുവരുന്ന വാളിനെ ഒഴിവാക്കണമെന്നും ആയുധനിയമവ്യവസ്ഥകളെ ജില്ലാധികാരികൾ ഉദാരമായിട്ടേ പ്രയോഗിക്കാവൂ എന്നും അഭിപ്രായപ്പെട്ടു.

(8) മാപ്പിളമാരുടെ നേർക്കു് പ്രയോഗിക്കുവാൻ നിർമ്മിച്ചിട്ടുള്ള ''കലാപനിയമ'ത്തെ റദ്ദ് ചെയ്യേണ്ടതാണെന്നു് ഗവമ്മെണ്ടിനോടപേക്ഷിച്ചു.

(9) ഗ്രാമനിവാസികളുടെ ഇടയിൽ വ്യവഹാരച്ചെലവു കുറക്കുവാനും വിദ്യാഭ്യാസം വർദ്ധിപ്പിക്കുവാനും ഗ്രാമത്തിലെ പൊതുകാര്യങ്ങൾ നിർവഹിക്കുവാനും ഈ സംഗതികളിൽ പൂർണ്ണമായ അധികാരത്തോടുകൂടിയ ഗ്രാമപഞ്ചായത്തുകൾ ഏർപ്പെ

ടുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. കഴിഞ്ഞ സമ്മേളനത്തിൽ പാസ്സാക്കിയ പ്രാദേശികവിഷയമായ പ്രമേയങ്ങളെല്ലാം ആവർത്തിച്ചു പാസ്സാക്കി. കൂടാതെ മരുമക്കത്തായികളുടെ വിവാഹക്രമം, ഭാഗം എന്നീ കാര്യങ്ങരം വ്യവസ്ഥപ്പെടുത്തുവാൻ നിയമനിർമ്മാണം വേണമെന്നും, കാസർഗോഡ് താലൂക്കിൽ മലയാളികരം താമസിച്ചു വരുന്ന അംശങ്ങളെ മലയാള ജില്ലയോടു ചേർക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

(10) അടുത്തസമ്മേളനം തലശ്ശേരിയിൽവെച്ചു നടത്തുവാൻ കടത്തനാട്ടു രാമവർമ്മരാജാവു് ക്ഷണിച്ചതിനെ സമ്മേളനം സ്വീകരിക്കുകയും ചെയ്തു.

1917 ജൂലായി 16-ാം തിയതി കോഴിക്കോട്ട് നഗരത്തിൽ ഗംഭീരമായ ഒരു ഘോഷയാത്രയും പൊതുയോഗവും നടന്നു. ആനിബെസൻറിനെ ബന്ധനത്തിലാക്കി ഒരു മാസം തികഞ്ഞതു് അന്നത്തെ ദിവസമായിരുന്നു. ഹോംറൂരം ഫണ്ടിലേക്കു് ആയിരത്തോളം ഉറുപ്പിക ഈ യോഗത്തിൽവെച്ചു് പിരിച്ചെടുത്തു. ഈ ഘോഷയാത്രയും പൊതുയോഗവും അധികൃതന്മാരെ ഇളക്കിയിരുന്നുവെന്നുള്ളതിന്നു തെളിവാണ് രണ്ടുമാസം തികയുന്ന ആഗസ്ററ് 16-ാം തീയതി വീണ്ടും ഘോഷയാത്രയും യോഗവും നടത്തുവാൻ നിശ്ചയിച്ചിരുന്നതിനെ തടഞ്ഞുകൊണ്ടു് ഡിസ്ത്രിക്ട് മജിസ്ട്രേട്ട് പുറപ്പെടുവിച്ച നിരോധനാജ്ഞ. കേ. പി. രാമൻമേനോന്നും മഞ്ചേരി രാമയ്യർക്കും നിരോധാജ്ഞയുണ്ടായിരുന്നു. ആനിബസൻറിൻെറ ബന്ധനത്തെക്കുറിച്ചു പ്രതിഷേധിക്കുവാൻ കൊല്ലങ്കോട്ട് ഒരു സഭ കൂടുകയും, അവിടെ ഒരു ഹോംറൂരം ലീഗ് ഏർപ്പെടുത്തുകയും ചെയ്തു.

ഹോംറൂരം പ്രസ്ഥാനം

ഹോംറൂരം ലീഗിൻെറ പ്രഥമവാർഷികസമ്മേളനം 1917 സെപ്തംബർ മാസത്തിൽ കോഴിക്കോട്ടുവെച്ചു മഞ്ചേരി രാമയ്യരുടെ അദ്ധ്യക്ഷതയിൽകൂടി. ആറു മെമ്പർമാരോടുകൂടി ആരംഭിച്ച ഈ സംഘത്തിൽ "ഇപ്പോരം 182 മെമ്പർമാരും അതിൻെറ ശാഖകളായി മലബാറിൽ മാത്രം പത്തു ഉപസംഘങ്ങളും 252 മെമ്പർമാരും ഉണ്ടു്" എന്നു് വാർഷികയോഗത്തിലെ

വിജ്ഞപ്തി പ്രസംഗത്തിൽനിന്നു കാണുന്നു. ഹോംറൂറം ലീഗ് വകയായി ഒരു പ്രതിവാരപത്രം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക് അമ്പതിനായിരം ഉറുപ്പിക മൂലധനത്തോടുകൂടി ഒരു അച്ചുക്കൂടം സ്ഥാപിക്കുന്നതിനും ആലോചിച്ചു.

ഇന്ത്യക്ക് സ്വയംഭരണം അനുവദിച്ചു കിട്ടേണ്ടതാണെന്നു കാണിക്കുവാൻ ലക്ഷക്കണക്കിൽ ജനങ്ങൾ ഒപ്പ് വെച്ചിട്ടുള്ള ഒരു മെമ്മോറിയൽ ഇന്ത്യാ സെക്രട്ടറിയായ മോണ്ടെഗു ഇന്ത്യ സന്ദർശിക്കുന്ന അവസരത്തിൽ കൊടുക്കേണമെന്നു ഗാന്ധിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഗുജറാത്തിസഭ നിശ്ചയിച്ചതുപോലെ മലബാറിലും ഒരു മെമ്മോറിയൽ തയ്യാറാക്കി ജനങ്ങളുടെ ഒപ്പുശേഖരിക്കുവാൻ കെ. പി. കേശവമേനോനും മററും ഉൽസാഹം ചെയ്തു.

1917 നവംമ്പർ മാസത്തിൽ കോഴിക്കോട്ടു ഹോംറൂറം ലീഗിൻെറ ആഭിമുഖ്യത്തിൽ കൂടിയ ഒരു പൊതുയോഗത്തിൽ വെച്ച് അപ്പോൾ ബന്ധനത്തിലിരുന്ന മുഹമ്മദാലി, ഷൌക്കത്താലി എന്നിവരെ ഉടനെ മോചിപ്പിക്കേണ്ടതാണെന്നു ഗവര്‍മ്മേണ്ടിനോടപേക്ഷിക്കുകയും മുസ്ലീം ലീഗിൻെറ ഒരു ശാഖ കോഴിക്കോട്ട് ഏർപ്പെടുത്തുവാൻ നിശ്ചയിക്കുകയും ചെയ്തു.

1918 ഏപ്രിൽമാസത്തിൽ ഹോംറൂറം ഡെപ്യൂട്ടേഷനിലെ ഒരംഗമായി ഇംഗ്ലണ്ടിലേക്കു പോയിരുന്ന മഞ്ചേരി രാമയ്യക്കു മലബാർ ഹോംറൂറം ലീഗുകാർ 2500 ഉറുപ്പികയുടെ ഒരു കിഴിസമ്മാനിക്കുവാൻ തീർച്ചപ്പെടുത്തുകയുണ്ടായി. ഈ ഡെപ്യൂട്ടേഷനെ ജിബ്രാൾട്ടറിൽവെച്ചു ബ്രിട്ടീഷ് ഗവർമ്മേണ്ടിൻെറ കല്പനപ്രകാരം ബ്രിട്ടിഷ് ആഡ്മിറൽ തടഞ്ഞതും അവരെ അവിടെനിന്നു നിർബന്ധപൂർവം ഇന്ത്യയിലേക്കു മടക്കിഅയച്ചതും അക്കാലത്തു ഇന്ത്യയിൽ പ്രക്ഷോഭത്തിന്നിടയാക്കിയ ഒരു സംഭവമായിരുന്നു.

3-ാമത്തെ മലബാർ ജില്ലാസമ്മേളനം ബങ്കുനപ്പള്ളി ജമിൻദാരും അന്നു് സാമ്രാജ്യനിയമസഭാ മെമ്പറായിരുന്ന ആളുമായ മിർ ആസാദ് ആലിഖാൻ ബഹദൂറിൻെറ അദ്ധ്യക്ഷതയിൽ

3-ാം സമ്മേളനം 1918

തലശ്ശേരിയിൽവെച്ച് 1918 മേയ്മാസം 6-ാംതീയതി ആരംഭിച്ച യോഗം മൂന്നുദിവസം കൂടിയിരുന്നു. ചിറക്കൽ രാമവൎമ്മ വലിയരാജാവായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. അദ്ധ്യക്ഷന്റെയുംസ്വാഗത സംഘാദ്ധ്യക്ഷന്റേയും പ്രസംഗങ്ങൾ രണ്ടും ഇംഗ്ലീഷിലായിരുന്നുവെന്നും, ആ പ്രസംഗങ്ങളിൽ പരാമർശിച്ചിരുന്ന സംഗതികൾ മുഖ്യമായും വലിയ സാമ്രാജ്യകാര്യങ്ങളായിരുന്നുവെന്നും അതിനാൽ അവിടേ കൂടിയിരുന്ന നാട്ടുകാർക്കു തൃപ്തിതോന്നാതേ വന്നിട്ടുണ്ടെന്നും അക്കാലങ്ങളിലെ ചില പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തു കാണുന്നുണ്ട്. ഇംഗ്ലീഷിൽതന്നേ പ്രസംഗിച്ചാലേ കാര്യഗൌരവം ഉള്ളു എന്നു ഒരു അന്ധവിശ്വാസം അക്കാലത്തു ഇംഗ്ലീഷു പഠിച്ച നാട്ടുകാരുടെ ഇടയിൽ സർവ്വസാധാരണമായിരുന്നു. 3-ാം സമ്മേളനത്തിൽ പാസ്സാക്കിയ പ്രധാനനിശ്ചയങ്ങൾ താഴേ പറയുന്നവയാണ്:

1) സ്വയംഭരണം. ജനങ്ങളോടു തികച്ചും ഉത്തരവാദിത്വമുള്ള ഒരു ഭരണക്രമം ഇത്ര കാലത്തിനുള്ളിൽ സ്ഥാപിക്കുന്നതാണെന്നു ഗവർമ്മേണ്ടു ക്ലിപ്തപ്പെടുത്തി പ്രസ്താവിക്കുകയും അങ്ങിനെയുള്ള ഒരു ഭരണക്രമത്തിന്റെ പ്രാരംഭമായി കോൺഗ്രസ്സ് ലീഗ് പദ്ധതി സ്വീകരിച്ച് പാർലമെന്റ് ഉടനേതന്നെ ഒരു ഭരണപരിഷ്ക്കാരനിയമം പാസ്സാക്കുകയും ചെയ്യണം.

2) ഇന്ത്യൻ സൈന്യത്തിൽ നാട്ടുകാരെ സമുദായവ്യത്യാസം നോക്കാതെ ധാരാളമായി ചേർക്കുകയും സൈന്യവകുപ്പിലുള്ള എല്ലാവലിയ ഉദ്യോഗത്തിന്നും ഇംഗ്ലീഷുഭടന്മാർക്കുള്ള അവകാശങ്ങൾ ഇന്ത്യൻ ഭടന്മാർക്കും ഉണ്ടായിരിക്കുകയും വളന്റിയർമാരായി ചേരുവാൻ യുവാക്കന്മാർക്കു എല്ലാ സൌകര്യങ്ങളും നൽകുകയും വേണ്ടതാണ്.

3) പ്രാഥമിക വിദ്യാഭ്യാസം സൌജന്യമാക്കുകയും മുനിസിപ്പാലിററികളുടെ അതിർത്തികളിൽ നിർബന്ധമാക്കുകയും വേണ്ടതാണ്:

4) ജനങ്ങളുടെ പൌരാവകാശങ്ങളെ ധ്വംസിക്കുന്ന എല്ലാ മർദ്ദനനിയമങ്ങളേയും വിശേഷിച്ച് പ്രസ്സ് ആക്ടിനേയും റദ്ദ്

ചെയ്യേണ്ടതാകുന്നു. ഇന്ത്യൻ ശിക്ഷാനിയമം ക്രൂരമായും അവിവേകമായും വിനിയോഗിച്ചു വരുന്നതിൽ ഈ ജില്ലയിലുള്ള ജനങ്ങളുടെ പ്രബലമായ ആക്ഷേപത്തേയും റിക്കാർഡാക്കി.

5) എല്ലാ രാഷ്ട്രീയ തടവുകാരേയും വിശേഷിച്ചു മുഹമ്മദാലി ഷൌക്കത്താലി ഇവരെയും വിട്ടയക്കണം.

6) ആയുധനിയമത്തെ റദ്ദ് ചെയ്യണം.

7) തദ്ദേശിയ സ്വയംഭരണത്തെ വിപുലമാക്കണം.

8) വ്യവസായ വർദ്ധനക്കും,

9) ദേശീയവിദ്യാഭ്യാസത്തിനും വേണ്ടുന്ന പ്രോൽസാഹനം നൽകണം.

അടുത്ത ജില്ലാസമ്മേളനം തളിപ്പറമ്പിലേക്കു ക്ഷണിക്കുവാൻ അവിടത്തെ നമ്പൂതിരിമാർക്കു ആലോചനയുണ്ടായിരുന്ന പ്രകാരം കാണുന്നുണ്ടു്. എന്നാൽ തളിപ്പറമ്പത്തുവെച്ചല്ല നടന്നതു്. ഇ. കേ. ശങ്കരവർമ്മരാജാ, രാമവർമ്മരാജാ ഇവരുടെ ഉൽസാഹത്തിൽ 4-ാമത്തെ മലബാർ ജില്ലാസമ്മേളനം കേ. പി. രാമൻമേനോൻെറ അദ്ധ്യക്ഷതയിൽ വടകരവെച്ചു് 1919 മേയ് മാസം 5—ം6 – ം തീയ്യതികളിൽ നടന്നു. ഇന്ത്യാരാജ്യത്തെ പൊതുവായും മലബാർ ജില്ലയെ പ്രത്യേകമായും സംബന്ധിക്കുന്ന പ്രധാനപ്പെട്ട പല വിഷയങ്ങളെക്കുറിച്ചും അദ്ധ്യക്ഷൻ തൻെറ പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്നു "കഴിഞ്ഞ സമ്മേളനത്തിനുശേഷം പല പ്രധാനപ്പെട്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. മഹായുദ്ധം ഒരു വിധം അവസാനിച്ചു. ബ്രിട്ടീഷ് സാമ്രാജ്യം പൂർവ്വാധികം വർദ്ധിച്ച ശക്തിയോടുകൂടി ഉത്ഥാനം ചെയ്തിരിക്കുന്നു. അതിൽ ഇന്ത്യാക്കാർക്കുണ്ടായിട്ടുള്ള സന്തോഷത്തിന്നുനേരെ വിരുദ്ധമായ ഒരുരാഗം ആലപിക്കേണ്ടുന്ന ദുര്യോഗം വന്നു. മഹായുദ്ധത്തിൻെറ ആദ്യകാലത്തു ഫ്രാൻസിൽ നടന്നിരുന്ന ആ ഭയങ്കര സമരത്തിൽ പങ്കുകൊള്ളുവാനായി ഇന്ത്യാക്കാരായ പട്ടാളക്കാരേ യൂറോപ്പിലേക്കയച്ചപ്പോഴും അവരെ ഇംഗ്ളണ്ടു് തൻെറ സംഖികളുടെ നിലയിൽ സ്വാഗതം ചെയ്തു സന്തോഷപുരസ്സരം സ്വീകരിച്ചു. സാമ്രാജ്യത്തിൽ ഇന്ത്യയ്ക്കു തുല്യസ്ഥാനം

4—ാമത്തെ ജില്ലാസമ്മേളനം

ലഭിക്കമെന്നു കാണിക്കവാൻ മതിയായ അഭിപ്രായങ്ങളെ ഉന്നത സ്ഥാനങ്ങളിൽനിന്നു് ഇംഗ്ളീഷുരാജ്യതന്ത്രജ്ഞന്മാർ മുഴക്കിക്കൊണ്ടിരുന്നു. ആപൽദശ കഴിഞ്ഞപ്പോഠം മട്ടൊന്നുമാറി. ഇന്ത്യ ചെയ്തതായ സഹായങ്ങളെ തുച്ഛീകരിക്കവാനും, ഇന്ത്യാഭരണം അനുഭവത്തിൽ ഇന്ത്യാക്കാരുടെ കയ്യിൽ ഏല്പിച്ചുകൊടുക്കത്തക്ക എല്ലാ പരിഷ്കാരങ്ങളേയും വ്യർത്ഥമാക്കിത്തീർക്കവാനും സിഡൻഹാം പ്രഭൃതികഠം ശ്രമിക്കയും ആ ശ്രമം ഫലപ്രദമായി പരിണമിക്കുകയും ചെയ്തു. 1917 ആഗസ്റ്റ് 20-ാം തീയതിയിലെ രാജനീതി പ്രഖ്യാപനത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടതു ഒന്നും പുതിയ ഭരണപരിഷ്ക്കാരനിർദേശങ്ങളിൽ നിർവ്വഹിച്ചു കാണുന്നില്ല. സ്വേച്ഛാധികാരികളുടെ കയ്യിൽ എല്ലാ അധികാരങ്ങളും സമർപ്പിച്ചിരിക്കുന്നതിൻേറയും ഇന്ത്യയിലെ ജനങ്ങളിൽ മുമ്പെത്തെപ്പോലെതന്നേ ഇപ്പോഴും ബ്രിട്ടീഷ് ഗവർമ്മേണ്ടിനു ലേശവും വിശ്വാസമില്ലാത്തതിൻേറയും ചിഹ്നങ്ങഠം മോൺടെഗുവിൻെറ റിപ്പോർട്ടിൽ സർവത്ര കാൺമാനുണ്ടു് നമുക്കു ഭരണപരിഷ്ക്കാരങ്ങഠം വരുത്തേണ്ട കാര്യത്തിൽ ഗവർമ്മേണ്ടിൻെറ പുറപ്പാടു് സാവധാനത്തിലും ശങ്കിച്ചുകൊണ്ടും ആണു്. എന്നാൽ റൌലററ് നിയമത്തെ നമുക്കു സംഭാവന ചെയ്തിട്ടുള്ളതിൽ ഗവർമ്മേണ്ടിനു യാതൊരു ചാപല്യവും യാതൊരു താമസവും യാതൊരു സംശയവും ഉണ്ടായില്ല. സാമ്രാജ്യനിയമസഭയിലുള്ള നമ്മുടെ പ്രതിനിധികളെല്ലാം ഒന്നായി എതിർത്തിട്ടും ഗവർമ്മേണ്ടു ആ ബിൽ പാസ്സാക്കുകതന്നേ ചെയ്തു. അതും എത്ര വേഗത്തിൽ!" ഗവർമ്മേണ്ടു ജനങ്ങളോടു കാണിച്ച ഈ വിശ്വാസലംഘനത്തെപ്പററി പരിതപിച്ചശേഷം അദ്ധ്യക്ഷൻ പ്രാദേശിക കാര്യങ്ങളിലേക്കുതിരിഞ്ഞു. ഭക്ഷണസാധനങ്ങഠംക്കു സാധാരണയിൽ മൂന്നിരട്ടിയോളം വില വർദ്ധിച്ചിരിക്കുന്നതിനാൽ സാമാന്യക്കാർ അനുഭവിക്കുന്ന സങ്കടങ്ങളേക്കുറിച്ചു പ്രസ്താവിച്ചു. ഇതിന്നു പരിഹാരമായി ഗവർമ്മേണ്ടു ചെയ്തതു കൂടുതൽ ഐ. സി. എസ്. ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയായിരുന്നു. ജന്മികുടിയാൻവിഷയത്തെ സംബന്ധിച്ചു അദ്ധ്യക്ഷൻ ഇപ്രകാരം പറഞ്ഞു:— "ജന്മിമാരും കുടിയാന്മാരും തമ്മിൽ വളരെക്കാലമായി രഞ്ജിപ്പില്ലാതെയാണു് തീർന്നിരിക്കുന്നതു്. അതു പക്ഷേ എല്ലാരാജ്യങ്ങളിലും കാണുന്ന അദ്ധ്വാനത്തിന്നും മൂലധനത്തിന്നും

തമ്മിലുള്ള വൈപരീത്യത്തിൻെറ ഒരു ഭാവം മാത്രമായിരിക്കാം. കുടിയാനു തൻെറ അദ്ധ്വാനത്തിൻെറ ഫലം ശരിയായി അനുഭവിക്കുവാൻ തരം വരുത്തുന്നതായും അതേസമയത്തു ജന്മിക്കു തൻെറ സ്വത്തുക്കളുടെ പാട്ടം തികച്ചും കിട്ടുവാനുള്ള അധികാരത്തെ ഉറപ്പിക്കുന്നതായും ഉള്ള പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതിന്നായി ചില മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതാണ്.'' ജാതിവ്യത്യാസങ്ങളും അയിത്തം മുതലായ ദുരാചാരങ്ങളും നാട്ടിൽനിന്നു അകററേണ്ട ആവശ്യത്തെക്കുറിച്ചും അദ്ധ്യക്ഷൻ കാര്യസമ്പൂർണ്ണമായ പ്രസംഗത്തിൽ ഉൽബോധിപ്പിച്ചിരുന്നു.

താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

1) രാജഭക്തി. ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്നു സിദ്ധിച്ച വിജയത്തിൽ സന്തോഷം. 2) സിന്നാപ്രഭുവിന്നു പ്രഭുസ്ഥാനം കിട്ടിയതിലും ഇന്ത്യയുടെ അണ്ടർ സെക്രട്ടരിയായി നിയമിച്ചതിലുംഉള്ള അനുമോദനം. 3) താലൂക്കു ബോർഡുകളിലേക്കും ഡിസ്ത്രിക്ട് ബോർഡുകളിലേക്കും ഉള്ള തിരഞ്ഞെടുപ്പിൽ എഴുതാനും വായിക്കാനും അറിയുന്നവർക്കെല്ലാം വോട്ടവകാശമുണ്ടായിരിക്കണം. 4) മലബാറിൽ ഒരു ഒന്നാം ഗ്രേഡ് കോളേജ് സ്ഥാപിക്കേണ്ട ആവശ്യം. ഇത്രയും പ്രമേയങ്ങൾ ഐകകണ്ഠ്യമായിത്തന്നേ പാസ്സായി. താഴേ പറയുന്നവയെ സംബന്ധിച്ച വാദപ്രതിവാദമുണ്ടാവുകയും ഭൂരിപക്ഷമനുസരിച്ച പാസ്സാവുകയും ചെയ്തു. 1) കോൺഗ്രസ്സിൻെറ 23—ാമത്തേ സമ്മേളനത്തിൽ മോൺടെഗു ചെംസ്ഫോർഡ് ഭരണപരിഷ്ക്കാരത്തെ സംബന്ധിച്ച പാസ്സാക്കിയ പ്രമേയത്തോടു അനുകൂലിക്കുന്നു, 2) റൌളററ് നിയമം, ക്രിമിനൽ ലാ ഭേദഗതി നിയമങ്ങൾ എന്നിങ്ങനെയുള്ള മർദ്ദനനിയമങ്ങൾ പ്രാഥമികപൌരാവകാശങ്ങൾ ധ്വംസിക്കുന്നതാകയാൽ അവയെ റദ്ദാക്കണം. 3) റൌളററ് നിയമത്തെ റദ്ദാക്കിക്കിട്ടുവാൻ ഗവർമ്മെണ്ടിനെ നിർബ്ബന്ധിക്കുന്നതിന്നായി സത്യാഗ്രഹംസമാരംഭിച്ചതിൽ മഹാത്മാഗാന്ധിയെ അനുമോദിക്കുന്നു. എന്തെല്ലാം മർദ്ദനങ്ങളുണ്ടായാലും സഹിച്ച ജനങ്ങൾ ഗാന്ധിയുടെ നേതൃത്വത്തിൽ സമരം നടത്തേണ്ടതാണെന്നു ജനങ്ങളോടാവശ്യപ്പെടുന്നു. 4) ''ബോംബെ ക്രോണിക്കൾ'' പത്രാധിപർ ബി. ജി. ഹോർ

ണിമാൻ ഇന്ത്യക്ക് ചെയ്തിട്ടുള്ള സേവനത്തിൽ നന്ദിപറയു ന്നു. 5) മാപ്പിളനിയമം റദ്ദാക്കണം. 6) മലബാറിലെ സംബ ന്ധങ്ങൾക്ക നിയമസാധുത്വം നൽകണം. 7) ആയുർവ്വേദം, യുനാനി ഈ വൈദ്യസമ്പ്രദായങ്ങൾക്ക ഗവർമ്മെണ്ട പ്രോൽ സാഹനം നൽകണം.

ഒന്നാമത്തെയൊ രണ്ടാമത്തെയൊ ജില്ലാ സമ്മേളനത്തെ പ്പോലെ ഈ സമ്മേളനം അത്രതന്നെ ഉൽസാഹപ്രദമായിരുന്നി ല്ലെന്നു കാണുന്നു. സുമാർ 270 പ്രതിനിധികളെ ഉണ്ടായിരുന്നു ള്ളു, അതിനെന്താണ കാരണമെന്നു റിപ്പോർട്ടുകളിൽനിന്നും മന സ്സിലാക്കുവാൻ കഴിയുന്നില്ല. അദ്ധ്യക്ഷൻെറ പ്രസംഗം വലിയ ഒരു രാഷ്ട്രീയ സമ്മേളനത്തിന്നു യോജിച്ചതും ഏതൊരു രാഷ് ട്രീയകാര്യചിന്തകനും ഭൂഷണമായിട്ടുള്ളതും ആയിരുന്നു. അ ദ്ധ്യക്ഷൻ തൻെറ ഉപക്രമപ്രസംഗത്തിൽ വളരെ ശക്തിയായി പ്രസ്താവിച്ചതും ഈ അദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ളതുമായ ജന്മികുടിയാൻ വിഷയത്തെസംബന്ധിച്ച അഭിപ്രായങ്ങളുടെ ഗൗരവസ്ഥിതിക്ക്, ആ വിഷയത്തിൽ യാതൊരു പ്രമേയവും സമ്മേളനത്തിൽ ആലോചനക്ക് വരാത്തതെന്തെന്ന് വിസ് മയം തോന്നുന്നു ജന്മിതാല്പര്യങ്ങൾക്ക അത്രമാത്രം പ്രാബല്യം ഈ സമ്മേളനങ്ങളിലെല്ലാം ഉണ്ടായിരുന്നിരിക്കണം.

5-ാമത്തേ മലബാർ ജില്ലാ യോഗം മഞ്ചേരിയിൽവച്ച കൂട്ടവാൻ തീർച്ചപ്പെടുത്തിയതനുസരിച്ച വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ മഞ്ചേരിയിലെ പൊതുവായനശാലയിൽവെച്ച റാവുബഹദൂർ കൃഷ്ണവർമ്മ രാജാവിൻെറ അദ്ധ്യക്ഷതയിൽ ഒരു പ്രാരംഭയോഗം ചേർന്നു. നിലമ്പൂർ മാനവേട്ടൻ തിരുമുൽ പാടിനെ സ്വാഗതസംഘാദ്ധ്യക്ഷനായി നിശ്ചയിച്ചു.

1920 ഏപ്രിൽ മാസം ഒടുവിലത്തെ ആഴ്ചയിൽ സമ്മേള നം "ഹിന്തു" പത്രാധിപരായിരുന്ന കസ്തൂരിരങ്കയ്യങ്കാരുടെ അദ്ധ്യക്ഷതയിൽ നടത്തുവാനും തീരുമാനിച്ചു. ആ സമ്മേ ളനമായിരുന്നു അവസാനത്തെ മലബാർ ജില്ലാ സമ്മേളനം.

## അദ്ധ്യായം 3

# മഞ്ചേരി

അഭിനവകേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ മഞ്ചേരി ജില്ലാ സമ്മേളനം ഗംഭീരമായ ഒരു പരിവർത്തനഘട്ടത്തെ കുറിക്കുന്നുണ്ട്. അഭിനവഭാരതം തന്നേ ഒരു വലിയ പരിവർത്തനത്തിൽക്കൂടി കടന്നു പോവുകയായിരുന്നു. നവഭാരതത്തിന്റെ ആവിർഭാവത്തിന്നു മററു യാതൊരു വ്യക്തിയേക്കാളും അല്പമായിട്ടെങ്കിലും കൂടുതലായി സഹായിച്ചിട്ടുള്ള ആനിബസൻറ് മദാമ്മ ഈ പരിവർത്തനഘട്ടത്തിൽ രാഷ്ട്രീയ രംഗത്തിൽനിന്നു് അന്തർദ്ധാനം ചെയ്കയും ചെയ്യുന്നു. പ്രതിഭാശാലിനിയായ ആ മഹതി നടത്തിയ അവസാന സമരത്തിലെ ഒരു രംഗം മഞ്ചേരി കോൺഫറൻസായിരുന്നു. ഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനം അപ്പോഠം ആരംഭിച്ചുകഴിഞ്ഞിരുന്നില്ലെങ്കിലും അതിന്നടിസ്ഥാനമായിരുന്ന സംഗതികഠം സംഭവിച്ചു കഴിഞ്ഞിരുന്നു. ജനദ്രോഹപരമായ റൌളററ് ബില്ലിന്റെ ത്വരിതമായ പാസ്സാക്കൽ, ജാലിയൻവാലായിലെ കൂട്ടക്കൊല, പഞ്ചാബിലെ മററക്രമങ്ങഠം, ഖിലാഫത്തുകാര്യത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ടു ചെയ്ത അനീതി, മുഹമ്മദാലിയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിലേക്കു് പോയിരുന്ന ഖിലാഫത്തു ഡെപ്യൂട്ടേഷന്റെ ഇച്ഛാഭംഗത്തോടുകൂടിയ മടക്കം, ഈ സ്ഥിതിയിൽ ഗവർമ്മെണ്ടുമായൊ ''പരിഷ്ക്കരിച്ച'' നിയമങ്ങളുമായൊ സഹകരിക്കുവാൻ മുസ്ലീംകഠംക്കു സാദ്ധ്യമല്ലെന്നു കാണിച്ചുള്ള ഒന്നാമത്തെയും രണ്ടാമത്തെയും അഖിലഭാരത ഖിലാഫത്തു കോൺഫറൻസുകളുടേയും മദ്രാസ് സംസ്ഥാന ഖിലാഫത്തു കോൺഫറൻസിന്റേയും നിശ്ചയം — ഈ സംഭവങ്ങളുടെ ഫലമായി നിസ്സഹകരണനുഷ്ഠാനത്തിനുള്ള ആലോചന അന്ത

രീക്ഷത്തിൽ സർവ്വത്ര വ്യാപിച്ചിരുന്നു. എത്രയും ഇച്ഛാഭംഗജനകമായിരുന്ന ഭരണപരിഷ്ക്കാര നിയമത്താൽ അതൃപ്തരായിഭവിച്ച ജനങ്ങൾ മേൽപറഞ്ഞ സംഭവങ്ങളാൽ നിസ്സഹകരണത്തിന്നു എളുപ്പം സന്നദ്ധരാവുമെന്നു ഭയപ്പെട്ടതിനാൽ നിസ്സഹകരണാനുകൂലമായ തീരുമാനങ്ങളൊന്നും മഞ്ചേരി കോൺഫറൻസിൽ പാസ്സാകുവാൻ സംഗതിയാവരുതെന്നു കരുതി നിസ്സഹകരണവിരോധികളായ ആനിബസൻറും കൂട്ടരും നേരത്തേതന്നെ സമർത്ഥമായ പ്രചരണവേലകളാരംഭിച്ചിരുന്നു. അവരുടെ സ്വാധീനം നിസ്സഹകരണഗതിയെ നിരോധിക്കുവാൻ എത്ര കണ്ടു് പര്യാപ്തമാകുമെന്നു് ഇവിടെവെച്ച് പരീക്ഷിച്ചുനോക്കുവാനും തീർച്ചപ്പെടുത്തി. അങ്ങിനെ സഹകരണവാദികളുടേയും നിസ്സഹകരണവാദികളുടെയും ബലാബലം പരീക്ഷിച്ചുനോക്കുവാനുള്ള ഒരു പ്രധാനരംഗമായും മഞ്ചേരി കോൺഫറൻസിനുള്ള ഒരുക്കങ്ങളേക്കാളധികം ഒരുക്കവും ഉൽസാഹവും മഞ്ചേരിയിൽ കാണുകയുണ്ടായി. മലബാറിൻെറ നാനാഭാഗങ്ങളിൽനിന്നും പതിവിലധികം പ്രതിനിധികൾ സന്നിഹിതരായിരുന്നു. എന്നുമാത്രമല്ല, പുറമേ മദ്രാസിൽനിന്നും മററുമായി പല പ്രമാണികളും എത്തീട്ടുണ്ടായിരുന്നു. മഞ്ചേരി രാമയ്യർ മുതലായവരാൽ അനുഗതയായി ആനിബസൻറും, കെ. പി. കേശവമേനോൻ, എ രാമസ്വാമി അയ്യങ്കാർ, കെ. മാധവൻനായർ മുതലായവരോടുകൂടി സമ്മേളനാദ്ധ്യക്ഷനായി വരിക്കപ്പെട്ടിരുന്ന എസ്സ്. കസ്തൂരിരങ്കയ്യങ്കാരും നേരത്തെ മഞ്ചേരിയിൽ ചെന്നുചേർന്നു. അവരുടെ വരവിന്നു മുമ്പും അതിൻെറ ശേഷവും പ്രതിനിധികളുടെ ക്യാമ്പിൽ പ്രചരണവേഷങ്ങൾ ഇരുഭാത്തുനിന്നും കലശലമായി നടത്തുന്നുണ്ടായിരുന്നു. പ്രതിനിധികളുടെ കൂട്ടത്തിൽ മാപ്പിളമാരും ഉണ്ടായിരുരുന്നുവെന്നുള്ളതു് ഈ സമ്മേളനത്തെക്കുറിച്ചു പറയുവാനുള്ള ഒരു വിശേഷസംഗതിയാണു്. എളിയ നിലയിലുള്ള ചില കൂലിപ്പണിക്കാരോടൊപ്പം വലിയ നിലയിലുള്ള പ്രഭുക്കന്മാരും, കോഴിക്കോട്ടെ ചെറിയേട്ടൻരാജാ, നിലമ്പൂർ ഇളയരാജാ, മണ്ണാർക്കാട്ടു മൂപ്പിൽനായർ, മങ്കട ഉദയവർമ്മരാജാ, കെ. സി. വീരരായൻരാജാ എന്നിവരും ഈ സമ്മേളനത്തിലെ പ്രതിനിധികളുടെ കൂട്ടത്തിലുണ്ടായിരുന്നു.

സ്വാഗതസംഘാദ്ധ്യക്ഷൻേറയും സമ്മേളനാദ്ധ്യക്ഷൻെറയും പ്രസംഗങ്ങൾ അപ്പോൾ ഇന്ത്യൻ ജനതയെ ചിന്താകുലമാക്കി

യിരുന്ന എല്ലാ പ്രധാന പ്രശ്നങ്ങളേയും മലബാറിനെ പ്രത്യേകം സംബന്ധിച്ച ജന്മികുടിയാൻ മുതലായ കാര്യങ്ങളേയും സ്പർശിച്ചവയായിരുന്നു. കസ്തൂരി രങ്കയ്യങ്കാരുടെ അദ്ധ്യക്ഷപ്രസംഗത്തിൽ തീവ്രവാദമെന്നു പറയത്തക്കതായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പുതിയ ഭരണപരിഷ്ക്കാരം അപര്യാപ്തവും അതൃപ്തികരവും ഇച്ഛാഭംഗജനകവും ആണെങ്കിലും ജനപ്രതിനിധികൾ നിയമസഭയിൽ പ്രവേശിച്ച് അവയെ കഴിയുന്നതു പ്രയോജനപ്പെടുത്തേണമെന്നായിരുന്നു അയ്യങ്കാരുടെ ഉപദേശം. അതിൽ നിസ്സഹരണച്ഛായ ഇല്ലെന്ന് പ്രത്യക്ഷമാണല്ലൊ. എന്നാൽ മഞ്ചേരിയിലെ അന്തരീക്ഷം അത്രതന്നെ സഹകരണാനുകൂലമായിരുന്നില്ലെന്ന് പിന്നീട് വെളിവായി. ഏപ്രിൽ 28-ാം തീയതി രാവിലെ ബോർഡ് സ്കൂൾവക ഹാളിൽവെച്ച് കൊച്ചി മലബാർ തിയൊസൊഫറിക്കൽ ഫെഡറേഷൻ ഉൽഘാടനം ചെയ്തുകൊണ്ട് മിസിസ്സ് ബെസൻറ് കേമമായ ഒരു പ്രസംഗം ചെയ്തു. അന്നു രാവിലെതന്നെ സമ്മേളനപ്പന്തലിൻെറ വളപ്പിൽവെച്ചു കൂടിയ ഒരു പൊതുയോഗത്തിൽ, "ഇന്നത്തെ സ്ഥിതി"യെക്കുറിച്ച് കെ. പി. കേശവമേനോനും, ഖിലാഫത്ത് വിഷയത്തെക്കുറിച്ച് എ. രങ്കസ്വാമിഅയ്യങ്കാരും മൊയ്തീൻകോയയും പ്രസംഗിച്ചു. അന്നുച്ചയ്ക്കു 12മണിക്കായിരുന്നു സമ്മേളനം ആരംഭിച്ചതു്. പ്രതിനിധികൾതന്നേ ആയിരത്തിമൂന്നൂറോളം ഉണ്ടായിരുന്നതായി കാണുന്നു.

**അദ്ധ്യക്ഷ പ്രസംഗം**

അദ്ധ്യക്ഷപ്രസംഗങ്ങൾക്കുശേഷം വിഷയനിർണ്ണയക്കമ്മിററിയെ തിരഞ്ഞെടുത്തു. ഓരോ താലൂക്കിനേയും പ്രതിനിധികരിക്കുവാൻ പത്തുപേർവീതം ഉണ്ടായിരുന്നു. വക്കീലന്മാർ കമ്മിററിയിൽ കുറെ അധികമായിപ്പോയെന്നും കോഴിക്കോട്ടെ ഒരു പ്രതിനിധി ആവലാതിപ്പെട്ടതായി കാണുന്നു. നാലുമണിക്കാരംഭിച്ച കമ്മിററിയോഗം രാത്രി എട്ടുമണി കഴിഞ്ഞിട്ടും അവസാനിക്കായ്കയാൽ പിറേറദിവസം രാവിലേക്കു മാററിവെക്കേണ്ടതായി വന്നു. കമ്മിററിയോഗത്തിൽതന്നേ വാദപ്ര

**വിഷയ കമ്മിററി**

തിവാദങ്ങാം വളരെ തീഷ്ണമായിരുന്നുവെന്നു് കാണുന്നുണ്ടു്. ഭരണപരിഷ്ക്കാരത്തെ സംബന്ധിച്ച പ്രമേയത്തിന്മേലായിരുന്നു കൂടുതൽ സമയം വാദിപ്രതിവാദമുണ്ടായതെന്നും കാണുന്നു. ഹോംറൂംകാരും മിതവാദികളും ഒരു വശത്തും, അന്നത്തെ തീവ്രവാദികളായിരുന്ന നാഷനലിസ്ററുകാർമററൊരുവശത്തും— ഇങ്ങിനെ കമ്മിററിയോഗത്തിലും സമ്മേളനത്തിലും രണ്ടു പ്രബലകക്ഷികാം കാണപ്പെട്ടു. ആനിബസൻറ്, രാമസ്വാമി അയ്യങ്കാർ, എം കെ. ആചാര്യ എന്നിവർ വാദിപ്രതിവാദങ്ങളിൽ പങ്കുകൊള്ളുകയും പ്രമേയങ്ങാംക്കു് ഭേദഗതികാം അവതരിപ്പിക്കുകയും ചെയ്തതായി കാണുന്നതിനാൽ പുറമേനിന്നു വന്നവർക്കും പ്രതിനിധികളാവുന്നതിൽ നിയമതടസ്സം ഉണ്ടായിരുന്നില്ലെന്നു് വ്യക്തമാകുന്നു.

വിഷയനിരൂപണക്കമ്മിററിയുടെ യോഗം പിരിഞ്ഞപ്പോാം രാത്രി എട്ടുമണി കഴിഞ്ഞിരുന്നുവെങ്കിലും പിന്നേയും ഇരുകക്ഷിയിലേയും നേതാക്കന്മാർ സ്വസ്ഥരായിരുന്നിട്ടില്ല. അന്നുരാത്രിയിലും പിറേറദിവസം രാവിലേയുമായി പല പൊതുയോഗങ്ങളും പലരുടേയും പ്രസംഗങ്ങളും നടന്നു. പുതിയ ഭരണപരിഷ്ക്കാരം സ്വയംഭരണത്തിലേക്കുള്ള സോപാനത്തിൻെറ ആദ്യപടിയായി സ്വീകരിച്ചു് അതിൻെറ വ്യവസ്ഥകളെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിൽ ജനങ്ങാം അനുകൂലിക്കണമെന്നു് ഉൽബോധനം ചെയ്തുകൊണ്ടു് ആനിബസൻറ് ചെയ്ത പ്രസംഗം കോംക്കുവാൻ അസംഖ്യം ജനങ്ങാം ചേർന്നിട്ടുണ്ടായിരുന്നു. ഭരണപരിഷ്ക്കാരവ്യവസ്ഥകാം ഏററവും അതൃപ്തികരവും യഥാർത്ഥസ്വയംഭരണത്തിലേക്കു് ജനങ്ങളെ നയിക്കുവാൻ തീരെ അപര്യാപ്തവും ആണെന്നു് കാണിച്ചുകൊണ്ടു് കെ. പി. കേശവമേനോൻ ചെയ്ത പ്രസംഗവും ആളുകാം വളരെ താൽപര്യത്തോടുകൂടിതന്നേ ശ്രദ്ധിച്ചു. ഒടുവിൽ ഈ രണ്ടാമതു പറഞ്ഞ അഭിപ്രായത്തിന്നാണു് സമ്മേളനത്തിൽ പ്രാബല്യമുണ്ടായതു്.

ബെസൻറും
കേശവമേനോനും

29—ാം തീയതി രാവിലെ 11 മണിക്കു് സമ്മേളനം വീണ്ടും ചേരുകയും വിഷയനിരൂപണക്കമ്മിററി അനുവദിച്ച പ്ര

മേയങ്ങളുടെ ആലോചന ആരംഭിക്കുകയും ചെയ്തു. തൊഴിൽ ശാലകളിൽ വേലചെയ്യുന്ന കൂലിക്കാരുടെ അദ്ധ്വാനസമയം ക്ലിപ്തപ്പെടുത്തുക, തോട്ടങ്ങളിലും തൊഴിൽ ശാലകളിലും കുട്ടികളെക്കൊണ്ടു കൂലിപ്പണിചെയ്യിക്കുന്ന ഏർപ്പാടു നിർത്തുക, കൂലിക്കാർക്കു ദോഷകരമായ "പ്ളാൻടേർസ് ലേബർ" നിയമം റദ്ദ് ചെയ്യുക, സർ ശങ്കരൻനായരുടെ അഭിമാനോചിതമായ രാജിവെപ്പിൽ അഭിനന്ദിക്കുക എന്നിങ്ങനെ പത്തു പ്രമേയങ്ങൾ അദ്ധ്യക്ഷൻ തന്നേ അവതരിപ്പിക്കുകയും ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. കൂടാതെ ആയുധനിയമം റദ്ദ് ചെയ്യണമെന്നും പ്രസ്സിൻെറ സ്വാതന്ത്ര്യത്തേയും പൌരാവലിയുടെ സിവിൽ അവകാശങ്ങളേയും നിയമത്താൽ സംരക്ഷിക്കേണമെന്നും അടിശിക്ഷ മുതലായ എല്ലാതരം ശാരീരികശിക്ഷകളും നിർത്തൽ ചെയ്യേണമെന്നും ഉള്ള ഒരു പ്രമേയവും അദ്ധ്യക്ഷൻതന്നേ അവതരിപ്പിച്ചു പാസ്സാക്കി.

പ്രമേയങ്ങൾ

ഈ സമ്മേളനത്തിൽ പ്രക്ഷോഭകരമായ വാദപ്രതിവാദങ്ങൾക്കു ഹേതുവായ പ്രമേയങ്ങൾ ഭരണപരിഷ്ക്കാരത്തേയും ഖിലാഫത്തുകാര്യത്തേയും ജന്മികുടിയാൻ വിഷയത്തേയും സംബന്ധിച്ചവയായിരുന്നു. പ്രതിനിധികളിൽ ഒരു ഭാഗക്കാരുടെ അപേക്ഷയനുസരിച്ചു ഖിലാഫത്തു പ്രമേയം ഒന്നാമതായി ആലോചനക്കെടുത്തു. ഇന്ത്യൻ മുസ്ലിംങ്ങളുടെ ന്യായമായ അഭിലാഷങ്ങൾക്കും അധികൃതന്മാർ അവർക്കു നൽകിയ വാഗ്ദാനങ്ങൾക്കും അനുസരിച്ചു ഖിലാഫത്തു വിഷയത്തിൽ തൃപ്തികരമായ ഒരു തീരുമാനം വേഗത്തിൽ വരുത്തേണമെന്നു ബ്രിട്ടീഷ് ഗവർമ്മെണ്ടിനോടപേക്ഷിക്കുക, അങ്ങിനെ ചെയ്യാത്തപക്ഷം മദ്രാസ് സംസ്ഥാന ഖിലാഫത്തു വിഷയത്തിൽ കോൺഫറൻസ് നിശ്ചയിച്ചപ്രകാരം, ഗവർമ്മെണ്ടുമായി ക്രമപ്രവൃദ്ധമായ നിസ്സഹകരണാനുഷ്ഠാനത്തിനു മുസ്ലിംങ്ങളും അവരോടൊപ്പം ഹിന്ദുക്കളും ഒരുങ്ങിയിരിക്കുകയും ചെയ്യുക— എന്നായിരുന്നു പ്രമേയം. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു കോമു

ഖിലാഫത്തു

മേനോൻ മലയാളത്തിൽ പ്രസംഗിച്ചു. സുന്ദരയ്യർ പിന്താങ്ങി. അപ്പോഠം ആനിബെസൻറ് ഒരു ഭേദഗതി കൊണ്ടുവന്നു. പ്രമേയത്തിലെ ആദ്യഭാഗം സ്വീകാര്യമാണെന്നും, എന്നാൽ നിസ്സഹകരണം അനുഷ്ഠിക്കുവാൻ ജനങ്ങളോടാവശ്യപ്പെടുന്നതു് കേവലം സാഹസമായിരിക്കുമെന്നും ആയിരുന്നു ബെസൻറിൻെറ വാദം തൻെറ നിലയെ സാധൂകരിക്കുവാൻ അവർ ശക്തിയായ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം നല്ല ശക്തിയായ ഭാഷയിൽ മഞ്ചേരി രാമയ്യർ മലയാളത്തിൽ പിന്നീടു തർജ്ജമ ചെയ്തു കേഠപ്പിച്ചു. ഷൺമുഖമുതലിയാർ ഭേദഗതിയെ അനുകൂലിച്ചും പ്രസംഗിച്ചു. അബ്ദുഠംകാദർ, മൊയ്തീൻകോയ, ലക്ഷ്മീദാസ്, കെ മാധവൻ നായർ എന്നിവർ ഭേദഗതിയെ എതിർത്തും പ്രമേയത്തെ ശക്തിയായി അനുകൂലിച്ചും പ്രസംഗിച്ചു ഈ പ്രമേയം ഉണ്ടയില്ലാത്ത വെടിയാണെന്നു അവിടെ പലർ പരിഹസിച്ചതിന്നു മറുപടിയായി ഇന്ത്യക്കാർക്കു വെടിവെക്കേണ്ടആവശ്യമില്ലെന്നും അവരുടേതു സഹനസമരമാണെന്നും, ഡോക്ടർ സുബ്രഹ്മണ്യയ്യരും രവീന്ദ്രനാഥടാഗോറും അവരുടെ സർ സ്ഥാനങ്ങഠം വലിച്ചെറിഞ്ഞതിനെക്കണ്ടു പഠിക്കേണമെന്നും, സൈന്യത്തിൽ നിന്നു ഇന്ത്യാക്കാർ രാജിവെച്ചൊഴിയുന്നതുകൊണ്ടു് ഇന്ത്യയുടെ അതിർത്തികളിലൊന്നും ആപത്തുവരാനില്ലെന്നും, ആപത്തുവരാതെ കണ്ടു നോക്കുവാൻ ഇംഗ്ലീഷുകാരുടെ സ്വന്തതാല്പര്യങ്ങഠം അവരെ പ്രേരിപ്പിച്ചുകൊള്ളുമെന്നും, അഥവാ അവർ വിട്ടുപോകുന്നതായാൽ അത്രക്കും നന്നായിരിക്കുമെന്നും മാധവൻനായർ തൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചു. പ്രമേയം വോട്ടിനിടുന്നതിന്നുമുമ്പായി അദ്ധ്യക്ഷൻ ഈ വിഷയത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ടു അനീതി പ്രവർത്തിച്ചുവെന്നു് മിസ്സിസ്സ് ബസൻറുതന്നേ സമ്മതിക്കുന്ന സ്ഥിതിക്കു് തൽപരിഹാരാർത്ഥം നിസ്സഹകരണാനുഷ്ഠാനമല്ലാതേ മററൊന്നും ചെയ്യാൻ മുസ്ലീംകഠക്കു് കഴിവില്ലെന്നും മുസ്ലീംങ്ങളുടെ ഈ സങ്കടത്തിൽ ഹിന്ദുക്കളും സഹോദരബുദ്ധ്യാ അവരോടു ചേർന്നു പ്രവർത്തിക്കേണ്ടതാണെന്നും അതു രാഷ്ട്രീയ ഐക്യത്തിന്നും രാജ്യാഭിമാനത്തിന്നും ആവശ്യമാണെന്നും ആയിരുന്നു അദ്ധ്യക്ഷൻ പറഞ്ഞതു്. പ്രമേയം വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സായി. ഭേദഗതി തള്ളപ്പെടുകയും ചെയ്തിരുന്നു.

"പൂർണ്ണമായ ഉത്തരവാദിത്വഭരണത്തിന്ന് ഇന്ത്യ തികച്ചും പ്രാപ്തയാണെന്നും മോണ്ടേഗ്യുവിൻെറ ഭരണപരിഷ്ക്കാരത്തിൽ മേൽപ്പറഞ്ഞ ഇന്ത്യയുടെ ന്യായമായ അവകാശത്തെ വിഗണിച്ചിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ നിയമം അതൃപ്തികരവും ഇച്ഛാഭംഗജനകവുമാണെന്നും" അഭിപ്രായപ്പെട്ടുകൊണ്ടുള്ള പ്രമേയം കെ. പി. രാമൻമേനോൻ അവതരിപ്പിച്ചു. എൽ. എ. സുബ്ബരാമയ്യർ പിൻതാങ്ങി. "നിയമം അതൃപ്തികരവും ഇച്ഛാഭംഗജനകവും" ആണെന്നുള്ള അവസാനഭാഗം പ്രമേയത്തിൽനിന്നു എടുത്തുകളയാമെന്നുള്ള ഒരു ഭേദഗതി ആനിബെസൻറ് കൊണ്ടുവന്നു. ഇന്ത്യാക്കാർ അഭിലഷിക്കുന്ന സ്വയംഭരണത്തിലേക്കുള്ള പന്ഥാവിനെ പുതിയ ഭരണപരിഷ്ക്കാരം വിശാലമാക്കീട്ടുണ്ടെന്നും ചില സംഗതികളിൽ അതൃപ്തികരമെന്നിരുന്നാലും ആകപ്പാടേ നോക്കുമ്പോൾ ഈ നിയമത്താൽ ജനങ്ങൾക്കു ഭരണകാര്യത്തിൽ കൂടുതൽ അധികാരാവകാശങ്ങൾ ലഭിക്കുന്നുണ്ടെന്നും ആയിരുന്നു ആനിബെസൻറിൻെറ വാദം. മോണ്ടേഗ്യുവിന്നു എത്രമാത്രം വിഷമങ്ങളും എതിരുകളുമാണ് പാർലിമെൻറിൽ വെച്ചു നേരിടേണ്ടതായി വന്നതു് എന്നുകൂടി ഓർക്കുമ്പോൾ പുതിയ നിയമം കൃതജ്ഞതാപൂർവ്വം സ്വീകരിച്ച് അതിനെ കാലക്രമേണ അധികം വിപുലമാക്കുവാൻവേണ്ടി പ്രയത്നിക്കേണ്ടതാണെന്നും ആനിബെസൻറ് പ്രസ്താവിച്ചു. ഇപ്പോഴത്തെക്കാളും കൂടുതൽ അധികാരവും സൗകര്യങ്ങളും പുതിയ പരിഷ്കാരത്താൽ ജനങ്ങൾക്കു ലഭ്യമായിട്ടുണ്ടെന്നുള്ളതിനെ ആർക്കും നിഷേധിക്കുവാൻ കഴിയുന്നതല്ലെന്നു പറഞ്ഞുകൊണ്ടു നിലമ്പൂർ ഇളയ രാജാവു് ആനിബെസൻറിൻെറ ഭേദഗതിയെ പിൻതാങ്ങി. ഈ വാദങ്ങൾക്കെതിരായി കെ. പി. കേശവമേനോൻ പ്രസംഗിക്കുകയും, അസ്സൽ പ്രമേയത്തെ അനുകൂലിക്കുകയും ചെയ്തു. എ. രങ്കസ്വാമിഅയ്യങ്കാർ, എൻ. എസ്സ്. രാമസ്വാമി അയ്യങ്കാർ എന്നിവരും ഭേദഗതിയെ എതിർത്തു. ഈ ഘട്ടത്തിൽ മിസിസ്സ് ബെസൻറും പല അനുകൂലികളും പന്തലിൽനിന്നു് ഇറങ്ങിപ്പോയി. മങ്കട ഉദയവർമ്മ രാജാവു് സന്ധിയിൽ കാര്യങ്ങൾ അവസാനിപ്പിക്കുവാൻ സമ്മേളനത്തോടപേക്ഷിച്ചു. പ്രതിനിധികൾ അക്ഷമരായി പ്രമേയം വോട്ടിനിടുവാൻ ആവശ്യപ്പെട്ടു. വലിയ

ഭരണ പരിഷ്ക്കാരം

ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാവുകയും ഭേദഗതി തള്ളിപ്പോവുകയും ചെയ്തു. പന്തലിൽ വലിയ ഉൽസാഹവും കുതൂഹലപരമായ ആരവങ്ങളും ഉണ്ടായി.

കഴിയുന്നതും വേഗം ഉത്തരവാദിത്വഭരണം സമ്പാദിക്കുവാൻവേണ്ടി പുതിയ ഭരണപരിഷ്ക്കാരത്തെ വിനിയോഗിക്കേണ്ടതാണെന്നുള്ള ഒരു പ്രമേയം എം. കെ ആചാര്യ അവതരിപ്പിച്ചു. പി. എ. കൃഷ്ണമേനോൻ പിൻതാങ്ങിക്കൊണ്ട് മലയാളത്തിൽ പ്രസംഗിച്ചു. സ്വയംഭരണത്തിലേക്കുള്ള സോപാനത്തിലെ ആദ്യപടിയായി പുതിയ ഭരണപരിഷ്ക്കാരത്തെ കരുതുന്നതിനാൽ ഉത്തരവാദിത്വഭരണം കഴിയുന്നതും വേഗം ലഭിക്കുമാറ് പുതിയ നിയമസഭകളിൽ പ്രവേശിച്ചു ഉത്തമവിശ്വാസത്തോടുകൂടി ജനപ്രതിനിധികൾ പ്രവർത്തിക്കേണമെന്നും

വീണ്ടും ഭേദഗതികൾ

അപേക്ഷിച്ചു. മഞ്ചേരി രാമകൃഷ്ണയ്യരും, സി. എൻ. ശങ്കരയ്യരും ഇളയ രാജാവിന്റെ ഭേദഗതിയെ പിൻതാങ്ങി, എം. പി. നാരായണമേനോനും എസ്സ്. കെ. രാമസ്വാമിഅയ്യരും എതിർത്തു. ഈ ഭേദഗതിയും തള്ളിപ്പോയി. മോണ്ടേഗുവിനും സിന്നാപ്രഭുവിന്നും ഭരണപരിഷ്ക്കാരങ്ങൾക്കുവേണ്ടി കൃതജ്ഞത നൽകുകയും കെ. സി. നാരായണൻ നമ്പ്യാർ ഒരു മലയാളകവിതയിൽ പിൻതാങ്ങുകയും ചെയ്തു. ഭൂരിപക്ഷത്തിന്റെ എതിർപ്പുനിമിത്തം അതും തള്ളിപ്പോയി.

മലബാറിലെ കുടിയാന്മാരുടെ കാര്യബന്ധങ്ങളെ സംരക്ഷിക്കുവാൻ നിയമനിർമ്മാണം ഉണ്ടാകേണ്ടതിലേക്കു കാലം വൈകിയിരിക്കുന്നുവെന്നു് കോൺഫറൻസ് അഭിപ്രായപ്പെടുന്നതായി ഒരു പ്രമേയം കെ പി. രാമൻമേനോൻ അവതരിപ്പിച്ചു. നിസ്സാരസംഗതികൾക്കായി കുടിയാന്മാരേ ജന്മിമാർ ദ്രോഹിച്ചിട്ടുള്ള പല ഉദാഹരണങ്ങളും പ്രമേയ കർത്താവു തന്റെ പ്രസംഗത്തിൽ പ്രസ്താവിക്കയും പാവപ്പെട്ട കുടിയാൻമാർക്കു് ജന്മിമാരിലും അവരുടെ കാര്യസ്ഥൻമാരിലും നിന്നു അനുഭവിക്കേണ്ടിവരുന്ന ശല്യങ്ങൾക്കു ഏകപ

ജന്മികുടിയാൻ കാര്യം

രിഹാരം കുടിയാന്മാർക്കു് അവരുടെ കൈവശം ഇരിക്കുന്ന ഭൂമികളിൽ ന്യായമായുള്ള അവകാശങ്ങൾ നിയമത്താൽ സംരക്ഷിച്ചുകൊടുക്കുകയാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. പി. എ. കൃഷ്ണമേനോൻ പിൻതാങ്ങി. ഇങ്ങിനെ ഒരു പ്രമേയം കോഴിക്കോട്ടുവെച്ചു നടന്ന രണ്ടാം ജില്ലാസമ്മേളനത്തിൽ ആലോചനക്കു് വന്നപ്പോൾ ചിലർ ഹാൾവിട്ടു പോയിക്കളയുമെന്നു ഭീഷണിപ്പെടുത്തുകയും ഒടുവിൽ അന്നത്തെ അദ്ധ്യക്ഷനായിരുന്ന സി. പി. രാമസ്വാമി അയ്യരുടേയും മററും അഭിപ്രായത്തെ ആദരിച്ചു പ്രമേയം പിൻവലിക്കുകയും ചെയ്ത സംഗതി കൃഷ്ണമേനോൻ പ്രസ്താവിച്ചു. എന്നാൽ കുടിയാന്മാരുടെ സ്ഥിതിയിൽ യാതൊരു ഭേദവും കാണാത്തതിനാലും ജന്മിമാരിൽനിന്നു കാണുന്ന ഉപദ്രവങ്ങൾ വർദ്ധിച്ചു വരുന്നതിനാലും ജന്മികുടിയാൻ കാര്യത്തിൽ ഒരു അന്വേഷണം നടത്തി യുക്തമെന്നു തോന്നുന്ന നിയമനിർമ്മാണം ചെയ്യേണ്ടതാവശ്യമാണെന്നു് കൃഷ്ണമേനോൻ ചൂണ്ടിക്കാണിച്ചു.

ജന്മികളുടെ എതിർവാദം

കെ. സി. ശ്രീവീരരായൻ രാജാ പ്രമേയത്തെ എതിർത്തു. ജന്മിമാർക്കു പ്രാധാന്യം കുറഞ്ഞ ഈ ജില്ലാ കോൺഫറൻസിൽ വെച്ചു ഇവിടെ ഒരു പ്രമേയം പാസ്സാക്കുന്നതു ഉചിതമായിരിക്കുകയില്ല എന്നായിരുന്നു രാജാവു് അഭിപ്രായപ്പെട്ടതു്. മണ്ണാർക്കാടുമൂപ്പിൽനായരും ഉദയവർമ്മ രാജാവും പ്രമേയത്തെ എതിർത്തു. ഈ സമ്മേളനത്തിൽ പ്രമേയം പാസ്സാക്കാതെ ഇതിൻെറ ആലോചനക്കായി ഒരു കമ്മിററിയെ നിശ്ചയിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം. പിന്നേയും പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് പെരുന്തൽമണ്ണിലെ ശങ്കരൻനമ്പൂതിരിയും കെ. ടി. ചന്തുനമ്പ്യാരും സംസാരിച്ചു ഇവർ രണ്ടുപേരുടേയും വാദം, ഭൂമി ജന്മിമാരുടെ സ്വകാര്യസ്വത്താണെന്നും അതിന്മേൽ ജന്മിമാർക്കുള്ള അവകാശാധികാരങ്ങളെ നിയന്ത്രിക്കുന്നതോ കുറക്കുന്നതോ ആയ യാതൊരു നടപടിയും ന്യായമായിരിക്കുകയില്ലെന്നും ആയിരുന്നു, മലബാറിലെ പ്രധാനപ്പെട്ട 21 ജന്മിമാർ ഒപ്പിട്ടു പ്രസിഡണ്ടിനെ ഏല്പിച്ച ഒരു പ്രതിഷേധക്കത്തു് അദ്ധ്യക്ഷൻ അവിടെ വായിച്ചു. അതിൽ ഇങ്ങിനേയാണു്

പറഞ്ഞിരുന്നതു്:- "മലബാറിലെ ജന്മികളെ പ്രതിനിധീകരിക്കുന്നവരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്നവരും ആയ താഴെ പേർപറയുന്ന ജന്മിമാർ ഇവിടെ ഇപ്പോഠം ആലോചനക്കെടുത്തിരിക്കുന്നപ്രമേയം പാസ്സാക്കുന്നതിനെതിരായി ശക്തിയായും ഐകകണ്ഠ്യമായും പ്രതിഷേധം രേഖപ്പെടുത്തുന്നു".

പ്രമേയം വോട്ടിനിട്ടതിൽ വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സായി.

ഇതരപ്രമേയങ്ങഠം

മലബാറിൽ ഒരു ഒന്നാം ഗ്രേഡ് കോളേജ്, മഞ്ചേരിയിൽ ഒരു ഹൈസ്കൂഠം, ഈ ജില്ലയിൽ കൂടുതൽ റെയിൽവേ മാർഗ്ഗങ്ങഠം, മാപ്പിളനിയമം റദ്ദാക്കൽ, സൌജന്യവും നിർബന്ധപരവുമായ വിദ്യാഭ്യാസം, ആയുർവ്വേദ ചികിൽസാ സമ്പ്രദായത്തിന്നു മതിയായ പ്രോൽസാഹനം എന്നീ വിഷയങ്ങളെ അധികരിച്ചുള്ള പ്രമേയങ്ങഠം അദ്ധ്യക്ഷൻതന്നേ അവതരിപ്പിച്ചു പാസ്സാക്കി. അടുത്ത സമ്മേളനം പി. രാമുണ്ണിമേനോൻ ഒററപ്പാലത്തേക്കു ക്ഷണിച്ചു. അടുത്ത സമ്മേളനത്തിന്നുമുമ്പായി മലബാർ, കൊച്ചി, തിരുവിതാംകൂർ ഇവ ചേർന്നുള്ള ഒരു പുതിയ സംസ്ഥാനം തന്നേ കാൺഗ്രസ്സ് നിബന്ധനപ്രകാരം രൂപവൽക്കരിക്കപ്പെടുകയാൽ അടുത്തവർഷം ഒററപ്പാലത്തുവെച്ചു കൂടിയതു ഒന്നാമത്തെ കേരളസംസ്ഥാന കോൺഫറൻസായിരുന്നു. അങ്ങിനെ "മലബാർജില്ലാ സമ്മേളന"ങ്ങഠം മഞ്ചേരിയോടുകൂടി അവസാനിക്കയും ചെയ്തു.

## അദ്ധ്യായം 4

# നേതാക്കൻമാരുടെ ബന്ധനം

മഞ്ചേരി കോൺഫറൻസ് ഒരു സംഗതി വേണ്ടുംവണ്ണം തെളിയിച്ചു. രാഷ്ട്രീയ കാര്യത്തിൽ കേരളം ഇന്ത്യയിലെ ഇതരദേശങ്ങളെ അപേക്ഷിച്ച് ഒട്ടുംതന്നേ പിന്നോക്കം നിൽക്കുന്നതല്ലെന്നും, സ്വാതന്ത്ര്യ സംരംഭത്തിൽ കോൺഗ്രസ്സിൻെറ അഭിപ്രായം സ്വീകരിച്ച് മുമ്പോട്ടുപോവുകയല്ലാതെ കേവലം വ്യക്തികളുടെ ഹിതങ്ങൾക്കും അഭിപ്രായങ്ങൾക്കും വിധേയരായി സ്വാതന്ത്ര്യസമരത്തിൽനിന്ന് മാറിനിൽക്കുന്നതല്ലെന്നും ഉള്ളതിന്നു ആ സമ്മേളനത്തിലെ പ്രമേയങ്ങളും പ്രസംഗങ്ങളും അവിടേ നടന്ന മററുസംഭവങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. ആനിബെസൻറ് മദാമ്മയേക്കാൾ കേരളീയരുടെ ഇടയിൽ അധികസ്വാധീനമുള്ളവരായി മററൊരു വ്യക്തിയും അക്കാലത്തു് ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. അവരുടെ സ്വാധീനശക്തിയും വ്യക്തിവൈഭവങ്ങളും മുഴവൻ മഞ്ചേരിയിൽ ഉപയോഗിച്ചുവെങ്കിലും, അവക്കു് സഹായികളായി സാമർത്ഥ്യവും സ്വാധീനങ്ങളും ഉള്ളവർ അവിടെ ഒട്ടും കുറവല്ലായിരുന്നുവെങ്കിലും, ജനസാമാന്യം അവരുടെ വാഗ്മിത്വത്തേക്കാൾ സ്വാതന്ത്ര്യസമരത്തിന്നുമുള്ള അന്തക്കരണശബ്ദത്തെ അധികം ആദരിച്ചു. വ്യക്തിപരമായി ആനിബസൻറിൻെറ അഭിപ്രായത്തിന്നു് എതിരായിത്തന്നേ വോട്ടുചെയ്തു. യഥാർത്ഥത്തിൽ പരാജയമുണ്ടായതു് ആനിബസൻറിനല്ല, അവരുടെ പ്രതിലോമപരമായ അഭിപ്രായഗതിക്കായിരുന്നു.

1920 ൽ ഇന്ത്യയിലെ രാഷ്ട്രിയാന്തരീക്ഷത്തിൽ വന്നിരുന്ന വലുതായ മാററത്തിന്നനുസരിച്ച കേരളത്തിലും വലിയ മാററങ്ങൾ ഉണ്ടായി എന്നുമാത്രമല്ല, അഖിലേന്ത്യാരാഷ്ട്രകം

ര്യങ്ങളിൽ കേരളത്തിന്നു മൊത്തമായി ഒരു സ്ഥാനംലഭിക്കുന്ന ത്തും ഈ വർഷം മുതൽക്കാണു്. നാഗപ്പൂർ സമ്മേളനത്തിൽ ചെയ്ത സംഘടനാവിഷയമായ ഭേദഗതികളും തീരുമാനവുമനുസരിച്ചു്, ഭാഷയെ അടിസ്ഥാനപ്പെടുത്തി കോൺഗ്രസ്സ് സംസ്ഥാനങ്ങളെ പുനസ്സംഘടനം ചെയ്കയും ആ സംസ്ഥാനങ്ങളുടെ പരിധികളിലുള്ള നാട്ടുരാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തുകയും അങ്ങിനെ കേരളം ഒരു പ്രത്യേക കോൺഗ്രസ്സ് സംസ്ഥാനമായിത്തീരുകയും ചെയ്തു.

കേരളസംസ്ഥാനം

1920 ജൂൺ മാസത്തിൽ അല്ലഹബാദിൽവെച്ചുകൂടിയ ഖിലാഫത്തു് കോൺഫറൻസിൽവെച്ചാണു് "അക്രമരഹിതമായ സഹകരണത്യാഗം" ഒരു പ്രബലമായ അഭിപ്രായമായിത്തീർന്നതു്. അതിന്നു് രണ്ടുമാസത്തിന്നുശേഷം, പ്രസ്തുത അഭിപ്രായത്തിൻെറ പ്രചരണത്തിന്നുവേണ്ടി നടത്തിയ അഖിലേന്ത്യാ സഞ്ചാരത്തിൽ, മഹാത്മാഗാന്ധിയും മൌലാനാ ഷൌക്കത്തലിയും മലബാർ സന്ദർശിച്ചു. ആഗസ്റ്റ് മാസത്തിലായിരുന്നു അവർ കോഴിക്കോട്ടുവന്നതു്. അക്കാലത്തു പ്രസംഗങ്ങളാലും അഭിമുഖസംഭാഷണങ്ങളാലും ഇവിടെ പലരേയും തങ്ങളുടെ അഭിപ്രായഗതിയിലേക്കു സ്ഥായിയായി തിരിക്കുവാൻ ഈ നേതാക്കന്മാർക്കു കഴിഞ്ഞു. അന്നുമുതൽ ഖിലാഫത്തുവിഷയമായും കോൺഗ്രസ്സ് വിഷയമായും പ്രചരണവേലകൾ ആരംഭിക്കയും ചെയ്തു.

ഗാന്ധിയുടെ മലബാർ സന്ദർശനം

നാഗപ്പൂരിലെ കോൺഗ്രസ്സ് സമ്മേളനം 1920 ഡിസംബർ മാസം ഒടുവിലത്തെ ആഴ്ചയായിരുന്നു. മലബാറിൽനിന്നു സാധാരണയിലധികം പ്രതിനിധികൾ ആ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. സമ്മേളനത്തിൽനിന്നു മടങ്ങിവന്നു് അധികം താമസിയാതെ കെ. മാധവൻനായർ പുതിയ കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററി സ്ഥാപിക്കുകയും അതിൻെറ കാര്യദർശിയായി നിയമിക്കപ്പെടുകയും ചെയ്തു. മാധവൻനായർ അക്കാലത്തു് കോഴിക്കോട്ടു,

സംസ്ഥാന കമ്മിററി സ്ഥാപനം

ഡിസ്ട്രിക്ട് കോടതിയിൽ പ്രാക്ടീസ് ചെയ്യുകയായിരുന്നു. നാഗപ്പൂർ സമ്മേളനത്തിൽ പാസ്സാക്കിയ "ബഹിഷ്ക്കരണ പ്രമേയ"ത്തിൽ കോടതികളുടെ ബഹിഷ്ക്കരണംകൂടി ഉൾപ്പെട്ടിരുന്നുവെങ്കിലും, മാധവൻനായരോ അദ്ദേഹത്തെപ്പോലെ പ്രാക്ടീസ് ചെയ്യുന്ന സഹപ്രവർത്തകന്മാരോ പ്രാക്ടീസ് അപ്പോൾ വിട്ടിരുന്നില്ല. എന്നാൽ അക്കാര്യം അവരുടെ ഉൽക്കണ്ഠാകുലമായ ചിന്തയ്ക്ക് വിഷയീഭവിച്ചിരുന്നു.

യാഹൂബ് ഹസ്സന്റെ ആഗമനം

ഈ സ്ഥിതിയിലാണ്, 1921 ഫെബ്രുവരിമാസം 15-ാം തീയതിയാണ് യാക്കൂബ് ഹസ്സൻ മദിരാശിയിൽനിന്നു കോഴിക്കോട്ട് സന്ദർശിച്ചത്. ഖിലാഫത്ത് വിഷയമായും കോൺഗ്രസ്സ് വിഷയമായും ഉള്ള പ്രചരണവേലയിൽ യാഹൂബ് ഹസ്സൻ ഏർപ്പെട്ടിരുന്ന കാലമായിരുന്നു അത്. ഇവിടത്തെ ബീച്ചിൽവെച്ച് ചില പ്രസംഗങ്ങൾ നടത്തുവാനുള്ള ഏർപ്പാടുകൾ മുൻകൂട്ടി ചെയ്തിട്ടുണ്ടായിരുന്നു. പ്രസിദ്ധനായ ഒരു പ്രമാണിയുടെ ആഗമനവൃത്താന്തം അസംഖ്യം ആളുകളെ സമീപസ്ഥലങ്ങളിൽനിന്നും കോഴിക്കോട്ടേക്കു ആകർഷിച്ചിരുന്നു. അക്കൂട്ടത്തിൽ ധാരാളം മാപ്പിളമാരും ഉണ്ടായിരുന്നു. ഖിലാഫത്തു കാര്യത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ടു ചെയ്ത അനീതിയും വാഗ്ദാനലംഘനവും ഇതരഭാഗങ്ങളിലെ മുഹമ്മദീയരെപ്പോലെ മലബാറിൽ മാപ്പിളമാരെയും കലശലായി അസംതൃപ്തരാക്കിയിരുന്നു. ഖിലാഫത്തുകാര്യം നേരേ ആയിക്കാണുവാൻ ഇന്ത്യയിലെ മുസ്ലീംകളും സഹഭാവബുദ്ധ്യാ ഹിന്ദുക്കളും ശക്തിയായി പ്രക്ഷോഭണത്തിൽ അപ്പോൾ ഏർപ്പെട്ടിരിക്കയായിരുന്നു. മുസ്ലീംകളുടേയും ഹിന്ദുക്കളുടേയും യോജിച്ചുള്ള സംരംഭങ്ങളെ അധികൃതന്മാർ എപ്പോഴും സംശയബുദ്ധിയോടുകൂടിയാണ് വീക്ഷിച്ചിട്ടുള്ളത്. പിന്നെ 'മലബാർ മാപ്പിള'യെക്കുറിച്ചു് ഡിസ്ട്രിക്ട് അധികൃതന്മാർക്കു് എല്ലാ കാലത്തും സംശയവും ആശങ്കയും ഉണ്ടായിരുന്നുള്ള. മലബാർ ജില്ലാസമ്മേളനങ്ങളിലെല്ലാം റദ്ദ് ചെയ്യുവാൻ തുടർച്ചയായി ആവശ്യപ്പെട്ടിട്ടുള്ള നിഷ്ഠൂരമായ "മാപ്പിളനിയമം" തന്നേ മേൽപറഞ്ഞ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നു.

യാക്കൂബ് ഹസ്സന്റെ പ്രസംഗങ്ങരം മലബാറിൽ അനുവദിക്കുവാൻ പാടില്ലെന്ന അധികാരികരം നിശ്ചയിച്ചു. എന്നാൽ സ്വതവേ ശാന്തശീലനായ യാക്കൂബ് ഹസ്സൻ യാതൊരു ബഹളവും ഉണ്ടാക്കേണമെന്ന കരുതിയല്ല മലബാറിലേക്കു പുറപ്പെട്ടതു്. ഈ സന്ദർശനം തന്റെ ഭാര്യയോടൊപ്പം ആയിരുന്നു എന്നുള്ളതുതന്നേ അതിന്നു തെളിവാണു്. തന്റെ സന്ദർശനം നിമിത്തം സംഭവിച്ചതുപോലെയുള്ള അനാവശ്യബഹളങ്ങരം ജില്ലാധികൃതന്മാർ ഉണ്ടാക്കുമെന്നും യാക്കൂബ്ഹസ്സൻ ഊഹിച്ചിരിക്കുവാൻ വഴിയില്ല.

മഞ്ചേരിയിൽ സ്വന്തം ഭവനത്തിലേക്കു പോയിരുന്ന കെ. മാധവൻനായർ യക്കൂബ്ഹസ്സൻ വന്ന വണ്ടിയിൽ തന്നേ കോഴിക്കോട്ടേക്കു മടങ്ങിയിരുന്നു. സ്റ്റേഷനിൽ വെച്ചു് യാക്കൂബ് ഹസ്സന്നുനൽകിയ സ്വീകരണം ഗംഭീരമായിരുന്നു. വണ്ടിയിറങ്ങി സുമാർ ഒരു മണിക്കൂറിനുള്ളിൽ യാക്കൂബ്ഹസ്സന്നു ക്രിമിനൽ നടപടിനിയമം 144-ാംവകുപ്പനുസരിച്ചുള്ളനിരോധനാജ്ഞ കിട്ടി. ഇതുപോലെ നിരോധനാജ്ഞകരം കേരളസംസ്ഥാനകോൺഗ്രസ്സ് സെക്രട്ടറി കെ.മാധവൻനായർ, യു ഗോപാലമേനോൻ, മൊയ്തീൻ കോയ എന്നിവർക്കും നൽകിയിരുന്നു. അന്നു സിവിൽ അജ്ഞാലംഘനമൊ സത്യാഗ്രഹസമരമൊ ഇന്ത്യയിൽ ആരംഭിച്ചിട്ടുണ്ടായിരുന്നില്ല. അതിലേക്കു ആർക്കും അനുവാദവും കോൺഗ്രസ് നൽകിട്ടുണ്ടായിരുന്നില്ല. അതിനാൽ ഇവിടത്തെ കോൺഗ്രസ് സെക്രട്ടറിയും സഹപ്രവർത്തകരും നിരോധനാജ്ഞയെ ലംഘിക്കുവാൻ ഉദ്ദേശിച്ചിരുന്നില്ലെന്നതാണറിയുന്നതു്.

നിരോധനാജ്ഞ

എന്നാൽ യാക്കൂബ്ഹസ്സന്റെ നില അൽപം ഭിന്നമായിരുന്നു. യാതൊരു ദുരുദ്ദേശവും കൂടാതെ, സമാധാനപരമായ പ്രചരണവേല ചെയ്യുവാനുള്ള തന്റെ വ്യക്തിസ്വാതന്ത്ര്യത്തെ അധികൃതന്മാർ അകാരണമായിഭഞ്ജിക്കുന്നതു സ്വന്തംനിലയിൽ തനിക്കു പൊറുക്കുവാൻ കഴിയുന്നതല്ലെന്നും അതിനാൽ, സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും വ്യക്തിസ്വാതന്ത്ര്യസ്ഥാപനത്തിന്നായി തന്റെ സ്വന്തം ഉത്തരവാദിത്വത്തിൻമേൽ

ഈ അന്യായമായ നിരോധനാജ്ഞയെ വിഗണിച്ച് പ്രവൎത്തി ക്കകയാണ് വേണ്ടതെന്നും യാക്കൂബ് ഹസ്സൻ തീരുമാനിച്ചു. ഈ നില ഇവിടേയുള്ള സുഹൃത്തുകളുമായി ദീൎഘമായ ആലോ ചന നടത്തിയശേഷമായിരുന്ന കൈക്കൊണ്ടതു്.

നേതാക്കന്മാർക്ക ശിക്ഷ

കോഴിക്കോട്ടുകാർ യാക്കൂബ് ഹസ്സന്ന നൽകിയ ഹാർദ്ദമായ സ്വീകരണത്തേയും ഗവർമെൻറു നൽകിയ നിരോധനാജ്ഞയേ യും കോഴിക്കോട്ടെ തൽകാലത്തെ പ്രക്ഷുബ്ധമായ അവസ്ഥയേ യും കാണിച്ച് മാധവൻനായർ അസോസിയേറ്റഡ് പ്രസ്സിന്നു മദ്രാസിലേക്ക ഒരു സന്ദേശം അയച്ചു. ഈ സന്ദേശം കമ്പിയാപ്പീസ്സിൽ നിന്നു കണ്ട റിഞ്ഞ ഡിസ്ട്രിക്ട് മജിസ്ട്രേറ്റു യാ ക്കൂബ് ഹസ്സൻ മുതലായവർ നാലുപേരും ആജ്ഞാലംഘനം ചെയ്തു പ്രസംഗിക്ക വാൻ തീർച്ചയാക്കിയതായിധരിച്ച്, ഇവ രെ ഉടനെതന്നെ അറസ്ററ് ചെയ്യുവാൻ പോലീസിന്നു വാറണ്ടു കൊടുത്തു. ഇതു ഫെബ്രുവരി 16-ാംതീയതി ആയിരുന്നു. അന്നു തന്നെവിസ്താരംകഴിച്ചു ആറുമാസത്തെ തടവിനു ഡിസ്ട്രിക്ട് മജിസ്ട്രേറ്റു അവരെ നാലാളേയും ശിക്ഷിച്ചു. മാധവൻനായർ കോടതിയിൽവെച്ചു മജിസ്ട്രേററിൻെറ ചോദ്യത്തിനുത്തരമാ യിപറഞ്ഞതു കല്പനയെ ലംഘിക്കുവാനുദ്ദേശമില്ലെന്നാ യിരുന്നു. അതുതന്നെയായിരുന്നു ഗോപാലമേനോ ൻേറയും, മൊയ്തീൻ കോയയുടെയും മറുപടി. എന്നാൽ അങ്ങിനെ ഒരു കരാർ എഴുതി ഒപ്പുവെച്ചു കൊടുക്കുവാൻ അവർ വിസമ്മതിച്ചു. മാധവൻ നായർ പറഞ്ഞതു കോടതി തൻെറ വാ ക്ക വിശ്വസിക്കുവാൻ ഭാവമില്ലെങ്കിൽ താൻ കച്ചീട്ടുകൊടുക്കുവാ നും ഒരുക്കമില്ലെന്നായിരുന്നു. അവരെ നാലുപേരേയും പിറേറ ദി വസം രാവിലെ തന്നെ പ്രത്യേക ബന്തവസ്സിൽ കണ്ണൂർ ജയി ലിലേക്ക കൊണ്ടുപോയി. അവർ ശിക്ഷാവധി കഴിയുന്നതുവരെ ജയിൽവാസം അനുഭവിച്ചു. സുഖക്കേടുനിമിത്തം യാക്കൂബ് ഹസ്സനെ കുറെ നേരത്തേ വിടുകയും ചെയ്തിരുന്നു.

നിരോധനാജ്ഞ, അറസ്റ്റ്, വിസ്താരം, ശിക്ഷ എല്ലാം 24 മണിക്കൂറിന്നുള്ളിൽ കഴിഞ്ഞു. ഈ വർത്തമാനം കാട്ടുതീ പോലെ എല്ലാദിക്കിലും പരന്നു. ജനങ്ങൾ വളരെ അസ്വസ്ഥ രായി ഭവിച്ചു. കോഴിക്കോട്ടും സമീപസ്ഥലങ്ങളിലും രണ്ടുമാ

രാജഗോപാലാചാരിയും കേശവമേനോനും

സത്തേക്കു യാതൊരു പൊതുയോഗവും ചേരുവാൻ പാടില്ലെന്നു നിരോധിച്ചുകൊണ്ടു് ഗവർമ്മെണ്ടു കല്പനകളും പ്രസിദ്ധമാക്കി. ഈ കല്പന പിന്നേയും രണ്ടുമാസത്തേക്കുകൂടി നീട്ടുകയും ചെയ്തു. മലബാർ ഡിസ്ത്രിക്ടിൽ ഒരേടത്തും യോഗങ്ങൾ ചേരുവാൻ പാടില്ലെന്നു വിരോധിക്കേണമെന്നായിരുന്നു ഡിസ്ത്രിക്ട് അധികൃതൻമാരുടെ ആഗ്രഹം. എന്നാൽ, അപ്പോൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം ഒരു ജില്ലക്കു മൊത്തമായി നിരോധനാജ്ഞ നൽകുവാൻ ഗവർമ്മേണ്ടിന്നധികാരമില്ലെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു് മദ്രാസ് ഗവർമ്മേണ്ടു മലബാർ കലക്ടരുടെ അപേക്ഷയെ അനുവദിച്ചില്ല. അല്ലെങ്കിൽ ഏറനാടും കോഴിക്കോടും മാത്രമല്ല, ഡിസ്ത്രിക്ടു മുഴുവൻതന്നേ നിരോധനാജ്ഞക്കു ഒരേസമയം ഇരയാകുമായിരുന്നു. കോൺഗ്രസ്സ് സെക്രട്ടറി തുടങ്ങിയവരുടെ ബന്ധനവർത്തമാനം അറിഞ്ഞും ഇവിടത്തെ അസ്വസ്ഥസ്ഥിതിയെ പരിഗണിച്ചും സർവ്വേന്ത്യാകോൺഗ്രസ്സ് കമ്മിററിയുടെ സെക്രട്ടറിയായ സി. രാജഗോപാലാചാരിയും അന്നു മദിരാശിയിൽ പ്രാക്ടീസു ചെയ്തുകൊണ്ടിരുന്ന ബാരിസ്ററർ കെ. പി. കേശവമേനോനുംകൂടി ഫെബ്രുവരി 18-ാം തീയതി കോഴിക്കോട്ടെത്തി. അവർ നേരെ മാധവൻനായരുടെ വീട്ടിലേക്കാണു് വന്നതു്. അവരെത്തി ഏതാനും നിമിഷങ്ങൾ കഴിയുന്നതിനുമുമ്പു് ഡിസ്ത്രിക്ട് മജിസ്ത്രേട്ടു മിസ്ററർ തോമസ്സും ഡി. എസ്സ്. പി, മുതലായ പോലീസുദ്യോഗസ്ഥന്മാരോടും ഒരു വലിയ കൂട്ടം റിസർവ്വു് പോലീസുകാരോടുംകൂടി അവരുടെ വാസസ്ഥലത്തെത്തുകയുണ്ടായി. നിരോധനാജ്ഞകൾ ലംഘിച്ചു യോഗങ്ങൾ കൂടുവാനും പ്രസംഗങ്ങൾ നടത്തുവാനും ഇവർ ഉദ്ദേശിക്കുന്നുണ്ടെന്നുള്ള ധാരണയിന്മേലായിരിക്കണം എത്തിയതു്. എന്നാൽ രാജഗോപാലാചാരിക്കാവട്ടെ, കേശവമേനോനാവട്ടെ, സ്ഥലത്തേ കോൺഗ്രസ്സു പ്രവർത്തകന്മാർക്കാവട്ടെ അങ്ങിനെ യാതൊരുദ്ദേശവും ഉണ്ടായിരുന്നില്ല. അതു് അവർ വന്നവരോടു തുറന്നു പറയുകയും ചെയ്തു. 144-ാം വകുപ്പിനെ ദുരുപയോഗപ്പെടുത്തി കോഴിക്കോട്ടു് നഗരത്തിലു, ഏറനാട്ടു് താലൂക്കിലും പൊതുയോഗങ്ങൾ നിരോധിക്കുകയും സാധാരണ കേഡികളെ സംബന്ധിച്ചുപയോഗപ്പെടുത്തിവരുന്ന 107-ാം വകുപ്പു പ്രയോഗിച്ചു മാന്യ

ന്മാരായ നാലുപേരെ പെട്ടെന്നു അറസ്ററ് ചെയ്തു ഏതാനും മണിക്കൂറിനുള്ളിൽ ശിക്ഷിച്ച ബന്ധനസ്ഥരാക്കുകയും ചെയ്തതിൽ ഡിസ്ത്രിക്ട അധികൃതന്മാർ കാണിച്ച തോന്ന്യാസത്തെ പ്രതിഷേധിച്ചുകൊണ്ടു് അന്നു കോഴിക്കോട്ടെ നഗരസഭാദ്ധ്യക്ഷനായിരുന്ന സി. വി. നാരായണമേനോൻ തൻെറ മുനിസിപ്പാൽ ചെയർമാൻസ്ഥാനം രാജിവെച്ചു; അധികൃതന്മാരുടെ നടപടികൾ കേവലം അനാവശ്യവും ബഹളഹേതുകവുമാണെന്നു കാണിച്ചു് അവർക്കു് കത്തെഴുതുകയും ചെയ്തു.

ആകപ്പാടേയുള്ള സ്ഥിതിയെ പരാമർശിച്ചുകൊണ്ടും, കോൺഗ്രസ്സിൻെറ അക്രമരാഹിത്യസിദ്ധാന്തത്തെ വ്യക്തമാക്കിക്കൊണ്ടും, ശാന്തമായും സമാധാനമായും ഇരിക്കുവാൻ കേരളിയരോടഭ്യർത്ഥിച്ചുകൊണ്ടു്, ബന്ധനസ്ഥനായ കെ. മാധവൻ നായർക്കു പകരം കേ. പി. കേശവമേനോൻ സ്ഥാനകോൺഗ്രസ്സു് സെക്രട്ടറിയായി സംഘടനാപ്രവൃത്തികൾ തുടരുന്നതാണെന്നു് പ്രസ്താവിച്ചുകൊണ്ടും സി. രാജഗോപാലാചാരി ദീർഘമായ ഒരു കത്തു് പ്രസിദ്ധപ്പെടുത്തി. ഇതിനേ തുടർന്നു് കേശവമേനോനും പല സ്റ്റേററുമെൻറുകൾ പ്രസിദ്ധീകരിച്ചിരുന്നു. അവ എപ്പോഴും ആവേശജനകങ്ങളായ അഭ്യർത്ഥനകളായിരുന്നു. കോൺഗ്രസ്സു് സംസ്ഥാനക്കമ്മിററി ഔദ്യോഗികമായി, ഏതാനും ആഴ്ചകൾക്കുമുമ്പുതന്നേ ഏർപ്പെടുത്തപ്പെട്ടിരുന്നുവെങ്കിലും എന്തെങ്കിലും കാര്യപരിപാടിരൂപവൽക്കരിക്കുന്നതും അതനുസരിച്ച കോൺഗ്രസ്സു് പ്രവൃത്തി കേരളസംസ്ഥാനത്തിൽ ആരംഭിച്ചതും കേശവമേനോൻെറ ആഗമനത്തോടുകൂടിയായിരുന്നു. കേ. മാധവൻനായരുടെ താമസസ്ഥലം സംസ്ഥാന കോൺഗ്രസ്സുകമ്മിററിയുടെ ആഫീസായി രൂപാന്തരപ്പെടുത്തി.

കേശവമേനോൻ സെക്രട്ടറി

കോൺഗ്രസ്സു പ്രമേയമനുസരിച്ചു് പ്രാക്ടീസു നിറുത്തി കോൺഗ്രസ്സു പ്രവർത്തനത്തിൽ ഏർപ്പെട്ടതും കേരളത്തെ സംബന്ധിച്ചിടത്തോളം ആദ്യം കേശവമേനോനായിരുന്നു. കേ. മാധവൻനായർ, യു. ഗോപാലമേനോൻ, എം. പി. നാരായണമേനോൻ, കെ. വി. ഗോപാലമേനോൻ, പി. അച്യുതൻ

ഏറനാട്ടിൽ നിരോധനം

എം. കരുണാകരമേനോൻ എന്നിവർ തങ്ങളുടെ വക്കീൽപണി പരസ്യമായി നിറുത്തിവെച്ചിരുന്നില്ല. എങ്കിലും കോൺഗ്രസ്സ പ്രചരണവേലയെ സംബന്ധിച്ചിടത്തോളം ആവശ്യമായ സമയം അതിന്നു ചെലവഴിച്ചു വരികയായിരുന്നു. ഫെബ്രുവരി 5-ാം തീയതിയിലെ ഒരു നിരോധനാജ്ഞയുടെ പകർപ്പിൽ നിന്നും ഗോപാലമേനോനേയും, ഡിസ്ട്രിക്ട് അധികൃതന്മാർ "എക്സ് വക്കീല"ന്മാരായി പരിഗണിച്ചിരുന്നുവെന്നാണ് കാണുന്നത്.

"ഏറനാട്ട താലൂക്കിൽ നെല്ലിക്കുത്ത് എന്ന സ്ഥലത്ത് ഖിലാഫത്തു യോഗങ്ങളും ചേർന്ന പ്രസംഗം നടത്തുവാൻ പോകുന്നുവെന്നും അതിനുൽസാഹങ്ങളും ചെയ്തുവരുന്നത് യു. ഗോപാലമേനോൻ, കെ മാധവൻനായർ എന്നീ രണ്ടു ഉപജീവനമാർഗ്ഗമില്ലാത്ത എക്സ് — വക്കീലന്മാരും മററൊന്ന്, മുമ്പു കഴിഞ്ഞിട്ടുള്ള മാപ്പിളലഹളകളിലെല്ലാം എന്തെങ്കിലും ഒരു പങ്കുണ്ടായിട്ടുള്ള വാരിയൻകുന്നത്തു വീട്ടിലെ കുഞ്ഞഹമ്മദ് ഹാജിയും ആണെന്നും അറിവുകിട്ടിയിരിക്കുന്നതിനാൽ ഇവർ ആരെങ്കിലുമോ, ഖിലാഫത്ത് ഏർപ്പാടിൽപെട്ട മററുവല്ലവരുമോ (അവർ ആരുതന്നേ ആയിരുന്നുകൊള്ളട്ടെ) ഏറനാട്ടതാലൂക്കിൽ എവിടെയെങ്കിലും പ്രസംഗിക്കുകയോ ചെയ്തു പോകരുതെന്നു ഇതിനാൽ നിരോധിച്ചിരിക്കുന്നു."—ഇപ്രകാരമായിരുന്നു ആ ഫെബ്രുവരി 25-ാം തീയതിലെ കല്പനയിൽ പ്രസ്താവിച്ചിരുന്നത്. അധികൃതന്മാരുടെ അലക്ഷ്യഭാവത്തിന്നും ജനനേതാക്കന്മാരുടെ നേർക്കുള്ളഅവരുടെ ധിക്കാരപൂർവ്വമായ മര്യാദകേടിനും ഈ പ്രമാണം സാക്ഷ്യം വഹിക്കുന്നതാണ്.

മുകളിൽ പ്രസ്താവിച്ചവരെ കൂടാതെ കേ. വി. ബാലകൃഷ്ണമേനോൻ, കേ. പി. അപ്പുനായർ എന്നിവരും തങ്ങളുടെ കോളേജ് വിദ്യാഭ്യാസംഉപേക്ഷിച്ചു ഇവിടെ വന്നു കോൺഗ്രസ്സ് പ്രചരണവേലയിൽ ഏർപ്പെട്ടിരുന്നു. കേശവമേനോൻ കോഴിക്കോട്ടെത്തി

അനേകം പ്രചരണ വേലക്കാർ

യിരുന്നതിൻെറ ഏതാനും ദിവസങ്ങൾക്കുള്ളിൽ— ഫെബ്രുവരി മാസത്തിൽതന്നേ —ഇംഗ്ലണ്ടിൽനിന്നു് ഏ. കെ. പിള്ളയും കോൺഗ്രസ്സ് പ്രവൃത്തിയിലേർപ്പെടുന്നതിന്നായി ഇവിടെ എത്തുകയുണ്ടായി. ജനുവരിമാസത്തിൽ ഇംഗ്ലണ്ടിൽനിന്നു വിടുമ്പോൾ എ. കെ. പിള്ള ഓക്സ്ഫാർഡ് സർവ്വകലാശാലയിൽ ബി. സി. എൽ. പരീക്ഷക്കും, ഇന്നർടെംപിളിൽ ബാരിസ്ററർ ഭാഗത്തിന്നും പഠിച്ചുകൊണ്ടിരിക്കയായിരുന്നു. ഏതാനും മാസക്കാലമായി മഹാത്മാഗാന്ധിയുമായി നടത്തിവന്ന കത്തിടപാടുകളുടെ ഫലമായും ഗാന്ധിയുടെ നിർദ്ദേശമനുസരിച്ചും അദ്ദേഹം ഇപ്പോൾ സർവ്വകലാശാലവിട്ടു ഇങ്ങോട്ടു പോന്നതായിരുന്നു. പിന്നേയും വളരെ പേർ വിദ്യാലയങ്ങൾ ഉപേക്ഷിച്ചും പ്രാക്ടീസു നിറുത്തിയും കോൺഗ്രസ്സ് പ്രവൃത്തിയിൽ ഏർപ്പെടുവാൻ തയ്യാറായി വന്നുകൊണ്ടിരുന്നു, കെ. കേളപ്പൻ, കെ. ജി. ശങ്കർ, എം. ഗോപാലമേനോൻ, എം. മാത്തുണ്ണി, കെ. കേശവൻനായർ, കോംബർബെയിൽ, എം. ശങ്കരൻനമ്പ്യാർ, എം. നാരായണമേനോൻ, കരൂർ നീലകണ്ഠൻ നമ്പൂരിപ്പാട്, തോപ്പിൽ പത്മനാഭപിള്ള, എസ്സ്. ബാലകൃഷ്ണപിള്ള, പി. രാമുണ്ണിമേനോൻ, കെ. ജി. ഗോപാലകൃഷ്ണൻ, ചിറേറടത്തു ശങ്കുപിള്ള, കുരുവിള മാത്യു, രാമനാഥൻ, ടി. വി. ചാത്തുക്കുടി നായർ, കെ. കുമാർ, സി. എച്ച്. ഗോവിന്ദൻനമ്പ്യാർ, ടി. ആർ. കൃഷ്ണസ്വാമിഅയ്യർ, ആർ. വി. ശർമ്മ, എം. അബ്ദുൾ റഹിമാൻ, കെ. മാധവമേനോൻ, ദേവേശൻ, ഇഗ്നേഷ്യസ്, ചിദംബരനാഥ് എന്നിവർ ആദ്യകാലങ്ങളിൽത്തന്നേ എത്തിയവരായിരുന്നു. ഇവരെ കൂടാതെ, റിപ്പോർട്ടിൽ പേരു കാണാത്തവരും ആത്മത്യാഗപൂർവ്വമായ ദേശസേവനത്തിൽ അധിതീയരുമായ പല വീരന്മാരേയും കോൺഗ്രസ്സു പ്രചാരകന്മാരായി ലഭിച്ചുകൊണ്ടിരുന്നു. പരസ്യമായി പ്രാക്ടീസു വിട്ടിരുന്നില്ലെങ്കിലും തങ്ങളുടെ അധികസമയവും കോൺഗ്രസ്സു പ്രവൃത്തിക്കായിതന്നേ വിനിയോഗിച്ചു വന്നിരുന്ന കെ. വി. ഗോപാലമേനോൻ, എം. വി. ഗോവിന്ദമേനോൻ, പി. അച്യുതൻ, എ. കരുണാകരമേനോൻ എന്നിവരും (അതുപോലെ, ജയിലിൽ

നിന്നു മടങ്ങിയശേഷം യു. ഗോപാലമേനോനും, കെ. മാധവൻ നായരും) പ്രാക്ടീസു തീരേ നിറുത്തി തങ്ങളുടെ മുഴുവൻ സമയവും കോൺഗ്രസ്സ് പ്രവൃത്തിയിൽ ചെലവഴിച്ചു മുകളിൽ പേർ പറഞ്ഞവരെ കൂടാതെ പിന്നെയും വളരെ പേർ അടുത്തടുത്തു തന്നേ വന്നുചേർന്നുകൊണ്ടിരുന്നു. മുഴുവൻ സമയവും കോൺഗ്രസ്സു പ്രവൃത്തിക്കായി ഒഴിച്ചുവെക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും തങ്ങളുടെ സമയത്തിൽ ഗണ്യമായ ഒരു ഭാഗം കോൺഗ്രസ്സു പ്രവൃത്തികൾക്കായി വിനിയോഗിച്ചിരുന്നവരായി എൽ. എ. സുബ്ബരാമയ്യർ (പാലക്കാട്ട്), പി. കരുണാകരമേനോൻ (കൊല്ലം), പാണ്ടവത്തു ശങ്കരപ്പിള്ള, വി. അച്യുതമേനോൻ (തിരുവനന്തപുരം). ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, വൈ. രാമസ്വാമിഅയ്യർ, ഡാക്ടർ എം. ഇ. നായഡു, എം. ശിവതാണുപിള്ള (നാഗർകോയിൽ), എച്ച്. ബി. മുഹമ്മദ് റാവുത്തർ (ആലപ്പുഴ) ഡാക്ടർ എ. ആർ. മേനോൻ, കെ. കെ. കുരുവിള (കോട്ടയം), ഇക്കണ്ടവാരിയർ (തൃശ്ശൂർ), ലക്ഷ്മീദാസ് മധുരദാസ് (കോഴിക്കോട്ട്) എന്നിവരേപ്പോലെ പലരും ഉണ്ടായിരുന്നു,

പുതിയ കേരളസംസ്ഥാനം തലശ്ശേരി, കോഴിക്കോട്ട്, പാലക്കാട്ട്, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ ആദ്യം അഞ്ചു ഡിസ്ട്രിക്ടുകളായി ഭാഗിച്ച് ഓരോ ഡിസ്ട്രിക്ടു കമ്മിററിയുടേയും ഡിസ്ട്രിക്ടു സെക്രട്ടറിയുടേയും ഭരണത്തിൻകീഴിലായി സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്തിനെല്ലാംകൂടി നൂറു മെമ്പർമാരടങ്ങിയ ഒരു സംസ്ഥാനക്കമ്മിററിയും അതിൽനിന്നും ഒരു പ്രവർത്തകക്കമ്മിററിയും ഉണ്ടായിരുന്നു. സംസ്ഥാനത്തിലേ ഏററവും പ്രധാനപ്പെട്ട കോൺഗ്രസ്സുദ്യോഗസ്ഥൻ സംസ്ഥാനക്കമ്മിററിയുടെ സെക്രട്ടറിയായിരുന്നു. സംസ്ഥാനക്കമ്മിററിയുടെ യോഗങ്ങളിൽ ഏതെങ്കിലും ഒരു മെമ്പർ അതാതു യോഗത്തിലെ അദ്ധ്യക്ഷനായി അപ്പഴപ്പോൾ നിശ്ചയിക്കപ്പെട്ടിരുന്നതല്ലാതെ സ്ഥിരമായ ഒരു പ്രസിഡണ്ട് ഉണ്ടായിരുന്നില്ല. ഏതാദൃശമായ ചട്ടങ്ങളായിരുന്നു ഡിസ്ട്രിക്ടു കമ്മിററികൾക്കും ഉണ്ടായിരുന്നത്. സംസ്ഥാനകോൺഗ്രസ്സു കമ്മിററിയുടെ ആഫീസ് കോഴിക്കോടായിരുന്നു. സെക്രട്ടറിയെ സഹായിപ്പാനായി ഒരു സ്ഥിരം ആഫീസ്സെക്രട്ടറിയും

ഉണ്ടായിരുന്നു, പണസംബന്ധമായ ചുമതലകൾ വഹിപ്പാനായി അതാതു കൊല്ലം തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഖജാൻജിയും ഉണ്ടായിരുന്നു. ആഫീസ് സെക്രട്ടറിയും ഖജാൻജിയും പ്രായേണ കോഴിക്കോട്ടുതന്നേ സ്ഥിരമായി ഉണ്ടായിരിക്കും. സംസ്ഥാനസെക്രട്ടറിയാവട്ടെ, അധികദിവസങ്ങളിലും സഞ്ചാരത്തിലുമായിരിക്കും. അക്കാലത്തു സർവ്വപ്രധാനമായ ശ്രദ്ധ പതിഞ്ഞിരുന്നതു കോൺഗ്രസ്സ് സിദ്ധാന്തങ്ങളുടെ പ്രചരണത്തിലും കോൺഗ്രസ്സ് സഭകളുടെ സംഘടനയിലുമായിരുന്നു.

ഖിലാഫത്ത കമ്മിററികൾ

ഷൌക്കത്തോലിയും, ഗാന്ധിയും ആദ്യം മലബാർ സന്ദർശിച്ച കാലം മുതൽ അവിടെ ഖിലാഫത്തുകമ്മിററികൾ സ്ഥാപിച്ച് പ്രചരണ വേലകൾ ചെയ്തുവന്നു. കോഴിക്കോട്ടു സ്ഥാപിച്ച ഖിലാഫത്തുക്കമ്മിററിയുടെ ആദ്യകാലത്തെ പ്രസിഡണ്ടു് കുഞ്ഞിക്കോയ തങ്ങളും സെക്രട്ടറിമാർ അസ്സൻകോയമൊല്ലയും മേലേക്കണ്ടി മെയ്തീൻകോയയുമായിരുന്നു. ഇതുപോലെ മലബാറിൽ ഇതരഭാഗങ്ങളിലും ഖിലാഫത്തു് കമ്മിററികൾ ഏർപ്പെടുത്തി, പ്രചരണവേലകൾ നടത്തിവന്നു. ഇവിടെ ഖിലാഫത്തു് കമ്മിററി ഏർപ്പെടുത്തി അധികനാൾ കഴിയുന്നതിനുമുമ്പു മുഹമ്മദ് അബ്ദുറഹിമാൻ ഉത്തരേന്ത്യയിൽ നിന്നു് ഇവിടെ എത്തി ഖിലാഫത്തു കമ്മിററികളുടേയും ഖിലാഫത്തു പ്രചരണത്തിൻെറയും ചുമതല വഹിച്ചു. കോൺഗ്രസ്സിനെപ്പോലെ ഖിലാഫത്തു പ്രസ്ഥാനവും അക്രമരഹിതമായ സഹകരണത്യാഗ സിദ്ധാന്തത്തെ സ്വീകരിച്ചിരുന്നു. ഇങ്ങിനെ ഖിലാഫത്തു കമ്മിററികളും കോൺഗ്രസ്സ് കമ്മിററികളും സംഘടിതമായ പ്രചരണജോലി ചെയ്തുവന്നു. എന്നാൽ, നിരോധനാജ്ഞകൾ മൂലവും മററും ഡിസ്ട്രിക്ട അധികൃതന്മാർ തുടർച്ചയായി പലവിധ തടസ്സങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുക നിമിത്തം മേൽപറഞ്ഞ കമ്മിററികളുടെ സമാധാനപരമായ കാര്യപരിപാടി നിർവ്വിഘ്നം നിർവഹിക്കുവാൻ എല്ലാ സ്ഥലത്തും സാധിച്ചിരുന്നില്ല. മാപ്പിളമാർ അധികമുള്ള ഏറനാട്ടു് മുതലായ താലൂക്കുകളിലെ ഉൾഭാഗങ്ങളിൽ ഈ പ്രവർത്തകന്മാർക്കു് പ്രവേശനംതന്നേ ഏറെക്കുറെ ദുസ്സാദ്ധ്യമായിരുന്നു.

ഇവരുടെ കാലടികളെ പോകുന്ന ദിക്കിലെല്ലാം നിഴലെന്നോണം പോലീസ് ചാരന്മാർ പിൻതുടർന്നുവന്നു. അക്കാലങ്ങളിൽ പ്രധാന പ്രവർത്തകന്മാരുടെ ആത്മരക്ഷതന്നേ ചിലപ്പോൾ അപായത്തിൽ പെട്ടിട്ടുണ്ട്. സംസ്ഥാനസെക്രട്ടറി കേ. പി. കേശവമേനോൻ 1921 ഏപ്രിൽ 15-ാം തീയതി പൂതിയങ്ങാടിയിൽ ഒരു സഭ കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ, രാത്രി ആരോ അദ്ദേഹത്തിൻെറ തലക്കെറിഞ്ഞ കല്ല്, "കണ്ണിൽ തട്ടേണ്ടതു പൂരികത്തിൽ" എന്നു പറഞ്ഞതുപോലെ കണ്ണടച്ചില്ലിനെ തകർത്തുകൊണ്ട് ഒഴിഞ്ഞുപോയി.

അദ്ധ്യായം 5

# ഒററപ്പാലം

ഏപ്രിൽ മാസം 23-ാം തീയതി തുടങ്ങി ഏതാനും ദിവസങ്ങൾ നീണ്ടുനിന്ന ഒന്നാമത്തെ കേരളസംസ്ഥാന കോൺഫറൻസ് ഒററപ്പാലത്തുവെച്ച് മദ്രാസ്സിലെ ടി. പ്രകാശത്തിൻെറ അദ്ധ്യക്ഷതയിൽ ഗംഭീരമായ തോതിൽ നടക്കുകയുണ്ടായി. എൽ. ഏ. സുബ്ബരാമയ്യരായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. പി. രാമുണ്ണിമേനോൻ ആ സംഘത്തിൻെറ സെക്രട്ടറിയുമായിരുന്നു. കോൺഫറൻസു തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്നതു ഏപ്രിൽ 23-ാം തീയതി മാത്രമായിരുന്നുവെങ്കിലും ആളുകൾ എല്ലാ വണ്ടികളിലും ഉൽസാഹപൂർവം, 30-ാം തീയതി മുതൽ ഒററപ്പാലത്തെത്തുവാൻ തുടങ്ങി. വലിയ ഒരു പന്തൽ റെയിവേ സ്റേറഷനു സമീപംതന്നേ വിശാലമായ ഒരു വയലിൽ കെട്ടിയുണ്ടാക്കിയിരുന്നു. അവിടേനിന്നും ഭാരതപ്പുഴയിലേക്കു നടന്നെത്തുവാൻ രണ്ടുമിനിട്ടുതന്നേ വേണ്ടിയിരുന്നില്ല. പണ്ടത്തെ മാമാങ്കത്തിന്നുശേഷം കേരളത്തിലെ എല്ലാ ഭാഗത്തുനിന്നുമുള്ള പൌരപ്രതിനിധികൾ ഒന്നായി ഒരു സ്ഥലത്തു് സമ്മേളിക്കുന്നതു് ഇതാദ്യമായിട്ടായിരുന്നു. അതു് വീണ്ടും ഭാരതപ്പുഴയുടെ തീരത്തുതന്നേ ആയിരുന്നുവെന്നുള്ള വസ്തുത ഈ സമ്മേളനത്തിൻെറ മഹിമയെ വർദ്ധിപ്പിച്ചു. 22-ാം തീയതി വൈകുന്നേരം പന്തലിൻെറ മുൻഭാഗത്തുവെച്ച് ഏ. കേ. പിള്ളയുടെ അദ്ധ്യക്ഷതയിൽ വലിയ ഒരു പൊതുയോഗം കൂടി. അപ്പോഴത്തെ രാഷ്ട്രീയസ്ഥിതിയെ സംബന്ധിച്ച് പാലിയത്തു് കുഞ്ഞുണ്ണി അച്ചൻ മുതലായ പലരുടേയും പ്രസംഗമുണ്ടാ

ഒന്നാമത്തെ സംസ്ഥാന കോൺഫറൻസു് 1921

യി. മൂവായിരത്തിലധികം ആളുകരം അവിടേ സന്നിഹിതരായിരുന്നു. ചർക്കയിൽ കൈകൊണ്ടു് നൂൽനൂൽക്കുന്ന സമ്പ്രദായവും അവിടെ ചിലർ പ്രദർശിപ്പിച്ചു. 23-ാം തീയതി രാവിലെ പത്തര മണിക്കു് ഒററപ്പാലം സ്റേറഷൻെറ പരിസരങ്ങരം കാണേണ്ട ഒരു കാഴ്ചതന്നേയായിരുന്നു. ഉൽസാഹഭരിതരായ ജനങ്ങരം ആഘോഷാരവങ്ങളോടെ (അപ്പോരം മെയിൽ വണ്ടിയിൽ അവിടെയെത്തിയ) അദ്ധ്യക്ഷനെ സ്വീകരിച്ചു. 'മഹാത്മാഗാന്ധി ജെയ്'' ''ദേശബന്ധുപ്രകാശ് ജേയ്''' ''ഹിന്ദുമുസൽമാൻ ജെയ്''' എന്നീ ജയശബ്ദങ്ങരം ഉൽസാഹഭരിതരായി അവിടെ കാത്തുനിന്ന ജനങ്ങളിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്നു.

ഉച്ചതിരിഞ്ഞു രണ്ടുമണിക്കു് സമ്മേളനം ആരംഭിച്ചു. ആ വലിയ പന്തൽ പ്രതിനിധികളെക്കൊണ്ടും സന്ദർഷകരെക്കൊണ്ടും നിബിഡമായിരുന്നു. അവരുടെ സംഖ്യ അയ്യായിരത്തിൽ കുറവല്ലെന്നു അക്കാലത്തെ പത്രറിപ്പോർട്ടുകളിൽനിന്നു കാണുന്നുണ്ടു്. ആവേശജനകമായ ദേശീയഗാനങ്ങളോടുകൂടി സമ്മേളന നടപടികരം ആരംഭിച്ചു. സ്വാഗതസംഘാദ്ധ്യക്ഷൻെറ സ്വാഗതപ്രസംഗത്തിന്നുശേഷം, കേ. പി. രാമൻമേനോൻ അഭിപ്രായപ്പെടുകയും മുഹമ്മദ്മൌലവി പിൻതാങ്ങുകയും ചെയ്തതനുസരിച്ചു് ബാരിസ്ററർ പ്രകാശം അദ്ധ്യക്ഷപദം സ്വീകരിച്ചു. അദ്ദേഹത്തിൻെറ അദ്ധ്യക്ഷപ്രസംഗം ഉന്നതമായ രാഷ്ട്രീയാഭിപ്രായങ്ങളാൽ മുഖരിതവും പ്രൌഢവും ആയിരുന്നു. വിഷയനിരൂപണക്കമ്മിററി നാലുമണിക്കു കൂടി; രാത്രി പത്തുമണിവരേ നീണ്ടുനിന്നു. പിന്നേയും പിറേറദിവസം രാവിലെക്കൂടി പ്രമേയങ്ങളെല്ലാം തയ്യാറാക്കി. അന്നു് ഒരു മണിക്കു സമ്മേളനം ആരംഭിച്ചതിൽ രാത്രി വളരെ വൈകുന്നതുവരെ നീണ്ടുനിന്നു. വിശേഷപ്പെട്ട പല പ്രസംഗങ്ങളും കേട്ടു് സ്ത്രീകരം അവരുടെ മോതിരങ്ങരം, വളകരം, മാലകരം എന്നിവ തിലകസ്വരാജ്യഫണ്ടിലേക്കു ദാനം ചെയ്തു. മററുപലരും അവരുടെ കൈവശമുണ്ടായിരുന്ന പണവും വാച്ചുകളും മോതിരങ്ങളും കൊടുത്തു. സമ്മേളനപ്പന്തൽ അന്നു നവമായ ഒരാശയുടേയും ഉൽസാഹത്തിൻേറയും കേളീരംഗം തന്നേയായിരുന്നു.

പിറേറദിവസം രാവിലെ ആ പന്തലിൽവെച്ച കുടിയാൻ കോൺഫറൻസും വൈകുന്നേരം ഖിലാഫത്തു് കോൺഫറൻസും കൂടി. വളരെ മുഹമ്മദീയരെ കൂടാതെ അനേകം ഹിന്തുക്കളും അതിൽ പങ്കുകൊണ്ടു. ഖിലാഫത്തു് കോൺഫറൻസിൻെറ അവസാനത്തിൽ പ്രസ്ഥാനത്തിൻെറ പ്രചരണത്തിന്നുവേണ്ടി ധനസഹായം അർപ്പിച്ചുകൊണ്ടു പാലിയത്തു ചെറിയകുഞ്ഞുണ്ണി അച്ചൻ പ്രസംഗിച്ചു. അപ്പോൾതന്നേ ചെറിയ ചെറിയ സംഖ്യകളായി അവിടെ കൂടിയിരുന്നവർ നൽകിയ സംഭാവന നൂററുറുപ്പികയോളം ഉണ്ടായിരുന്നു. അന്നും രാത്രി 12 മണിക്കാണു് സമ്മേളന നടപടികൾ അവസാനിച്ചതു്. പിറേറന്നു (26-ാം തീയതി) രാവിലെ, അന്നു് "ഇൻഡിപ്പെൻഡൻറ്" പത്രത്തിൻെറ അധിപരായിരുന്ന ജോർജ്ജ് ജോസഫിൻെറ അദ്ധ്യക്ഷത്തിൽ, വിദ്യാർത്ഥി സമ്മേളനം ആരംഭിച്ചു. ഇതിൽ അവിടേവെച്ചു് കൂടിയ ഓരോരോ യോഗങ്ങളിലെ അദ്ധ്യക്ഷന്മാരായിരുന്ന ദേശബന്ധു പ്രകാശം, സയ്യദ് മൂത്താസാഹിബ്, എ. കെ. പിള്ള സംസ്ഥാന സെക്രട്ടറി കെ. പി. കേശവമേനോൻ എന്നിവരും സന്നിഹിതരായിരുന്നു. അദ്ധ്യക്ഷ പ്രസംഗം നടന്നുകൊണ്ടിരിക്കെ,— അപ്പോൾ സമയം ഏകദേശം പത്തു മണിയായിരിക്കും,— ഒരു മുഹമ്മദീയ യുവാവു് പന്തലിലേക്കു ഓടിക്കിതച്ചുകൊണ്ടു വന്നു; അവനെ പോലീസ്സുകാർ പിടിച്ചടിച്ചുവെന്നു പറഞ്ഞതു കേട്ടു, അവനോടു സാന്ത്വനവാക്കുകൾ പറയുകയും അക്രമരാഹിത്യം അവലംബമാക്കിയിരിക്കുന്നവർക്കു ഈ വക അക്രമങ്ങൾ ക്ഷമയോടുകൂടി സഹിക്കേണ്ടതായിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കയും ചെയ്തു. അപ്പോഴേക്കും ഒന്നിന്നു പിറകേ ഒന്നായി വേറേയും പലരും പന്തലിലേക്കു ഓടിവന്നു, ഖിലാഫത്തു് വാളണ്ടിയർമാരിൽ ചിലരേയും ബസാറിലുള്ള ആളുകളേയും പോലീസ്സുകാർ അടികലശൽ ചെയ്തിരിക്കുന്നതായി പറഞ്ഞു.

ഇതരസമ്മേളനങ്ങൾ

എന്നിട്ടും പന്തലിൽ ആരും ക്ഷോഭം കൂട്ടിയില്ല. അവർ സമാധാനപരമായിത്തന്നേ ഇരുന്നു. പുറമേ പോയി വിവരമന്വേഷിച്ചു വരുവാനും ജനങ്ങളെ സമാധാനപ്പെടുത്തുവാനുമായിട്ടു കോൺഫറൻസ് സെക്രട്ടറി രാമുണ്ണിമേനോനും ഖിലാഫത്തു

പോലീസ്സ്

കോൺഫറൻസ് സെക്രട്ടറി ഹമീദ്ഖാനും കൂടി ബസാറിലേക്കു പോയി. പന്തലിൽ ക്രമപ്രകാരം സഭാനടപടികൾ തുടർന്നു. എന്നാൽ ഈ സമയമെല്ലാം പുറത്തു് കഠോരമായ അക്രമപ്രവൃത്തികൾ നടക്കുകയായിരുന്നു. പോലീസുകാർ രാമുണ്ണിമേനോനെ പിടികൂടി, കലശലായി അടിച്ചു. ആ പകൽസമയം ബസാറിൻെറ മദ്ധ്യത്തിൽ വെച്ചു് അനവധി ആളുകളുടെ മുമ്പിൽ രാമുണ്ണിമേനോനെ അടിക്കുകയും ഇടിക്കുകയും താഴത്തിട്ടു് ചവിട്ടുകയും ചെയ്യുവാൻ സ്വന്തം നാട്ടുകാരായ പോലീസുകാർ തുനിഞ്ഞിതിനെക്കുറിച്ചു് ആലോചിച്ചുനോക്കുക; രാമുണ്ണിമേനോനൊ സ്വതേശാന്തൻ; ഒററപ്പാലത്തെ ഒരു ബഹുമാന്യപൗരൻ; അവിടത്തെ കോടതിയിൽ പ്രാക്ടീസു ചെയ്തിരുന്ന ഒരു രാഷ്ട്രീയ സമ്മേളനത്തിൻെറ കാര്യദർശി; അദ്ദേഹത്തെയാണു് സമ്മേളനസ്ഥലത്തിന്നു സമീപമുള്ള ബസാറിൽവെച്ചു് പരസ്യമായി അടികലശൽ ചെയ്തതു്. വാളണ്ടിയറായിരുന്ന സി. മാധവമേനോനെ പ്രഹരിക്കുകമാത്രമല്ല റോഡിൽകൂടി വലിച്ചിഴച്ചതായും റിപ്പോർട്ടു കാണുന്നു. ഈ സമയത്തെല്ലാം പോലീസ് സൂപ്രണ്ടു് സ്ഥലത്തുതന്നേ ക്യാമ്പു് ചെയ്യുന്നും ഉണ്ടായിരുന്നു. "സായ്പ് വിളിക്കുന്നു, വരു ' എന്നു പറഞ്ഞാണു് മാധവമേനോനേയും രാമുണ്ണിമേനോനേയും പോലീസുകാർ ആദ്യം കൈക്കു പിടിച്ചതു് അവർ കൂടെ പോയി. വഴിയിൽവെച്ചു് പോലീസുകാർ എത്തിച്ചേരുകയും എല്ലാവരുംകൂടി അടിക്കുകയുമാണുണ്ടായതു്. വേറെയും പല അക്രമപ്രവൃത്തികളും അന്നേ ദിവസം ബസാറിലും പരിസരങ്ങളിലും നടന്നു. നാരായണമേനോൻെറ ഷാപ്പിൽ കയറി അയാളുടെ അനുജൻ ഉണ്ണികൃഷ്ണമേനോനെ വലിച്ചു് താഴത്തിട്ടു് റോഡിൽകൂടി ഇഴച്ചു. സങ്കടം പറഞ്ഞ നാ ായണമേനോനേയും നല്ലവണ്ണം പ്രഹരിച്ചു.

അധികൃതന്മാരുടെ ഉദ്ദേശം എന്തായിരിക്കണം? സമ്മേളനത്തിൻേറ ഗംഭീരതയും നടപടികളുടെ ഗൗരവവും ജനങ്ങളുടെ അനന്യസാധാരണമായ ഉൽസാഹവും കണ്ടപ്പോൾ അധികൃതന്മാർ ഒന്നു് അമ്പരന്നു പോയിട്ടുണ്ടാകണം. ഹിന്ദുക്കളും മുസ്ലീംങ്ങളും കോൺഗ്രസ്സുകാരും കുടിയാന്മാരും ഒക്കെച്ചേർന്നുള്ള

ആ ഐക്യഭാവം അധികാരവർഗ്ഗത്തെ കോപാന്ധരാക്കിയിരിക്കണം. അവിടെവെച്ച്, ഒരു കലാപമുണ്ടാക്കുവാൻ സാധിച്ചെങ്കിൽ അതോടുകൂടി, അപ്പോഠം ഗംഭീരമായി വളർന്നുവന്നിരുന്ന നിസ്സഹകരണപ്രസ്ഥാനത്തെ അവർക്കു മുളയിൽതന്നേ നുള്ളിക്കളയാനും ഒരുപക്ഷേ സൌകര്യവും ലഭിക്കുമായിരുന്നു. എന്നാൽ മതിയായ കോപഹേതുവിന്നു സംഗതി ഉണ്ടായിരുന്നിട്ടും ജനങ്ങളാകട്ടെ നേതാക്കന്മാരുടെ ഉൽബോധനവും അഭിലാഷവും അനുസരിച്ച് എത്രയും അക്രമരഹിതരായും ശാന്തരായും തന്നേയാണ് വർത്തിച്ചതു്. മലപ്പുറം റിസർവ്വ് പോലീസും ഒററപ്പാലം പോലീസുംകൂടി അന്നവിടെ ചെയ്ത അക്രമങ്ങളാൽ ഒററപ്പാലത്തെ ജനങ്ങഠം വല്ലാതെ ഭയപ്പെട്ടുപ്പോയി. അതിനാൽ, വിദ്യാർത്ഥി സമ്മേളനം നേരത്തെ അവസാനിപ്പിച്ചശേഷം വലിയ ഒരു ഘോഷയാത്ര നേതാക്കന്മാരുടെ നായകത്വത്തിൽ പട്ടണപ്രദക്ഷിണം ചെയ്തു. സമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ എത്തിയിരുന്ന പ്രതിനിധികളും സന്ദർശകന്മാരും സ്ഥലത്തെ ജനങ്ങളും ഭേദമെന്യേ ഈ ഘോഷയാത്രയിൽ പങ്കുകൊണ്ടു. പിന്നീടു നേതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് ഒരന്വേഷണക്കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി വേണ്ട തെളിവുകഠം എടുത്തു് ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കഴിഞ്ഞ പതിനഞ്ചു കൊല്ലമായി ഇമ്മാതിരിയുള്ള പോലീസക്രമങ്ങഠം കണ്ടു തഴമ്പിച്ചിട്ടുള്ള വായനക്കാർക്കു ഒരുപക്ഷേ മേൽപ്രസ്താവിച്ച സംഭവങ്ങഠം അത്രതന്നേ പ്രക്ഷോഭകരമായി തോന്നുവാനിടയില്ല. എന്നാൽ ഒരു കോൺഗ്രസ്സു സെക്രട്ടറിയുടേയും ഒരു വക്കീലിന്റേയും നിലയിലുള്ളവരെയും പഠിപ്പും കുടുംബാവസ്ഥയുമുള്ള മാന്യന്മാരേയും പരസ്യമായി പബ്ലിക്കു് നിരത്തിൽവെച്ച് അടികലശൽ ചെയ്യുകയും പൊലീസുകാർ പട്ടാപ്പകൽ ബസാറിൽ പ്രവേശിച്ചു, ക്രമവും മര്യാദയുമനുസരിച്ചു വ്യാപാരം ചെയ്യുന്ന ഷാപ്പുടമസ്ഥന്മാരെ പ്രഹരിക്കുകയും ചെയ്യുന്ന കാഴ്ചകഠം അക്കാലത്തു് അപൂർവ്വദർശനങ്ങളായിരുന്നു. അങ്ങിനേയുള്ള വർത്തമാനങ്ങഠംതന്നേ ശ്രവണമാ

ഇതിന്റെ പതിപ്പുകഠം'

ത്രത്തിൽ പ്രക്ഷോഭകരങ്ങളുമായിരുന്നു. ഏപ്രിൽ 26-ാം തീയതി ഒററപ്പാലത്തു സംഭവിച്ചതിൻെറ മറെറാരു "പതിപ്പ്" മാത്രമായിരുന്നു ഫെബ്രുവരി 16 ാം തീയതി കോഴിക്കോട്ടുണ്ടായ സംഭവങ്ങരം. പിന്നീട് ആഗസ്റ്റ് മാസം 20-ാം തീയതി തിരൂരങ്ങാടിയിലും അതിൻെറ ഏതാനും ദിവസങ്ങരംക്കുമുമ്പ് പൂക്കോട്ടൂരും നടന്ന സംഭവങ്ങളും മേൽപറഞ്ഞ രണ്ടു സംഭവങ്ങളെപോലെ അധികൃതന്മാരുടെ അകാരണമായ ഭയത്തിൻേറയും അമ്പരപ്പിൻേറയും അക്ഷമയുടേയും അക്രമബുദ്ധിയുടേയും സന്താനങ്ങളായിരുന്നു.

അധികൃതന്മാരുടെ ഈ മനസ്ഥിതിയെക്കുറിച്ചു ടി. പ്രകാശത്തിൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ സഗൗരവം വിമർശനം ചെയ്തിരുന്നു. അദ്ധ്യക്ഷൻ അന്നുപറഞ്ഞ ചില കാര്യങ്ങരം താഴേ ഉദ്ധരിക്കുന്നു:- "യാക്കൂബ് ഹസ്സൻ, മാധവൻനായർ, ഗോപാലമേനോൻ, മൊയ്തീൻകോയ അവരുടെ അറസ്ററും ബന്ധനവും വലിയ കലാപത്തെ ഭയന്നു ചെയ്തതായിരുന്നു, എന്നാണല്ലൊ അധികൃതന്മാർ പറഞ്ഞിട്ടുള്ളതു് എന്നാൽ, അന്നത്തെ ജനങ്ങളുടെ പെരുമാററം എങ്ങിനേയായിരുന്നു എന്നു് നോക്കാം. നഗരം മുഴുവൻ പരിപൂർണ്ണമായ ശാന്തത. ഷാപ്പുകരം എല്ലാം അടച്ചിരുന്നു. കോടതികളിൽ വക്കീലന്മാരോ സ്കൂളുകളിൽ കുട്ടികളോ പോയില്ല. ജട്കക്കാരും റിക്ഷാക്കാരുംകൂടി പ്രവൃത്തി മുടക്കി. ഈ സമയമെല്ലാം പോലീസുകാരും പട്ടാളക്കാരും വീഥികളിൽകൂടി കവാത്തു ചെയ്യുകയായിരുന്നു. എന്നാൽ അനാശാസ്യമായി യാതൊന്നുതന്നേയും ജനക്കൂട്ടത്തിൽ നിന്നുണ്ടായില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ടുതന്നേ ഇവരുടെ കേസ്സ്‌വിസ്താരത്തിന്നല്പം മുമ്പു മൈതാനത്തു ഹോക്കികളിച്ചുകൊണ്ടുനിന്നിരുന്നു. അവിടവിടെ ധാരാളമായി കൂടിയിരുന്ന ജനക്കൂട്ടത്തിൽനിന്നും അനാശാസ്യമായി എന്തെങ്കിലും ഉണ്ടായേക്കുമെന്നു വാസ്തവത്തിൽ ആശങ്ക ഉണ്ടായിരുന്നുവെങ്കിൽ, മജിസ്ട്രേട്ടും മററു യൂറോപ്യൻ ഉദ്യോഗസ്ഥന്മാരും ആ മൈതാനത്തു ഹോക്കി കളിക്കുവാൻ പുറപ്പെടുമായിരുന്നുവോ? ഒരിക്കലും ഇല്ല".

അദ്ധ്യക്ഷ പ്രസംഗം

"ഓണററി മജിസ്ട്രേട്ടന്മാരും മുനിസിപ്പാൽ ചെയർമാൻ

തന്നേയും അവരുടെ സ്ഥാനങ്ങരം എന്തുകൊണ്ടാണ് രാജിവെച്ചതു്? അധികൃതന്മാരുടെ അന്നത്തെ നടപടികരം കേവലം അനാവശ്യവും തീരേ ന്യായീകരിക്കുവാൻ നിവൃത്തിയില്ലാത്തതും ആണെന്നും ഈ നടപടികളാൽ പൗരാവലി അതൃപ്തരായിരിക്കുന്നു എന്നും അല്ലേ ഈ പ്രതിഷേധങ്ങരം തെളിയിച്ചതു്'' മലബാർ ഡിസ്ട്രിക്ടിലെ അധികൃതന്മാർക്കു ഒന്നു ചെയ്യുവാൻ കഴിഞ്ഞു. അവർ ഹിന്ദുക്കളേയും മുസ്ലീംകളേയും പണ്ടത്തേതിലധികം ഒന്നിച്ചു കൊണ്ടുവന്നു. കോൺഗ്രസ്സിൻെറ അക്രമരാഹിത്യസന്ദേശം അതു എത്തിയ ദിക്കിലെ ജനങ്ങളിലെല്ലാം ഒരു പുതിയ മനോഭാവത്തേയും സഹനശക്തിയേയും ഉളവാക്കിട്ടുണ്ടെന്നും തെളിയിച്ചു. കേശവമേനോൻ തൻെറ പ്രാക്ടീസ്സ്‌വിട്ടു കോൺഗ്രസ്സ് സേവനത്തിന്നു് ഉടനേ മലബാറിലെത്തി, മാധവൻനായരുടെ ബന്ധനത്താൽ ഒഴിവായിരുന്ന സ്ഥാനം സ്വീകരിച്ചു. നേതാക്കന്മാരുടെ ആയിരം പ്രസംഗങ്ങരം കൊണ്ടുണ്ടാകുന്നതിലും ഫലം മിസ്ററർ തോമസ്സിൻെറ പ്രവൃത്തികരം കൊണ്ടു ജനങ്ങരംക്കനുഭവമായി''.

ഒന്നാമത്തെ സംസ്ഥാനകോൺഫറൻസിൽ താഴേ പറയുന്ന പ്രമേയങ്ങരം പാസ്സാക്കപ്പെട്ടു. (1) ജന്മികുടിയാൻ കാര്യം സംബന്ധിച്ചു് ഒരു പ്രമേയം കൊണ്ടുവന്നിരുന്നുവെങ്കിലും അതു യോജിപ്പോടെ തീരുമാനിക്കുവാൻ പ്രായസമാണെന്നു വാദിപ്രതിവാദങ്ങരം തെളിയിച്ചു. 'മൈത്രി'യാകുന്ന നിഴലിനെ പിടിക്കുവാൻ പാരമാർത്ഥികങ്ങളായ ആവശ്യങ്ങളേയും അവശതകളേയും, താല്പര്യങ്ങളിലുള്ള യഥാർത്ഥവിഭിന്ന ഭാവത്തേയും മറക്കുവാനോ മറച്ചുവക്കുവാനോ ശ്രമിക്കുന്ന ഒരു കാലമായിരുന്നു അതു്. ''കുടിയാന്മാർക്കുള്ള സങ്കടങ്ങളെ തീർക്കുവാൻ'' എന്നുള്ള പ്രമേയത്തിലെ ഭാഗം മാററി 'ജന്മികുടിയാന്മാർക്കുള്ള സങ്കടങ്ങളെ തീർക്കുവാൻ'' എന്നാക്കണമെന്നു ഒരാരം ഒരു ഭേദഗതി കൊണ്ടുവന്നു. ചെന്നായ്ക്കരം ആട്ടിൻകുട്ടികളെ മുറയ്ക്കു പിടിച്ചു വിഴുങ്ങുമ്പോരം ആട്ടിൻകൂട്ടത്തിൽ ആവലാതി ഉണ്ടാകുന്നു. അതിനേപ്പററി ആലോചിച്ചു പരിഹാരം വരുത്തേണമെന്നു ചെന്നായ്കളും ആട്ടിൻകുട്ടികളും ചേർന്ന ഒരു യോഗത്തിൻെറ മുമ്പാകെ അപേക്ഷ വരുന്നു. എന്നാൽ അത്തരം തർക്ക

പ്രമേയങ്ങരം

മുള്ള വിഷയങ്ങരം ആലോചനക്കെടുക്കുന്നതും അതിന്മേൽ വലിയ വാദപ്രതിവാദമുണ്ടാകുന്നതും ഇരുകൂട്ടരുടേയും മൈത്രീബന്ധത്തിന്നു സഹായകമല്ലെന്നു ചില സമാധാനപ്രിയന്മാർ ഭയപ്പെടുന്നു. അങ്ങിനെ, ആട്ടിൻകുട്ടികരംക്കുള്ള സങ്കടങ്ങളെ തീർക്കുവാൻ, എന്നു പറയുന്നതിനേക്കാരം, ചെന്നായ്ക്കളുടേയും ആട്ടിൻകുട്ടികളുടേയും സങ്കടം തീർക്കുവാൻ എന്നു പറയുകയായിരിക്കും അധികം ഭംഗിയായിരിക്കുക എന്നു ഈ സമാധാനപ്രിയന്മാർ അഭിപ്രായപ്പെട്ടാൽ അതു് എത്രത്തോളം യുക്തിയുക്തമായിരിക്കുമോ അത്രത്തോളം മാത്രമേ മേൽപ്രസ്താവിച്ച ഭേദഗതി ഉചിതവും സ്വീകാര്യവുമായിരിക്കയുള്ളുവെന്നു പറഞ്ഞുകൊണ്ടു പലരും ഭേദഗതിയെ എതിർത്തു. അദ്ധ്യക്ഷൻെറ മദ്ധ്യസ്ഥതയിൽ പ്രമേയം വോട്ടിനിടാതേയും യാതൊരു തീരുമാനവും വരുത്താതേയും ആ വിഷയത്തിന്മേലുള്ള ആലോചനതന്നേ മാററിവെച്ചു.

നാഗപ്പൂർ സമ്മേളനത്തിലെ സഹകരണത്യാഗനിശ്ചയത്തെ അനുകൂലിക്കയും ഉറപ്പിക്കയും ചെയ്തുകൊണ്ടുള്ള പ്രമേയം കേശവമേനോൻ അവതരിപ്പിക്കുകയും മുഹമ്മദ്മൌലവി, എ. കെ. പിള്ള, പി. കേ. അച്ചൻ എന്നിവർ പിൻതാങ്ങി സംസാരിക്കയും ചെയ്തു. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. (2) ഗവർമ്മേണ്ടു വിദ്യാലയങ്ങളിലോ ഗവർമ്മേണ്ടുഗ്രാൻറു് ലഭിക്കുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്നു രക്ഷിതാക്കന്മാരോടപേക്ഷിച്ചുകൊണ്ടും ദേശീയ വിദ്യാലയങ്ങരം സ്ഥാപിച്ചു കുട്ടികളെ അവയിൽ അയച്ചു പഠിപ്പിക്കണമെന്നു ചൂണ്ടിക്കാണിച്ചും മറെറാരു പ്രമേയവും പാസ്സായി. (3) വക്കീലന്മാർ പ്രാക്ടീസ് നിറുത്തി ദേശീയകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതാണെന്നും കച്ചവടക്കാർ വിദേശവസ്ത്രങ്ങരം ഉപേക്ഷിച്ചു സ്വദേശത്തുണ്ടാക്കുന്ന വസ്ത്രങ്ങരം എല്ലാവരും ഉപയോഗിക്കേണ്ടതാണെന്നും ആയുർവ്വേദ സമ്പ്രദായത്തെ ആദരിച്ചു പോഷിപ്പിക്കേണ്ടതാണെന്നും പ്രായപൂർത്തിവന്നവരെല്ലാം കോൺഗ്രസ്സിൽ മെമ്പർമാരായി ചേരണമെന്നും തില

സഹകരണ ത്യാഗ പ്രമേയം

ക ഫണ്ടിലേക്ക എല്ലാവരും യഥാശക്തി സഹായിക്കേണമെ ന്നുമുള്ള പ്രമേയങ്ങളും പാസ്സാക്കപ്പെട്ടു.

ഇങ്ങിനെ, സംസ്ഥാനസമ്മേളനം ഒററപ്പാലത്തുവെച്ചു കൂടി യ ദിവസംതന്നേ, മിതവാദികളും ഗവർമ്മെണ്ടു പക്ഷക്കാരും യാഥാസ്ഥിതികരും ഉരംപ്പെട്ട ഒരു സമ്മേളനം കോഴിക്കോട്ടു വച്ച് ആനിബസൻറ് മദാമ്മയുടെ അദ്ധ്യക്ഷതയിൽ ചേരുക യുണ്ടായി. പുതിയ വൈസ്രായിയായി വന്ന റീഡിങ്ങ് പ്രഭു വിനെ അനുമോദിച്ചും, വെയിൽസ് രാജകുമാരൻെറ ഇന്ത്യാ സന്ദർശനത്തെ സ്വാഗതം ചെയ്തും, ഭര ണപരിഷ്കാര വ്യവസ്ഥകളെ വിജയപ്ര ദമാക്കുവാനും ആ വ്യവസ്ഥകളെ അംഗീക രിച്ചു പ്രവർത്തിച്ചു പൂർണ്ണമായ സ്വയംഭര ണം സമ്പാദിക്കുവാനും ജനങ്ങളോടഭ്യർ ത്ഥിച്ചും, സഹകരണത്യാഗം രാജ്യത്തിൻെറ ഉൽക്കർഷത്തിന്നു തടസ്സമാണെന്നഭിപ്രായപ്പെട്ടും, ഇന്ത്യയും ബ്രിട്ടനുമായുള്ള ബന്ധം സ്ഥായിയായി നിലനിർത്തിക്കൊണ്ടു പോകുന്നതിലാ ണ് ഇന്ത്യയുടെ സായൂജ്യമെന്ന് അഭിപ്രായപ്പെട്ടും, നിസ്സഹക രണപ്രസ്ഥാനത്തിൻെറ ശക്തിയെ നിരോധിക്കുവാനും ഭരണ പരിഷ്കാരത്തിന്നനുകൂലമായ പ്രചരണവേലകരം ചെയ്‌വാ നും സാമൂതിരിപ്പാടും ദിവാൻ ബഹദൂർ മന്ദത്തുകൃഷ്ണൻനായ രും പ്രസിഡണ്ടന്മാരുമായുള്ള ഒരു പ്രചാരകക്കമ്മിററിയെ നി ശ്ചയിച്ചും (സാമൂതിരി കോളേജിൽ എല്ലാ ജാതിക്കാർക്കും മത സ്ഥന്മാർക്കും പ്രവേശനമനുവദിച്ചതിൽ സാമൂതിരിയെ അഭിന ന്ദിച്ചുകൊണ്ടും വേലക്കാർ പണിമുടക്കം ചെയ്തു ബഹളങ്ങളു ണ്ടാക്കുന്നതിനെ തടയുവാൻ എല്ലാ വ്യവസായ കേന്ദ്രങ്ങളിലും ഒരു മദ്ധ്യസ്ഥബോർഡ് ഏർപ്പേടുത്തുന്നതിലുള്ള ആശാസ്യത യെ ചൂണ്ടിക്കാണിച്ചും തീവണ്ടിയിലെ 3-ാം ക്ലാസ്സ് യാത്രക്കാ രോടു പെരുമാറിവരുന്ന ക്രൂരമായ സമ്പ്രദായത്തിൽ അതൃപ്തി പ്ര കാശിപ്പിച്ചും) പ്രമേയങ്ങരം പാസ്സാക്കി. കോൺഗ്രസ്സിന്നെതി രായും ഗവർമ്മെണ്ടിന്നനുകൂലമായും പ്രചരണവേല ചെയ്യുവാൻ ഇങ്ങിനെ പലയോഗങ്ങളും കമ്മിററികളും അക്കാലത്ത് ഗവമ്മെ ണ്ടുപക്ഷക്കാർ ഏർപ്പെടുത്തിവന്നിരുന്നു. ഏതാനും കൊല്ലം

ബെസൻറു കക്ഷി
കോഴിക്കോട്ടു

മുൻപുമാത്രം, ജനങ്ങളെ ഉണർത്തി കോൺഗ്രസ്സിൻെറ ദേശീയാഭിമാനപതാകയുടെ കീഴിൽ ഒന്നിച്ചു കൊണ്ടുവരുവാൻ ആരാണോ പാഞ്ചജന്യം മുഴക്കിയിരുന്നതു് ആ ആനിബെസൻറുതന്നേ ഇപ്പോ‍ാം കോൺഗ്രസ്സിന്നും ജനഹിതത്തിന്നും നേരേ എതിരായി പ്രചാരകയായി മാറിക്കണ്ടതിൽ, ആ മദാമ്മയോടു്, അവരെ എന്നും സ്നേഹിച്ചിരുന്ന ഭാരതീയർക്കു് പരിഹാസത്തേക്കാളധികം പരിതാപം തോന്നിയിരിക്കുവാനേ നിശ്ചയമായും സംഗതിയുള്ളു.

## അദ്ധ്യായം 6

# മലബാറിലെ ലഹള

യാക്കൂബ്ഹസ്സൻ, കെ. മാധവൻനായർ യു. ഗോപാല മേനോൻ, മൊയ്തീൻകോയ എന്നിവരെ ശിക്ഷിച്ചതിന്റെ ആറുമാസം തികയുന്ന 1922 ആഗസ്ററ് മാസം 17—ാം തീയതി കോഴിക്കോട്ട കടപ്പുറത്തുവെച്ച് വലിയ ഒരു പൊതുയോഗം ചേരുകയുണ്ടായി. ജെയിലിൽനിന്ന് വിമുക്തരായി വന്ന ഈ നേതാക്കന്മാരെ സ്വീകരിച്ചു അനുമോദിക്കുവാനായി വിളിച്ചുകൂട്ടിയിരുന്ന യോഗമായിരുന്നു അതു്. ഹിന്ദുക്കളും അവരോളം തന്നേ ധാരാളമായി മുസൽമാന്മാരും അന്നവിടെ കൂടിയിരുന്നു. അത്രത്തോളം മുസൽമാന്മാരും ഹിന്ദുക്കളും കൂടിച്ചേർന്ന ഒരു മഹായോഗം അതിന്നുശേഷം ഈ പതിനാലു സംവൽസര കാലത്തിന്നിടയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ആ മഹായോഗം കഴിഞ്ഞു് കഷ്ടിച്ച് ഒരാഴ്ചക്കകം മലബാർ മുഴവൻ കാർമേഘപടലങ്ങളാൽ ആവൃതമായിച്ചമഞ്ഞു. ഏതാനും മാസങ്ങൾക്കുള്ളിൽ, ഈ ജില്ലയിലെ ഹിന്ദുക്കൾക്കും മുസ്ലീംങ്ങൾക്കും തമ്മിൽ മുമ്പുണ്ടായിരുന്ന സ്നേഹത്തിന്നും വിശ്വാസത്തിന്നും വലുതായ ഉടവുതട്ടുകയും ചെയ്തു. ഹിന്ദുമുസ്ലീം ഐക്യത്തിന്നു സംഭവിച്ച ആ ക്ഷതം ഇനിയും പരിപൂർണ്ണമായി നികന്നുകഴിഞ്ഞിട്ടില്ല. ഹിന്ദുക്കൾക്ക നഷ്ടമായതു് മുസ്ലീംകളുടെ സൌഹാർദ്ദമാണെങ്കിൽ, മുസ്ലീംകൾക്ക ഭവിച്ച നഷ്ടമാകട്ടെ ഹിന്ദുക്കളുടെ സൌഹാർദ്ദം മാത്രമല്ല. മുമ്പുതന്നേ കൃശമായിത്തീർന്നിരുന്ന അവരുടെ സ്വാതന്ത്ര്യവും വിലയേറിയ അസംഖ്യം ആത്മാക്കളുമായിരുന്നു. ജനനിബിഡവും പ്രകൃതി രമണീയവുമായ ഭൂപ്രദേശങ്ങൾ വെറും ശൂന്യമായിത്തീർന്നു. അനവധി തലമുറകളായി അവിടവിടെ സ്ഥിരം ജീവിച്ചുവന്ന

കുടുംബങ്ങൾ നാടുവിട്ടു പോകേണ്ടതായും വന്നു, സ്വന്തം അദ്ധ്വാനം കൊണ്ടു് കുടുംബം പോററിവന്ന അനേകം പുരുഷന്മാർ കൊല്ലപ്പെടുക നിമിത്തം എത്രയെത്ര സാധുകുടുംബങ്ങളാണു് അനാഥമായിത്തീർന്നിട്ടുള്ളതു്: എത്ര മുസ്ലീംകൾ അന്യായമായി ദ്രോഹിക്കപ്പെട്ടു: അതിലും എത്രയോ അധികംപേർ ആന്തമാനിലേക്കു നാടുകടത്തപ്പെടുകയും ചെയ്തു. കലാപത്തിന്നിടയിൽ വളരെ ഹിന്ദുക്കൾക്കും ഹിന്ദുകുടുംബങ്ങൾക്കും ദേശഭ്രംശവും മററനവധി ദുരിതങ്ങളും സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. ഈ പരിതാപകരമായ ദുരവസ്ഥയാണു് "മാപ്പിളലഹള"യെന്നു് സർക്കാർ റിപ്പോർട്ടുകളിൽ പറഞ്ഞു വരുന്നതു്.

ഈ ലഹള മുഖ്യമായും ഏറനാട്ടു്, വള്ളുവനാട്ടു്, എന്നീ താലൂക്കുകളിലും പൊന്നാനി താലൂക്കിൻെറ ഏതാനും ഭാഗങ്ങളിലുമായിരുന്നു. തിരൂരങ്ങാടി, പൂക്കോട്ടൂർ, പൊടിയാട്ടം, കാളികാവു്, പന്തലൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, പാണ്ടിക്കാടു്, കരുവാരകുണ്ടു്, തിരൂർ, ഈ സ്ഥലങ്ങളായിരുന്നു ലഹളയുടെ പ്രധാനരംഗങ്ങൾ. പൂക്കോട്ടൂർ വെച്ചു് ആഗസ്ററ് 26-ാം തീയതി ബ്രിട്ടീഷ് പട്ടാളം ഒരുവശത്തും, മാപ്പിളസംഘം മറെറാരുവശത്തുമായി ഒരൊന്നാന്തരം യുദ്ധംതന്നേ നടന്നു. ഇരുഭാഗത്തും വലിയ നഷ്ടമുണ്ടായി. ആയുധസന്നാഹങ്ങളാൽ ബ്രിട്ടീഷ് പട്ടാളം എത്രയോ അധികം സജ്ജീകൃതമായിരുന്നിട്ടുകൂടി സാമാന്യം ദീർഘവും ഇരുഭാഗത്തും ശൂരവുമായിരുന്ന ഒരു സമരത്തിന്നുശേഷം പട്ടാളക്കാർ തോററു പിൻവാങ്ങുകയാണു് ചെയ്തതു്. ഇതിന്നു് "പൂക്കോട്ടൂർ ബാററിൽ" എന്നു് ഔദ്യോഗികമായി പ്രസ്താവിച്ചും കാണുന്നുണ്ടു്. പന്തലൂർ, കാളികാവു്, പൊടിയാട്ടുകര, തിരൂരങ്ങാടി മുതലായി വേറെയും പലസ്ഥലങ്ങളിൽ ഇങ്ങിനേ "യുദ്ധങ്ങൾ" ഉണ്ടായിട്ടുണ്ടു്. ദ്വന്ദയുദ്ധങ്ങളുടേയും "ഒളിയൻപോരു"കളുടേയും എണ്ണം മതിക്കുവാൻ പാടില്ലാത്തവണ്ണം അത്യസ്ത്ധികമാണു്. അതുപോലെതന്നെ ഈ ലഹളയിൽ പലവിധത്തിലായി മരിച്ചിട്ടുള്ളവരുടെ സംഖ്യയും നിർണ്ണയിക്കുവാൻ വയ്യാ. ലഹള ആറുമാസം തുടർച്ചയായും ഘോരമായും

പ്രധാനരംഗങ്ങൾ

നടന്നു. എന്നാൽ തീരേ ശമിക്കുവാൻ ഒരു വർഷത്തിലധികം വേണ്ടിവന്നു. ഇക്കാലത്തു് മലബാറിൽ പല ഭാഗങ്ങളിലും പട്ടാളനിയമം ഏർപ്പെടുത്തി. പട്ടാളനിയമം നിലവിലിരുന്നകാലത്തു് കോൺഗ്രസ്സു പ്രവർത്തകന്മാർക്കു് ആർക്കുംതന്നേ ഈ ഭാഗങ്ങളിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. മഹാത്മാഗാന്ധി അപേക്ഷിച്ചതിൽ അദ്ദേഹത്തിന്നും അനുവാദം നിഷേധിക്കപ്പെട്ടു. പട്ടാളഭരണത്തിൽ എന്തൊക്കെയാണു് നടന്നിട്ടുള്ളതെന്നു് ഒരന്വേഷണമോ റിപ്പോർട്ടോ ഇനിയും ഉണ്ടായിട്ടുള്ളതായിക്കാണുന്നില്ല. ലഹളയെ അമർച്ചചെയ്യുവാൻ ഗവർമ്മെണ്ടിനു വളരെ ശ്രമപ്പെടേണ്ടിവന്നുവെന്നും, ബ്രിട്ടീഷ് പട്ടാളത്തെക്കൊണ്ടു് മതിയാകാഞ്ഞിട്ടു് ഒടുവിൽ ഗൂർഖാ പട്ടാളത്തെ വരുത്തേണ്ടതായിവന്നുവെന്നും, ലഹള അമർച്ച ചെയ്യുന്ന ഗ്രാമത്തിൽ വളരേ അക്രമങ്ങൾ നടന്നുവെന്നും അറിയുന്നു. പോലീസുകാരുടെ നാനാവിധമായ അക്രമങ്ങളെക്കുറിച്ചു ആക്ഷേപിച്ചുകൊണ്ടു് മഞ്ചേരി രാമയ്യർ അക്കാലത്തു് "പോലീസ് രാജ്" എന്ന ധീരമായ ഒരു ലേഖന പരമ്പര പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടു്.

ഈ ലഹളക്കുണ്ടായ ഹേതുക്കളെ സംബന്ധിച്ചു് കെ. മാധവൻനായർ, അക്കാലത്തു ഏർപ്പെട്ടിരുന്ന സ്പെഷ്യൽ കോടതിയുടെ മുമ്പാകേ ഒരു കേസ്സിൽ തെളിവുകൊടുത്ത അവസരത്തിൽ ഇപ്രകാരം പറഞ്ഞുകാണുന്നു:- 1) ഒററപ്പാലത്തുവെച്ചു് ഖിലാഫത്തു് വാളണ്ടിയർമാരേയും മററും പോലീസുകാർ അകാരണമായി അടിച്ചതു 2) പോലീസുകാർ തിരൂരങ്ങാടിയിൽ പോയി ചില ഖിലാഫത്തു് പ്രവർത്തകന്മാരേ അറസ്റ്റു് ചെയ്യുവാൻ ശ്രമിച്ചതും അവിടെ പലരേയും അടികലശൽ ചെയ്തതും. 3) തിരൂരങ്ങാടിയിൽ ഗാന്ധി തൊപ്പി ധരിച്ചു കണ്ടവരെ ഉപദ്രവിക്കയും ബലമായി അവരുടെ തൊപ്പി പോലീസ്സുകാർ എടുത്തുകളയുകയും ചെയ്തതു്. 4) മലപ്പുറത്തു് അവിടത്തെ ഖിലാഫത്തു് കമ്മിററിയിൽ പെട്ട ചിലരെ ഒരു പോലീസുദ്യോഗസ്ഥൻ അടികലശൽ ചെയ്തതു്. 5) മലപ്പുറത്തെ കഞ്ഞിത്തങ്ങളെ പോലീസുകാർ ഒററപ്പാലത്തുവെച്ചു് അപമാനിച്ചതു്. 6) കല്പകഞ്ചേരി

ലഹളഹേതുക്കൾ

യിൽവെച്ച് ചില മുസ്ലീം മാന്യമാരെ പോലീസുകാർ അടിച്ച ത്. 7) തിരൂരങ്ങാടിയിലെ ഖിലാഫത്ത് ആഫീസ്സിൽ ഉയർത്തി നിർത്തിയിരുന്ന ഖിലാഫത്ത് കൊടിയെ പോലീസുകാർ വലിച്ചു താഴത്തിട്ടു ചവിട്ടിയതു്. ഈ ഒടുവിൽപ്പറഞ്ഞ സംഭവമായിരുന്നു തിരൂരങ്ങാടിയിലെ മുസ്ലീംകളെ അധികമായി ക്ഷോഭിപ്പിച്ചിരുന്നതെന്നു കാണുന്നു. മുസ്ലീംകളുടെ മതവിശ്വാസങ്ങളെ ഇങ്ങനെ നിസ്സാരമാക്കിച്ചെയ്തുകൊണ്ടു് അവരുടെ ഹൃദയത്തിന്നു ശല്യം വരുത്തുമ്പോൾ ബലം ഉപയോഗിച്ചും തങ്ങളുടെ മതാഭിമാനത്തെ രക്ഷിക്കുവാൻ കടമയുണ്ടെന്നു് ഈ അവസരത്തിൽ ആലി മുസലിയാർ തൻെറ അനുയായികളോടുപദേശിച്ചു, നെല്ലിക്കുത്തു സ്വദേശിയും തിരൂരങ്ങാടിയിലെ പാർപ്പുകാരനുമായിരുന്ന ആലി മുസലിയാർക്കു് രണ്ടു സ്ഥലങ്ങളിലും വളരെ അനുയായികൾ ഉണ്ടായിരുന്നുവത്രെ. 8) പൊന്നാനിയിലും തിരൂരങ്ങാടിയിലും, അവിടത്തെ ഖിലാഫത്ത് വിരോധികളുടെ താൽപര്യപ്രകാരം പല ഖിലാഫത്തു പ്രവർത്തന്മാരുടേയും പേരിൽ കേസ്സുകൾ എടുത്തിരുന്നതു മറെറാരു ഹേതുവായിരുന്നു. 9) നിലമ്പൂർ ആറാംമുറ തിരുമൽപാടിൻെറ തോക്കു കളവു പോയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു പോലീസുകാർ പൂക്കോടൂർ ഖിലാഫത്തു സെക്രട്ടറി വടക്കെ വീട്ടിൽ മുഹമ്മദിനെ അറസ്ററ് ചെയ്യുവാനും മുഹമ്മദിൻെറ വീട്ടിൽ കയറി പരിശോധന നടത്തുവാനും ആയി ചെന്നിരുന്നതും അവിടെ വെച്ചുണ്ടായ എതിർപ്പും. തോക്കു കളവുപോയി എന്നു വെറുതേ പറഞ്ഞുണ്ടാക്കിയിരിക്കുന്നതാണെന്നും വടക്കേ വീട്ടിൽ മുഹമ്മദിനേയും മററും പോലീസ്സുകാർ അറസ്ററ് ചെയ്യുവാൻ വിചാരിക്കുന്നതു് അവരെ ലോക്കപ്പിൽവെച്ചു് ദേഹോപദ്രവം ചെയ്യുവാനാണെന്നും പൂക്കോട്ടൂർ ജനങ്ങൾ വിശ്വസിച്ചു. അതിനാൽ വടക്കേവീട്ടിൽ മുഹമ്മദിനെ വിട്ടുകൊടുക്കരുതെന്നും അവർ നിശ്ചയിച്ചു. ഇങ്ങനെ അറസ്ററ് ചെയ്യുവാൻ ചെന്നിരുന്ന പോലീസുകാർക്കു് ഒരു വലിയ എതിർപ്പിനെ നേരിടേണ്ടിവന്നു. മുഹമ്മിനെ അറസ്ററ് ചെയ്യുവാൻ സാധിക്കാതെ, അവർ ഭയപ്പെട്ടു മടങ്ങുകയാണുണ്ടായതു്. പോലീസുകാരുടെ സംഘംചേർന്നുള്ള വരവും ഖിലാഫത്ത് പ്രവർത്തകന്മാരെ അറസ്ററ് ചെയ്യുന്നതിൽ അവർ വെളിപ്പെ

ട്ടത്തിക്കണ്ട നിർബന്ധവും അവിടത്തെ മുസ്ലീംകളെ കൂടുതൽ ക്ഷോഭിപ്പിക്കയും ഭഗ്നാശയരായും ഭയപ്പെട്ടും മടങ്ങിയ പോലീസുകാരുടെ പോക്കു് അവരെ കൂടുതൽ ധൈര്യപ്പെടുത്തുകയും ചെയ്തിരുന്നു.

അവസാനം, മേൽപറഞ്ഞവരേയും അവരുടെ സഹായികളേയും അറസ്ററ് ചെയ്യണമെന്നുള്ള കരുതലോടും സന്നാഹം ചേർന്നും, പോലീസ് സൂപ്രണ്ടന്മാർ, പോലീസ് ഇൻസ്പെക്ടർമാർ എന്നിവർ ഉൾപ്പെട്ട ഒരു പോലീസ് സേന ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടുകൂടി 1921 ആഗസ്ററ് 20-ാം തീയതി പുലർച്ചയ്ക്കു് മുമ്പായി രഹസ്യമായി തിരൂരങ്ങാടിയിലെത്തി. അവിടത്തെ മുസ്ലീംപള്ളി വളയുകയും പള്ളിയിൽ കയറി പരിശോധന നടത്തുകയും ചെയ്തതായിരുന്നു ലഹളക്കു നേരെ മുമ്പുണ്ടായ പ്രധാന കോപഹേതു. ഈ സംഭവത്തെ സംബന്ധിച്ച പോലീസു സൂപ്രണ്ടന്മാരിൽ ഒരാളായ ആമുസാഹെബ് കോടതിയിൽ കൊടുത്ത തെളിവിൽ ഇപ്രകാരം പറഞ്ഞു

ഒരു പോലീസ്സ് സൂപ്രണ്ടിൻെറ തെളിവു്

* മേൽപറഞ്ഞ സംഭവങ്ങളെല്ലാം ലഹളയുടെ ആസന്നഹേതുക്കൾ മാത്രമായിരുന്നു. സാമ്പത്തികമായ തീരാദുരിതങ്ങൾ അനുഭവിച്ചുപോന്ന ജനങ്ങൾ കേവലം നൈരാശ്യംകൊണ്ടു് എന്തിനും സന്നദ്ധരായിരുന്നു. അവരുടെ സ്ഥിതി അത്ര കഷ്ടമായിരുന്നതുകൊണ്ടു് അവർക്കു് അതിലും മോശമായ ഒരു സ്ഥിതിയോ നഷ്ടമോ സംഭവിപ്പാൻ വഴിയില്ലെന്നവർക്കു തോന്നി. രൂഢമൂലമായ ഒരു അസംതൃപ്തിയാലും തുടർച്ചയായുണ്ടായ ആശാഭംഗങ്ങളിൽനിന്നനുഭവിച്ച നൈരാശ്യത്താലും അവർ അസ്വസ്ഥചിത്തരായി ഭവിച്ചിരുന്നപ്പോഴാണു് മേൽ വിവരിച്ച കോപഹേതുക്കൾ ഉണ്ടായതു്. ശരിയായ നായകത്വത്തിൻകീഴിൽ, പ്രത്യക്ഷത്തിൽ സാമ്പത്തികാവശതകളെ തീർക്കുവാൻ പര്യാപ്തമായ ഒരു കാര്യപരിപാടിയുടെ സാന്നിദ്ധ്യത്തിൽ, ഈ 'ലഹള' നിഷ്പ്രയോജനവും നാശോന്മുഖവുമായ ഒരു കലാപമായി പരിണമിക്കുന്നതിനു പകരം സുഘടിതവും സാമ്പത്തികപരവുമായ ഒരു സാമൂഹ്യ വിപ്ളവമായി രൂപാന്തരപ്പെടുമായിരുന്നു: (ഈ ലഹളക്കുണ്ടായ അടിസ്ഥാനകാരണങ്ങളെക്കുറിച്ച് ഗായത്രീവല്ലഭയ്യർ 1923—ൽ, പാലക്കാട്ടു സമ്മേളനത്തിൽ ചെയ്ത സ്വാഗതസംഘാദ്ധ്യക്ഷപ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭാഗം ശ്രദ്ധേയമാണു്. അടുത്ത അദ്ധ്യായത്തിൽ നോക്കുക).

കാണുന്നു:- "ഡിസ്ത്രിക്ട് മജിസ്ട്രേട്ടും പൊലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലും മലബാർ ഡി. എസ്. പി, ഹിച്ച കോക്കും ഞാനും പൊലീസ് സന്നാഹത്തോടുകൂടി കോഴിക്കോട്ടു നിന്നു ആഗസ്ററ് 19-നു-രാത്രി പുറപ്പെട്ടു 20-ാംതീയതി പുലർച്ച യ്ക്കുമുമ്പു തിരൂരങ്ങാടിയിൽ എത്തി. പടിഞ്ഞാറുനിന്നു (പൂക്കോട്ടൂർ) കുറെപേർ ഞങ്ങളെ എതിർക്കുവാൻ വരുന്നതെന്നു കേട്ടു ഞങ്ങൾ അവരോടു നേരിടുവാനായി അങ്ങോട്ടുപുറപ്പെട്ടു. സൈന്യത്തിൽ ഒരുഭാഗത്തേ തിരൂരങ്ങാടികച്ചേരിയിൽ നിത്തിയിട്ടാണ് പോയതു്. ഞങ്ങൾ ലഹളക്കു വന്നവരെ ഓടിച്ചു. ഏതാനും ആയിരം ആളുകൾ ഞങ്ങളെ എതിർക്കുവാൻ അവിടെ കൂടിയിരുന്നു. ഞങ്ങൾ അവിടംവിട്ടു കോഴിക്കോട്ടെത്തിയ ശേഷമാണ് ലഹളക്കാർ തിരൂരങ്ങാടി കച്ചേരി ആക്രമിച്ചതു്." വീണ്ടും എപ്പോഴാണ് തിരൂരങ്ങാടിയിലേക്കു പോയതു എന്നു ചോദിച്ചതിന്നു് ആമുസാഹെബ് മറുപടി പറഞ്ഞതു്, "ആലി മുസലിയാരെ അറസ്ററ് ചെയ്യുവാനായി പോയ ഇംഗ്ലീഷ് പട്ടാളത്തോടൊപ്പം ആഗസ്ററ് 28-ാം തീയതിയായിരുന്നു വെന്നാണ്".

ആഗസ്ററ് 20-ാം തീയതി മുതൽ ആയിരുന്നു ലഹളയാരംഭിച്ചതു്. ഡിസ്ത്രിക്ട് മജിസ്ത്രേട്ടു, പോലീസ്സ് സന്നാഹങ്ങളും 20-ാം തീയതി തിരൂരങ്ങാടിയിൽ ചെന്നു മുസ്ലീംപള്ളി വളയുകയും പൊലീസ്സ് സന്നാഹത്തെ കണ്ടപ്പോൾ അവിടെ കൂടിയ ജനക്കൂട്ടത്തിൽ വെടിവെക്കുകയും ചെയ്തതോടുകൂടി "മാപ്പിളലഹള" യിൽ ആദ്യത്തെ വെടിപൊട്ടിയതായി പറയാം. ഉണങ്ങി വരണ്ടുകിടന്ന വെടിമരുന്നിലേക്കു അധികൃതന്മാർ വാസ്തവത്തിൽ ഒരു തീക്കുടുക്ക എറിയുകയായിരുന്നു ഇതിനാൽ ചെയ്തതു്. ഡിസ്ത്രിക്ട് മജിസ്ത്രേട്ടും പോലീസ്സും കൂടി അവിടെച്ചെന്നു് ആളുകളേ ഇളക്കിവിട്ടശേഷം അവർ എല്ലാവരുംകൂടി വേഗത്തിൽ കോഴിക്കോട്ടേക്കു തന്നേ മടങ്ങുകയും ചെയ്തു. തിരൂരങ്ങാടിയിലെ പ്രക്ഷുബ്ധമായ സ്ഥിതിയെ നേരിട്ടു കണ്ടറിഞ്ഞിരുന്നിട്ടും അവർ സമാധാന സംരക്ഷണത്തിന്നായി അവിടെത്തന്നേ താമസിക്കുകയോ

ലഹളയുടെ ആരംഭം

വേണ്ടുന്ന ഏർപ്പാടുകരം ചെയ്കയോ ചെയ്തില്ല. കോപാന്ധരായി ഭവിച്ചിരുന്ന മുസ്ലീംകരം താലൂക്കകച്ചേരിയും മററു ചില പബ്ളിക്ക് കെട്ടിടങ്ങളും തീവെച്ചു നശിപ്പിക്കുകയും ചില ഗവർമ്മെണ്ടു സേവകന്മാരെ കൊല്ലുകയും ചെയ്തു. 28-ാം തീയതി ഇംഗ്ളീഷു പട്ടാളവുമായിവന്ന് പൂക്കോട്ടൂർ വെച്ച് യുദ്ധമുണ്ടാകുന്നതുവരെ മലപ്പുറത്തെ സംബന്ധിച്ച് ബ്രിട്ടീഷുഭരണം അവസാനിച്ചിരുന്നുവെന്നുതന്നേ പറയാം. തിരൂരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങളിലെല്ലാം "ലഹളത്തല"വന്മാരുടെ സ്വച്ഛന്ദമായ വാഴ്ചതന്നേയായിരുന്നു. അവരോട് എതിരിടുവാൻ ആരും ഇല്ലാതിരുന്നതുകൊണ്ടു് അവർക്കും ആരോടും എതിരിടേണ്ടതായിട്ടോ ലഹള നടത്തേണ്ടതായിട്ടൊ ഉണ്ടായിരുന്നില്ല. ഇക്കാലത്തു ചേക്കുടി ഇൻസ്പെക്ടരേയും ഹെഡ്കോൺസ്റ്റബിളിനേയും നിലമ്പൂർ തിരുമുൽപ്പാടിൻെറ ചില ആരംക്കാരേയും മാത്രമേ ലഹളക്കാർ വധിച്ചിരുന്നുള്ളു. എന്നാൽ അക്കാലത്തു ലഹളക്കാരുടെ പെരുമാററം സാമാന്യജനങ്ങളിൽ ഒരു വിധത്തിലും ഭീതിയെ ഉളവാക്കത്തക്കതല്ലായിരുന്നുവെന്നു ഗവർമ്മെണ്ടുഭാഗം ഒരു സാക്ഷിയുടെ സ്റേററുമെൻറിൽതന്നേ കാൺമാനുണ്ടു്.

തിരൂരങ്ങാടിയിൽനിന്ന് ഡിസ്ട്രിക്ടു മജിസ്ത്രേട്ടും സന്നാഹങ്ങളും വിട്ടുപോയ ആ ആഗസ്ററ് 20-ാം തീയതി രാത്രി പള്ളികളിലെല്ലാം നഹർ (ഒരുതരം ചെണ്ട) അടിച്ചു. ഇതു സാധാരണ പതിവുള്ളതല്ല. എല്ലാ പള്ളികളിലും മുസ്ലിംകരം കൂട്ടംകൂടി. പൂക്കോട്ടൂർ, മേൽമുറി ഇവിടങ്ങളിലെ കുറേ മാപ്പിളമാർ ബലമായി സമീപസ്ഥലങ്ങളിലുള്ള തോക്കുകളെല്ലാം കരസ്ഥമാക്കി. എന്നിട്ടു നേരേ നിലമ്പൂരിലേക്കു മാച്ചു ചെയ്തു, അബ്ദുറഹ്മാൻഹാജി ആയിരുന്ന അവരുടെ നായകൻ. പോകും വഴിക്ക് എടവണ്ണ പോലീസ് സ്റേറഷൻ ആക്രമിക്കുകയും അവിടേയുണ്ടായിരുന്ന ആയുധങ്ങരം കൈവശപ്പെടുത്തുകയും പാറാവുകാരൻെറ ഒരു കൈ വെട്ടിക്കളയുകയും സാമാനങ്ങളും

തിരൂരങ്ങാടിയിൽ നിന്നു മാർച്ചു്

റിക്കാർട്ടുകളും നശിപ്പിക്കുകയും ചെയ്തു. ഇതു് 21-ാം തീയതി പകൽ സമയത്തായിരുന്നു. നിലമ്പൂർ എത്തുന്നതുവരെ അവക്കു യാതൊരെതിരും നേരിടേണ്ടിവന്നില്ല നിലമ്പൂരിലേക്കു പോകുവാൻ രണ്ടു സംഗതികളായിരിക്കണം അവരെ പ്രേരിപ്പിച്ചതു്. നിലമ്പൂർ തിരുമുൽപ്പാടിൻെറ തോക്കു മോഷണംപോയി എന്നു പറഞ്ഞുകൊണ്ടായിരുന്നുവല്ലോ പൂക്കോട്ടൂരും തിരൂരങ്ങാടിയിലും പോലീസ്സുകാർ ബഹളമുണ്ടാക്കിയതു്. അങ്ങിനേ നിലമ്പൂർ കോവിലകം അവരുടെ രോഷത്തിനു് പാത്രമായിരുന്നു. രണ്ടാമതു്, അക്കൂട്ടത്തിൽ ഉണ്ടായിരുന്ന മാപ്പിളമാരിൽ അധികംപേരും വെറും കേവലക്കാരും നിലമ്പൂർ തിരുമുൽപാടിൻെറ കുടിയാന്മാരുമായിരുന്നു, കുടിയാന്മാർക്കു തങ്ങളുടെ ജന്മിമാരുടെ നേർക്കും ജന്മിമാർക്കു കുടിയാന്മാരുടെ നേർക്കും വലിയ സ്നേഹം തോന്നുവാൻ സംഗതിയില്ലെന്നു് സുമാർ ഒരു വർഷത്തിന്നു മുമ്പായി മഞ്ചേരിയിൽവെച്ചു നടന്ന കോൺഫറൻസിലെ നടപടികളും വാഗ്വാദങ്ങളും സാക്ഷ്യംവഹിച്ചിട്ടുണ്ടല്ലോ. ഏറനാടേയും വള്ളുവനാടേയും മാപ്പിളമാർ പ്രായേണ വെറും പാട്ടകുടിയാന്മാരും ഹിന്ദുക്കളായ ജന്മിമാരുടെ കീഴിൽ പിറുപിറുത്തു കഴിയുന്നവരുമാണു്. മലബാറിലെ ജന്മികുടിയാൻ ബന്ധം കുടിയാന്മാർക്കു എത്ര ദ്രോഹപരമായിട്ടാണിരിക്കുന്നതെന്നു് കെ. പി. രാമൻമേനോൻെറ വടകരയിലെ അദ്ധ്യക്ഷപ്രസംഗവും മഞ്ചേരി സമ്മേളനത്തിലെ ജന്മികുടിയാൻ പ്രമേയവും വിളിച്ചുപറഞ്ഞു. പിന്നേ, യാതൊരാളുടേയും പ്രസംഗവും കൂടാതെ ഈ വസ്തുത മലബാറിലെ കുടിയാന്മാർ ചൂടുനീറി സദാ അറിഞ്ഞു കൊണ്ടിരിക്കുന്ന സംഗതിയും ആണു്. ജന്മിയും കുടിയാനും തമ്മിലുള്ള വഴക്കിൽ ഏതവസരത്തിലും അധികൃതന്മാർ ജന്മിയുടെ പക്ഷത്താണു് നിന്നിട്ടുള്ളതെന്നും ജന്മിയെ താങ്ങി ഗവർമ്മെണ്ടു നിൽക്കുന്നതുപോലെ, ഗവർമ്മേണ്ടിനെ താങ്ങി ജന്മിയും നിൽകുന്നുണ്ടെന്നും ക്ഷുബ്ധരായ ഈ കുടിയാന്മാർ വിചാരിച്ചെങ്കിൽ അതു് സ്വാഭാവികമാണു്.

നിലമ്പൂർ കോവിലകത്തെ ആയുധക്കാരിൽ ചിലർ അങ്ങോട്ടുചെന്ന മാപ്പിളസംഘത്തെ ആദ്യം എതിർക്കുവാൻ നോക്കി. അതിൽ അവർ ജയിച്ചില്ലെന്നു മാത്രമല്ല, 17 പേർ വധി

ക്കപ്പെട്ടുകയും ചെയ്തു. ലഹളക്കാർ നിലമ്പൂർ കോവിലകത്തു പ്രവേശിച്ചു; അപ്പോഴേക്കും അവിടെയുള്ളവരെല്ലാം വേറെ വഴിക്കു രക്ഷപ്പെട്ടിരുന്നു. പൂക്കോട്ടൂരിലേക്കു മടങ്ങിയതു മഞ്ചേരിവഴിക്കായിരുന്നു.

നിലമ്പൂരും മഞ്ചേരിയും

നിലമ്പൂരിൽനിന്നു പൂക്കോട്ടൂരിലേക്കുള്ള ദൂരം 16 മൈൽസാണു്. അങ്ങോട്ടുമിങ്ങോട്ടും ഉള്ള ഈ യാത്രയിൽ മേൽപറഞ്ഞ സംഭവങ്ങളൊഴിച്ചു് മറ്റൊരു ലഹളയും ഈ അതൃപ്തസംഘത്തിൽ നിന്നുണ്ടായില്ല. 21-ാം തീയതി രാത്രി അവർ മഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ ആക്രമിച്ചു. എന്നാൽ, പോലീസുകാർ ആയുധങ്ങളുമായി നേരത്തേ അവിടെനിന്നും ഓടിപ്പോയിരുന്നതിനാൽ ആ ആക്രമണംകൊണ്ടു് അവർക്കു് പ്രയോജനമൊന്നും ഉണ്ടായില്ല. അവിടെ ഉണ്ടായിരുന്ന റിക്കാർഡുകളെല്ലാം നശിപ്പിച്ചു. 22-ാം തീയതി രാവിലെ അവർ മഞ്ചേരി ഖജാനയെ ആക്രമിച്ചു അവിടെയുണ്ടായിരുന്ന പണം മുഴുവൻ എടുത്തു. കോടതികളിൽ ഉണ്ടായിരുന്ന റിക്കാർട്ടുകളെല്ലാം നശിപ്പിച്ചു. ലോക്കപ്പിൽ കിടന്നിരുന്ന പുള്ളികളെ മോചിപ്പിച്ചു. പോലീസുകാർ ആയുധങ്ങൾ ഒളിച്ചുവെച്ചിരുന്നസ്ഥലം, പുള്ളികളിലൊരാൾ ലഹളക്കാർക്കു് കാണിച്ചുകൊടുക്കുകയാൽ അവിടേനിന്നു അങ്ങിനെ ആയുധങ്ങളും കുറേ ലഭിച്ചു. 22-ാം തീയതി ഒരു തിങ്കളാഴ്ച ദിവസമായിരുന്നു. എന്നാൽ ആ പകൽ സമയം കോടതികളും ട്രഷറികളും പോലീസ് സ്റ്റേഷനും താലൂക്കുകച്ചേരിയും എല്ലാം ഉപേക്ഷിച്ചിട്ടു് പോലീസുകാരും മററും സർക്കാർ സിൽബന്ധികളും അവിടേനിന്നെല്ലാം ഓടിപ്പോയിരുന്നു. നിയന്ത്രിതമായ വിധം ലഹള പരക്കുവാനുള്ള മുഖ്യകാരണം നിയന്ത്രിക്കുവാൻ ആരും ഇല്ലാതേ വരികയും സമാധാന സംരക്ഷകരായ പോലീസധികൃതന്മാർ സ്വകൃത്യ പരിപാലനത്തിന്നായി അവിടെ എങ്ങും ഇല്ലാതേ വരികയും ചെയ്തതായിരുന്നു. ലഹളക്കാർ അരാജകത്വം പരത്തി എന്നു പറയുന്നതിനേക്കാൾ അധികം വാസ്തവമായിട്ടുള്ളതു്, മേൽപറഞ്ഞ അനാഥമായ സ്ഥിതിയിൽനിന്നും ലഹളയും അരാജത്വവും വളന്നുവെന്നു് പറയുന്നതായിരിക്കും.

1921 ആഗസ്ററ് മാസത്തെ മലപ്പുറം പ്രദേശങ്ങളിൽ നടന്ന ലഹളയിൽ വർഗ്ഗീയമായും യാതൊരു സംഭവവും ഉണ്ടായില്ല.

അക്കാലത്തു് ലഹളക്കാർ സർക്കാർ സ്ഥാപനങ്ങഠം നശിപ്പിക്കുകയും തങ്ങഠംക്കെതിരായി നിന്ന സർക്കാർ സിൽബന്ധികളേയും ഖിലാഫത്തു് വിരോധികളേയും പകരം ദ്രോഹിക്കുകയും ചെയ്തുവെന്നല്ലാതെ, അനന്തരകാലത്തു സംഭവിച്ചപോലെ ജനസാമാന്യത്തെ ശല്യപ്പെടുത്തുകയോ ഹിന്ദുക്കളെ പിടിച്ചു ഇസ്ലാംമതത്തിലേക്കു ചേർക്കുകയോ ഭവനഭേദനം ചെയ്യുകയോ ചെയ്തിരുന്നില്ലെന്നു കാണാവുന്നതാണു്. ഇതിന്നിടെ പ്രധാനപ്പെട്ട രണ്ടു ഭവനഭേദനങ്ങഠം ഉണ്ടായതായി കാണുന്നുണ്ടു്. ഒന്നു മുകളിൽ പ്രസ്താവിച്ച നിലമ്പൂർ കോവിലകത്തെ ആക്രമണവും കൊള്ളയും; മറേറതു മഞ്ചേരിയിലെ നമ്പൂതിരി ബാങ്കിനെ ആക്രമിച്ചതു്. എന്നാൽ ഈ രണ്ടു സംഭവങ്ങളേയും സംബന്ധിച്ചു് ഒരേ ഒരു സംഗതി വിശേഷവിധിയായിട്ടുണ്ടു്. അതു ജന്മിവിരോധവും കുടിയാൻപക്ഷപാതിത്വവും ആകുന്നു. നിലമ്പൂരിൽവെച്ചു കോവിലകത്തെ കൊള്ളചെയ്തുവെങ്കിൽ, ഹിന്ദുക്കളും മുഹമ്മദീയരുമായ കുടിയാന്മാരെ ഈ ലഹളക്കാർ സഹായിക്കുവാൻ മടിച്ചിട്ടില്ല. അവിടെവെച്ചു് ഒരു തമിഴ് ബ്രാഹ്മണന്നു് തൻെറ ഗർഭിണിയായ ഭാര്യയുടെ പ്രസവച്ചെലവിന്നു കൈനിറച്ചും പണം കൊടുക്കുകയും ഗർഭിണിയേയും കുട്ടികളേയും ആപത്തോ മാഗ്ഗക്ലേശമോ കൂടാതെ അവരുടെ ബന്ധുക്കളുടെ ഒരു ഗ്രാമത്തിലേക്കു പോകുവാൻ വേണ്ടുന്ന സഹായങ്ങഠം ചെയ്യുകയും ചെയ്തു എന്നുള്ളതു് പരക്കെ അറിയുന്ന ഒരു സംഗതിയാണു്.

**തമിഠം ബ്രാഹ്മണന്നു സഹായം**

മഞ്ചേരിയിലെ നമ്പൂതിരി ബാങ്കു് ആക്രമിച്ചതിൽ ബാങ്കിലെ ബുക്കുകഠം അനുസരിച്ചു പണം വായ്പ വാങ്ങിയിരുന്നവരുമായ അനവധി സാധുക്കഠംക്കു-ജാതിമതഭേദമെന്യേ എല്ലാവർക്കും— അവരുടെ പണ്ടങ്ങഠം പണം വാങ്ങാതെ തിരിച്ചുകൊടുത്തു. പ്രോമിസറി നോട്ടുകളും കടപ്പത്രങ്ങളും ചീന്തിക്കളഞ്ഞു.

ഈ ഒടുവിൽ പറഞ്ഞ സംഭവം നടന്നതു് ആഗസ്ററ് മാസം 24-ാം തീയതി പകൽ 4 മണിയോടുകൂടിയായിരുന്നു. അപ്പോഴേക്കും ലഹളക്കാരുടെ തലവനായി സാമാന്യത്തിൽ കവിഞ്ഞ വൈഭവവും മനോധർമ്മവും പ്രദർശിപ്പിച്ച ഒരു നായ

കൻ രംഗത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അയാളാണു് വാരിയൻ കുന്നത്തു് കുഞ്ഞമ്മദ്ഹാജി. 22 ാം തീയതി മഞ്ചേരി ട്രെഷറികൊള്ളചെയ്തതു് നീലമ്പൂരിൽനിന്നു മഞ്ചേരിവഴി മടങ്ങിപ്പോയിരുന്ന പൂക്കോട്ടൂർക്കാരായ മാപ്പിളമാരായിരുന്നു. അവരുടെ ഉദ്ദേശം സർക്കാർ സ്ഥാപനങ്ങളെ എതിർക്കുക, ഗവർമ്മെണ്ടു് പക്ഷക്കാരെന്നു കാണുന്നവരോടെല്ലാം പകവീട്ടുക, ജന്മിമാരേയും മററു വലിയ പണക്കാരേയും കൊള്ളചെയ്യുക, തങ്ങൾക്കു് ആവശ്യത്തിന്നുവേണ്ടുന്ന ആഹാരസാധനങ്ങൾ അവ സുലഭമായി കാണുന്നദിക്കിൽനിന്നും എടുക്കുക, എന്നിവയായിരുന്നു. വിശേഷാൽ മനോധർമ്മമൊന്നും അവർക്കുള്ളതായി അവരുടെ പ്രവൃത്തികൾ തെളിയിച്ചില്ല. എന്നാൽ കുഞ്ഞഹമ്മദ്ഹാജി ലഹളക്കാരുടെ നേതൃത്വം സ്വീകരിച്ചതോടുകൂടി ലഹളയുടെ ഉദ്ദേശം കുറെക്കൂടി വിപുലമായിത്തീർന്നു. അരാജകസ്ഥിതി കഴിയുന്നതും വരാതേകണ്ടു എല്ലാം ക്രമമായും ചില മുറകളനുസരിച്ചും പോകേണമെന്നു് കുഞ്ഞഹമ്മദ്ഹാജിക്കു് ചില അഭിപ്രായങ്ങളെല്ലാമുണ്ടായിരുന്നു. അയാൾ തൻെറ അനുയായികളുടെ ഇടയിൽ ചില നിയമങ്ങളെല്ലാം ഏർപ്പെടുത്തി. അതിൽനിന്നു് തെററിനടക്കുന്നവരെ കഠിനമായി ശിക്ഷിച്ചു. അയാളുടെ കല്പനകളിനിന്നു് ഹിന്തുക്കളെ ഉപദ്രവിച്ചു പോകരുതെന്നു തൻെറ പ്രത്യേക അനുമതിയോടുകൂടിയല്ലാതെ എതിർപക്ഷത്തുനിന്നും തടവുകാരായി പിടിക്കുന്ന യാതൊരാളേയും വധിച്ചുപോകരുതെന്നും ഉള്ളതായിരുന്നു. സാമാന്യജനങ്ങളെ ശല്യപ്പെടുത്തുകയോ വീടുകളോ പീടികകളോ കൊള്ള ചെയ്യുകയോ ചെയ്യുന്നവരെ കുഞ്ഞഹമ്മദ് ഹാജിയുടെ മുമ്പാകെ വരുത്തി വിചാരണചെയ്തു തക്കതായ ശിക്ഷ നൽകീയും വന്നു. മുകളിൽ പ്രസ്താവിച്ചപ്രകാരം ആഗസ്ററ് 24-ാം തീയതി മഞ്ചേരിയിലെ നമ്പൂതിരി ബാങ്കു് കയ്യേറി അതിലുണ്ടായിരുന്ന പണ്ടങ്ങൾ അതിൻെറ ഉടമസ്ഥന്മാരെ വരുത്തി തിരിച്ചുകൊടുത്തതു് കുഞ്ഞഹമ്മദ്ഹാജിയുടെ ആദ്യപ്രവൃത്തികളിൽ ഒന്നായിരുന്നു. അന്നേദിവസം തന്നേ — മഞ്ചേരിയിൽ, നാലു പ്രധാന റോഡുകൾ കൂടുന്ന സ്ഥലത്തുവെച്ചു് ചെയ്ത പ്രഖ്യാപനത്തിൽ,

വാരിയൻകുന്നത്തു
കുഞ്ഞഹമ്മദ്ഹാജി

ഹിന്തുക്കാംക്ക താതൊരുപദ്രവും ഉണ്ടാകുന്നതല്ലെന്ന ഉറപ്പു നൽകിയിരുന്നു.*

ആഗസ്ററ് 28-ാം തീയതിയ്ക്കുശേഷം ഇംഗ്ളീഷ് പട്ടാളക്കാർ ഈ ഭാഗങ്ങളിലേക്കു വരാനും മാപ്പിളമാർ കേന്ദ്രീകരിച്ചിരുന്ന സങ്കേതങ്ങളെ ആക്രമിക്കുവാനും തുടങ്ങി. പട്ടാളക്കാരുടെ വരവോടുകൂടി ലഹളക്കാരുടേയും സാമാന്യജനങ്ങളുടേയും മനോഭാവങ്ങളിൽ ഓരോരോ കാരണങ്ങളാൽ അന്തരമുണ്ടായി. പൂക്കോട്ടൂർവെച്ചുള്ള "യുദ്ധ"വും പട്ടാളക്കാരുമായി മററു സ്ഥലങ്ങളിലുണ്ടായ പോരുകളും അതുവരെ സംഘടിതമായി നിന്ന ലഹളക്കാരേ ശിഥിലീകൃതമായ വിഭാഗങ്ങളാക്കുകയും അവക്കു സംഭവിച്ച ആംനഷ്ടവും നേരിടേണ്ടിവന്ന അപായസ്ഥിതിയും അവരെ കൂടുതൽ സാഹസികബുദ്ധികളാക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ സാമാന്യജനങ്ങാം എത്രയും വിഷമമേറിയ ഒരു പതനത്തിൽ എത്തുകയും ചെയ്തു. യുദ്ധകാലങ്ങളിൽ നിഷ്പക്ഷനില പ്രായേണ ആപൽക്കരമായിട്ടാണ് എവിടേയും കണ്ടിട്ടുള്ളതു്. ലഹളക്കാലത്തു് ഉാംനാട്ടിലെ ഹിന്ദുക്കളുടെ സ്ഥിതി ഏററവും വിഷമമുള്ളതായി ഭവിച്ചു. പട്ടാളക്കാർക്കു് എല്ലാവിധ സഹകരണങ്ങളും ചെയ്തുകൊടുത്തില്ലെങ്കിൽ ഇവരെ ഖിലാഫത്തുകളായി പരിഗണിച്ച് പട്ടാളക്കാർ അറസ്ററ് ചെയ്യും; ഏറാനാടും വള്ളുവനാടുമുള്ള ദുർഗ്ഘടമായ മലയിടുക്കുകളും കുററിക്കാടുകളും പട്ടാളക്കാരെ വല്ലാതേ പരീക്ഷിക്കയും ചെയ്തിരുന്നു. അവർക്കു നാട്ടുകാരുടെ സഹായം അത്യ

---

* ഈ പ്രഖ്യാപനസമയം എം. പി. നാരായണമേനോൻകൂടി അവിടെ ഉണ്ടായിരുന്നുവെന്നും ബ്രിട്ടീഷ് രാജാവിൻെറ ഭരണം ആ സ്ഥലത്തു് അവസാനിച്ചിരിക്കുന്നതുപോലെ മലബാറിലെ മററു സ്ഥലങ്ങളിലും ആ ബ്രിട്ടീഷ്ഭരണം അവസാനിപ്പിക്കണമെന്നു് എം. പി. നാരായണമേനോൻ ഒരു പ്രസംഗം ചെയ്തു, രാജാവിന്നെതിരായി ആയുധമെടുത്തു് യുദ്ധം ചെയ്യുവാൻ ലഹളക്കാരെ പ്രേരിപ്പിച്ചു എന്നുമുള്ള ഒരു ചാർജ്ജിന്മേലായിരുന്നു നാരായണമേനോനെ ശിക്ഷിച്ചു 14 വർഷത്തേക്കു ജയിലിൽ പാർപ്പിച്ചതു്. നാരായണമേനോനെ വിസ്തരിച്ച സ്പെഷൽ കോടതി മുമ്പാകെ അദ്ദേഹം ഈ ചാർജ്ജിലെ പരാമാൎത്ഥത്തെ മുക്തകണ്ഠം നിഷേധിച്ചിട്ടുണ്ടു്. മഞ്ചേരിയിലെ പൗരന്മാരുംപ്പെടെ പല മാന്യന്മാരും ചേർന്നു ഗവർമ്മേണ്ടിന്നു കൊടുത്തിരുന്ന ഒരു മെമ്മോറിയലിൽ ഈ സംഭവം വാസ്തവമല്ലെന്നു പ്രസ്താവിച്ചിട്ടുമുണ്ടു്.

ന്താപേക്ഷിതമായിത്തീർന്നു. പലവിധമുള്ള ദ്രോഹങ്ങളും ഹിംസങ്ങളും നിമിത്തം നിസ്സാഹായരായ ആ ഉൾനാട്ടുകാർ ചിലപ്പോഴൊക്കെ ലഹളക്കാരുടെ ഗതാഗതത്തെക്കുറിച്ചും സങ്കേതസ്ഥലങ്ങളെക്കുറിച്ചും വല്ല വിവരങ്ങളും പട്ടാളക്കാർക്കു നൽകി എന്നു വരുന്നതു് അസംഭാവ്യമല്ല. അങ്ങിനേയും അതല്ലാതേയും ഹിന്ദുക്കളെ പലപ്പോഴും പട്ടാളക്കാരോടൊപ്പം മാപ്പിളമാർ കണ്ടിട്ടും ഉണ്ടു്. ഇതു് മാപ്പിളമാരുടെ ഇടയിൽ ഹിന്ദുക്കളുടെ നിലയെക്കുറിച്ചു് സംശയത്തിന്നും പിന്നിട്ടു് അവരോടു അമർഷത്തിന്നും കാരണമായെങ്കിൽ അതു് അസ്വാഭാവികവുമല്ല. ലഹളക്കാരുടെ സ്ഥിതിയാണെങ്കിൽ, അക്രമികൾ എന്നുള്ള നില പോയി കേവലം ആത്മരക്ഷക്കുവേണ്ടി പൊരുതുവാൻ നിർബന്ധിതരായിരിക്കുന്നവർ എന്ന നിലയും ഇപ്പോൾ വന്നുചേർന്നു. ലേശവും വർഗ്ഗീയഭാവമില്ലാതിരുന്ന ഒരു അസംതൃപ്തജനവിഭാഗത്തിന്റെ ഇളക്കം, ഈ സ്ഥിതിയിൽ വർഗ്ഗീയ നിറമുള്ള ഒരു മാപ്പിളലഹളയായി പരിണമിച്ചു. കുഞ്ഞഹമ്മദുഹാജിയെപ്പോലെയുള്ള തലവന്മാർക്കു മുമ്പുണ്ടായിരുന്ന നിയന്ത്രണശക്തിയും ഇപ്പോൾ ഇല്ലാതേയായി. മേൽപ്രസ്താവിച്ചപോലെ സംഘടിതരായിരുന്ന ലഹളക്കാർ പട്ടാളക്കാരുടെ സാന്നിദ്ധ്യം നിമിത്തം ചെറിയ ചെറിയ വിഭാഗങ്ങളായിത്തിരിഞ്ഞു പല പല മാർഗ്ഗങ്ങളിലായി സഞ്ചരിക്കുകയായിരുന്നു. സാമ്പത്തികപരമായ അസ്വാസ്ഥ്യം മതഭ്രാന്തന്മാരുടെ നേതൃത്വത്തിൽ വഴിപിഴച്ചിട്ടുള്ളതിന്നും വർഗ്ഗീയകലാപങ്ങളായി പരിണമിച്ചിട്ടുള്ളതിന്നും ചരിത്രത്തിൽ അനേകം ദൃഷ്ടാന്തങ്ങളുണ്ടു്. മലബാർ ലഹള ഇതിന്നു മറെറാരു ദൃഷ്ടാന്തമാകുന്നു.

ഗണേശശങ്കർ വിദ്യാർത്ഥിയെപ്പോലെ മനസ്സാന്നിദ്ധ്യവും ആത്മത്യാഗബുദ്ധിയും ഉള്ള ഏതാനും ചില നായകന്മാരെങ്കിലും ഹിന്ദുക്കൾക്കില്ലാതെ പോയതാണു് അവർക്കിന്നുണ്ടായ വലിയ നിർഭാഗ്യം. കോൺഗ്രസ്സ് നേതാക്കന്മാരിൽ പലക്കും നൽകിയിരുന്ന നിരോധനാജ്ഞമൂലം അവർക്കു ലഹളസ്ഥലങ്ങളിലേക്കു പ്രവേശനമില്ലാതെ വന്നു എന്നുള്ളതു് വാസ്തവമാണു്. ലഹളസ്ഥലങ്ങളിൽനിന്നു് ഭയപ്പെട്ടു് ഓടിവന്ന അനേകായിരം അഗതികൾക്കു കോൺഗ്രസ്സുകാരുടെ സവിശേഷ

മായ ഉൽസാഹത്താൽ ജീവസന്ധാരണ സൗകര്യങ്ങാം നൽകി യെന്നുള്ളതും, പരമാർത്ഥമാണ്. അക്രമം പ്രവർത്തിച്ച ലഹളക്കാരേയും, ലഹളക്കാരിലും പട്ടാളക്കാരിലും നിന്ന ഒന്നുപോലെ അക്രമങ്ങാം സഹിക്കേണ്ടിവന്ന നിസ്സാഹായരായ ജനസാമാന്യത്തേയുംകോൺഗ്രസ്സുകാർ ഒന്നുപോലെ ഉപേക്ഷിച്ചുകളഞ്ഞതിന്നു അവരിൽ ഏതാനും പേർക്കു ലഭിച്ച നിരോധനാജ്ഞ മതിയായ ഒരു സമാധാനമാകുന്നതല്ല. ഒരു നിരോധനാജ്ഞയെ ലംഘിക്കുവാൻ ഒരാറംക്കു ധാർമ്മികമായ ആവശ്യവും അവകാശവും എപ്പോഴെങ്കിലും വന്നുകൂടാമെങ്കിൽ ആയതു നിശ്ചയമായും ഇതുപോലെയുള്ള അവസരങ്ങളിൽ തന്നേയാകുന്നു, തൻെറ സഹോദരങ്ങാം തമ്മിൽ ഒരു ലഹളയുണ്ടായി എന്നു കേട്ടാൽ അവിടെ പോയി ആ ലഹളയെ ശമിപ്പിക്കുവാൻ കർത്തവ്യമുണ്ടെന്നും, താൻ പോകുന്നതായാൽ പ്രയോജനമുണ്ടാകുമെന്നും വിശ്വസിക്കുന്ന ഒരാറംക്കു് യാതൊരു നിരോധനാജ്ഞയും അലംഘ്യമായി വരുന്നതല്ല. ഡൽഹിയിൽവെച്ചു ഏതാദൃശമായ ഒരു ഘട്ടത്തിൽ സ്വാമി ശ്രദ്ധാനന്ദൻ, പട്ടാളത്തിൻെറ നിരോധനാജ്ഞ വകവെക്കാതെ, "വേണമെങ്കിൽ എന്നേ വെടിവെച്ചു കൊറംക" എന്നുപറഞ്ഞുകൊണ്ടു് മുമ്പോട്ടുപോയതും അതിന്നു വിസ്മയകരമായ ഫലം ഉണ്ടായതും ഇപ്പോറം ചരിത്രപ്രസിദ്ധമാണല്ലോ. പക്ഷേ, അങ്ങിനെ ഒരുങ്ങുവാൻ അനിതരസാധാരണമായ മനസ്സാന്നിദ്ധ്യവും ആത്മത്യാഗബുദ്ധിയും ആവശ്യമാണ്.

ലഹളയുടെ ആരംഭത്തിൽ, വർത്തമാനം ഗ്രഹിച്ചു് കെ. മാധവൻ നായർ എം. പി. നാരായണമേനോനും അബ്ദുറം റഹിമാൻ താല്പര്യപ്പെട്ട പ്രകാരം പൂക്കോട്ടൂർക്കു് പോയിരുന്നു. അപ്പോറം ലഹള തുടങ്ങിയിരുന്നില്ല. വടക്കേവീട്ടിൽ മുഹമ്മദും മററും അറസ്ററിന്നു വഴിപ്പെടാതേ നിൽക്കുന്നതുകൊണ്ടു് അനാശാസ്യസംഭവങ്ങാം ക്കു സംഗതിയാവുമെന്നും അതിനാൽ അക്രമരാഹിത്യസിദ്ധാന്തം തികച്ചും ദീക്ഷിച്ചുകൊണ്ടു് അറസ്ററിന്നു വിധേയരാകേണമെന്നും ഇവർ മുസ്ലിംകളോടുപദേശിച്ചു. ആ ഉപദേശമനുസരിച്ചു് പ്രവർത്തിക്കുവാൻ അവരിൽ അധികം

മാധവൻനായരുടേയും മററും ശ്രമം

പേരും ഒരുക്കമുള്ളവരായി കാണപ്പെട്ടു. ഇതു് ആഗസ്ററ് 20-ാം തീയതി വൈകുന്നേരമായിരുന്നു. എന്നാൽ തിരൂരങ്ങാടിയിലെപള്ളി പോലീസ്സുസൈന്യം ആക്രമിച്ചിരുന്നു എന്നൊരു വർത്തമാനം അപ്പോഴേക്കും അവിടെ എത്തുകയും പൂക്കോട്ടൂർ മാപ്പിളമാർ ഇളകി വശാകുകയും ചെയ്തു "അക്രമത്തിന്നാണു് നിങ്ങളും ഒരുക്കമെങ്കിൽ നിങ്ങളോടുകൂടി ഞാനില്ല" എന്നു പറഞ്ഞു നെഞ്ചിൽ കൈവെച്ചു്കൊണ്ടു് മാധവൻനായർ സ്നേഹിതനോടുകൂടി മടങ്ങുകയാണു് ചെയ്തതു്. എന്നാൽ അവരോടു് അപ്പോഠംമുതൽക്കു് പരിപൂർണ്ണമായ ഒരു നിസ്സഹകരണഭാവം എത്തി; പോലീസ് സ്റേറഷനേയും പോലീസ് ഇൻസ്പെക്ടറേയും ഡിസ്ട്രിക്ട മുൻസിഫിനേയും ലഹളക്കാരിൽനിന്നു് രക്ഷിക്കുവാൻ അവരാൽ ആവുന്നതെല്ലാം നോക്കുകയും, അതിന്നു് അവർക്കു് മാപ്പിളമാരുടെ ഇടയിൽ പൊതുവിലുണ്ടായിരുന്ന സ്വാധീനം ഉപയോഗിക്കുകയും, ലഹളക്കാർ മഞ്ചേരിയിൽ ഉപദ്രവമൊന്നുമുണ്ടാക്കാതെ തിരിച്ചുപോകത്തക്കവണ്ണം അവരുടെ സർവ്വസ്വാധീനങ്ങളും ഉപയോഗിക്കാമെന്നു് പോലീസ് ഇൻസ്പെക്ടരോടു ഏൽക്കുകയും ആ ഉറപ്പിന്മേൽ പോലീസ്സു് ഇൻസ്പെക്ടർ അന്നുരാത്രി ഗാഢമായി നിദ്രകൊള്ളുകയും ചെയ്തതായി കോടതി രേഖകളിൽനിന്നു കാണുന്നു.

സംഭവബഹുലമായ ''മാപ്പിളലഹള''യെ സംബന്ധിച്ച വിജ്ഞേയമായ പല സംഗതികളും ഹൃദയഭേദകമായ പല വൃത്താന്തങ്ങളും എടുത്തെടുത്തു് വിവരിക്കുവാനുണ്ടു്. എന്നാൽ ഈ ഗ്രന്ഥം മലബാറിൻെറ ഒരു ചരിത്രമോ ''മാപ്പിളലഹള' യുടെ ഒരു റിപ്പോർട്ടോ അല്ലാത്തതിനാൽ കൂലങ്കഷമായ ഒരു പ്രതിവാദനത്തിന്നു ഇവിടെ സാംഗത്യമില്ല. എന്നാൽ മലബാറിൽ കോൺഗ്രസ്സിൻേറയും ഖിലാഫത്തിൻേറയും സമാധാനപരമായ പ്രസ്ഥാനങ്ങളുടെ അഭിവൃദ്ധിക്കു് ഈ ലഹള ബാധകമായിത്തീരുകയാലും, ഈ ലഹളനിമിത്തം ഇവിടത്തെ ഹിന്ദുക്കളും മുസ്ലിംകളും തമ്മിലുള്ള ഐക്യത്തിന്നും വിശ്വാസത്തിന്നും വലുതായ ഭംഗം വരികയാലും, അങ്ങിനെ ഇന്ത്യയുടെ സ്വരാജ്യ സമ്പാദനാർത്ഥമുള്ള സംരംഭംതന്നേ തൽക്കാലം ക്ഷീണിക്കുന്ന

ലഹളയിൽ നിന്നുള്ള പാഠം

തിന്നു സംഗതിയാകയാലും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസമരത്തെ തോല്പിക്കുവാനുള്ള അധികൃതന്മാരുടെ ഉദ്ദേശം ഈ വിധം വിജയമായതിൽനിന്നു നമുക്കു വളരെ പാഠങ്ങൾ പഠിക്കുവാനുള്ളതിനാലും മലബാറിൽ നടന്ന ഈ പരിതാപകരമായ ലഹളയുടെ സമാന്യഭാവത്തെക്കുറിച്ച് കുറഞ്ഞൊന്നിവിടെ പ്രതിപാദിച്ചുവെന്നേ ഉള്ളൂ. ഈ ലഹളയെ സംബന്ധിച്ച്, 1921 ഡിസംബർ മാസത്തിൽ അഹമ്മദാ ബാദിൽവെച്ചു കൂടിയ 36-ാം മത്തെ കോൺഗ്രസ്സ് സമ്മേളനത്തിൽ പാസ്സാക്കിട്ടുള്ള പ്രമേയം, ആ സമ്മേളനത്തേപ്പററിയുള്ള വിവരങ്ങളിൽ, ഈ ഗ്രന്ഥത്തിന്റെ 277 ാം ഭാഗത്തു കാണാം.

## അദ്ധ്യായം 7

# സരോജനീസന്ദേശം

മലബാറിൽ ലഹളനിമിത്തം വന്നുചേർന്ന അസ്വാസ്ഥ്യത്താൽ കോൺഗ്രസ്സ് പ്രവൃത്തി വളരെ മന്ദീഭവിച്ചു. കമ്മിററികൾ പലേടത്തും നിലച്ചുപോയി. സഞ്ചാരസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും നിരോധിക്കപ്പെട്ടിരുന്നതിനാൽ പ്രവർത്തകന്മാർക്കു അവിടവിടെ മിണ്ടാതിരിക്കേണ്ടിവന്നു, ജനസാമാന്യമാകട്ടെ, ഭയവിഹ്വലരായും തീർന്നു.

**റിലീഫ് പ്രവൃത്തികൾ**

ലഹളസ്ഥലങ്ങളിൽനിന്നും ഓടിപ്പോന്ന അഗതികളുടെ കൂട്ടത്തിൽ സാധുക്കളോടൊപ്പംതന്നേ ആഢ്യബ്രാഹ്മണരും ഹിന്തുക്കളോടൊപ്പം മുസ്ലിംകളും പുരുഷന്മാരോടൊപ്പം സ്ത്രീകളും ഉണ്ടായിരുന്നു. അവരിൽ നല്ലൊരുഭാഗം കോഴിക്കോട്ടും വേറെയൊരുഭാഗം തൃശ്ശൂരും കോൺഗ്രസ്സിൻെറ സംരക്ഷണത്തിൽ പലമാസക്കാലം ജീവിച്ചു. ഇവരുടെ തൃപ്തികരമായ താമസത്തിന്നും യോഗ്യമായ ആഹാരത്തിന്നും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിലായിരുന്നു സംസ്ഥാനകോൺഗ്രസ്സ് കമ്മിററി മുഖ്യമായും ശ്രദ്ധിച്ചതു്. ഇതിലേക്കു വേണ്ടുന്ന പണം ശേഖരിക്കുന്നതിന്നു പി. രാമുണ്ണിമേനോൻ ബോംബെയിൽ പോയി ഏതാനും മാസം അവിടെ താമസിച്ചു് ധനശേഖരപ്രവൃത്തികൾ ചെയ്തുവന്നു. വേറെയും പ്രധാനപ്പെട്ട ചില പ്രവർത്തകന്മാർ ഈ കാര്യത്തിലേക്കു പുറമേ പോയി ഉൽസാഹങ്ങൾ ചെയ്തു. ഡൽഹിയിൽവെച്ചു കൂടിയ സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുടെ യോഗത്തിലും പ്രവർത്തകക്കമ്മിററിയുടെ മുമ്പിലും, അന്നു എ. ഐ സി. സി. മെമ്പറായിരുന്ന എ. കെ. പിള്ള ചെയ്ത നിവേദനങ്ങളുടെ ഫലമായി സർവ്വേന്ത്യാ

കോൺഗ്രസ്സ് കമ്മിററിയിൽനിന്നു ഗണ്യമായ ഒരു സംഖ്യ ഇതിലേക്കു അനുവദിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ അഭ്യർത്ഥനയനുസരിച്ച്, വേണ്ടുന്ന പണവും വസ്ത്രങ്ങൾ മുതലായ സാധനങ്ങളും രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും മലബാറിലേക്കു വന്നുകൊണ്ടിരുന്നു. അനേകായിരം ആളുകളുടെ പാർപ്പിന്നും ആഹാരാദിസൗകര്യങ്ങൾക്കും ഏർപ്പാടുചെയ്യുക എന്നുള്ളതു് എത്രയോ ശ്രമസാദ്ധ്യമായ ഒരു സംഗതിയാണ്. അതും ഏതാനും ദിവസങ്ങൾക്കല്ല; വളരെ മാസങ്ങൾക്കായിരുന്നു. ആളുകളാണെങ്കിൽ പല തരക്കാർ; പല സ്ഥിതിയിലുള്ളവർ; വൃദ്ധന്മാർ; ബാലന്മാർ; രോഗികൾ; ശിശുക്കൾ ഇവർക്കെല്ലാം തരാതരമനുസരിച്ച വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുക എന്നുള്ള ശ്രമസാദ്ധ്യമായ പ്രവൃത്തി മാധവൻനായർ, കേശവമേനോൻ എന്നിവരുടെ സശ്രദ്ധമായ മേൽനോട്ടത്തിൽ കോഴിക്കോട്ടും, കരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിൻെറ മേൽനോട്ടത്തിൽ തൃശ്ശൂരും വെടിപ്പായി നടത്തിവന്നിരുന്നു.

രാഷ്ട്രീയമായ പ്രവൃത്തികൾ എന്തെങ്കിലും നടത്തുവാൻ അക്കാലത്തു കഴിഞ്ഞിരുന്നതു് തിരുവിതാംകൂറിൽ മാത്രമായിരുന്നു. അവിടെ പല താലൂക്കുകളിലുമായി 64 കോൺഗ്രസ്സ് കമ്മിററികൾ അന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. പതിനഞ്ചോളം സ്ഥിരപ്രവർത്തകന്മാർ മുഴുവൻ സമയവും ദേശസേവനത്തിൽ ചെലവഴിച്ചിരുന്നു. അവരെ കൂടാതെ പല യുവാക്കന്മാരും പൊതുക്കാര്യതല്പരന്മാരും നാട്ടുപ്രമാണികളും കോൺഗ്രസ്സ് പ്രവൃത്തിയെ ഹാർദ്ദമായി സഹായിക്കുകയും ചെയ്തുവന്നു.

തിരുവിതാംകൂറിൽ പ്രചാരപ്രവൃത്തി

1921 മുതൽ സ്ഥാപിച്ച എ. കേ. പിള്ളയുടെ പത്രാധിപത്യത്തിൽ നടത്തിവന്നിരുന്ന "സ്വരാട്ടം" "സ്വദേശാഭിമാനി"യും കോൺഗ്രസ്സിൻെറ പ്രചരണപ്രവൃത്തിയെ കാര്യക്ഷമമായി

സഹായിച്ചുകൊണ്ടിരുന്നു*. വെയിൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശനം സംബന്ധിച്ച സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുടെ തീരുമാനപ്രകാരം തിരുവിതാംകൂറിലെ പ്രധാന സ്ഥലങ്ങളിലെല്ലാം വിജയകരമായി ഹർത്താൽ അനുഷ്ഠിച്ചു. അധികൃതന്മാരുടെ പ്രേരണകളോ ഭീഷണികളോ വഴിപ്പെടാതെ കൊല്ലത്തും ആലപ്പുഴയും തിരുവനന്തപുരത്തും കച്ചവടക്കാർ ഷാപ്പുകൾ പൂട്ടുകയുണ്ടായി. ഈ ഹർത്താൽ സംബന്ധിച്ച് എ. കെ. പിള്ളയുടേയും പത്മനാഭപ്പിള്ളയുടേയും കൊല്ലത്തെ രണ്ടു മുസ്ലിം കച്ചവടക്കാരുടേയും പേരിൽ കേസ്സെടുക്കുകയും ചെയ്തിരുന്നു. പ്രതികളെ ഓരോ കൊല്ലത്തേക്കു ശിക്ഷിച്ചുവെങ്കിലും, ഹൈക്കോടതിയിൽനിന്നു കേസ്സ് വിട്ടുപോയി. നാഗപ്പൂർ കോൺഗ്രസ്സ് സമ്മേളനത്തിൽ പാസ്സാക്കപ്പെട്ടിരുന്ന വിദ്യാലയബഹിഷ്ക്കരണം, നിയമസഭാബഹിഷ്ക്കരണം, കോടതിബഹിഷ്ക്കരണം എന്നീ ബോയിക്കോട്ടു പ്രമേയങ്ങളിൽനിന്നു നാട്ടുരാജ്യങ്ങളെ ഒഴിവാക്കിയിരുന്നതിൽ ഈ കേസ്സു രണ്ടു കോടതികളിലും ശക്തിയായി നടത്തിയിരുന്നു. ഇതല്ലാതെ, കോൺഗ്രസ്സ് പ്രവർത്തകന്മാരുടെ പേരിൽ മററു പ്രോസിക്യൂഷനൊന്നും ഗവർമ്മെണ്ടു് ആജ്ഞാപിച്ചിരുന്നില്ല. കോൺഗ്രസ്സ് പ്രചാരപ്രവൃത്തികൾ തിരുവിതാംകൂറിൽ അക്കാലത്തു സാമാന്യം നിർബ്ബാധമായിത്തന്നേ നടന്നു.

കൊച്ചിയിലെ സ്ഥിതി ഇത്രയും തന്നേ നിർബ്ബാധമായിരുന്നുവെന്നു പറയുവാൻ വയ്യ. നാഗപ്പൂർ സമ്മേളനത്തിന്റെ സമീപകാലത്തായിരുന്നു, അന്നു് കൊച്ചി ദിവാനായിരുന്ന ടി. വിജയരാഘവാചാരിയുടെ നയവിശേഷത്താൽ തൃശ്ശൂരിൽ വലിയ ഒരു ലഹളനടന്നതു്, ഇതിനേത്തുടന്നു് ഒരു സംവൽസ

* 'സ്വരാട്ട്' ഒരു പ്രതിവാരപത്രമായി ആരംഭിച്ചതു് പിന്നീടു ആഴ്ചയിൽ മൂന്നായും ഒടുവിൽ പ്രതിദിനമായും നടന്നു. ആദ്യത്തെ ഏതാനും വർഷങ്ങൾ കോൺഗ്രസ്സ് പ്രചരണത്തിന്നു കേരളത്തിൽ 'സ്വരാട്ട്' അല്ലാതെ വേറെ വർത്തമാനപത്രം ഉണ്ടായിരുന്നില്ല. തിരുവിതാംകൂറിലെന്നപോലെ കൊച്ചിയിലും മലബാറിലും അതിന്നു പ്രചുരമായ പ്രചാരം ഉണ്ടായിരുന്നു. 'സ്വരാട്ടും' ഒരു മാസികാഗ്രന്ഥമായിരുന്ന 'സ്വദേശാഭിമാനി'യും 1929—ൽ എ. കെ. പിള്ള രണ്ടാമതു ഇംഗ്ളണ്ടിലേക്കു പോകുന്നതുവരെ നടത്തിയിരുന്നു.

രത്തേക്കു കൊച്ചി സംസ്ഥാനത്തിൽ എങ്ങും യാതൊരു പൊതുയോഗവും കൂട്ടവാൻ പാടില്ലെന്നു നിരോധിച്ചുകൊണ്ടു അക്രമപൂർവ്വമായ ഒരു വിളംബരം ഉണ്ടായി. അതിനാൽ 1921 മുഴവൻ കൊച്ചിയിൽ യാതൊരു യോഗവും ചേരാനോ ഗണ്യമായ എന്തെങ്കിലും പ്രചാരവേലചെയ്യുവാനോ സാധിച്ചിരുന്നില്ല. ഈ വിചിത്രമായ വിളംബരത്തെ സംബന്ധിച്ച് കൊച്ചിയിലെ ജനങ്ങൾ യാതൊരു പ്രക്ഷോഭവും കൂടാതേ അടങ്ങി പാർത്തതു് അതിലുമേറെ വിചിത്രമായിരുന്നു. മലബാർ ഡിസ്ട്രിക്ടിലെങ്ങും യാതൊരു യോഗവും ചേരുവാൻ സാധിക്കാത്തവണ്ണം ഒരൊററ നിരോധനാജ്ഞ നൽകുവാൻ മലബാർ ഡിസ്ട്രിക്ടിലെ കലക്ടർ മിസ്റ്റർ തോമസ്സ് മദ്രാസ് ഗവർമ്മെണ്ടിനോടനുവാദം ചോദിച്ചതു് വിജയരാഘവാചാരിയുടെ വിജയം കണ്ടിട്ടായിരിക്കണം. എന്നാൽ, ഒരു ജില്ലയോ ഒരു സംസ്ഥാനമോ ഒന്നാകെ ഒരു നിരോധനാജ്ഞയ്ക്കു വിധേയമാക്കുന്നതു് പട്ടാളനിയമക്കാലത്തല്ലാതെ സിവിൽ നിയമത്തിൽ സാധുവായിരിക്കുന്നതല്ലെന്നു് മദ്രാസ്സ ഗവർമ്മെണ്ടു് ചൂണ്ടിക്കാണിച്ചതും അനുവാദം നിഷേധിച്ചതും മുമ്പൊരിടത്തു പ്രസ്താവിച്ചുവല്ലോ, ഈ നിയമവ്യത്യാസങ്ങളൊന്നും വിജയരാഘവാചാരിയുടെ ഗവർമ്മെണ്ടിനെ ചലിപ്പിച്ചില്ല. കോൺഗ്രസ്സ് സ്വാതന്ത്രപ്രചരണത്തിൽ കൊച്ചിയിലെ പ്രവർത്തകന്മാർക്കു അപ്പോൾ പ്രധാന അവലംബമായിരുന്നതു് "ലോകമാന്യൻ" എന്ന മാസികാഗ്രന്ഥമായിരുന്നു. അതിൽ, ബ്രിട്ടീഷ് ഗവർമ്മണ്ടിൻെറ നേർക്കു് അതൃപ്തിയും വെറുപ്പും ഉണ്ടാക്കിയ ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു എന്നു പറഞ്ഞു് രാജദ്രോഹക്കുററം ചുമത്തി കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനേയും സബാസ്റ്റ്യനേയും 1923-ൽ കൊച്ചി ഗവർമ്മെണ്ടു് ശിക്ഷിച്ചു ആറുമാസത്തേക്കു അവരെ തടവിൽ പാർപ്പിച്ചു. എന്നാൽ എം. നാരായണമേനോൻ, കണ്ണന്തോടത്തു് വേലായുധമേനോൻ, കേ. കേശവൻ കർത്താവു് എന്നിവർ ശാന്തമായ കോൺഗ്രസ്സപ്രചരണം തുടർന്നും, ആവുംവിധം നടത്തിവരുന്നു.

കൊച്ചിയിൽ നിരോധനം

രണ്ടാമത്തെ കേരളസംസ്ഥനസമ്മേളനം തലശ്ശേരിയിലേക്കു

അവിടത്തെ കോൺഗ്രസ്സുകമ്മിററി ക്ഷണിച്ചിട്ടുണ്ടായിരുന്നു. മലബാറിലെ അപ്പോഴത്തെസ്ഥിതിക്കു, സമ്മേളനം അക്കൊല്ലം അവിടെവെച്ച് കൂടുവാൻ തരമാവില്ലെന്നു് അവർ അറിയിച്ചതനുസരിച്ച്, 1922 ഏപ്രിൽമാസത്തിൽ തൃശ്ശിവപേരൂർവെച്ച് കൂടിയ കേരളസംസ്ഥാനസമ്മേളനം തൽക്കാലം നീട്ടിവെക്കുവാൻ തീരുമാനിച്ചു. അനന്തരം 1923 മേയ്മാസം 6—ാം തീയതി പാലക്കാട്ടുവെച്ചായിരുന്നു രണ്ടാംസമ്മേളനം തുടങ്ങിയതു.

സംസ്ഥാന രണ്ടാം സമ്മേളനം 1923

അതു വളരെ ഉൽസാഹത്തോടും വിജയകരമായും നടത്തുകയും ചെയ്തു. സരോജനിനായഡുവായിരുന്നു ആദ്ധ്യക്ഷ്യം വഹിച്ചതു്. മലബാർ ലഹളനിമിത്തമുണ്ടായ കലക്കവും അതിൻെറ പ്രതിദ്ധ്വനിയായി മുൾട്ടാനിലും പഞ്ചാബിലും ഉണ്ടായ ഹിന്തുമുസ്ലീം ലഹളകളും ഗയാസമ്മേളനത്തോടുകൂടി കോൺഗ്രസ്സുകാരുടെ ഇടയിൽ നിയമസഭാപ്രവേശനം സംബന്ധിച്ചുണ്ടായ ഭിന്നിപ്പും രാഷ്ട്രീയ ചിന്തകന്മാരെ അസ്വസ്ഥരാക്കിയിരുന്ന ഒരു സമയമായിരുന്നു അതു്. "അവിശ്വാസമാകുന്നകളകളേയും വിദ്വേഷമാകുന്ന മുള്ളുകളേയും പിഴുതെറിയുവിൻ," "ഐക്യവിത്തു് വിതച്ച് സ്വാതന്ത്ര്യവിള കൊയ്തെടുക്കുവാൻ കർമ്മകൗശലവും കർത്തവ്യനിഷ്ഠയും ഉള്ള ദേശാഭിമാനികാം വയലിലേക്കിറങ്ങുവിൻ" എന്നുള്ള സന്ദേശങ്ങളായിരുന്നു വിദുഷിയായ അദ്ധ്യക്ഷ കേരളത്തിന്നു നൽകിയതു്.

ഈ കോൺഫറൻസ് കൂടുന്നതിനു് രണ്ടാഴ്ചമുമ്പു പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയ "മാതൃഭൂമി" യുടെ* ഒരു മുഖപ്രസംഗം

* അപ്പോഠം സംസ്ഥാനകോൺഗ്രസ്സ സെക്രട്ടറിയായിരുന്ന കെ. പി. കേശവമേനോനായിരുന്നു 'മാതൃഭൂമി'യുടെ ആദ്യത്തെ പത്രാധിപർ. കമ്പനി നിയമം അനുസരിച്ച് രജിസ്റ്റാക്കപ്പെട്ടിരുന്ന 'മാതൃഭൂമി' കേശവമേനോൻ, മാധവൻനായർ, പി. രാമുണ്ണിമേനോൻ. കറൂർ നമ്പൂതിരിപ്പാട്ട് മുതലായ കോൺഗ്രസ്സ് പ്രമാണികളുടെ ഉൽസാഹത്തിലും ഭാരവാഹിത്വത്തിലും അചിരേണ പ്രമുഖമായ ഒരു സ്ഥാപനമായിതീർന്നു. അതിന്നു് കേരളത്തിലും കേരളീയരുടെ ഇടയിലും നേടുവാൻ കഴിഞ്ഞിട്ടുള്ള പ്രചാരത്തിന്നും സമ്മതിക്കും ഇടയിലും ഒത്തവണ്ണം ഗംഭീരമായ ദേശസേവനം 'മാതൃഭൂമി' ചെയ്തിട്ടും ഉണ്ടു്. മലബാറിലെ കുഴപ്പക്കാലത്തും തുടർച്ചയായ കോൺഗ്രസ്സ പ്രചരണവേല 'മാതൃഭൂമി യുടെ പംക്തികളിൽ നടത്തിവരുന്നു.

ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "പല സംഗതികൾകൊണ്ടും പാലക്കാട്ടു കൂടുവാൻ പോകുന്ന ഈ കോൺഫറൻസിനു പ്രത്യേകപ്രാധാന്യമുണ്ട്. മലബാറിലെ ലഹളകഴിഞ്ഞതിൻെറ ശേഷം കേരളത്തിലുള്ള നാനാജനങ്ങളും രാജ്യകാര്യങ്ങളെപ്പററി ആലോചിക്കുവാൻ ഒത്തൊരുമിച്ച് ഒരു സ്ഥലത്തു കൂടുന്നതു് ഇപ്പോൾ ആദ്യമായിട്ടാകുന്നു. നിർഭാഗ്യവശാൽ ഉണ്ടായിട്ടുള്ള തെററിദ്ധാരണകൾ തീർത്തു് കേരളത്തിലെ കോൺഗ്രസ്സ പ്രവൃത്തിയെ പൂർവ്വാധികം ഉൽസാഹത്തോടുകൂടി നടത്തുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതിനുള്ള അവസരം ഇതാണ്. കോൺഗ്രസ്സിന്നകത്തു രണ്ടു കക്ഷികളായി ഭിന്നിപ്പുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, തർക്കവിഷയമായ കൌൺസിൽ പ്രവേശനസംഗതിയിൽ കേരളീയരുടെ അഭിപ്രായത്തെ വിശദമാക്കി കോൺഗ്രസ്സ പരിപാടിയിൽ വല്ലമാററവും വരുത്തുവാനുണ്ടോ എന്നാലോചിച്ച് അതിന്നുപദേശിക്കേണ്ടുന്ന ഭാരവും ഈ സമ്മേളനത്തിന്നുണ്ട്."

മാതൃഭൂമിയുടെ അഭിപ്രായം

സമ്മേളനത്തിൻെറ സ്വാഗതസംഘാദ്ധ്യക്ഷൻ കെ. പി. ഗായത്രീവല്ലഭയ്യർ ചെയ്ത പ്രസംഗത്തിൽ മലബാർ ലഹളകളുണ്ടായ അടിസ്ഥാനകാരണങ്ങളെ നിഷ്പക്ഷനിലയിലും സമത്ഥമായും പ്രതിപാദിച്ചു. അദ്ദേഹം പറഞ്ഞതു് ഇപ്രകാരമായിരുന്നു:— "ലഹളയുടെ വാസ്തവമായ കാരണം അതിൽ പങ്കെടുത്തവരുടെ ദാരിദ്ര്യവും ജന്മികളുടെ ഉപദ്രവവുമാണ്, അല്ലാതെ, ചിലർ പറയുമ്പോലെ ഖിലാഫത്തോ സഹകരണത്യാഗമോ അല്ല. ഖിലാഫത്തു് പ്രക്ഷോഭം ആരംഭിക്കുന്നതിനു മുമ്പ് എത്രയോ പ്രാവശ്യം ഈ ജില്ലയിൽ ലഹളയുണ്ടായിട്ടുണ്ട്. എൺപത്തഞ്ചു സംവൽസരത്തോളമായി മലബാറിൽ ഇടക്കിടെ നടന്നുവരുന്ന ലഹളകളെപ്പററി അന്വേഷണം നടത്തീട്ടുള്ള എല്ലാ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരും ലഹളയും കുടിയായ്മയുമായുള്ള ബന്ധത്തെപ്പററി പറയാതിരുന്നിട്ടില്ല. മർദ്ദനം കൊണ്ടു് ഒരിക്കലും ലഹളയെ അമർക്കുവാൻ കഴിയുന്നത

ലഹളയുടെ അടിസ്ഥാനകാരണങ്ങൾ

ല്ലെന്നും ദരിദ്രനായ മാപ്പിളക്ക് സമാധാനത്തോടുകൂടി കുടിയിൽ ഇരിക്കുവാൻ സാധിക്കുന്നതുവരെ അവൻെറ ''മതഭ്രാന്തു'' ഇളകിക്കൊണ്ടിരിക്കുമെന്നും ബലമായി മലബാർ കലക്ടരായിരുന്ന മിസ്ററർ ലോഗൻ എത്രയോ മുമ്പുതന്നേ പറഞ്ഞിട്ടുണ്ടു്. ജന്മികഠം തങ്ങളുടെ വസ്തുക്കഠം കുടിയാന്മാർക്കു് പണയം വെച്ചതാണെന്നു തെററിദ്ധരിച്ചു് ഇംഗ്ളീഷ് ജഡ്ജിമാർ ജന്മികഠംക്കു് അനർഹങ്ങളായ അവകാശങ്ങഠം നൽകിയിരിക്കുന്നു എന്നും മി. ലേഗൻ പറഞ്ഞിരിക്കുന്നു.''

''കുറച്ചുകാലമായി ജന്മികഠം അവരുടെ അവകാശങ്ങളെ നിലനിർത്തിപ്പോരുവാൻ ഒരു ജന്മിസഭയും, കുടിയാന്മാർ അവരുടെ സങ്കടനിവാരണത്തിന്നായി ഒരു കുടിയാൻമയോഗവും തുടങ്ങീട്ടുണ്ടു്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവർ തമ്മിലായിരുന്നു പോർ. പോരിന്നിടയിൽ ജന്മികഠം തങ്ങളുടെ ശക്തി ഉപയോഗിച്ചു കുടിയാന്മാർക്കു അവരുടെ ജീവിതം മുമ്പുള്ളതിലും ദുഷ്ക്കരമാക്കിത്തീർത്തിട്ടുണ്ടു്. 1919-ൽ മാപ്പിളമാരുടെ ''ഹിദായത്തുകഠം മുസ്ളീമിൻ'' സഭ മഞ്ചേരിയിൽവെച്ചു വില്ലിംഗ്ഡൺ പ്രഭുവിനോടു അവരുടെ സങ്കടങ്ങഠം പറയുകയുണ്ടായി. പക്ഷെ, അതിന്നു യാതൊരു ഫലവും ഉണ്ടായില്ല. ജന്മികളുടെ അവകാശങ്ങഠംക്കു് ഒരു വ്യവസ്ഥ വരുത്തേണ്ടതാണെന്നും അതിന്നു ജന്മിപ്രതിനിധികളും കുടിയാൻ പ്രതിനിധികളും കൂടിയാലോചിച്ചു്, ഒത്തുതീരുമാനം ചെയ്‌വാൻ ശ്രമിക്കേണ്ടതാണെന്നും കാണിച്ചു കേ. പി. രാമൻമേനോൻ ജന്മിസഭാ കാര്യദർശിക്കയച്ച കത്തിന്നാ തങ്ങഠം അതിന്നനുകൂലിക്കുവാൻ ഭാവമില്ലെന്ന നിലയിലാണു് ജന്മികഠം അദ്ദേഹത്തിന്നു മറുപടി അയച്ചതു്.''

ജന്മിസഭയും കുടിയാൻ സംഘവും

''ഇതിൻെറ ശേഷം കുടിയാന്മാർ പല ദിക്കുകളിലും യോഗങ്ങഠം നടത്തി സഭകഠം സ്ഥാപിച്ചു. കോൺഫറൻസുകൂടി ജന്മികളും അപ്രകാരം ചെയ്തു. നിയമസഭയിലെ ഒരു മെമ്പറായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻനായർ; താൻ ഒരു ജന്മിയാ

നിയമസഭാംഗങ്ങളുടെ ശ്രമം

യിരുന്നിട്ടുംകൂടി, മലബാറിലെ സമാധാനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ജന്മികുടിയാൻ കാര്യത്തിൽ ഒരു വ്യവസ്ഥ വരുത്തേണ്ടതാണെന്നു് മനസ്സിലാക്കി അതിന്നായി ശ്രമിക്കണമെന്നു് ഗവർമ്മെണ്ടിനോടപേക്ഷിച്ചിട്ടുണ്ട്. അതിൻെറ ശേഷം നിയമസഭയിൽ മെമ്പർമാരായിരുന്നിട്ടുള്ള കെ. പി. രാമൻമേനോൻ, സദാശിവഭട്ട്, എം. കൃഷ്ണൻനായർ ഇവരും തങ്ങളാൽ കഴിയുംവണ്ണം ഇക്കാര്യത്തിൽ ശ്രമിക്കുകയും ഗവർമ്മെണ്ടിൻെറ സഹായത്തിന്നപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ അതിന്നൊന്നും യാതൊരു ഫലവും ഇനിയും ഉണ്ടായിട്ടില്ല. ഇക്കഴിഞ്ഞ ലഹളയിൽ പണ്ടത്തെ ലഹളകളെ അപേക്ഷിച്ച് എത്രയോ അധികം ആളുകൾ ഏർപ്പെട്ടിരുന്നുവെന്നാണു് പൊതുവിലുള്ള വിശ്വാസം. എന്നാൽ മലബാറിൻെറ ചരിത്രം പരിശോധിച്ചു നോക്കുന്നതായാൽ അതു വാസ്തവമല്ലെന്നു് മനസ്സിലാകും. ഈ ലഹളയിൽ ഉണ്ടായതുപോലെ റെയിൽ വലിയും കമ്പിമുറിക്കലും പാലം പൊളിക്കലും മററു, മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഇതിനുള്ള കാരണം ലഹളക്കാരുടെ ഇടയിൽ പട്ടാളത്തിൽ നിന്നു പിരിച്ചയക്കപ്പെട്ടതായ അനേകം പേർ ഉണ്ടായിരുന്നതാണു്. അവരെ പറയത്തക്ക യാതൊരു ജോലിയും ഏർപ്പെടുത്താതെ പട്ടാളത്തിൽനിന്നു പിരിച്ച ഉടൻ തന്നേ അവരുടെ നാട്ടിലേക്കയച്ചതു് യുക്തമായിട്ടില്ല. അവരെ ഇംഗ്ലീഷ് സൈനികോദ്യോഗസ്ഥന്മാർ പഠിപ്പിച്ചിട്ടുണ്ടായിരുന്നതു ഇവിടെ അവർ പ്രവർത്തിച്ചുവെന്നേ ഉള്ളു” ………… ജന്മികുടിയാൻ വഴക്കാണു്, ഇക്കഴിഞ്ഞ ലഹളയുടെ പ്രധാന കാരണമായിക്കരുതേണ്ടതെന്നു് ഗായത്രീവല്ലഭയ്യർ ഖണ്ഡിതമായും അഭിപ്രായപ്പെട്ടു.

സ്വാഗതസംഘാദ്ധ്യക്ഷൻെറ പ്രസംഗത്തിന്നുശേഷം, അദ്ധ്യക്ഷ തൻെറ ചേതോഹരമായ ഭാഷയിൽ ചെയ്ത ആവേശജനകമായ ഇംഗ്ലീഷു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:-

സരോജനീനായഡുവിൻെറ പ്രസംഗം

“സ്ത്രീസ്വാതന്ത്ര്യത്തിൻെറ മാഹാത്മ്യത്തെ ആദ്യംമുതൽതന്നേ കേരളീയർ അറിഞ്ഞിരിക്കുന്നു. അതിനാൽ അവരുടെ ഈ സമ്മേളനത്തിൽ അദ്ധ്യക്ഷയായിരിക്കു

വാൻ എന്നേ ക്ഷണിച്ചതു് അസംഗതമല്ല. ഞാനിപ്പോ൦ വരുന്നതു പഞ്ചാബിൽനിന്നാണു്. അവിടേ നടക്കുന്ന വർഗ്ഗീയകലാപങ്ങ൦ ഏതൊരു ദേശാഭിമാനിയേയും വ്യസനിപ്പിക്കത്തക്കതാണു്. സമീപകാലത്തു് മലബാറിൽ സംഭവിച്ചതായ ആ മഹാകലാപത്തിൻെറ പ്രതിദ്ധ്വനികളാണു് പഞ്ചാബിൽ ഇപ്പോ൦ കേ൦ക്കുന്നതു്. സ്വതേ കലഹശീലന്മാരായ പഞ്ചാബികൾ —ഹിന്ദുക്ക൦ക്കും മുസ്ലീംക൦ക്കും— മലബാർ ലഹള ഒരു പുതിയ വഴക്കിന്നു ഹേതുവായിത്തീൎന്നു. വഴക്കിന്നുള്ള ഹേതു, മലബാറിൽനിന്നും ഉണ്ടായിരിക്കുന്നതുകൊണ്ടു് അതിൻെറ ശമനത്തിന്നായുള്ള സന്ദേശവും മലബാറിൽനിന്നും പുറപ്പെടേണ്ടിയിരിക്കുന്നു. പഴയ മൽസരങ്ങളെല്ലാം മറന്നു് പൂർവ്വാധികം ഐക്യത്തോടുകൂടി ഹിന്ദുമുസ്ലീം സഹോദരങ്ങ൦ ഇവിടെ ഒതുങ്ങി ജീവിച്ചുവരുന്നുവെന്നുള്ള ഒരു സുഹൃൽസന്ദേശമാണു് ഇപ്പോ൦ കേരളം പഞ്ചാബിലേക്കയക്കേണ്ടതു്. അതിനാൽ, ഞാനിവിടെ വന്നതു് ഒരു സന്ദേശം നൽകുവനല്ലാ, നിങ്ങളോടൊരു സന്ദേശം വാങ്ങുവാനാണു്.

ഏതുവിധം നോക്കിയാലും ഏതാദൃശമായ ഒരു സന്ദേശമയക്കുവാൻ കേരളത്തിന്നർഹതയുണ്ടു്. പാശ്ചാത്യരായ കച്ചവടക്കാർ ആദ്യം കപ്പലിറങ്ങിയതു മലയാളക്കരയിലാണു്. കേരളത്തിലെ വിശേഷപ്പെട്ട ഉല്പന്നങ്ങളാണു് ലോകത്തിൻെറ ശ്രദ്ധയേ ഇന്ത്യയിലേക്കാകർഷിച്ചതു്. ഒന്നാമതായി ഇന്ത്യാരാജ്യത്തു് ഒരു ക്രൈസ്തവദേവാലയം സ്ഥാപിച്ചതു കേരളത്തിലാണു്. കേരളരാജാക്കന്മാരാണു്, ഹിന്ദുക്ക൦കൂടി സാധാരണ അനുവദിക്കപ്പെട്ടിട്ടില്ലാത്ത അവകാശാധികാരങ്ങളെ കൃസ്ത്യാനികൾ സസന്തോഷം അനുവദിച്ചുകൊടുത്തിട്ടുള്ളതു്. ലോകത്തിലുള്ള മിക്ക രാജ്യക്കാരും, വർഗ്ഗീയസ്പർദ്ധയോ വൎഗ്ഗീയമൽസരമോ കൂടാതേ ആദ്യംമുതൽക്കുതന്നേ സ്വൈരവാസം ചെയ്തുവന്നതു് കേരളത്തിലാണു്. പരസ്പരം വ്യത്യാസപ്പെട്ടവരായ ജാതിക്കാർ തമ്മിൽ യാദൃച്ഛികങ്ങളായ വല്ല സംഗതികളാലും സംഭവിക്കാവുന്ന മൽസരങ്ങളെ സഗൗരവം വിസ്മരിച്ചു് പൂർവ്വാധികം ഐക്യത്തോടുകൂടി വർത്തിക്കേണ്ടതാണെന്നും വർത്തിക്കു

കേരളത്തിൻെറ യോഗ്യത

വാൻ സാധിക്കുമെന്നും ഉള്ള ഉൽകൃഷ്ടസന്ദേശത്തെ ലോകത്തിലെ വിടെയും എത്തിക്കുന്നതിന്നു കേരളം സർവ്വഥാ അർഹമാകുന്നു.''

''കോൺഗ്രസ്സുകാർക്കു മാത്രമല്ല, ഇന്ത്യയ്ക്കു മുഴുവൻതന്നേ കേരളത്തിൽനിന്നു പല പാഠങ്ങൾ പഠിക്കുവാനുണ്ടു്. രാഷ്ട്രീയമായും സാമുദായികമായുമുള്ള ശുഭലക്ഷണങ്ങൾ അവിടെ ധാരാളം കണ്ടുവരുന്നു. നിങ്ങളുടെ തെങ്ങിൻ തോട്ടങ്ങളിലെ മന്ദമാരുതനും പുളിമരങ്ങളുടെ തളിരുകളും കൂടി ആ ഉൽബുദ്ധതയെ സൂചിപ്പിക്കുന്നു. പൂർവ്വചരിത്രം പരിശോധിച്ചാൽ ലോകത്തിന്നുതന്നേയും കേരളത്തെ വിസ്മരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല'' യാഥാസ്ഥിതികമൂർത്തികളായ കേരളത്തിലെ ആഢ്യബ്രാഹ്മണരും അടിമകളേക്കാൾ അധികം താഴ്ത്തപ്പെട്ട നായാടികളും കൂടി സദസ്സിൽ ഒന്നിച്ചിരിക്കുന്ന അത്ഭുതക്കാഴ്ചയേക്കാൾ, ഇന്ത്യയുടെ പരമമായ ഐക്യത്തെ ആന്തരമായി ആഗ്രഹിക്കുന്ന ഏതൊരാൾക്കും അധികം ഹൃദയംഗമായ മറെറാരു കാഴ്ച ഉണ്ടാവുകയില്ലെന്നു പ്രസ്താവിച്ചശേഷം അദ്ധ്യക്ഷ, മലബാർ ലഹളയിലെ സംഭവങ്ങൾ നിമിത്തം ഹിന്ദുമുസ്ലീം മൈത്രിക്കു ഭംഗമുണ്ടാവരുതെന്നു ഉൽബോധിപ്പിച്ചുകൊണ്ടു ഇപ്രകാരം തുടർന്നു:- ''കഴിഞ്ഞതെല്ലാം ഞങ്ങൾ മറന്നിരിക്കുന്നുവെന്നും, തെററിദ്ധരിച്ചവരും തെററിദ്ധരിക്കപ്പെട്ടവരുമായ മാപ്പിളമാരോടു് ഞങ്ങൾക്കു യാതൊരു വൈരവുമാല്ലെന്നും, കേരളത്തിലെ ഹിന്ദുക്കൾ ഉറപ്പോടുകൂടി അധികൃതന്മാരെ മനസ്സിലാക്കേണ്ടതാണു്. ഹിമാലയസാനുക്കളെ അലങ്കോലപ്പെടുത്തുന്ന പഞ്ചാബിലെ കലാപത്തിന്നു് അതു് ഒരുത്തമനിവാരണ മാർഗ്ഗമായിത്തീരുകയും ചെയ്യും. മുൾട്ടാനിലെ കലാപം മാപ്പിളലഹളയുടെ ഒരു ഭാഗമോ ഒരു പര്യവസാനമോതന്നേയാണു്. ശാഖകളേയും ഉപശാഖകളേയുമല്ല, കലഹത്തിന്റെ മൂലകാരണത്തെതന്നേയാണു് നാം അറുത്തു കളയേണ്ടതു്.''

കേരളത്തിൽനിന്നുള്ള പാഠങ്ങൾ

സമ്മേളനത്തിൽ സന്നിഹിതരായിരുന്ന വന്ദ്യവയോധികയായ ബി അമ്മ (ആലി സഹോദരന്മാരുടെ മാതാവു്) ഈ സന്ദർഭത്തിൽ ഉർദ്ദുവിൽ ചെയ്ത പ്രസംഗത്തിൽ സദസ്യരെ ഇപ്രകാരം ഉൽബോധിപ്പിച്ചു:—''ഈ സഭയിൽ സന്നിഹിത

ബി അമ്മയുടെ പ്രസംഗം

രായിരിക്കുന്നവർ ഹിന്ദുക്കളായാലും ശരി, മുസൽമാന്മാരായാലും ശരി, സർക്കാർഉദ്യോഗസ്ഥന്മാരായാലും ശരി ഇന്ത്യാക്കാരായ നിങ്ങളോടെല്ലാം ഞാനൊന്നു ചോദിക്കട്ടെ: "നിങ്ങൾ അടിമകളായിരിക്കുവാൻ ആഗ്രഹിക്കുന്നുവോ, അതല്ലാ സ്വതന്ത്രരായിരിക്കുവാൻ ആഗ്രഹിക്കുന്നുവോ?" സ്വതന്ത്രരായിരിക്കേണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഹിന്ദു മുസ്ലീം ഐക്യത്തിലാണു് നിങ്ങൾ മുഖ്യമായി ശ്രദ്ധിക്കേണ്ടതു്. ഇന്ത്യയിൽ നിവസിക്കുന്ന സർവ്വമതസ്ഥന്മാരും എല്ലാ വർഗ്ഗക്കാരും ഏകമനസ്സോടുകൂടി പ്രവർത്തിക്കാത്തപക്ഷം സ്വരാജ് ലഭിക്കുകയില്ല. നിങ്ങളെല്ലാവരും യോജിക്കുന്നുവെങ്കിൽ യാതൊരു യുദ്ധവും ചെയ്യേണ്ടതായ ആവശ്യമില്ല, നിങ്ങളുടെ ജന്മാവകാശമായ സ്വരാജ് അപ്പോൾ നിങ്ങൾക്കു ലഭ്യമാകും. വടക്കേ ഇന്ത്യയിൽ ഹിന്ദുക്കളും മുസ്ലീംകളും തമ്മിൽ നടക്കുന്ന ശണ്ഠ പരിതാപകരമായിരിക്കുന്നു. ഇയ്യിടെ ചില ശണ്ഠകൾ മലബാറിലും ഉണ്ടായി. ഇതെല്ലാം നമുക്കു വലിയ ദോഷം വരുത്തിക്കൊണ്ടിരിക്കുന്നു. എല്ലാവരും ഐക്യത്തോടുകൂടി പ്രവർത്തിച്ചു സ്വരാജ്യം നേടുവിൻ".

വിശേഷ സംഭവങ്ങൾ

പിറ്റെ ദിവസം രാവിലെ, അന്നു 'സ്വരാജ്' പത്രത്തിന്റെ അധിപരായിരുന്ന കെ. എം. പണിക്കരുടെ അദ്ധ്യക്ഷതയിൽ ഒരു സാഹിത്യസമ്മേളനം നടന്നതും സംസ്ഥാനകോൺഫറൻസിന്നു മുമ്പായി ഒരു മിശ്രഭോജനം നായന്മാർ, നായാടികൾ, ബ്രാഹ്മണർ മുതലായി എല്ലാവരും ചേർന്നു നടന്നതും ഇതിൽ അദ്ധ്യക്ഷയും, സി. രാജഗോപാലാചാരി, ദേവദാസ്ഗാന്ധി എന്നിവർ പങ്കു് ചേർന്നതും സമ്മേളനം സംബന്ധിച്ചു നടന്ന ചില വിശേഷ സംഭവങ്ങളായിരുന്നു.

സമ്മേളനം വീണ്ടും ചേർന്നതിൽ താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സാക്കി. (1) മഹാത്മഗാന്ധി ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ചെയ്തിട്ടുള്ള സേവനത്തെ പ്രശംസിച്ചു. (2) മലബാർ ലഹളയെക്കുറിച്ചു് പരിതപിക്കുകയും ലഹളക്കാല

ത്തു നടന്ന കൊല, കവർച്ച, നിർബന്ധിച്ച മതംമാററൽ മുതലായ ആക്രമങ്ങളെ നിന്ദിക്കുകയും ചെയ്തു. അക്കാലത്തു് ലഹളക്കാരിൽ നിന്നോ പട്ടാളക്കാരിലും പോലീസുകാരിലും നിന്നോ

പ്രമേയങ്ങൾ

സങ്കടമനുഭവിച്ചിട്ടുള്ളവരായ നിരപരാധികളോടു സഹതപിക്കുകയും, നിർബന്ധിച്ച മതംമാററിയതിനെ നിന്ദിച്ചുകൊണ്ടു് ഖിലാഫത്തു് കോൺഫറൻസു പ്രമേയം പാസ്സാക്കിയതിൽ സന്തോഷിക്കുകയും ചെയ്തു. ലഹളയെ ഒതുക്കിത്തീർക്കുവാൻ അക്ഷീണപരിശ്രമം ചെയ്ത കോൺഗ്രസ്സ്—ഖിലാഫത്തു് പ്രവർത്തകന്മാരുടെ പ്രവൃത്തിയെ ശ്ലാഘിച്ചു. (3) ലഹളയെ ഒതുക്കുവാൻ ശ്രമിച്ചതിൽ തടവു ശിക്ഷയനുഭവിക്കേണ്ടിവരികയും കണ്ണൂർ ജയിലിൽവെച്ചു് അന്തരിച്ചുപോവുകയും ചെയ്ത ഒരുത്തമസഹകരണത്യാഗിയായ കെ. വി. ബാലകൃഷ്ണമേനോൻേറയും പാലക്കാട്ടു ജില്ലാ കോൺഗ്രസ്സ് സെക്രട്ടരിയായിരുന്ന രാമസ്വാമി അയ്യരുടേയും അകാലമരണത്തിൽ അനുശോചിച്ചു. (4) അധികാരസ്ഥന്മാരുടെ ദുഷ്പ്രവൃത്തിയിൽ തീവണ്ടിയിൽ ശ്വാസംമുട്ടി അപമൃത്യുസംഭവിച്ച മാപ്പിളമാരുടെ കുടുംബങ്ങളോടു സഹതപിക്കുകയും അധികൃതന്മാർ ഇക്കാര്യത്തിൽ പ്രദർശിപ്പിച്ച നിഷ്ഠൂരതയെ ആക്ഷേപിക്കുകയും ചെയ്തു. (5) പരസ്പരം തെററുകളെ മറക്കുവാനും ക്ഷമിക്കുവാനും രണ്ടു സമുദായങ്ങളും തമ്മിൽ സൗഹാർദ്ദപൂർവ്വം മേലും വർത്തിക്കുവാനും മലബാറിലെ ഹിന്ദുക്കളോടും മുസ്ലീംകളോടു ആവശ്യപ്പെട്ടു. മേൽപറഞ്ഞ പ്രമേയങ്ങളെല്ലാം അദ്ധ്യക്ഷതന്നേ അവതരിപ്പിക്കുകയും സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു.

(6) മലബാർ ലഹളക്കുണ്ടായ കാരണങ്ങളേയും ലഹളക്കാലത്തുണ്ടായ സംഭവങ്ങളേയും, നിവാരണമാർഗ്ഗങ്ങളേയും കുറിച്ചന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മിററിയെ നിശ്ചയിച്ചു സരോജനീനായഡുവും ഡാക്ടർ സയ്യദ് മാമുദും കേ. മാധവൻനായരും ഉൾപ്പെടെ അഞ്ചു് പേരായിരുന്നു കമ്മിററിയിൽ മെമ്പർമാർ. (പക്ഷേഅങ്ങനെ ഒരന്വേഷണം നടത്തുവാൻ കഴിഞ്ഞില്ല). തീണ്ടൽ മുതലായ അയിത്തദുരാചാരങ്ങളെ ആരും അനുഷ്ഠിക്കരുതെന്നുള്ള ഒരു പ്രമേയം വീമ്പൂർകട

ലാപ്പിൽ ശങ്കരൻ നമ്പൂതിരിപ്പാട്ട് അവതരിപ്പിക്കുകയും കേ. കേളപ്പൻ പിൻതാങ്ങുകയും ചെയ്തു. പശ്ചിമൻ രാമൻ നമ്പൂതിരി എതിർത്തു. കുറൂർ നീലകണ്ഠനമ്പൂതിരിപ്പാടും, പി. അച്യുതനും പ്രമേയത്തെ അനുകൂലിച്ചു, സംസാരിച്ചു. പ്രമേയം ഭൂരിപക്ഷാഭിപ്രായമനുസരിച്ചു പാസ്സാക്കി.

(7) മുസ്തഫാ കമാൽപാഷയുടെ നേതൃത്വത്തിൽ തുർക്കി സൈന്യങ്ങൾക്കുണ്ടായ വിജയത്തിൽ അനുമോദിക്കുകയും ഏഷ്യക്കാരുടെ സ്വാതന്ത്ര്യത്തിന്നും അഭിമാനത്തിന്നും രക്ഷകമായി കമാൽപാഷ ചെയ്യുന്ന പരിശ്രമങ്ങളെ ബഹുമാനിക്കുകയും ചെയ്തു.

(8) ഇന്ത്യയിൽ സ്വരാജ്യസ്ഥാപനത്തിനായി ചെയ്തുവരുന്ന പരിശ്രമം ഈ രാജ്യത്തിലെ ഭൂരിപക്ഷക്കാരായ തൊഴിലാളികളുടെ അഭ്യുദയത്തിന്നായുള്ള പരിശ്രമങ്ങളോടുകൂടി സജീവമായി സംഘടിപ്പിച്ചല്ലാതെ ഫലപ്രദമാകുന്നതല്ലെന്നും അതിനാൽ സ്വരാജ്യസ്നേഹികളായ ഏവരും തൊഴിലാളി സംഘങ്ങൾ രൂപവൽക്കരിച്ചും മററുവിധത്തിലും അവരുടെ ഉൽക്കർഷത്തിന്നായി പ്രവർത്തിക്കേണ്ടതാണെന്നും ഒരു പ്രമേയം ഏ. കേ. പിള്ള അവതരിപ്പിക്കുകയും യോഗം സ്വീകരിക്കുകയും ചെയ്തു,

(9) ഗയാകോൺഗ്രസ്സിന്നുശേഷം കോൺഗ്രസ്സിൽ ഉണ്ടായിട്ടുള്ള കക്ഷിവഴക്കിനേപ്പററി പരിതപിക്കുകയും ഈ മൽസരം ഉടനേ തീർക്കാൻ വേണ്ടുന്ന മാർഗ്ഗങ്ങൾ സർവ്വേന്ത്യാ കോൺഗ്രസ്സു കമ്മിററി ആലോചിച്ചു, തീർച്ചപ്പെടുത്തണമെന്ന് ആ കമ്മിററിയോടപേക്ഷിക്കുകയും ചെയ്തു. നിയമസഭാബഹിഷ്ക്കരണത്തെ സംബന്ധിച്ച് ഗയാകോൺഗ്രസ്സ് ചെയ്ത തീരുമാനത്തിൽ സമ്മേളനം അനുകൂലിച്ചതായും കാണുന്നു.

(10) വലിയ വാദപ്രതിവാദത്തിന്നിടയാക്കിയ പ്രമേയം ജന്മികുടിയാൻ കാര്യത്തെക്കുറിച്ചുള്ളതായിരുന്നു. "മലബാറിൽ ക്ഷേമവും സമാധാനവും ഉണ്ടാകണമെങ്കിൽ ജന്മികുടിയാൻകാര്യത്തിൽ ന്യായമായ ഒരു വ്യവസ്ഥ ഉടനെ വരുത്തേണ്ടതു് അത്യാവശ്യമാണു്. അതിലേക്കു താഴേകാണുന്ന

പ്രകാരം ജന്മിമാരും കുടിയാന്മാരും പ്രതിജ്ഞ ചെയ്യേണ്ടതാകുന്നു. പ്രതിജ്ഞ: മേലിൽയാതൊരു മേൽചാർത്തും എടുക്കുകയോ എടുപ്പിക്കുകയോ കൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യുന്നതല്ല. ന്യായമായ പൊളിച്ചെടുത്തവകാശം, മുതലായതു് സമ്മതിക്കുവാൻ ഒരുക്കമുള്ളവനും പാട്ടം, മിച്ചവാരം നികുതി മുതലായതു ബാക്കി കൂടാതെ കൊടുത്തുവരുന്നവനുമായ കുടിയാനെ ഒഴിപ്പിക്കുകയോ, അങ്ങിനെ ഒഴിഞ്ഞുവാങ്ങുന്ന ഭൂമി ഞാൻ കൈവശംവെച്ചും നടക്കുകയോനടത്തിക്കുകയോ ചെയ്യുന്നതും അല്ല. (അപ്പോഠം ജന്മിമാരെല്ലാവരും മാതൃകാജന്മിമാരും കുടിയാന്മാരെല്ലാവരും മാതൃകാകുടിയാന്മാരും.ആയിരുന്നുകൊള്ളാം എന്നാണല്ലൊ ഈ പ്രതിജ്ഞയുടെ അർത്ഥം;) ജന്മിമാരും കുടിയാന്മാരും തമ്മിലുണ്ടാകുന്ന വ്യത്യാസങ്ങഠം ഇരുകൂട്ടർക്കും സങ്കടം നേരിടാത്തവിധത്തിൽ ന്യായമായി പറഞ്ഞുതീർക്കുവാൻ രണ്ടു കക്ഷികളുടേയും പ്രതിനിധികഠം ഉഠംപ്പെട്ട ഒരു മദ്ധ്യസ്ഥസംഘത്തെ നിയമിക്കേണമെന്നു് കുറൂർ നമ്പൂതിരിപ്പാടു് ഒരു ഭേദഗതി കൊണ്ടുവന്നു. അതുംകൂടി പ്രമേയത്തിൻെറ രണ്ടാംഭാഗമായി ചേർക്കുന്നതു നന്നായിരിക്കുമെന്നു് കെ. മാധവൻനായർ അഭിപ്രായപ്പെട്ടു. കുറൂർ നമ്പൂതിരിപ്പാടിൻെറ നിർദ്ദേശംകൂടി ചേർത്തു ഭേദപ്പെടുത്തിയ പ്രമേയം കേ. പി. കേശവമേനോൻ പുത്തനായി അവതരിപ്പിച്ചു ദീർഘമായ വാദപ്രതിവാദങ്ങഠംക്കുശേഷം പ്രമേയം ഭൂരിപക്ഷാഭിപ്രായ പ്രകാരം പാസ്സായി. എന്നാൽ ജന്മികുടിയാൻ കാര്യത്തിൽ ഈ ഒട്ടുവിദ്യകളാലൊന്നും പ്രയോജനമുണ്ടായില്ല. അല്പമായ പരിഹാരമെങ്കിലും ഉണ്ടായതു പിന്നീടു സാധിച്ച നിയമനിർമ്മാണം വഴിക്കായിരുന്നു. ആ വിഷയത്തിൽ കേ. മാധവൻനായർ അനന്തരകാലത്തു് നിയമസഭയിലും ജന്മികുടിയാൻ വട്ടമേശസമ്മേളനത്തിലും ചെയ്ത വിലയേറിയ സേവനങ്ങഠം ഏററവും പ്രയോജനകരമായി ഭവിച്ചു. പി. രാമുണ്ണിമേനോൻ മുതലായി മററു പല കോൺഗ്രസ്സുകാരും ഈ നിയമനിർമ്മാണത്തെ സഫലമാക്കുവാൻ ഗണ്യമായ സഹായങ്ങഠം ചെയ്തിട്ടുണ്ടു്. എന്നാൽ, വാസ്തവത്തിൽ ഈ സംഗതിയിലുള്ള വിജയം മുഴുവൻ മലബാറിലെ കുടിയാൻ

ജന്മികുടിയാൻ പ്രതിജ്ഞ

പ്രക്ഷോഭണത്തിൻേറയും, കേ. പി. രാമൻമേനോൻ, ജി. ശങ്കരൻനായർ, കുഞ്ഞിരാമപ്പതിയാർ, എം. എം. കുഞ്ഞിരാമൻമേനോൻ എന്നീ കുടിയാൻ സംഘപ്രവർത്തകന്മാരുടെ അത്യദ്ധ്വാനത്തിൻേറയും ഫലമാകുന്നു.

സമ്മേളനത്തിൻെറ അവസാനത്തിൽ രാജഗോപാലാചാരിയും ദേവദാസ്ഗാന്ധിയും ഓരോ പ്രസംഗം ചെയ്കയും ദേവദാസ് ഗാന്ധിയുടെ അഭ്യർത്ഥനയനുസരിച്ചു ലഭിച്ച പണവും പണ്ടങ്ങളും കൂടി 500 ഉറുപ്പികയോളം വരികയും ചെയ്തു; അടുത്ത സമ്മേളനത്തെ കൊച്ചിയിലേക്കു ക്ഷണിച്ചു. അവിടെ കൊച്ചിഗവർമ്മെണ്ടു്, സമ്മേളനം കൂട്ടുവാൻ അനുവദിച്ചില്ല എന്നുള്ള വസ്തുത ഇവിടെതന്നേ പ്രസ്താവിച്ചേക്കാം.

അദ്ധ്യായം 8

# അയിത്തോച്ചാടനശ്രമങ്ങൾ

കൌൺസിൽ പ്രവേശനവാദികളെന്നും കൌൺസിൽ ബഹിഷ്ക്കരണവാദികളെന്നും രണ്ടഭിപ്രായക്കാർ ഇക്കാലത്തു് കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. ഇവർ തമ്മിലുള്ള ഭിന്നിപ്പും മത്സരവും കോൺഗ്രസ്സ് കമ്മിററി യോഗങ്ങളിൽ തുടർച്ചയായി ആലോചനക്കു വന്നുകൊണ്ടിരുന്നു. ഗയാസമ്മേളനത്തിന്നുശേഷം 1923 മേയ് 25—ാം തീയതി ബോംബെയിൽവെച്ചു കൂടിയ സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയിൽ തൽക്കാലത്തെ രാഷ്ട്രീയസ്ഥിതികളെ പരിഗണിച്ചു് സ്വരാജ്യക്കക്ഷിക്കെതിരായി കൌൺസിൽ പ്രവേശന വിരോധികൾ പ്രചാരവേല ചെയ്യരുതെന്നു നിശ്ചയിച്ചു. ഈ വിഷയത്തെപ്പററി ആലോചിക്കുവാൻ കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ തീരുമാനത്തെ ''അംഗീകരിച്ച''തായും എന്നാൽ ടി. ആർ. കൃഷ്ണസ്വാമിഅയ്യർ മുതലായി ചില കൌൺസിൽ പ്രവേശനവിരോധികൾ ഈ തീരുമാനത്തെ തങ്ങൾ അംഗീകരിക്കുന്നതല്ലെന്നു ശഠിച്ചതായും റിപ്പോർട്ടു ചെയ്തു കാണുന്നു. വസ്തുസ്ഥിതികൾ ഇപ്രകാരം തന്നേ ആണെങ്കിൽ വിസ്മയത്തിന്നവകാശമുണ്ടു്. സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുടെ തീരുമാനങ്ങൾ അതിൻെറ കീഴിലുള്ള സംസ്ഥാനകോൺഗ്രസ്സ കമ്മിററി അംഗീകരിക്കേണ്ട അവശ്യമില്ല. അംഗീകരിക്കുവാനുള്ള അവകാശം എപ്പോഴും സർവ്വേന്ത്യാ കമ്മിററിക്കുള്ളതും അനുസരിക്കുവാനുള്ള ചുമതല ആ കമ്മിററിയുടെ കീഴിലുള്ള സംസ്ഥാനക്കമ്മിററികളുൾപ്പെടെ എല്ലാ കോൺഗ്രസ്സ കമ്മിററികൾക്കും ഉള്ളതുമാകുന്നു.

ഇതിൻെറ ശേഷം ഡൽഹിയിൽവെച്ചു അബ്ദുൾ കലാം

ആസാദിൻെറ അദ്ധ്യക്ഷതയിൽ കൂടിയ വിശേഷാൽ സമ്മേളനത്തിൽ കൌൺസിൽ പ്രവേശനത്തിനുള്ള തടസ്സം എടുത്തുകളയുകയും സ്വന്തം മനസ്സിൽ ധാർമ്മിക തടസ്സമെന്നും തോന്നാത്തവർക്കെല്ലാം നിയമസഭകളിൽ പോകുന്നതിന്നു യാതൊരു വിരോധവുമില്ലെന്നു നിശ്ചയിക്കുകയും ചെയ്തു. ഈ തീരുമാനം അടുത്ത കൊക്കനാഡാ സമ്മേളനത്തിൽവെച്ചു കോൺഗ്രസ്സ് ദൃഢപ്പെടുത്തുകയും ചെയ്തു. അങ്ങിനെ പ്രസ്തുത വിഷയത്തിലുള്ള ഉൽസാഹങ്ങൾ എല്ലാസ്ഥലത്തും പ്രത്യക്ഷമായി. കൊക്കനാഡാ സമ്മേളനം കഴിഞ്ഞ ഉടനെ 1924 ജനുവരി 24-ാം തീയതി എറണാകുളത്തുവെച്ചു കൂടിയ സംസ്ഥാന കോൺഗ്രസ്സ കമ്മിററിയുടേ യോഗത്തിൽ താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്തു:—

വീണ്ടും സോത്സാഹ പരിശ്രമം

(1) മാർച്ച് 30-ാം തീയതിക്കു മുമ്പ് താഴെപറയുന്ന പ്രവൃത്തികൾ ചെയ്യുവാൻ ജില്ലാക്കമ്മിററികളോടും കാര്യദർശിമാരോടും ആവശ്യപ്പെട്ടു:-

(എ) തിരുവിതാംകൂർ ജില്ലയിൽനിന്നു 2500, കൊച്ചിജില്ലയിൽനിന്നു 2000, കോഴിക്കോട്ട ജില്ലയിൽനിന്നു 2000, പാലക്കാട്ടജില്ലയിൽനിന്നു 2000, വടക്കെ മലബാർ ജില്ലയിൽനിന്നു 1500-ഇങ്ങനെ പതിനായിരം മെമ്പർമാരെ കോൺഗ്രസ്സിൽ ചേർക്കുക.

(ബി) ഖദർ വില്പനക്കായി സംസ്ഥാനത്തിന്നുള്ളിൽ കഴിയുന്നേടത്തെല്ലാം ഖദർഷാപ്പുകൾ തുറക്കുക.

(സി) വളൻറിയർമാരേ ശേഖരിക്കുക—തിരുവിതാംകൂർ, 150; കൊച്ചി 100; പാലക്കാട്ട് 50; കോഴിക്കോട്ട 100; വടക്കേ മലബാർ 50.

(ഡി) തിലകസ്വരാജ്യഫണ്ടിലേക്കു് തിരുവിതാംകൂറിൽനിന്നു 1500-ം, കൊച്ചിയിൽനിന്നു് 1500-ം, പാലക്കാട്ടനിന്നു് 1500-ം, കോഴിക്കോട്ടനിന്നു 1500-ം, വടക്കേ മലബാറിൽനിന്നു 500-ം ഉറുപ്പിക പിരിക്കുക.

(2) വില്ലേജ് കമ്മിററികളിൽ ചുരുങ്ങിയതു് 50 മെമ്പർമാരെങ്കിലും ഉണ്ടായിരിക്കണമെന്നും എല്ലാ കമ്മിററിക്കും ഒരു ആഫീസുണ്ടായിരിക്കണമെന്നും കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒരു വായനശാലയും ഏതാനും വളണ്ടിയർമാരും മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരു പ്രവർത്തകനും, കുറഞ്ഞതു് ഉണ്ടായിരിക്കണമെന്നും തീരുമാനിച്ചു.

(3) കോൺഗ്രസ്സ് കാര്യങ്ങളെക്കുറിച്ചു് പൊതുവായും മേൽവിവരിച്ച കാര്യപരിപാടിയെപ്പററി പ്രത്യേകമായും പൊതുജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാനായി കേരളത്തിൽ പര്യടനം ചെയ്യുവാൻ കേ. പി. കേശവമേനോൻ, ഏ. കേ. പിള്ള, ഹസ്സൻകോയമൊല്ല, കുറൂർ നമ്പൂതിരിപ്പാട് എന്നിവരെ ഒരു കമ്മിററിയായി നിയമിച്ചു. സഞ്ചാരച്ചെലവിലേക്കു വേണ്ട സംഖ്യയും വോട്ടുചെയ്തു.

(4) കോൺഗ്രസ്സ പ്രവർത്തകന്മാരുടെ ക്രമമായ പരിശീലനത്തിന്നുവേണ്ടി, സംസ്ഥാനക്കമ്മിററിയുടെ കീഴിൽ ഒരു രാഷ്ട്രീയ വിദ്യാലയം സ്ഥാപിക്കേണ്ടതിലേക്കു സമഗ്രമായ ഒരു പദ്ധതി സമർപ്പിക്കുവാൻ കേ. പി. കേശവമേനോൻ, ഏ. കേ പിള്ള, പി. രാമുണ്ണിമേനോൻ എന്നിവരെ ചുമതലപ്പെടുത്തി.

(5) കേരളത്തിലെ ഇക്കൊല്ലത്തെ കോൺഗ്രസ്സ പ്രവൃത്തിയിൽ അയിത്തോച്ചാടനത്തെ ഒരു അടിയന്തിര വിഷയമായി കരുതി അതിലേക്കു വേണ്ടുന്നതു പ്രവർത്തിക്കുവാൻ നിശ്ചയിക്കുകയും കേ. കേളപ്പൻനായർ, ടി. കേ. മാധവൻ, വീമ്പൂർ ശങ്കരൻ നമ്പൂതിരിപ്പാട്, കേ. വേലായുധമേനോൻ, എന്നിവരെ അതിലേക്കു പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തു*.

6) മുനിസിപ്പാലിററികളിലും, ലോക്കൽ ബോർഡുകളിലും സ്ഥാനങ്ങൾ ഒഴിവുവരുമ്പോൾ കോൺഗ്രസ്സ കക്ഷിയിൽ

* കൊക്കനാഡാ സമ്മേളനത്തിൽ ഹാജരായിരുന്ന ടി. കേ. മാധവൻ കോൺഗ്രസ്സ് പ്രവർത്തകക്കമ്മിററിയുടെ മുമ്പാകെ കേരളത്തിലെ അയിത്താചാരത്താൽ അവർണ്ണ ഹിന്ദുക്കൾ അനുഭവിച്ചുപോരുന്ന അവശതകളെക്കുറിച്ചു് നിവേദനം ചെയ്യുകയും തൽഫലമായി ആ സമ്മേളനത്തിൽ അയിത്തോച്ചാടനത്തെ സംബന്ധിച്ചുള്ള പ്രവൃത്തി കോൺഗ്രസ്സ കമ്മിററികൾ ഊർജ്ജിതമായി നടത്തുവാൻ അദ്ധ്യക്ഷൻതന്നേ ഒരു പ്രമേയം സമ്മേളനത്തിൽ അവതരിപ്പിച്ചു പാസ്സാക്കുകയുമുണ്ടായി.

പെട്ടവരേ സ്ഥാനാർത്ഥികളായി നിറുത്തേണമെന്നു തീർച്ച പ്പെടുത്തി. അതിലേക്കുള്ള ചുമതല അതാതു ജില്ലാകമ്മിററി കളെ ഏല്പിക്കയും ചെയ്തു.

(7) സംസ്ഥാനക്കമ്മിററിയിലെ ചട്ടങ്ങളിൽ യുക്തമായ ഭേദഗതികൾ നിർദ്ദേശിക്കുവാൻ കേ, പി. കേശവമേനോൻ, എ. കേ, പിള്ള, എ. എസ്സ്. കൃഷ്ണയ്യർ എന്നിവരുൾപ്പെട്ട ഒരു സബ്കമ്മിററിയെ നിശ്ചയിച്ചു.

## വൈക്കം സത്യാഗ്രഹം

മേൽകാണിച്ച 3-ാം പ്രമേയത്തിലെ താല്പര്യം അനുസരി ച്ച് കേ. പി. കേശവമേനോൻ, എ. കെ. പിള്ള എന്നിവർ ആദ്യം തിരുവിതാംകൂറിൽ പര്യടനം ആരംഭിച്ചു. ഏതാനും സ്ഥലങ്ങളിൽ കുറൂർ നമ്പൂതിരിപ്പാടും ഉണ്ടായിരുന്നു. കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ, കോട്ടയം, ആലപ്പുഴ, കായംകുളം, ചങ്ങനാശ്ശേരി എന്നീ പ്രധാന പട്ടണങ്ങളിൽ മാത്ര മല്ല കീരീക്കാട്, ശാസ്താംകോട്ട, ബാലരാമപുരം മുതലായ വി ല്ലേജുകളിലും മാവേലിക്കര, പത്മനാഭപുരം, തിരുവല്ല, ചെ ങ്ങന്നൂർ, വൈക്കം തുടങ്ങിയ താലൂക്കുകളുടെ തലസ്ഥാനങ്ങളി ലും സഞ്ചരിക്കുകയും, എല്ലാ സ്ഥലത്തും കോൺഗ്രസ്സ് കാര്യ പരിപാടിയെ അധികരിച്ചുള്ള പ്രസംഗങ്ങൾ ചെയ്യുകയും ചെ യ്തു. പതിവുപോലെ ഉൾനാടുകളിലായിരുന്നു അധികം ഉൽസാ ഹം പ്രത്യക്ഷപ്പെട്ടതു്. ശാസ്താംകോട്ടയിൽ ഏകദേശം പതി നായിരത്തോളം ആളുകൾ കൂടുകയും പാർട്ടിയുടെ വരവിനേ പ്ര തീക്ഷിച്ചു രാത്രിയായാലും ക്ഷമയോടുകൂടിയിരിക്കുകയും ചെയ്തു.

(1) സംസ്ഥാനകമ്മിററിയിൽ നിന്നു പ്രത്യേകം നിയമി ച്ചിരുന്ന അയിത്തോച്ചാടനക്കമ്മിററിയുടെ സെക്രട്ടറി കെ. കേ ളപ്പൻ താഴെ പറയുന്ന പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി—"അ യിത്തം കേരളത്തിൻെറ അധ:പതനത്തിനുള്ള പ്രധാന കാര ണമാകയാൽ നിരത്ഥകവും പൈശാചികവുമായ ഈ ദുരാചാ രത്തെ കേരളത്തിൽ നിന്നു ഉച്ചാടനം ചെയ്‌വാൻ താഴെപറ യുന്ന മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കുവാൻ നിശ്ചയിച്ചിരി ക്കുന്നു. അയിത്തം നിരർത്ഥകവും മനുഷ്യത്വത്തെ വിലക്ഷണ മാക്കിത്തീർക്കുന്ന ഒരു ദുരാചാരവുമാണെന്നും നമ്മുടെ രാജ്യ

ത്തിൻെറ സ്വാതന്ത്ര്യത്തിന്നും ഹൈന്ദവസമുദായത്തിൻെറ ഉൽക്കർഷത്തിനും ഒരു വലിയ പ്രതിബന്ധമായി പരിണമിച്ചിട്ടുണ്ടെന്നും ഉള്ള വസ്തുത ഹിന്ദുക്കളെ ലഘുപത്രികകൾ മൂലവും പ്രസംഗങ്ങൾ വഴിയായും മനസ്സിലാക്കുക. ഓരോ അംശത്തിലും ഓരോ അയിത്തോച്ചാടനക്കമ്മിററി ഏർപ്പെടുത്തുക. അധ:കൃതവർഗ്ഗക്കാരുടെ സങ്കേതങ്ങളിൽ പോയി ആരോഗ്യപരവും വിദ്യാഭ്യാസപരവുമായുള്ള സേവനം നൽകുക. അധ:കൃതവർഗ്ഗക്കാർ ശുചിയായി ജീവിക്കുന്നതിന്ന് അവരെ ഉപദേശിക്കുകയും അതിന്നുവേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക. അയിത്തവും തീണ്ടലും ഇല്ലായ്മ ചെയ്‌വാൻ പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും അധ:കൃതർക്കു് പ്രവേശനം അനുവദിച്ചു കിട്ടുവാൻ വേണ്ടുന്ന എല്ലാ ശ്രമങ്ങളും ചെയ്യുവാൻ കമ്മിററിക്കു സാദ്ധ്യതയുള്ളതുമാകുന്നു.''

1924 ഫെബ്രുവരി 19-ാം തീയതി കൊല്ലത്തു് സ്വരാജ്യാഫീസിൽ വെച്ചു് കൂടിയ കമ്മിററിയുടെ ഒരു യോഗത്തിൽ, എല്ലാ ക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം ലഭിക്കുന്നതിന്നുവേണ്ട യത്നങ്ങൾ ചെയ്യണമെന്നും ഇപ്പോൾ നിലവിലിരിക്കുന്ന വിദ്യാലയങ്ങളിൽ പലേടത്തു് അധഃകൃതവർഗ്ഗക്കാർക്കു് ഉള്ളതായി അറിയുന്ന പ്രവേശനതടസ്സങ്ങൾ തീർക്കുകയും പബ്ളിക്കു് റോഡുകളിൽ കൂടി പോകുവാനുള്ള അവരുടെ സഞ്ചാരസ്വാതന്ത്ര്യത്തെ സ്ഥാപിക്കുവാൻ വേണ്ടുന്നതെല്ലാം പ്രവർത്തിക്കുകയും ചെയ്യേണ്ണമെന്നും തീരുമാനിച്ചു.

പാർട്ടി വൈക്കത്തു വന്നപ്പോൾ അവിടെ വച്ചുണ്ടായ യോഗത്തിലാണു് വൈക്കത്തെ ക്ഷേത്രത്തിന്ന സമീപമുള്ള പബ്ളിക് റോഡുകളിൽക്കൂടി അയിത്തജാതിക്കാർക്കു് സഞ്ചാരം നിരോധിച്ചിരിക്കുന്ന സ്ഥിതിയെക്കുറിച്ചു ശരിയായി അറിയുകയും അന്നു നടന്ന പ്രസംഗത്തിൽ ആ ദുരാചാരത്തേയും പൌരാവകാശധ്വംസനത്തേയും കഠിനമായി ആക്ഷേപിക്കുകയും ചെയ്തതു്. അയിത്തോച്ചാടനക്കമ്മിററിയിലെ ഒരു മെമ്പറായിരുന്ന ടി. കെ. മാധവനും ആ യോഗത്തിൽ സന്നിഹിതനായിരിക്കയും പ്രസംഗിക്കുകയും ചെയ്തു. പ്രസ്തുത മാമൂലിനെക്കുറിച്ചു്

പാർട്ടി നടത്തിയ അന്വേഷണത്തിൽ അവർണ്ണ ഹിന്ദുക്കളോട ഗവണ്മെൻണ്ടു് വലിയ അന്യായമാണു് ചെയ്തുവരുന്നതെന്നു ബോദ്ധ്യമായി. അഹിന്ദുക്കാംക്കും അവർണ്ണഹിന്ദുക്കാംക്കും ആ റോഡുകളിൽക്കൂടി സഞ്ചരിക്കാമെന്നിരിക്കെ ഈഴവർ മുതലായ അവർണ്ണ ഹിന്ദുക്കാംക്കു് അവിടെ നടക്കുവാൻ പാടില്ലെന്നു് വെച്ചിരിക്കുന്നതിലുള്ള അനീതിയെ പ്രാഥമികപൗരാവകാശത്തിൻെറ നാമത്തിൽ എതിർക്കേണ്ടതാണെന്നും തോന്നുകയാൽ ഈ വിഷയത്തിൽ ദേവസ്വം അധികൃതന്മാരുമായി ആലോചന നടത്തണമെന്നും തൃപ്തികരമായ പരിഹാരം ഉണ്ടാകുന്നില്ലെങ്കിൽ മീനം 17-ാം തീയതി മേൽപ്രസ്താവിച്ച റോഡുകളിൽ കൂടി അവർണ്ണനും സവർണ്ണരും ഒക്കേ കൂടിച്ചേർന്ന ഒരു വലിയ ഘോഷയാത്ര പോകണമെന്നും സഞ്ചാരസ്വാതന്ത്ര്യസ്ഥാപനത്തിന്നായി സത്യാഗ്രഹം തുടങ്ങേണ്ടതാണെന്നും നിശ്ചയിച്ച പൊതുജനങ്ങളുടെ സഹകരണത്തിന്നായി അഭ്യർത്ഥിക്കുകയും ചെയ്തു. ഈ വിവരം പ്രസിദ്ധമായതോടുകൂടി എല്ലാ സ്ഥലത്തും ഉൽസാഹവും ഊർജ്ജിതമായ വാദപ്രതിവാദങ്ങളും ആരംഭിച്ചിരുന്നു. സത്യാഗ്രഹവും സിവിറം ആജ്ഞാലംഘനവും അക്കാലത്തു കേരളത്തിലെന്നല്ല, ദക്ഷിണഭാരതത്തിൽക്കൂടി ഒരു വിശേഷ സംഗതിയായിരുന്നു.

ഫെബ്രുവരി 28-ാം തീയതി വൈക്കത്തുവച്ചുചേർന്ന പുലയമഹായോഗത്തിൽ കോൺഗ്രസ്സ് പര്യടനസംഘം സന്നിഹിതരായിരുന്നു. അവിടെവെച്ചു് കെ. പി. കേശവമേനോൻ ചെയ്ത പ്രസംഗത്തിലാണു് ഈ ഘോഷയാത്ര സംഗതി ആദ്യം പ്രസ്താവിച്ചതു്. നായന്മാർ മുതലായ സവർണ്ണ ഹിന്ദുക്കാം പുലയർ, ഈഴവർ എന്നിങ്ങനെ എല്ലാവരും ചേർന്നു് ഒരു ഘോഷയാത്ര പിറെറ ദിവസം തന്നെ നടത്തുവാൻ ആദ്യം ആലോചിച്ചുവെങ്കിലും സ്ഥലത്തെ പൗരപ്രമാണികളുമായി ആലോചിച്ചശേഷം അവരുടെ അഭിപ്രായമനസരിച്ചു് ഒരു മാസം കഴിഞ്ഞു് മീനം 17-ാം തീയതി ഘോഷയാത്ര നടത്താമെന്നു് തീരുമാനിച്ചു. ഈ പൗരപ്രമാണികറം അവിടെ ഹാർദ്ദമായ സഹകരണം വാഗ്ദാനം ചെയ്കയും, ദേവസ്വം അധികൃതന്മാരോടു് സംസാരിച്ചു് തൃപ്തികരമായ ഒരു തീരുമാനം അ

തിന്നകം വരുത്താൻ ശ്രമിക്കുന്നതാണെന്നു് ഭാരമേൽക്കുകയും ചെയ്തു.

എന്നാൽ, ദേവസ്വം അധികൃതന്മാർ മാമൂലിനെ മുറുകേ പിടിച്ചു് യാതൊരു വിട്ടുവീഴ്ചകൾക്കും ഭാവമില്ലാതെ ശഠിച്ചുനിന്നു. മീനം 10-ാം തീയതിയോടുകൂടിത്തന്നേ അന്നു് തിരുവിതാംകൂർ ഡിസ്ട്രിക്ട് കോൺഗ്രസ്സുക്കമ്മിററിയുടെ സെക്രട്ടറിയായിരുന്ന കേളപ്പൻനായരും, കണ്ണന്തോടത്തു വേലായുധമേനോനും വൈക്കത്തെത്തിയിരുന്നു. പ്രവർത്തകന്മാർക്കു് നിരോധനാജ്ഞ ഉണ്ടാകുമെന്നും ഘോഷയാത്ര ബലമായി തടയുമെന്നും നാട്ടിലെല്ലാം വർത്തമാനം പരന്നിരുന്നു. വേണ്ടിവന്നാൽ സത്യാഗ്രഹത്തിന്നുതന്നേ തയ്യാറാകേണമെന്നു കോൺഗ്രസ്സു് കമ്മിററി തീരുമാനിച്ചു കഴിഞ്ഞിരുന്നതിനാൽ വൈക്കത്തു് ഒരു ക്യാമ്പു് തുറക്കുവാനും വളണ്ടിയർമാരേ ചേർക്കുവാനും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. എന്നാൽ പ്രതീക്ഷിച്ചവിധം പൂർണ്ണമായ സഹകരണം സ്ഥലത്തെ സവർണ്ണപ്രമാണികളിൽനിന്നുണ്ടായില്ല. ഒരു വീടു കിട്ടുവാൻതന്നേ അല്പം പ്രയാസം നേരിട്ടു. വക്കീൽ മാധവൻപിള്ള, ഡാക്ടർ കേശവപിള്ള എന്നിവരുടെ സഹായവും ധീരമായ സഹകരണവും കോൺഗ്രസ്സു് പ്രവർത്തകന്മാർക്കു് ഈ പ്രസ്ഥാനത്തിൻെറ അവസാനം വരെ ലഭിച്ചിരുന്നുവെന്നുള്ളതു് പ്രസ്താവ്യവും ആകുന്നു. വൈക്കം ക്ഷേത്രത്തിന്നു ചുററുമുള്ള സവർണ്ണരിൽനിന്നായിരുന്നു കാര്യമായ പ്രതികൂല്യം നേരിടേണ്ടിവന്നതു്. സമീപസ്ഥലങ്ങളിൽനിന്നു സവർണ്ണാവർണ്ണഭേദമില്ലാതെ എല്ലാ ഹിന്ദുക്കളിൽനിന്നും ഉൽസാഹപൂർവ്വമായ സഹകരണം ലഭിച്ചുകൊണ്ടിരുന്നു. വളണ്ടിയർമാർ ധാരാളം വന്നു ചേരുവാൻ തുടങ്ങി. പണത്തിന്നു മാത്രമേ കുറവുണ്ടായിരുന്നുള്ളു. പാണാവള്ളി, തുറവൂർ എന്നീ സ്ഥലങ്ങളിൽനിന്നു വളണ്ടിയർമാർ മാത്രമല്ല, അരി മുതലായ സാമാനങ്ങളും ലഭിച്ചു. വൈക്കത്തിൻെറ തൊട്ടു പടിഞ്ഞാറേ താലൂക്കാണു് ചേർത്തല. അവിടത്തെ കോൺഗ്രസ്സു സെക്രട്ടരിയായിരുന്ന കെ. ജി. ഗോപാലകൃഷ്ണൻ ആ താലൂക്കിലും ടി. കെ. മാധവൻ അടുത്തുള്ള ഈഴവരുടെ ഇടയിലും ശക്തിയായ പ്രചരണവേലകൾ ചെയ്തുവന്നു. എസ്സ്. കെ. നാരായണൻ നായർ, പാണാവള്ളി കൃഷ്ണൻവൈദ്യർ

ഇവരും ആ ഭാഗത്തുനിന്നു് വലിയ സഹായികളായിരുന്നു. സമീപപ്രദേശങ്ങളിലുള്ള ഈഴവരുടെ പൊതുവിലുള്ള സഹായവും ധാരാളം ഉണ്ടായി.

മീനം 17-ാം തീയതിക്കു മുമ്പുതന്നേ കേരളസംസ്ഥാന കോൺഗ്രസ്സ് സെക്രട്ടറി കെ. പി. കേശവമേനോൻ വൈക്കത്തെത്തിച്ചേർന്നിരുന്നു. ക്ഷേത്രത്തിന്നു ചുററുമുള്ള റോഡുകളിൽ ക്ഷേത്രത്തിൻെറ മതിൽക്കെട്ടിൽനിന്നു വളരെ ദൂരേയായി "ഇതിനപ്പുറം അവർണ്ണൎക്കു പ്രവേശനമില്ല" എന്നർത്ഥം വരുന്ന നോട്ടീസുബോർഡുകൾ ദേവസ്വം അധികൃതന്മാർ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഘോഷയാത്രക്കുദ്ദേശിച്ചിരുന്നതിൻെറ രണ്ടുദിവസം മുമ്പായി കെ. പി കേശവമേനോൻ, കെ. കേളപ്പൻനായർ, ടി. കെ മാധവൻ, എ. കെ. പിള്ള, കണ്ണന്തോടത്തു വേലായുധമേനോൻ എന്നിവർക്കെല്ലാം വേറെവേറെ കോട്ടയം ഡിസ്ത്രിക്ട് മജിസ്ട്രേററിൻെറ നിരോധനാജ്ഞയും നൽകിയിരുന്നു. ഘോഷയാത്രയെ തടഞ്ഞുകൊണ്ടുള്ള പ്രഖ്യാപനവും ഉണ്ടായി. അങ്ങിനെ സഞ്ചാരസ്വാതന്ത്ര്യാർത്ഥമുള്ള സത്യാഗ്രഹസമരം വൈക്കത്തു് ആവശ്യമായി വന്നു. മീനം 17 ാം തീയതി ആയപ്പോഴേക്കും വൈക്കത്തിൻെറ അന്തരീക്ഷം ആകപ്പാടെ മാറിയിരുന്നു. അഷ്ടമിക്കാലത്തൊഴിച്ചു് താരതമ്യേന ഉൽസാഹശൂന്യമായ വൈക്കം ഇപ്പോൾ സർവ്വത്ര സചേതനമായി ഭവിച്ചു. അവിടത്തെ ഓരോ മണൽത്തരിക്കും ഓരോ സന്ദേശം നൽകുവാനുള്ളതുപോലെ കണ്ടു. മീനം 17-ാം തീയതിയിലെ ആ സുപ്രഭാതത്തിൽ സത്യാഗ്രഹക്യാമ്പിൽനിന്നു കെ. പി. കേശവമേനോൻ മുതലായ കോൺഗ്രസ്സ് നേതാക്കന്മാർ ഉൾപ്പെട്ട വലിയ ഒരു സംഘം ക്ഷേത്രസങ്കേതത്തിലേക്കു യാത്രയായി. ഓരോ ദിവസവും സവൎണ്ണരും അവർണ്ണരുമായി മൂന്നുപേർവീതം നോട്ടീസ് പലകയുടെ അതിർത്തി കടന്നു് സമാധാനപരമായി മുമ്പോട്ടുപോകാൻ ശ്രമിക്കേണമെന്നായിരുന്നു തീരുമാനം ചെയ്തിരുന്നതു്. നിരോധനാജ്ഞയെ ലംഘിച്ചു് ആരെങ്കിലും മുമ്പോട്ടു കടക്കുവാൻ ശ്രമിക്കുന്നതായാൽ അവരെ ബലംപ്രയോഗിച്ചു് തടയുമെന്നു് മാത്രമല്ല, കണക്കിന്നു പ്രഹരിക്കുവാൻ കൂടി അധികൃതന്മാർ ആലോചിച്ചിട്ടുണ്ടെന്നു വർത്തമാനം പരന്നിരിക്കതൊണ്ടു് ആദ്യത്തെ ദിവസങ്ങളിൽ

ആദ്യദിവസം

പ്രധാനകോൺഗ്രസ്സ് പ്രവർത്തകന്മാർതന്നെ അവർണ്ണരേയും കൂട്ടിക്കൊണ്ടു മുമ്പോട്ടുപോയി. സത്യാഗ്രഹമനുഷ്ടിക്കണമെന്നായിരുന്നു നിശ്ചയം. അതനുസരിച്ച് ഒന്നാമത്തെ ദിവസം കെ. പി. കേശവമേനോൻ തന്നെ ടി കെ. മാധവനോടും മററൊരവർണ്ണനായ ഒരു പുലയ വാളണ്ടിയരോടും കൂടി ജനക്കൂട്ടത്തിൽ നിന്നു് മുമ്പോട്ടുപോയി. അവിടെവച്ച് ആ സമയം അവക്ക് മാലയിടുകയും പൊട്ടുതൊടുവിക്കയും ചെയ്തു. റോഡിൻെറ ഇരുവശങ്ങളിലും ജനങ്ങൾ തിങ്ങിനിന്നിരുന്നു. നോട്ടീസ്സുബോർഡ് മുതൽ ക്ഷേത്രത്തിൻെറ ഗോപുരവാതിൽവരെയുള്ള സങ്കേതത്തിൽ പോലീസ്സ് സൂപ്രണ്ടിൻെറ നായകത്വത്തിൽ വലിയ ഒരു പോലീസ്സ് സൈന്യവും യാഥാസ്ഥിതികരായ ഒട്ടുവളരെ സവർണ്ണഹിന്ദുക്കളും നില്ക്കുന്നുണ്ടായിരുന്നു. ജനങ്ങൾ ഉൽക്കണ്ഠാകുലരായി എന്തു സംഭവിക്കുവാൻ പോകുന്നുവെന്നു നിശ്ചയമില്ലാതെ നിശ്ശബ്ദരായി നിന്നിരുന്നു. അവിടെ കൂടിയിരുന്ന ആറേഴായിരം ആളുകളും സത്യാഗ്രഹികളോടു കൂടി ഒരു സമയം ബലമായി ക്ഷേത്രത്തിലേക്കുതന്നെ കടന്നെങ്കിലൊ എന്നായിരുന്നിരിക്കണം അധികൃതന്മാരുടെ ഭയം. ഡിസ്ത്രിക്ട് മജിസ്ട്രേട്ടും പോലീസ് കമ്മീഷണറും അവിടെ സന്നിഹിതരായിരുന്നു. സധീരം മുമ്പോട്ടുപോയ സത്യാഗ്രഹികളെ ജനങ്ങൾ മൗനമായി ആശീർവ്വദിച്ചു. അവർ നോട്ടീസ് ബോർഡിന്നരികെ എത്തി. അതുവരെ യാതൊന്നും സംഭവിച്ചില്ല. അവർ പിന്നേയും മുമ്പോട്ടു നടക്കുവാൻ ഭാവിച്ചപ്പോൾ ''നിരോധനം ലംഘിച്ചതിനാൽ നിങ്ങൾ അറസ്ററിലാണ്'' എന്നു സമീപത്തായി നിന്നിരുന്ന ഡിസ്ട്രിക്ട് മജിസ്ത്രേട്ട് പ്രസ്താവിച്ചു. അപ്പോൾ വൈക്കം പോലീസ് ഇൻസ്പെക്ടർ രാമവാര്യർ അവരെ അരികെയുള്ള പോലീസ് സ്റേറഷനിലേക്കു കൂട്ടിക്കൊണ്ടുപോയി. പിന്നീടു് അവിടെ ഒന്നും ഉണ്ടായില്ല. പിറെറ ദിവസവും സത്യാഗ്രഹം തുടർന്നു പോകുമെന്നും, എന്തുതന്നെ സംഭവിച്ചാലും ജനങ്ങൾ ശാന്തരായിരുന്നു' സമാധാനപരമായ സത്യാഗ്രഹ സമരത്തെ വിജയപൂർവം നടത്തിക്കൊണ്ടു പോകുന്നതിൽ സഹായിക്കണമെന്നും എ. കെ. പിള്ള. പ്രത്യാശരായി അവിടെ നിന്നിരുന്ന ജനക്കൂട്ടത്തെ അറിയിച്ചു. ജനങ്ങൾ സമാധാനപരമായി പിരിഞ്ഞുപോകാനും തുടങ്ങി. കേശവമേനോ

നേയും മററും അന്നുതന്നെ വിസ്തരിച്ച ആറാറുമാസത്തേക്ക ശിക്ഷിച്ചു, അപ്പോഠംതന്നെ കാറിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്കയച്ചു. പതിവുപോലെ വൈകുന്നേരം അന്നും കായലിൻെറ വക്കത്തു് ബോട്ടുജെട്ടിയിലുള്ള മൈതാനത്തു വെച്ചു് പൊതുയോഗം കൂടി. ഏ. കെ. പിള്ള. കേളപ്പൻ മുതലായവർ സംസാരിച്ചു.

പിറേറദിവസം പുലർച്ചക്കു്, കേളപ്പൻനായർ, എ. കെ. പിള്ള, കണ്ണന്തോടത്തു് വേലായുധമേനോൻ ഇവരെ മൂവരേയും ഡിസ്ത്രിക്ട് മജിസ്ട്രേട്ടിൻെറ വാറണ്ടിന്മേൽ അറസ്ററ് ചെയ്തു, ഡി. എസ്. പി. കോട്ടയത്തേക്കു് കൊണ്ടുപോയി. ആജ്ഞയനുസരിച്ചു അവർ വൈക്കം വിട്ടുപോയില്ല. എന്നുള്ളതായിരുന്നു അവരുടെ മേൽചാർജ്ജ്.

രണ്ടാം ദിവസം ശിക്ഷകഠം

അവരെ നാലുമാസം വീതം ശിക്ഷിച്ചു അപ്പോഠംതന്നെ തിരുവനന്തപുരത്തേക്കയച്ചു. അവരെ അറസ്ററു ചെയ്തതു് അന്നു രാവിലെ സത്യാഗ്രഹത്തിനു നിശ്ചയിച്ചിരുന്ന സമയത്തിനു ഏകദേശം രണ്ടു മണിക്കൂർ മുമ്പായിരുന്നു. എന്നാൽ സത്യാഗ്രഹം വിഘ്നം കൂടാതെ നടന്നു. ആ സത്യാഗ്രഹികളേയും അറസ്ററു ചെയ്തു ആറാറുമാസത്തെ ശിക്ഷയാണുണ്ടായതു്. അങ്ങിനെ ഏതാനും ദിവസം തുടന്നു. കോൺഗ്രസ്സ് പ്രവർത്തകന്മാരെ അറസ്ററു ചെയ്തു ബന്ധനസ്ഥരാക്കിയ വർത്തമാനം കേരളത്തിലും പുറമേയും അതിവേഗത്തിൽ പരന്നു കഴിഞ്ഞു. തിരുവിതാംകൂറിൽനിന്നു മാത്രമല്ല കേരളത്തിൻെറ പല ഭാഗങ്ങളിൽനിന്നും വാളണ്ടിയർമാർ ധാരാളം വന്നുകൊണ്ടിരുന്നു. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോഠം ആവശ്യത്തിന്നുവേണ്ട പണവും ഞെരുക്കംകൂടാതെ കിട്ടുവാൻ തുടങ്ങി. ധനസഹായത്തിൽ അധികഭാഗവും കേരളത്തിന്നുപുറമേ നിന്നാണു ലഭിച്ചു വന്നതു്. മഹാത്മാഗാന്ധിയുടെ നിർദ്ദേശമനുസരിച്ചു സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മററിയിൽ നിന്നുതന്നെ മാസംതോറും ആയിരം ഉറുപ്പിക വീതം അനുവദിച്ചു. അവർണ്ണരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന്നുള്ള അവശതകഠം നീക്കി വിവാദവിഷയമായ റോഡുതുറന്നുകൊടുക്കേണമെന്നു സേലം വിജയരാഘവാചാരി മുതലായ ഇന്ത്യൻ നേതാക്കന്മാർ

തിരുവിതാംകൂർ മഹാരാജാവിനോടപേക്ഷിച്ചുകൊണ്ടു പ്രസ്താവനകഠം പുറപ്പെട്ടുവിച്ചു.

സത്യാഗ്രഹം ഇങ്ങിനെ ഏതാനും ദിവസം തുടർന്നുപോയപ്പോഠം ഗവർമ്മെണ്ടിൻെറ നയത്തിൽ ഒരു ഭേദം വരുത്തി. വളണ്ടിയർമാരേ അറസ്റ്റ് ചെയ്യാതേയും എന്നാൽ മുമ്പോട്ടു പോകുവാൻ അനുവദിക്കാതേയും പോലീസ്സുകാർ കാവൽനിന്നുകൊണ്ടാൽമതി എന്നു അധികൃതന്മാർ തീരുമാനിച്ചു. ഈ തീരുമാനം ആദ്യം നടപ്പിൽ വരുത്തിയ ദിവസം സത്യാഗ്രഹികളെ നയിച്ചുകൊണ്ടു് മുമ്പോട്ടുപോയതു് തലേദിവസം മലബാറിൽനിന്നെത്തിയിരുന്ന ടി. വി. ചാത്തുക്കുട്ടിനായരായിരുന്നു. പൊലീസ്സ് ആരേയും അറസ്ററു ചെയ്യാത്തതിൽ എല്ലാവരും വിസ്മയിച്ചു. സത്യാഗ്രഹികളെ മുമ്പോട്ടുവിടാതെ തടഞ്ഞുനിർത്തിക്കൊണ്ടു പോലീസ്സുകാരും അവിടേത്തന്നേ നിലയായി. വെറുതേ മടങ്ങിപ്പോരുവാൻ തയ്യാറില്ലെന്നു ചാത്തുക്കുട്ടിനായരും ഉറച്ചു. ഇങ്ങിനേ ഇരുകൂട്ടരും മുഖത്തോടുമുഖംനോക്കി അവിടെത്തന്നേ നിന്നു. ഒന്നും രണ്ടും മണിക്കൂറല്ല, വളരെവളരെ മണിക്കൂറായി. പോലീസ്സുകാർ നടന്നുമാറി, പുതിയ ബാച്ചുകഠം വന്നുകൊണ്ടിരുന്നു, ഈ സമയമെല്ലാം ചാത്തുക്കുട്ടിനായരും കൂട്ടുസത്യാഗ്രഹികളും അവിടെത്തന്നേ നിൽക്കുകയായിരുന്നു. മീനമാസത്തിലെ ആ കഠോരമായ വെയിൽമുഴുവൻ സഹിച്ചുകൊണ്ടു് ആ റോഡിൻെറ മദ്ധ്യേ സത്യാഗ്രഹികഠം ഒരേനിലയിൽ നിന്നിരുന്ന കാഴ്ച ആളുകളുടെ ഹൃദയത്തെ അലിയിച്ചു. സമയം സന്ധ്യയായി. നിന്നുനിന്നു് കാൽതളർന്നപ്പോഠം സത്യാഗ്രഹികഠം അവിടെത്തന്നേ ഇരുന്നു. അവർ ആഹാരം യാതൊന്നും കഴിച്ചിരുന്നില്ല. അവർ ദാഹം ഉണ്ടായപ്പോഠം വെള്ളംമാത്രം കുടിച്ചു. രാത്രിയായപ്പോഠം സത്യാഗ്രഹികഠം ആശ്രമത്തിലേക്കു മടങ്ങിപ്പോകേണമെന്നുള്ള അഭിപ്രായം ആശ്രമവാസികളിൽതന്നേ ബലമായി ഉണ്ടായി എങ്കിലും ചാത്തുക്കുട്ടിനായർ മാത്രം രാത്രിയും അവിടെത്തന്നേ കിടന്നു. അതിന്നകം കാഴ്ചക്കാരുടെ സംഖ്യ വർദ്ധിക്കുവാൻ തുടങ്ങിയിരുന്നു. രാത്രിയും ആളുകഠം വിളക്കുവെച്ചു് അവിടെത്തന്നേ കാത്തിരുന്നു. പിറേറന്നു പുലർച്ചയായി. പുതിയ രണ്ടുപേർകൂടി പതിവുപോലെ സത്യാഗ്രഹമനുഷ്ഠിക്കുവാൻ വന്നു. അവരേയും അറസ്ററ്

ചെയ്യാതെ തടഞ്ഞുവെക്കുകയാണു് ചെയ്തതു്. ചാത്തുക്കുട്ടിനായർ ഈ സമയത്തും റോഡിൽതന്നേ കിടക്കുകയായിരുന്നു. ഇങ്ങിനെ ഒരു സ്ഥിതി അധികൃതന്മാരാകട്ടെ, ജനങ്ങളാകട്ടെ വിചാരിച്ചിരുന്നതുമല്ല. അനവധി ആളുകരം ചാത്തുക്കുട്ടിനായരോട് ആഹാരം കഴിക്കുവാനപേക്ഷിച്ചു. പോലീസ്സു കമ്മീഷണർ തന്നേ വന്നു മടങ്ങിപ്പോകുവാൻ നല്ലവാക്കു പറഞ്ഞു. ''ഒന്നുകിൽ അറസ്ററ് ചെയ്യുക, അല്ലെങ്കിൽ മുമ്പോട്ടു പോകുവാൻ അനുവദിക്കുക— നിങ്ങരം അങ്ങിനെ ചെയ്യുവാൻ ഭാവമില്ലെങ്കിൽ ഞാൻ സ്വമേധയാ മടങ്ങിപ്പോകുവാനും തയ്യാറില്ല'' എന്നായിരുന്നു ചാത്തുക്കുട്ടിനായരുടെ മറുപടി. ഇങ്ങിനെ രണ്ടാമത്തെ ദിവസംകൂടി കഴിഞ്ഞപ്പോരം അന്തരീക്ഷം ഏറേ ഉൽക്കണ്ഠാകുലിതമായി. ജനസാമാന്യത്തിൽ പലരും കരിക്കു്, പുഷ്പങ്ങരം, പണം മുതലായതു് ചാത്തുക്കുട്ടിനായരുടെ മുമ്പിൽ വെക്കുവാൻ തുടങ്ങി. പക്ഷേ ഗവർമ്മെണ്ടിന്റെ നയത്തിൽ ഭേദം വന്നില്ല 3-ാം ദിവസം ചാത്തുക്കുട്ടിനായർ തീരേ തളന്നു ബോധരഹിതനാവുകകൂടി ചെയ്തു. ഒടുവിൽ ഡാക്ടർമാരുടെ അഭിപ്രായമനുസരിച്ചു് സത്യാഗ്രഹക്യാമ്പിൽനിന്നും ചാത്തുക്കുട്ടിനായരെ എടുപ്പിച്ചുകൊണ്ടു പോവുകയാണു് ചെയ്തതു്. പക്ഷേ ഈ ''തപസ്സു''നവമായ ഒരു വലിയ ഉൽസാഹത്തിന്നു കാരണമായി.

ഈ സത്യാഗ്രഹസമരം കേരളത്തിലെ അധഃകൃതരുടെ അവശതകളെ പരിഹരിക്കുവാനുള്ള സംരംഭത്തിന്റെ ഒരു ഭാഗമായിരുന്നുവെങ്കിലും അതിനു് വേഗത്തിൽ ഒരു അഖിലേന്ത്യാപ്രധാന്യം ലഭിക്കുകയും ഇതരഭാഗങ്ങളിലുള്ളവരും ഈ വിഷയത്തിൽ ഊർജ്ജസ്വലമായ പ്രക്ഷോഭം നടത്തുകയും ചെയ്തു.

അഖിലേന്ത്യാ പ്രാധാന്യം

ഇ. വി. രാമസ്വാമി നായകരുടെ നേതൃത്വത്തിൽ തമിഴ്നാട്ടിൽനിന്നു ഒരു സംഘം വാളണ്ടിയർമാർ വൈക്കത്തെത്തിയിരുന്നു. ജോർജ്ജ് ജോസഫ് മുതലായ ഹിന്ദുക്കളല്ലാത്ത കോൺഗ്രസ്സുകാരിൽ പലരും വൈക്കത്തു് വരികയും സമരത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈക്കം വിട്ടുപോകാൻ ഡിസ്ത്രിക്ട് മജിസ്ട്രേട്ടിന്റെ ആജ്ഞ അന്നു വൈക്കത്തുകാര

ല്ലാത്ത കോൺഗ്രസ്സ്കാർക്കെല്ലാം നൽകുക പതിവായിരുന്നു, ആ ആജ്ഞയനുസരിച്ച് പ്രവർത്തിക്കാത്തതിന് ജോർജ്ജ് ജോസഫും, ഇ വി, രാമസ്വാമി നായ്ക്കരും പിന്നീട്, ടി. ആർ. കൃഷ്ണസ്വാമി അയ്യരും, ഒടുവിൽ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും ഇങ്ങിനെ വാളണ്ടിയർമാരും അല്ലാത്തവരു മായി 30-ൽ അധികം ആളുകൾ ബന്ധനത്തിലായി. സ്വാമി സിദ്ധാനന്ദൻ, എസ്സ്. ശ്രീനിവാസഅയ്യർ എന്നിവർ വൈക്കം സന്ദർശിക്കുകയും സത്യാഗ്രഹികൾക്ക് വേണ്ടുന്ന പ്രോൽസാഹനം നൽകുകയും ചെയ്തു. സിദ്ധാനന്ദൻ ആയിരം ഉറുപ്പിക സംഭാവന ചെയ്യുക മാത്രമല്ല, കോൺഗ്രസ്സ് സമ്മതിക്കുന്നപക്ഷം ഈ പ്രസ്ഥാനത്തിൻെറ മുഴുവൻ ഭാരവാഹിത്വവും ഏറെറടുത്തുകൊള്ളാമെന്ന് പ്രസ്താവിക്കുകയും ഉണ്ടായി. പഞ്ചാബിൽ നിന്നു അകാലികൾ വൈക്കത്തു് വന്ന് ഒരു സൗജന്യഭോജനശാല എത്രയും ഉദാരമായ തോതിൽ ഏതാനും മാസം നടത്തി. അറസ്ററ് നിർത്തിയതോടുകൂടി സമരത്തിൻെറ ഊക്കിനു കുറവുണ്ടായി. പിന്നീട് വാളണ്ടിയർമാർ നാലുഗോപുരങ്ങളുടെ റോഡുകളിലും പോയി ഓരോ ബാച്ചും ഏതാനും മണിക്കൂർ വീതം നിലകൊള്ളുകയും പുതിയ ഒരു ബാച്ച് ചെന്നു് തവണമാററുകയും ചെയ്കയായിരുന്നു പതിവ്. ഇതൊരു സ്ഥിരനടപടിയായി. പോലീസുകാർക്ക് വെയിൽ കൊള്ളാതെ നിൽക്കുവാൻ അവർ പ്രത്യേകം പുര കെട്ടീട്ടുണ്ടായിരുന്നു. സത്യാഗ്രഹികൾ മുന്നോട്ടു കടക്കാതിരിക്കുവാൻ മുളകൾവെച്ചുകെട്ടുകയും ചെയ്തിരുന്നു. ഇങ്ങിനെ വന്നപ്പോൾ മുളകൾ ചാടിനടന്നാലോ എന്നുള്ള ആലോചനയായി. ഉപദേശത്തിനായി മഹാത്മാഗാന്ധിക്കു കമ്പി അടിച്ചു. അപ്പോൾ, അതു സത്യാഗ്രഹമാവുകയില്ല എന്ന അദ്ദേഹം പറയുകയാൽ മുമ്പത്തെ മാതിരി "പശുവും പുലിയും കളി" പിന്നേയും ഏതാനും മാസം തുടർന്നുവന്നു. ഇതിനിടേയാണ് മഹാത്മാഗാന്ധി വൈക്കം സന്ദർശിച്ചതു്. അപ്പോഴേക്കും, തിരുവിതാംകൂറിൽ പരേതനായ ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ സ്ഥാനത്തു് മഹാറാണി സേതുലക്ഷ്മീഭായി ഭരണകർത്രിയായി വന്നിരുന്നു. നാടുവാഴിയുടെ ചരമം പ്രമാണിച്ച് സംസ്ഥാനത്തെ തടവുകാരിൽ പലരേയും മോചിപ്പിച്ച കൂട്ടത്തിൽ

ജയിലിലുണ്ടായിരുന്ന എല്ലാസത്യാഗ്രഹികളേയും ബന്ധന വിമുക്തരാക്കി.

അവസാനം സന്ധിയായി

ഗാന്ധിയുടെ വൈക്കം സന്ദർശനവേളയിൽ തിരുവിതാംകൂർ പോലീസ്സുകമ്മീഷണർ (മി. പിററ്) ഗാന്ധിയെ സന്ദർശിക്കുകയും അവർ തമ്മിൽ ഒരു സന്ധിക്കരാർ ഒപ്പിടുകയും ചെയ്തു. മുമ്പുതന്നേ ക്രിസ്ത്യാനികളും മുസൽമാന്മാരും സഞ്ചരിച്ചു വന്നിരുന്നതായ ക്ഷേത്രറോഡുകളിൽകൂടി എല്ലാ ഹിന്ദുക്കൾക്കും തടസ്സംകൂടാതെ പോകാൻ ഗവർമ്മെണ്ടു ഇപ്പോൾ അനുവദിക്കാമെന്നും എന്നാൽ സവർണ്ണ ഹിന്ദുക്കൾക്കു മാത്രം പ്രവേശനമുള്ളതായ സങ്കേതറോഡുകളിൽ അവർണ്ണ ഹിന്ദുക്കൾക്കു പ്രവേശനം വേണമെന്നു സത്യാഗ്രഹികൾ നിർബന്ധിക്കുവാൻ പാടില്ലെന്നും ആയിരുന്നു സന്ധിയിലെ കരാർ. ഇതനുസരിച്ചു നോട്ടീസുബോർഡുകൾ പൂർവ്വസ്ഥാനങ്ങളിൽനിന്നു നീക്കുകയും സത്യാഗ്രഹം പിൻവലിക്കുകയും ചെയ്തു. അങ്ങിനെ മററുള്ളവരോടൊപ്പം പൌരാവകാശപരമായ ഒരു സഞ്ചാര സ്വാതന്ത്ര്യം അവർണ്ണർക്കുകൂടി നേടുവാൻ കഴിഞ്ഞുവെങ്കിലും ഈ വമ്പിച്ച സത്യാഗ്രഹപ്രസ്ഥാനംകൊണ്ടു് അവരുടെ അയിത്തത്തിൽ നീക്കം വന്നില്ല.

അവർണ്ണ ഹിന്ദു ജാഥ

അതിനാൽ ശ്രമങ്ങൾ പല രൂപത്തിൽ പിന്നേയും തുടരേണ്ടതായി വന്നു. ഗാന്ധിയുടെ ഉപദേശമനുസരിച്ചു് ഗംഭീരമായ ഒരു സവർണ്ണ ഹിന്ദുജാഥ എ. കെ. പിള്ളയുടേയും മന്നത്തു പത്മനാഭ പിള്ളയുടേയും നേതൃത്വത്തിൽ വൈക്കത്തുനിന്നു രാജധാനിയിലേക്കു് പുറപ്പെട്ടു. വഴിയിൽവെച്ചു് 200-ൽ അധികം സ്ഥലങ്ങളിൽ അവർക്കു് സ്വീകരണം ഉണ്ടായിരുന്നു. ഇവയിൽ മിക്ക ഇടത്തും വെച്ചു പൊതുയോഗങ്ങളും പ്രസംഗങ്ങളും ഉണ്ടായിട്ടുണ്ടു്. പുറപ്പെട്ടപ്പോൾ ഉണ്ടായിരുന്ന സംഖ്യ രാജധാനിയിലെത്തിയപ്പോൾ നാലിരട്ടിയായി വർദ്ധിച്ചു. അനുയാത്രമായി വന്ന ജനങ്ങൾക്കാണെങ്കിൽ സംഖ്യയുമില്ല. സം

ഘടിതമായ ജാഥയിൽ രാജധാനിയിലെത്തിയപ്പോഴേക്കും ആയിരം അംഗങ്ങളുണ്ടായിരുന്നു. ഇതുപോലെയുള്ള ഒരു സവർണ്ണജാഥാവിഭാഗം തെക്കെ അററത്തു് ശുചീന്ദ്രത്തുനിന്നും ഡാക്ടർ എം. ഇ. നായിഡുവിൻെറ നേതൃത്വത്തിൽ തിരുവനന്തപുരത്തേക്കു വന്നു വടക്കുനിന്നുപോയ ജാഥയുമായി സന്ധിച്ചു. സംസ്ഥാനത്തിൻെറ ഒരററം മുതൽ മറെറാരററംവരെ കൊടികൾ പറപ്പിച്ചുകൊണ്ടും മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടും സുഘടിതമായ ഒരു ശാന്തിസേന യാത്രചെയ്യുന്നതു് ശ്രദ്ധാപൂർവ്വം അനന്യസാധാരണമായ ഒരു സംഭവമായിരുന്നു. ഇരുപതിനായിരത്തോളം ആളുകൾ സംബന്ധിച്ച ഒരു മഹായോഗം കടപ്പുറത്തുവെച്ചു കൂടുകയും നാട്ടിൽനിന്നു് അയിത്തംമുതലായ ദുരാചാരങ്ങളെ ജനങ്ങളുടെ അഭിപ്രായ ശക്തിയാലും ഒരു രാജകീയ വിളംബരത്താലും ഉച്ചാടനം ചെയ്യേണ്ടതാണെന്നുള്ള നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തു. സവർണ്ണജാഥയുടെ ഒരു പ്രതിനിധിസംഘം ചങ്ങനാശ്ശേരി പരമേശ്വരപിള്ളയുടെ നേതൃത്വത്തിൽ മഹാറാണിയെ കാണുകയും അയിത്തത്തിന്നു് സവർണ്ണർ അനുകൂലികളല്ലെന്നു കാണിക്കുന്ന മെമ്മോറിയൽ, സുമാർ 25,000 സവർണ്ണഹിന്ദുക്കളുടെ ഒപ്പുകളോടുകൂടിയതു്, മഹാറാണിക്കു സമർപ്പിക്കുകയും ചെയ്തു. നിയമസഭയിലും ഈ വിഷയത്തെ സംബന്ധിച്ചു് അതിലെ ഒരു മെമ്പറായിരുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും എ. കെ. പിള്ളയും തുടർച്ചയായി പ്രക്ഷോഭണം നടത്തിവന്നു. ഇക്കാലത്തു തന്നേയായിരുന്നു, ശുചീന്ദ്രം ക്ഷേത്രറോഡുകളിൽക്കൂടി അവിടത്തെ ചില സവർണ്ണജാതിക്കാർക്കു് കടന്നുപോകുന്നതിലുണ്ടായിരുന്ന അസ്വാതന്ത്ര്യത്തെ സംബന്ധിച്ചു് ഡോക്ടർ നായഡുവിൻെറ നേതൃത്വത്തിലും ഉത്സാഹത്തിലും സത്യാഗ്രഹം നടന്നതു്. ഏതാനും മാസങ്ങൾ തൃപ്തികരമായി മുടക്കംകൂടാതെ നടന്നുവെങ്കിലും, അതും അവർക്കു് ഏററവും തൃപ്തികരമായ ഒരു നിലയിൽ പര്യാവസാനിച്ചുവെന്നു പറഞ്ഞുകൂടാ. മുമ്പെത്തെക്കാൾ സ്ഥിതിക്കു് വളരെ മാററം വന്നിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ഈ സത്യാഗ്രഹങ്ങൾകൊണ്ടും ജാഥകൊണ്ടും ഭീമഹർജികൊണ്ടും സാധിച്ചിട്ടുള്ളതു് സാർവ്വത്രികവും ഗംഭീരവു

ശുചീന്ദ്രം
ക്ഷേത്രറോഡുകൾ

മായ ഒരു പ്രചരണമാകുന്നു. അതിൻെറ പ്രയോജനം തൽക്കാലത്തെ ഫലംകൊണ്ടുമാത്രം അടക്കാവുന്നതല്ല. ഈ പ്രചരണവേലയുടെ ഒരു അനന്തരഫലം ആയിരിക്കണം ഇപ്പോഠം, ഏതാനും വർഷങ്ങഠംക്കുശേഷം തിരുവിതാംകൂർ ഗവൺമെൻറ് നിയമിച്ചിരുന്ന സ്പെഷ്യൽ കമ്മിററിയുടെ മുമ്പാകെ മൊഴി കൊടുത്ത സവർണ്ണരിൽ 90 ശതമാനത്തിലധികംപേരും അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിന്നു തികച്ചും അനുകൂലികളായിരുന്നതു്.

അദ്ധ്യായം 9

# പിന്നോക്കമുള്ള ഗതി

1924-ൽ അയിത്തോച്ചാടന പ്രവൃത്തിയും വെള്ളപ്പൊക്കം മൂലമുണ്ടായ ക്ഷാമനിവാരണ പ്രവൃത്തിയും അല്ലാതെ കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മററിക്കു കൂടുതലായൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അയിത്തോച്ചാടനത്തിൻെറ പ്രവൃത്തി രംഗം മുഖ്യമായി തിരുവിതാംകൂറും വൈക്കവും ആയിരുന്നു. പ്രധാനകോൺഗ്രസ്സ് പ്രവർത്തകന്മാർ മിക്കവരുടേയും ശ്രദ്ധ അക്കാലത്തു് അവിടെ കേന്ദ്രീഭവിക്കുകയും ചെയ്തു. കേശവമേനോൻ ജയിലിൽനിന്നു മടങ്ങി കോഴിക്കോട്ടെത്തിയപ്പോഠം, ക്ഷയരോഗബാധിതയായിരുന്ന ഭാര്യയുടെ ചികിൽസക്കായി അദ്ദേഹത്തിനു് മദ്രാസ്സിലേയ്ക്കു് പോകേണ്ടിവന്നു. സംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുമായി അതിൻെറ ആരംഭം മുതൽ സജീവമായി ബന്ധിച്ചു നിന്ന കേശവമേനോനു് അങ്ങിനെ അതിൻെറ പ്രവൃത്തികളിൽ നിന്നു പെട്ടെന്നു വിട്ടുമാറേണ്ടതായി വന്നു. തൽക്കാലത്തേക്കു മാത്രമെന്നു വിചാരിച്ചിരുന്ന ആ വേർപാടു് ഇപ്പോഴും അവസാനിച്ചിട്ടില്ല.

തൃശ്ശിവപേരൂരിൽവെച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന സംസ്ഥാനകോൺഫറൻസ് കൊച്ചി ഗവൺമെൻറിൻെറ നിരോധനാജ്ഞ നിമിത്തം നടന്നില്ല. പുതിയ സംസ്ഥാന

മാന്ദ്യം

കോൺഗ്രസ്സ് സെക്രട്ടറി പി. രാമുണ്ണിമേനോൻ അക്കൊല്ലത്തെ കോൺഗ്രസ്സ് പ്രവൃത്തിയെപ്പററി തൃശ്ശിവപേരൂരിൽ വെച്ചു കൂടിയ കമ്മിററിയോഗത്തിൽ താഴെ പറയുംപ്രകാരം റിപ്പോർട്ടു ചെയ്തു.:—

“അതിയായ ധൈര്യക്ഷതത്തോടുകൂടിയാണു് ഞാൻ ഈ റി

പ്പോർട്ട് സമർപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, അയിത്തോച്ചാടനം, സംബന്ധിച്ച നമുക്ക് ധാരാളം അഭിമാനത്തിന വകാശമുള്ളതുമായ പ്രവൃത്തിയെ ഒഴിവാക്കുന്നതായാൽ ഈ റിപ്പോർട്ടിൽ വിശേഷിച്ച് യാതൊന്നും കുറിക്കുവാനുണ്ടായില്ല. മിക്കജില്ലകളിൽ നിന്നും ശരിയായ വിവരം കിട്ടീട്ടില്ലാത്തതുകൊണ്ട് കഴിഞ്ഞകൊല്ലത്തെ പ്രവൃത്തിയുടെ വെറും സാമാന്യമായ ഒരു നിരൂപണം മാത്രമെ നൽകുവാൻ സാദ്ധ്യമുള്ളൂ. 1921-ലെ ലഹളയുടേയും അതൊന്നിച്ചുണ്ടായ ആപത്തുകളുടെയും ഫലമായി മലബാറിലെ കോൺഗ്രസ്സ് പ്രവൃത്തിക്കു ബാധിച്ച മാന്ദ്യത്തിൽനിന്നു രണ്ടുകൊല്ലം കഴിഞ്ഞിട്ടും അതിന്നുമോചനം ലഭിച്ചിട്ടുണ്ടായിരുന്നില്ല. കോൺഗ്രസ്സ് പ്രവൃത്തിയെ ഒട്ടാകെ ബാധിച്ച മാന്ദ്യവും ഗണ്യമായ പ്രവൃത്തിവല്ലതും ചെയ്യുവാൻ സാധിക്കുമെന്നുള്ള ഒരാശയോടു കൂടിയല്ല കൊല്ലം ആരംഭിച്ചതു്. ചുരുക്കം പ്രവർത്തകന്മാർ മാത്രമേ ശേഷിച്ചിട്ടുള്ളൂ. പണമില്ലാത്തതുകൊണ്ടു അവർക്കു തന്നെ ശരിയായ പ്രവൃത്തികൾ നടത്തുവാൻ അസാദ്ധ്യമായിരുന്നു, ഇതാണ് കോഴിക്കോട്ടേയും പാലക്കാട്ടേയും വടക്കേമലയാളത്തിലേയും സ്ഥിതി, എന്നാൽ കൊച്ചിയിലെയും വിശേഷിച്ച് തിരുവിതാംകൂറിലേയും സ്ഥിതി മോശമല്ലായിരുന്നു. വൈക്കത്തെ മഹാസമരം പല ദുർഘടങ്ങളേയും ഉണ്ടാക്കിക്കൊണ്ടിരുന്ന കാലത്തു തന്നെയാണു് കേരളത്തെ തീരെ അവശമാക്കിയ ഭയങ്കരവെള്ളപ്പൊക്കവും ഉണ്ടായതു്. അതിൻെറ ഫലം നാം ഇപ്പോഴും അനുഭവിച്ചു വരുന്നു. ക്ഷാമനിവാരണപ്രവൃത്തികൾ നടത്തുവാൻ ധനസഹായത്തിനായി സർവ്വേന്ത്യാ കമ്മിററിയോടപേക്ഷിച്ചതിൽ, ഇതു കോൺഗ്രസ്സ് ഏർപ്പെടേണ്ടതായ ഒരു കാര്യമാണോ എന്നുള്ളതിനെപ്പററി പ്രവർത്തക കമ്മിററിയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നതുകൊണ്ടോ എന്തോ, അനുകൂലമായ മറുപടി ഒന്നും കിട്ടുകയുണ്ടായില്ല. ഈ അഭിപ്രായ വ്യത്യാസത്താൽ തന്നെയായിരിക്കാം ക്ഷാമനിവാരണത്തിനായി മഹാത്മാഗാന്ധി സ്വന്തംപേരിൽ ധനശേഖരം ആരംഭിച്ചതു്. അങ്ങയെ പിരിഞ്ഞു കിട്ടിയതാൽ ചുരുങ്ങിയ ഒരു സംഖ്യയെങ്കിലും ഇവിടെ അയച്ചുകിട്ടിയതു് ഈയിടെ മാത്രമാണ്, ഈ കാരണത്താൽ കോൺഗ്രസ്സ് കമ്മിററിക്കു് പറയത്തക്ക ക്ഷാമനിവാരണ പ്രവൃത്തിയൊന്നും ചെയ്യുവാൻ സാധി

ച്ചില്ലെങ്കിലും മദ്രാസ്സിൽ നിന്നും മററും കിട്ടിയപണംകൊണ്ടു് ക്ഷാമനിവാരണാർത്ഥം കുറെയൊക്കെ പ്രവർത്തിച്ചിട്ടുണ്ടു്. ഇപ്പോഠം പ്രവർത്തിച്ചു വരുന്നും ഉണ്ടു്. ..... അയിത്തോച്ചാടനം സംബന്ധിച്ചു് കോൺഗ്രസ്സ് കമ്മററിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവർത്തികഠം കമ്മിററിക്കു് അത്യന്തം അഭിമാനകരവും കേരളത്തിനു ശാശ്വതമായ ഗുണം നൽകീട്ടുള്ളതും ആയിരുന്നുവെന്നുള്ളതിനു സംശയമില്ല. അയിത്തപ്പിശാചിൻെറ നൃത്തരംഗമായിരുന്ന കല്പാത്തിയിലും വൈക്കത്തും ശുചീന്ദ്രത്തും മാത്രമല്ലാ, യാഥാസ്ഥിതികരുടെ ഹൃദയാന്തർഭാഗത്തുതന്നെയും ആശാസ്യമായ ഒരു മാററം സംഭവിച്ചിട്ടുണ്ടു്.*

1925 ഏപ്രിൽ മാസത്തിൽ വൈക്കത്തുവെച്ചുകൂടിയ സംസ്ഥാന കോൺഗ്രസ്സുകമ്മിററിയുടെ യോഗത്തിൽ സംസ്ഥാന കമ്മിററിയുടെ ആഫീസ്സു് കേരളത്തിൻെറ ഒരു മദ്ധ്യസ്ഥലത്തേക്കു— അതിനാൽ കൊച്ചിയിലേക്കു— മാറേറണ്ണമെന്നു നിശ്ചയിച്ചു. കമ്മിററിയിലെ മെമ്പർമാരുടെഎണ്ണം 75-ആയിച്ചുരുക്കേണ്ടതാണെന്നും കമ്മിററിക്കു സെക്രട്ടറിയും ഖജാൻജിയും കൂടാതേഒരു സ്ഥിരം പ്രസിഡണ്ടുംആവശ്യമാണെന്നും ഈ ഉദ്യോഗസ്ഥന്മാരെ പ്രവർത്തകർ സംഘം തങ്ങളുടെ ഇടയിൽനിന്നുതിരഞ്ഞെടുക്കുന്നതിന്നു പകരം സംസ്ഥാനകമ്മിററിതന്നേനേരിട്ടു തിരഞ്ഞെടുക്കേണ്ടതാ

പുതിയ ഭരണഘടന

* ആര്യസമാജത്തിൽ ചേർന്ന ഈഴവരോടുകൂടി ഒരു ആര്യസമാജകപ്രവർത്തകൻ കൽപാത്തിഗ്രാമത്തിൽ പ്രവേശിച്ചപ്പോഠം കുറെ തമിഴു് ബ്രാഹ്മണർ കൂടി അവരെ തടയുകയും അതു് ഒരു അടികലശലായി പരിണമിക്കുകയും ചെയ്തു. ഇരുകൂട്ടരും ക്രിമിനൽ കേസ്സുകൊടുത്തതിൽ രണ്ടു കേസ്സിലെ പ്രതികഠംക്കും പിഴ ശിക്ഷവിധിച്ചു. ആര്യസമാജക്കാർ ഒരു ജാതിയിലും പെട്ടവരല്ലാത്തതുകൊണ്ടു' അവർണ്ണജാതിക്കാർക്കു് പ്രവേശിക്കുവാൻ വിരോധമുള്ള സ്ഥലങ്ങളിലും ആര്യസമാജക്കാർക്കു് പ്രവേശിക്കാമെന്നു ആദ്യം തീർപ്പുണ്ടായി. അതിൻെറ ഫലമായി ഈഴവർ മുതലായി പല അവർണ്ണഹിന്ദുക്കളും ആര്യസമാജത്തിൽ ചേർന്നശേഷം കൽപാത്തി ഗ്രാമത്തിൽ പ്രവേശിച്ചു കൊണ്ടിരുന്നു. ബ്രാഹ്മണരുടെ നിവേദനങ്ങളുടെ ഫലമായി മേൽപറഞ്ഞ തീരുമാനത്തെ ഗവൺമെൻറു പിന്നീടു അല്പം ഭേദപ്പെടുത്തിയെങ്കിലും സാമാന്യജനങ്ങഠംക്കു അയിത്തത്തിലുണ്ടായിരുന്ന അന്ധവിശ്വാസത്തിന്നു വലിയമാററം വന്നു.

ണെന്നും പ്രവർത്തക കമ്മിററിയിൽ ആകെ 10 മെമ്പർമാർ ഉണ്ടായിരിക്കേണമെന്നും ഇപ്പോൾ ഒരു ജില്ലയായിരിക്കുന്ന തിരുവിതാംകൂറിനെ അതിൻെറ വലിപ്പവും ജനസംഖ്യയും പരിഗണിച്ചു നാലു ജില്ലകളായി തിരിക്കേണമെന്നും ഈ യോഗത്തിൽ തീരുമാനം ചെയ്തു. തിരുവിതാംകൂറിലെ ഓരോ ജില്ലയിൽനിന്നു് ഏഴു് മെമ്പർമാർ വീതവും കൊച്ചി ജില്ലയിൽനിന്നു് എട്ടും തെക്കേ മലയാളം ജില്ലയിൽനിന്നു ഏഴും, മദ്ധ്യമലയാളം വടക്കേ മലയാളം ഇവയിൽനിന്നു എട്ടുവീതവും — ഇങ്ങിനെ 59 മെമ്പർമാരും ഓരോ ജില്ലാ കമ്മിററിയുടേയും പ്രതിനിധികളായി രണ്ടുപേർവീതം അംഗങ്ങളും അങ്ങിനെയാണു് 75 മെമ്പർമാരെ ഇനിയുള്ള സംസ്ഥാനക്കമ്മിററിയിലേക്കു തിരഞ്ഞെടുക്കണ്ടതെന്നും സംസ്ഥാന സമ്മേളനങ്ങൾ ഓരോ ജില്ലയിൽവെച്ചു കൂടുമ്പോൾ പ്രതിനിധികളുടെ ഫീസ്സു് വകയിൽ കിട്ടുന്ന സംഖ്യയിൽ പകുതി സംസ്ഥാനക്കമ്മിററിക്കു കൊടുക്കേണ്ടതാണെന്നും ഉള്ള തീരുമാനങ്ങളും ഈ യോഗത്തിൽ പാസ്സാക്കി.

വടക്കേ മലബാർജില്ലാ കോൺഫറൻസ്

വടക്കേ മലയാളം ജില്ലാ കോൺഫറൻസ് 1925 ഏപ്രിൽ 11-ാം തീയതി തലശ്ശേരിവച്ചു എസ്സ്. ശ്രീനിവാസയ്യങ്കാരുടെ അദ്ധ്യക്ഷതയിൽ നടന്നു. നാരായണൻ നമ്പീശ്ശനായിരുന്ന സ്വാഗതസംഘാദ്ധ്യക്ഷൻ. അദ്ധ്യക്ഷപ്രസംഗത്തിൽ കേരളത്തിൽ മന്ദഗതിയെ പ്രാപിച്ചിരുന്ന കോൺഗ്രസ്സ പ്രവൃത്തികളെപ്പററിയും രാഷ്ട്രീയവിഷയത്തിൽ വക്കീലന്മാർ പ്രദർശിപ്പിക്കുന്ന അശ്രദ്ധയേക്കുറിച്ചും പരിതപിച്ചു. വക്കീലന്മാരും വിദ്യാർത്ഥികളും, എല്ലാവരുംതന്നേ കോൺഗ്രസ്സിൽ ചേർന്നു് കോൺഗ്രസ്സ് പ്രവൃത്തികളെ പുഷ്ടിപ്പെടുത്തേണമെന്നും ഹിന്ദുമുസ്ലീം ഐക്യം വളർത്തുവാൻ സകലരും ആത്മാർത്ഥം പരിശ്രമിക്കണമെന്നും അദ്ധ്യക്ഷൻ ഉൽബോധിപ്പിച്ചു, ഈ സമ്മേളനത്തോടു ചേർന്നു കെ. ടി. ചന്തുനമ്പ്യാരുടെ അദ്ധ്യക്ഷതയിൽ ഒരു വിദ്യാർത്ഥിസമ്മേളനവും നടന്നു.

കണ്ണൂർവെച്ചു കൂടുവാൻ നിശ്ചയിച്ചിരുന്ന കേരളസംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ യോഗം കോറം തികയാതെ

പിരിഞ്ഞുവെന്നു കാണുന്നു. പിന്നീട് ജൂൺമാസത്തിൽ കമ്മിററി കൊച്ചിയിൽവെച്ചു യോഗം ചേർന്നുവെങ്കിലും അന്നും ചില സാങ്കേതിക കാരണങ്ങളാൽ നീട്ടിവെക്കുകയാണുണ്ടായതു്. അവിടെവെച്ചു് പ്രവർത്തകക്കമ്മിററിയുടെ യോഗം കൂടിയതിൽ അപ്പോഠം സംസ്ഥാന സെക്രട്ടറിയായിരുന്ന പി. രാമുണ്ണിമേനോൻ ആ സ്ഥാനം രാജിവെച്ചു. അടുത്ത തിരഞ്ഞെടുപ്പുവരേ കഷ്ടിച്ചു സെക്രട്ടറിയായി കോംബർബെയിലിനെ നിയമിക്കുകയും ചെയ്തു. അക്കാലത്തെ കോൺഗ്രസ്സ് പ്രവൃത്തി എത്രമാത്രം ഉന്മേഷരഹിതമായിത്തീർന്നിട്ടുണ്ടെന്നുള്ളതിന്നു് മേൽപ്പറഞ്ഞ സംഭവങ്ങഠം സാക്ഷ്യം വഹിക്കുന്നു. കോംബർബെയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു അഭ്യർത്ഥനയിൽ ഇപ്രകാരം പറഞ്ഞു കാണുന്നു: "കേരളത്തിലെ ജനങ്ങഠം കോൺഗ്രസ്സിൻെറ സന്ദേശത്തെ കേഠക്കാത്തവിധം ദീർഗ്ഘനിദ്രയെ പ്രാപിച്ചിരിക്കയാണോ എന്നു മഹാത്മാഗാന്ധി "യങ്ങ് ഇന്ത്യ"യിൽ എഴുതിയിരിക്കുന്നു. ഈ സംസ്ഥാനത്തെ കോൺഗ്രസ്സ് കമ്മിററികളുടെ ഒരു പട്ടികപോലും തനിക്കു് ഇനിയും ലഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു് സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുടെ ജനറൽ സെക്രട്ടറിയായ ജവഹർലാൽ നെഹ്റുവും ആവലാതിപ്പെട്ടിരിക്കുന്നു. എന്നാൽ ഈ ആക്ഷേപങ്ങഠം കേട്ടിട്ടും കേരളീയർ ഉണർന്നുകാണുന്നില്ല."

ദീർഘനിദ്ര

ഊർജ്ജ്വലമായ പ്രവർത്തനമോ സമരപരമായ ഒരു മനോഭാവമോ കോൺഗ്രസ്സുകാരുടെ ഇടയിൽ തീരേ ക്ഷയിച്ചുപോയിരുന്ന ഇക്കാലത്തു് മലബാറിലെ മിക്ക സ്ഥലങ്ങളിലും സ്വരാജ്യക്കക്ഷിയുടെ കമ്മിററികഠം സ്ഥാപിച്ചു് അടുത്ത തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ആലോചനകഠം ആരംഭിച്ചിരുന്നതായി കാണ്മാനുണ്ടു്. 1925 ജൂൺമാസത്തിൽ തലശ്ശേരിയിൽ വി. കൃഷ്ണമേനോൻെറ അദ്ധ്യക്ഷതയിൽ "കേരളസ്വരാജ്യക്കക്ഷി" എന്ന ഒരു പുതിയ സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു യോഗം ചേന്നതായും സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ ആക്ടിംഗ്

സ്വരാജ്യക്കക്ഷി
സ്ഥാപനങ്ങഠം

സെക്രട്ടറി (കോംബർബെയിൽ) സ്വരാജ്യക്കക്ഷിയുടെ ഒരു സഹകാര്യദർശിയായി തിരഞ്ഞെടുക്കപ്പെട്ടതായും കാണുന്നു. ഇതുപോലെ കോഴിക്കോട്ടും ഒരു യോഗം ചേരുകയും ടി. വി. സുന്ദരയ്യർ അദ്ധ്യക്ഷനായും, കേ മാധവമേനോൻ, എ. കരുണാകരമേനോൻ, ഹസ്സൻ കോയമൊല്ല, പി. രാമുണ്ണിമേനോൻ ഇവർ മററു മെമ്പർമാരായും, സ്വരാജ്യക്കക്ഷിയുടെ ഒരു ശാഖ കോഴിക്കോട്ടു സ്ഥാപിക്കുകയും ചെയ്തു. വള്ളുവനാട്ടു താലൂക്കിലും ഇക്കാലത്തുതന്നേ സ്വരാജ്യക്കക്ഷിയുടെ ഒരു ശാഖ സ്ഥാപിച്ച് അതിൻെറ അദ്ധ്യക്ഷനായി എം. എം. കുഞ്ഞിരാമമേനോനേയും ഉപാദ്ധ്യക്ഷനായി കേ. സി. കേ തമ്പാനേയും സെക്രട്ടറിയായി ചേററൂർ ശേഖരൻനായരേയും നിശ്ചയിച്ചു.

ദിവസേന എന്നപോലെ കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തകന്മാരുടെ ആത്മവിശ്വാസം എങ്ങിനെ ക്ഷയിച്ചു വന്നിരുന്നു എന്നുള്ളതിന്നു മറെറാരു ലക്ഷ്യമായി, ആഗസ്ററ് 14-ാം തീയതി കൂടിയ സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ

സംയുക്ത ദേശീയ കക്ഷി

ഒരു യോഗത്തിൽ താഴെ പറയുംപ്രകാരം ഒരു പ്രമേയം പാസ്സാക്കിയതായി കാണുന്നു!— "ഇപ്പോഴത്തെ രാഷ്ട്രീയസ്ഥിതി നോക്കുമ്പോൾ കോൺഗ്രസ്സ് പ്രവൃത്തി നടത്തേണ്ടതിലേക്ക് സംസ്ഥാന കോൺഗ്രസ്സ് സെക്രട്ടറിക്കും മററു പ്രവർത്തകന്മാൎക്കും കോൺഗ്രസ്സ് മെമ്പർമാൎക്കും താഴെ പറയുന്ന കാര്യങ്ങളിൽ യോജിക്കുന്ന എല്ലാ രാഷ്ട്രീയകക്ഷികളും ആ കക്ഷികളിലെ അംഗങ്ങളുമായി ഏകോപിച്ചു പ്രവർത്തിക്കാവുന്നതാണ്" എന്നു ഈ യോഗം തീരുമാനിക്കുന്നു:—

(എ) ഡാക്ടർ ബസൻറിൻെറ കോമൺവെൽത്ത് ബില്ലിൽ വിവരിച്ചിട്ടുള്ളതിൽ ചുരുങ്ങാത്തതായ സ്വയംഭരണാധികാരം ഇന്ത്യക്കു് വേണ്ടതാണെന്നുള്ള അഭിപ്രായം.

(ബി ഹിന്ദുമുസ്ലിം മൈത്രിയിൽ വിശ്വാസം.

(സി) അയിത്തോച്ചാടനം, സ്വദേശി എന്നിവയിൽ ദൃഢ പ്രതിജ്ഞ.

മേൽപറഞ്ഞ നിശ്ചയത്തിൻേറയും അതിലെ മനോഭാവത്തിൻേറയും ഫലമായി, "വിവിധ രാഷ്ട്രീയക്കക്ഷികളിലു

മുള്ള എല്ലാ സഹപ്രവർത്തകന്മാരും'' യോജിച്ച് മലബാർ സംയുക്ത ദേശീയക്കക്ഷി എന്ന പേരിൽ ഒരു പുതിയ കക്ഷിയെ ഏർപ്പെടുത്തി. ''അഭിപ്രായവ്യത്യാസമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് ഉൽസാഹപൂർവ്വം പ്രവർത്തിക്കുവാൻ തീർച്ചപ്പെടുത്തു''കയും ചെയ്തു. മിതവാദികളും സ്വാതന്ത്ര്യനിലക്കാരും ജസ്ററിസ് കക്ഷിക്കാരും മററും ഇതിലുൾപ്പെടുന്നു. ആയിടക്ക് സംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട കെ. മാധവൻ നായരായിരുന്നു ഈ പുതിയ കക്ഷിയുടെ ഒരു സെക്രട്ടറി എന്നും കാണുന്നുണ്ട്. ഈ സംയുക്തദേശീയ കക്ഷിയുടെ ഒരു സമ്മേളനം 1925 ഒക്ടോബർ 6-ാം തീയതി ജെ. എ. സൽദാന എം. എൽ. സി. യുടെ അദ്ധ്യക്ഷതയിൽ നടന്നു. അതിൽ സ്വാഗതസംഘാദ്ധ്യക്ഷനായിരുന്നത് കെ. പി. രാമൻമേനോനായിരുന്നു. ''മുമ്പ് മലബാറിൽ രാഷ്ട്രീയ പരിശ്രമവും കോൺഫറൻസുകളും ക്രമമായി നടന്നിരുന്നു. പിന്നേ ''ചൂട്'' അല്പം ജാസ്തിയായതോടുകൂടി ഭിന്നിപ്പിന്നിടയായി. ഇപ്പോൾ വീണ്ടും എല്ലാവരും യോജിച്ച് പ്രവർത്തിക്കാൻ സംഗതിവന്നതിൽ'' സ്വാഗതസംഘാദ്ധ്യക്ഷൻ സന്തോഷിച്ചു. സർവ്വപ്രധാനങ്ങളായ സംഗതികളിൽ ഐക്യവും തർക്കമുണ്ടാകാവുന്ന വിഷയങ്ങളിൽ വ്യക്തിസ്വാതന്ത്ര്യവും പൊതുവെ എല്ലാകാര്യങ്ങളിലും സന്മനോഭാവവും ഉദാരബുദ്ധിയും അനുവദിക്കേണ്ടതാണ് എന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി ഈ പുതിയ കക്ഷി ആവിർഭവിച്ചിരിക്കുന്നതായി സൽദാന തൻേറ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. (1) ''ജാതി, മതം, വർഗ്ഗം, വർണ്ണം എന്നീ വ്യത്യാസങ്ങൾ ഗണിക്കാതേയും തീണ്ടൽ മുതലായ ദുരാചാരങ്ങളെ ഉച്ചാടനം ചെയ്തും സർവ്വജനസാഹോദര്യത്തിന്നുവേണ്ടി യത്നിക്കുക. (2) സ്വരാജ്യത്തിന്നുവേണ്ടി ഇടവിടാതെ പൊരുതുകയും ഡാക്ടർ ബസൻറിൻെറ കോമൺവെൽത്ത് ഓഫ് ഇന്ത്യാ ബില്ലിനെ പിൻതാങ്ങുകയും ചെയ്യുക. (3) സ്വദേശിയും നൂൽനൂൽപ്പും പ്രചരിപ്പിക്കുക'' എന്നായിരുന്നു അദ്ധ്യക്ഷൻെറ ഉൽബോധനം. (സ്വരാജ്യത്തിന്നുവേണ്ടി പൊരുതുകയും ഡാക്ടർ ബസൻറിൻെറ കോമൺവെൽത്ത് ബില്ലിനെ പിൻതാങ്ങുകയും - ഒരേ സമയത്തുതന്നെ രണ്ടുംകൂടി നിർവ്വഹിക്കുന്ന വിദ്യ

എങ്ങിനെയാണാവോ? തർക്കമുണ്ടാകാവുന്ന വിഷയങ്ങളിൽ ഉദാരപരമായ സന്മനോഭാവം വേണമെന്നു് അദ്ധ്യക്ഷൻ ഉൽബോധിപ്പിച്ചിരിക്കുന്നതുകൊണ്ടു് ഈ ഭാഗത്തേപ്പററി വിമർശനം ചെയ്യുന്നതു് യുക്തമായിരിക്കയില്ല. 1925-ലെ മേൽവിവരിച്ച സ്ഥിതിയോടു താരതമ്യപ്പെടുത്തുമ്പോഠം 1935-ലെ സ്ഥിതി അത്രതന്നെ നിരാശാജനകമായി കരുതേണ്ടതില്ലെന്നു സമാധാനിക്കാം).

1925 ജൂലായ് 20-ാം തീയതി സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ ഒരു യോഗം കോഴിക്കോട്ടുവെച്ചുകൂടി. കമ്മിററിയുടെ പ്രസിഡൻറായി കെ മാധവൻ നായരേയും സെക്രട്ടറിയായി കെ. കേളപ്പനേയും ഖജാൻജിയായി കെ മാധവമേനോനേയും തിരഞ്ഞെടുത്തു.

തിരഞ്ഞെടുപ്പു ശ്രമങ്ങഠം

സെപ്റ്റംബർ ആദ്യം പുതിയ കോൺഗ്രസ്സ് സെക്രട്ടറി കേളപ്പൻ പ്രസിദ്ധപ്പെടുത്തിയ ഒരു അഭ്യത്ഥനയിൽ "കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തികഠം ഇപ്പോഠം എത്രയും അനാശാസ്യമായ ഒരു നിലയിലാണിരിക്കുന്നതു്" എന്നു പരിതപിച്ചു കാണുന്നു. അടുത്ത കമ്മിററിയോഗത്തിൽ, തൃശ്ശൂർവെച്ചു്, കേളപ്പൻ സെക്രട്ടറിസ്ഥാനം ഒഴിയുകയും പകരം കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനെ തിരഞ്ഞെടുക്കുകയും ചെയ്തു. നിയമസഭാതിരഞ്ഞെടുപ്പിൻെറ പ്രാരംഭച്ചെലവിലേക്കായി സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററി ആകെ അനുവദിച്ചിട്ടുള്ള 25,000 ഉറുപ്പികയിൽ 2,000 ഉറുപ്പിക ഈ സംസ്ഥാനത്തിലേക്കു് തരേണമെന്നു സംസ്ഥാനക്കമ്മിററി അപേക്ഷിക്കുവാൻ നിശ്ചയിച്ചു. അടുത്ത മേയ്മാസത്തിൽ പൊന്നാനിയിൽവെച്ചു് കൂടിയ കമ്മിററിയോഗത്തിൽ മദ്രാസ്സ് നിയമസഭയിലേക്കു് സ്ഥാനാർത്ഥികളായി കെ. മാധവൻ നായരേയും, വി. കൃഷ്ണമേനോനേയും തിരഞ്ഞെടുത്തു.

1923-ൽ പാലക്കാട്ടുവെച്ചു് കൂടിയശേഷം കേരളസംസ്ഥാനസംമ്മേളനം വീണ്ടും ചേരുന്നതു് 1927 ഏപ്രിൽ 5-ാം തീയതി കോഴിക്കോട്ടുവെച്ചായിരുന്നു. ഈ മൂന്നാം കേരളസംസ്ഥാനസമ്മേളനത്തിൻെറ അദ്ധ്യക്ഷൻ സുപ്രസിദ്ധപത്രപ്രവത്തകനായ

3-ാം സമ്മേളനം
1927

ബി.ജി. ഹോർണിമാനായിരുന്നു. ഈ സമ്മേളനത്തിൻെറ ഭാരവാഹിത്വം വഹിച്ച കമ്മിററിയിൽ യു. ഗോപാലമേനോൻ, ടി. വി സുന്ദരയ്യർ, പി. അച്യുതൻ, കെ. മാധവമേനോൻ. പി. രാമുണ്ണിമേനോൻ, എം.എം. ഗോവിന്ദക്കുറുപ്പ്, ഡാക്ടർ ചന്ദ്രു, എ. കരുണാകരമേനോൻ, വല്ലഭദാസ് പുരുഷോത്തം, എസ്സ്. വി. അബൂബക്കർ, പ്രേംജി ഗോവർദ്ധൻദാസ് എന്നിവർ ഉൾപ്പെട്ടിരുന്നു. കെ. മാധവൻനായരായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. മാധവൻനായരുടെ പ്രസംഗത്തിൽ മലബാർ ലഹളയെക്കുറിച്ചും അതിന്നുശേഷമുള്ള പ്രവർത്തിമാന്ദ്യത്തേക്കുറിച്ചും വിലപിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു:— "ലഹളക്കാരല്ലാത്തവർക്കു് ലഹളക്കാരിൽനിന്നു, മാപ്പിളമാർക്കു് പട്ടാളക്കാരിൽനിന്നും നേരിട്ട അത്യാപത്തുകൾ നാട്ടുകാർക്കു് ഗംഭീരമായ കഷ്ടനഷ്ടങ്ങൾ നേരിടുവിച്ചതിനു പുറമേ മലബാറിലെ പൊതുജീവിതത്തിനും ദേശീയ പ്രവർത്തികൾക്കും അപാരമായ നാശം സംഭവിപ്പിക്കുകയും ചെയ്തു. കോൺഗ്രസ്സ് കമ്മിററികൾ, ഖിലാഫത്ത് കമ്മിററികൾ ഇവയെ സ്ഥാപിക്കുന്ന കാര്യത്തിൽ എത്രയോ നിസ്സാരമായ ചില സഹായം ചെയ്തിരുന്ന പല നിരപരാധികളുടേയും പേരിൽ, ഗവൺമെൻറിനോടു് ആയുധമെടുത്തു യുദ്ധം ചെയ്യുക മുതലായ ഗൗരവതരങ്ങളായ കുററങ്ങൾ ചുമത്തി അവരിൽ പലരേയും തൂക്കികൊല്ലുവാനും ജീവപര്യന്തം നാടുകടത്തുവാനും വിധിച്ചു. ഖദർധാരണം തന്നെ ഒരു കുററമായി കരുതപ്പെട്ടു. എന്നു മാത്രമല്ല, ഖദർ ധരിച്ചവൻ ഒരു മാപ്പിളയാണെന്നുകൂടി വന്നാൽ അവന്നു് കൊലക്കുററത്തിന്നോ മറേറാ സമാധാനം പറയുവാൻ അധികം കാലതാമസം വേണ്ടിവന്നിരുന്നില്ല. ലഹള നിർത്തുവാൻ ആത്മാർത്ഥമായി ഉൽസാഹിച്ച പലരും ലഹളയ്ക്കു ഉൽസാഹിച്ചവരുടെ നിലയിൽ അന്യായമായി കാരാഗൃഹവാസം അനുഭവിക്കുവാൻ ഇടവന്നു. ബ്രിട്ടീഷ്ഭരണത്തിന്നുപകരം അക്രമംകൊണ്ടും പ്രതിക്രിയാവാസനകൊണ്ടും ബീഭത്സമായ പോലീസ്സ്ഭരണം രാജ്യത്തു സ്ഥാപിതമായോ എന്നു് ജനങ്ങൾ ശങ്കിക്കാൻ തുടങ്ങി. ഈ ആപത്തുകളുടെ ഫലമായി ജനസാമാന്യം ദേശീയ പ്രവർത്തികളെത്തന്നെ ഭയത്തോടുകൂടി വീക്ഷിച്ചു അവയിൽനിന്നു് അവർ അകന്നു് പിൻമാറി. അങ്ങിനെ മലബാറിൽ ദേശീയ

ബോധവും ഉൽസാഹവും മിക്കവാറും അസ്തമിച്ചു. കൊച്ചിയിലും തിരുവിതാംകൂറിലും കോൺഗ്രസ്സ് പ്രവർത്തികൾക്കു പൂർണ്ണമായ സ്വാതന്ത്ര്യമോ സൌകര്യമോ ഉണ്ടായിരുന്നില്ല. അവയിൽ രണ്ടിലുംവെച്ച് കൊച്ചിയിലെ സ്ഥിതി അധികം കഷ്ടമായിരുന്നു. സംസ്ഥാനകോൺഫറൻസു് അവിടെവെച്ച് കൂടുവാൻ പോകുന്നു എന്നുള്ള പ്രസ്താവനപോലും അധികൃതന്മാരെ അസ്വസ്ഥരാക്കി. ഈ കാരണങ്ങളാലും നിസ്സഹരണപ്രസ്ഥാനത്തിന്നു പൊതുവിൽ നേരിട്ട ആപത്തുകളാലും കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തി നാമാവശേഷമായ നിലയിലായിത്തീർന്നിട്ടുണ്ടു്."

..."ഇന്ത്യാരാജ്യത്തിൽ ഇപ്പോൾ കാണുന്ന രാഷ്ട്രീയ അന്തരീക്ഷത്തിന്നു നിസ്സഹരണപ്രസ്ഥാനത്തിൻെറ കാലത്തിന്നു മുമ്പുള്ള സ്ഥിതിയോടു വളരെ സാമ്യമുണ്ടു്. ഒരു കൊടുംകാററും പെരുമഴയും അവസാനിച്ച ശാന്തമായ ഒരു ഘട്ടത്തിൽ കൂടിയാണു് നാം ഇപ്പോൾ ചലിക്കുന്നതു്. നാം പോർക്കളത്തിൻെറ മദ്ധ്യത്തിലല്ല; ആയുധംവെച്ച് വിശ്രമിക്കുകയാണു്".

ഹോർണിമാൻെറ അദ്ധ്യക്ഷപ്രസംഗത്തിലെ ആദ്യവസാനമുള്ള കേന്ദ്രമന്ത്രം "ഇന്ത്യയുടെ സർവ്വവിധമായ അവശതകൾക്കും ഉള്ള പരിഹാരം സ്വരാജ് മാത്രമാണു്" എന്നായിരുന്നു.

ഈ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രധാനപ്രമേയങ്ങൾ താഴെ പറയുന്നവയാണു്:-(1) സ്വാമി സിദ്ധാനന്ദൻെറ ദേഹവിയോഗത്തിൽ ദുഃഖിക്കുകയും, അദ്ദേഹത്തിൻെറ രാജ്യസേവനത്തിനും ത്യാഗങ്ങൾക്കും അനുയോജ്യമായ സ്മാരകമായി അദ്ദേഹത്തിൻെറ മഹത്തായ പ്രവർത്തികളെ മുന്നോട്ടു കൊണ്ടുപോകുവാൻ എല്ലാവരും കൂടി ശ്രമിക്കേണ്ടതാണെന്നഭിപ്രായപ്പെടുകയും ചെയ്യുന്നു.

പ്രമേയങ്ങൾ

(2) മൃഗബലി, പൂരപ്പാട്ടു് മുതലായ മതത്തിൻെറ പേരിൽ നടത്തിവന്ന ദുഷ്പ്രവർത്തികളെ സധീരം നിറുത്തിച്ച തിരുവിതാംകൂർ മഹാറാണിയെ അനുമോദിക്കുന്നു. കൊച്ചിരാജാവും ഇങ്ങിനെ ചെയ്യണമെന്നപേക്ഷിക്കുന്നു, (3) ആന്തമാൻ ദ്വീപിലേക്കു മാപ്പിളമാരുടെ സ്ത്രീകളെ അയക്കുന്ന ഗവൺമെൻറിൻെറ

പ്രവൃത്തിയെ ബലമായി ആക്ഷേപിക്കുന്നു. കർഷകരുടേയും തൊഴിലാളികളുടേയും അധഃകൃത വർഗ്ഗക്കാരുടേയും ഇടയിൽ സംഘടനയുണ്ടാക്കുന്നതിലേക്ക ശക്തിമത്തായ പരിശ്രമങ്ങൾ ചെയ്യേണ്ടതാണെന്നും അവരുടെ സാമ്പത്തികവും സാമുദായികവുമായ ക്ഷേമത്തിന്നായി യത്നിക്കേണ്ടതാണെന്നും അഭിപ്രായപ്പെടുന്നു. (4) ഇപ്പോൾ ചൈനാരാജ്യത്തു് അവിടത്തെ ജനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യസമരത്തിൽ ഈ നാട്ടുകാർക്കുള്ള അനുഭാവത്തെ രേഖപ്പെടുത്തുകയും അതുസംബന്ധമായി ബ്രിട്ടീഷ് ഗവൺമെൻറു് തുടൎന്നുപോകുന്ന സാമ്രാജ്യ ദുർമ്മോഹനയത്തിൽ ഇന്ത്യാക്കാരെക്കൂടി ആയുധമാക്കുന്നതിനെ പ്രതിഷേധിക്കുകയും ചെയ്യുന്നു. (5) എം. പി. നാരായണ മേനോൻെറ നിരപരാധിത്വത്തിൽ കോൺഫറൻസിന്നുള്ള പൂർണ്ണവിശ്വാസത്തെ സഗൗരവം പ്രഖ്യാപനം ചെയ്യുകയും അദ്ദേഹത്തെ ജയിലിൽവെച്ചുകൊണ്ടിരിക്കുന്നതിൽ ഗവൺമെൻറു് ചെയ്യുന്ന ഭീമമായ അനീതിയെ നിന്ദിക്കുകയുംചെയ്യുന്നു. ( ) മാപ്പിളത്തടവുകാരിൽ അക്രമപ്രവർത്തികൾ ചെയ്തതായി തെളിഞ്ഞിട്ടില്ലാത്തവരെ വിട്ടയക്കണം. (7) ഈ ജില്ലയുടെ സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ അഭിവൃദ്ധിക്കു കുടിയാന്മാർക്കു് സ്ഥിരാവകാശം കൊടുക്കുന്ന ഒരു നിയമം അത്യാവശ്യമാകുന്നു. കുടിയായ്മ ബിൽ ഗവൺമെൻറു് നിരാകരിച്ചതു് ആക്ഷേപാർഹമാണു്. (6) മദ്രാസ്സ് നിയമസഭയിലെ കോൺഗ്രസ്സ് മെമ്പർമാരിൽ മിക്കവരും, കോൺഗ്രസ്സ് നയത്തിന്നു വിരോധമായി മന്ത്രിമാരുടെ ശമ്പളബില്ലിനെ എതിർത്തു വോട്ടുചെയ്യാതിരുന്നതിൽ ആക്ഷേപം പ്രദർശിപ്പിക്കുന്നു. (ഇക്കാലത്തു് ഒരു നിയമസഭാമെമ്പറായിരുന്ന കെ. മാധവൻനായർ മന്ത്രിമാരുടെ ബില്ലിനെ എതിർത്തു വോട്ടു ചെയ്ത ഒരു കോൺഗ്രസ്സ് മെമ്പറായിരുന്നു. എന്നാൽ ഇങ്ങിനെ ഒരു പ്രമേയം പാസ്സാക്കേണ്ട എന്നുള്ള അഭിപ്രായക്കാരനായിരുന്നു അദ്ദേഹം) (9) വർഗ്ഗീയസ്പർദ്ധയും അവിശ്വാസവും ഇല്ലാതാക്കുന്നതിന്നു അശ്രാന്തപരിശ്രമം ചെയ്യുവാൻ ഹിന്ദുക്കളോടും മുസൽമാന്മാരോടും അപേക്ഷിക്കുകയും സാമുദായിക നിയോജകമണ്ഡലങ്ങൾ വേണ്ടെന്നുവെക്കുന്നതു് രാഷ്ട്രീയൈക്യത്തിൻെറ വളർച്ചയ്ക്കു് സവിശേഷം പ്രയോജനപ്പെടുമെന്നു അഭിപ്രാ

യപ്പെടുകയും ചെയ്തു. (10) മുനിസിപ്പാലിററികളുടേയും ലോക്കൽ ബോർഡുകളുടേയും ഭരണം സ്വാധീനമാക്കുവാൻ കോൺഗ്രസ്സ് കമ്മിററികൾ ശ്രമിക്കണം.

## നാട്ടുരാജ്യങ്ങളും കോൺഗ്രസ്സും

(11) രാട്ടുരാജ്യങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ കോൺഗ്രസ്സ് ഏർപ്പെട്ടു പ്രവർത്തിക്കേണ്ടതാണെന്നും അതിലേക്കുവേണ്ടിവന്നാൽ കോൺഗ്രസ്സിൻെറ ഭരണചട്ടങ്ങളിൽ ആവശ്യമായ മാററം വരുത്തേണ്ടതാണെന്നും സർവ്വേന്ത്യാ കോൺഗ്രസ്സു കമ്മിററിയോടു ശിപാർശചെയ്യുന്നു. (ഈ അഭിപ്രായവും ശിപാർശയും കേരളത്തിലെ പല കോൺഗ്രസ്സു സമ്മേളനങ്ങളിലും ആവർത്തിച്ചു പുറപ്പെടുവിച്ചതായി കാണ്മാൻ കഴിയും. ഈ വിഷയത്തിൽ ഒരഭിപ്രായം പറയാൻ കേരളസംസ്ഥാനത്തിന്നു സവിശേഷമായ അർഹതയുള്ളതാണ്. ഈ സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽപെട്ടവരാകുന്നു. എന്നിരിക്കിലും സർവ്വേന്ത്യാ കോൺഗ്രസ്സു കമ്മിററിയോ അതിൻെറ പ്രവർത്തകക്കമ്മിററിയോ ഈ ശിപാർശയെ ഗൗനിച്ചുകാണുന്നില്ല. നേരെമറിച്ച്, വിപരീതഗതിയിലുള്ള ഒരഭിപ്രായം പ്രവർത്തകക്കമ്മിററി സ്വീകരിച്ചുകാണുന്നുണ്ട്.)

(12) കേരളസംസ്ഥാനത്തിലെ ഒരു പ്രധാന വിഭാഗമായ തിരുവിതാംകൂറിൽനിന്നും ഫലഭൂയിഷ്ഠമായ രണ്ടുലക്ഷത്തിലധികം ഏക്കർ സ്ഥലം വിദേശക്കമ്പനിക്കു ജനഹിതത്തിന്നു വിപരീതമായി പതിച്ചുകൊടുക്കുവാൻ തിരുവിതാംകൂർ ഗവർമ്മെണ്ടു ആലോചിച്ചുവരുന്നതായി അറിയുന്നതിൽ വ്യസനിക്കുകയും അതിൽനിന്ന് വിരമിക്കേണമെന്ന് ഗവർമ്മെണ്ടിനോടപേക്ഷിക്കുകയും ചെയ്യുന്നു.

(13) കോൺഗ്രസ്സിൻെറ നയം നിസ്സഹകരണതത്വത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണമെന്നും ആ തത്വത്തിന്നനുസരിച്ചു ഊർജ്ജിതമായ ഒരു പ്രവൃത്തനപദ്ധതി നിലവിൽ കൊണ്ടുവരുവാൻ കാലം അതിക്രമിച്ചിരിക്കുന്നുവെന്നും കോൺഗ്രസ്സിൻെറ ഘടന പലതരത്തിലും അതൃപ്തികരവും കമ്മിററികളിലേക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം പ്രജായ

ത്തഭരണതത്വങ്ങൾക്ക വിപരീതവുമാണെന്നും കർഷകന്മാരുടേയും തൊഴിലാളികളുടേയും സ്ഥിതി നന്നാക്കുന്നതിനും അവരുടെ അവകാശങ്ങളെ രക്ഷിക്കുന്നതിന്നും കോൺഗ്രസ്സിൽ അവക്കു തക്കതായ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതിനും സ്വരാജ് സമ്പാദനത്തിനായുള്ള എല്ലാ സംരംഭങ്ങളിലും യഥാശക്തി പങ്കുകൊള്ളുവാൻ അവർക്കു സ്വാതന്ത്ര്യവും സൗകര്യവും ഉണ്ടാക്കിക്കൊടുക്കണമെന്നും അഭിപ്രായപ്പെടുകയും, മേൽപറഞ്ഞ ഉദ്ദേശങ്ങളുടെ സാദ്ധ്യത്തിന്നായി ആവശ്യമായതെല്ലാം ചെയ്യുവാൻ സർവ്വേന്ത്യാ കോൺഗ്രസ്സ കമ്മിററിയോടപേക്ഷിക്കുകയും ചെയ്യുന്നു. (14) കേരളത്തിലെ കോൺഗ്രസ്സ പ്രവർത്തനത്തിന്നു മൂലധനമായി ഒരു ഫണ്ടു ശേഖരിക്കേണ്ടതാണെന്നും കൊല്ലംതോറും അഞ്ചുറുപ്പിക വീതം സംഭാവന ചെയ്യുന്ന മൂവ്വായിരം ആളുകളെ ചേർത്തുള്ള ഒരു സഹായസമിതി സംഘടിപ്പിക്കേണ്ടതാണെന്നും നിശ്ചയിക്കുന്നു. (15) അയിത്തത്തെ ഉച്ചാടനം ചെയ്യുവാൻ പൊതുജനങ്ങളോടപേക്ഷിക്കുകയും റോഡുകൾ, കുളങ്ങൾ, കിണറുകൾ, ക്ഷേത്രങ്ങൾ ഇവയെ ഉപയോഗിക്കുന്നതിന്നു ജാതിമതഭേദങ്ങൾ പ്രതിബന്ധമായി വരരുതെന്നു ജാതിഹിന്ദുക്കളോടഭ്യർത്ഥിക്കയും ചെയ്യുന്നു. സ്കൂളുകളും പരസ്പരസഹായസംഘങ്ങളും ഏർപ്പെടുത്തി അധഃകൃതസമുദായക്കാരുടെ ഇടയിൽതന്നേ പ്രചാരപ്രവൃത്തികൾ നടത്തി അവരുടെ അവശതകളെ നീക്കുന്നതിന്നു്, ആവശ്യമുള്ളപക്ഷം സത്യാഗ്രഹം അനുഷ്ഠിച്ചും അവരുടെ ഉന്നമനത്തെ സഹായിക്കുവാൻ ഹിന്ദുക്കളോടാവശ്യപ്പെടുകയും ചെയ്യുന്നു.

കോൺഗ്രസ്സിൻെറ ലക്ഷ്യം പൂർണ്ണസ്വാതന്ത്ര്യമാണെന്നു വിശദമായി പ്രസ്താവിക്കുവാൻ സർവ്വേന്ത്യാ കോൺഗ്രസ്സ കമ്മററിയോടു് ശിപാർശ ചെയ്യുന്ന ഒരു പ്രമേയം അവതരിപ്പിച്ചുവെങ്കിലും വലിയ വാദപ്രതിവാദത്തിന്നുശേഷം ഭൂരിപക്ഷം ലഭിക്കാതെ തള്ളിപ്പോയതായി കാണുന്നു. കേ. കേളപ്പൻ, മാധവനാർ, പി. രാമുണ്ണിമേനോൻ എന്നിവർ അനുകൂലിക്കുകയും, കേ. മാധവൻനായർ, യു. ഗോപാലമേനോൻ, ടി. ആർ. കൃഷ്ണസ്വാമി അയ്യർ, കേ. മാധവമേനോൻ മുതലായവർ എതിർക്കുകയും ചെയ്തവരാണു്.

അദ്ധ്യായം 10

# വീണ്ടും മുന്നോട്ടു തന്നെ.

ഹോർണിമാൻെറ ആവേശജനകമായ പ്രഭാഷണത്തിനും സമ്മേളനത്തിലെ പ്രമേയങ്ങൾക്കും കോൺഗ്രസ്സുകാരുടെ പ്രചരണവേലകൾക്കും സാധിക്കുവാൻ കഴിയാതിരുന്ന കാര്യം, സ്വയംഭരണത്തിന്നു ഇന്ത്യാക്കാർ യോഗ്യന്മാരായിട്ടുണ്ടോ എന്നു പരിശോധിച്ചു റിപ്പോർട്ടു ചെയ്യുവാൻ സർ ജോൺ സൈമൺെറ നേതൃത്വത്തിൽ ഇന്ത്യയിലേക്കു വന്ന തനി ബ്രിട്ടീഷ് സംഘത്തിൻെറ ആഗമനംകൊണ്ടു് സാധിച്ചു. മൃതാവസ്ഥയിലിരുന്ന രാഷ്ട്രീയാന്തരീക്ഷം വീണ്ടും സചേതനമായി ഈ സംഘത്തെ ബോയിക്കാട്ടു് ചെയ്യേണ്ട കാര്യമാലോചിക്കുവാൻ 1927 ഡിസംബർ 1-ാം തീയതി ഡാക്ടർ ആനിബസൻറിൻെറ ഉൽസാഹത്തിൽ ഒരു സമ്മേളനം കോഴിക്കോട്ടു ടൌൺഹാളിൽവെച്ചു കൂടി. ഈകോൺഫറൻസിൽ സർവ്വകക്ഷിയിലുംപെടാത്തവരും പൊതുകാര്യങ്ങളിൽ പ്രായേണ ശ്രദ്ധപ്രവേശിപ്പിച്ചു വന്നിട്ടില്ലാത്തവരുമായ പലരും സന്നിഹിതരായിരുന്നു. ഇന്ത്യാക്കാരുടെ അഭിമാനത്തെ ആകമാനം ഭത്സിക്കുന്ന സൈമൺകമ്മിഷനെ ബഹിഷ്ക്കരിക്കണമെന്നുള്ള തീരുമാനത്തിൽ അവരെല്ലാവരും പങ്കുകൊണ്ടു. രാഷ്ട്രീയസംരംഭങ്ങളിൽ ജനങ്ങളെ മുന്നോട്ടു കുതിപ്പിക്കുവാൻ, ഉജ്വലപ്രസംഗങ്ങൾ നടന്ന ഈ സമ്മേളനം പര്യാപ്തമായിത്തീർന്നു. എങ്കിലും, തദനുസരണമായ പ്രവർത്തനത്തിന്നു പ്രാബല്യം ലഭിച്ചതു പിന്നീടു ശക്തിയായ പ്രതിബന്ധങ്ങൾ നേരിട്ടപ്പോഴായിരുന്നു എന്നുള്ളതു് പ്രസ്താവ്യമാണു്.

ഒരു മാസം കഴിഞ്ഞു കണ്ണൂരിൽവെച്ചു കെ. മാധവൻനായരുടെ അദ്ധ്യക്ഷതയിൽ വടക്കേ മലബാർ രാഷ്ട്രീയ സമ്മേളനം നടന്നു. കെ. ഉപ്പിസാഹേബു്, എം.എൽ.സി. യുടെ സ്വാഗതപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:—"കഴിഞ്ഞ അഞ്ചാറുകൊല്ലമായി ഇവിടത്തെ രാഷ്ട്രീയസ്ഥിതിക്കു് ഗണ്യമായഒരു മാന്ദ്യം

വടക്കേ മലബാർ സമ്മേളനം

ബാധിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന ഉൽസാഹവും ത്യാഗബുദ്ധിയും ഇന്നെവിടെയും കാണുന്നില്ല. ഈരാജ്യത്തെ ആകമാനം ഇളക്കിമറിച്ച ആ ഭയങ്കര സംഭവം, മലബാർ ലഹള, അതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്: വടക്കേ ഇന്ത്യയിൽ കണ്ടുവരുന്ന ഹിന്ദുമുസ്ലീംവഴക്ക് ഇങ്ങോട്ട് കടന്നിട്ടില്ല. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടേയും വിശാലഹൃദയത്വമാണ് അതിനുള്ള മുഖ്യഹേതു. ലഹളക്കാലത്തു മാപ്പിളമാർ പ്രവർത്തിച്ച കടുംകൈകൾ ഹിന്ദുക്കൾ മഹാമനസ്കതയോടുകൂടി പൊറുത്തിരിക്കുന്നു. അതിന്നു മുസ്ലിംകളുടെ പ്രതിനിധിയെന്ന നിലയിൽ ഞാൻ ഹിന്ദുക്കളോടുകടപ്പെട്ടിരിക്കുന്നു. എന്നാൽ അധികൃതന്മാരുടെ ഉൽസാഹം ഇപ്പോഴും ഹിന്ദുക്കളുടേയും മുസ്ലീംകളുടേയും ഇടയിൽ അവിശ്വാസവും അനൈക്യവും ഉണ്ടാക്കിത്തീർക്കുവാനാണ്. എം. പി. നാരായണമേനോനെ തടവിൽനിന്നു വിട്ടയക്കുവാൻ ഈയിടെ മദ്രാസ്സ് നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചതിൽ ഗവൺമെൻറിൻെറ നിയമകാര്യമെമ്പർ സർ സി. പി. രാമസ്വാമി അയ്യർ പറഞ്ഞതു് മാപ്പിളമാർ അതിനെതിരാണെന്നും മലബാറിൽ ഹിന്ദുക്കളും മുസ്ലീംകളും ബദ്ധവൈരികളാണെന്നും ആയിരുന്നു. ഇതിൽപ്പരം അവാസ്തവമായി വേറെ എന്തെങ്കിലുമുണ്ടോ?"

മാധവൻനായരുടെ അദ്ധ്യക്ഷപ്രസംഗത്തിൽ ഇന്ത്യാക്കാരുടെ അടിമത്വം ദാരിദ്ര്യം മുതലായ സർവ്വവ്യാധികൾക്കുള്ള ഏകപരിഹാരമാർഗ്ഗം സ്വാതന്ത്ര്യംമാത്രമാണെന്നു ഉൽബോധിപ്പിച്ചു. ഈ കോൺഫറൻസിലും സൈമൻ കമ്മിഷൻെറ ബഹിഷ്ക്കരണത്തിനായുള്ള പ്രമേയം സർവ്വസമ്മതമായി പാസ്സാക്കുകയുണ്ടായി.*

---

* കോൺഗ്രസ്സിൻെറ 1928-ലെ സമ്മേളനം കേരളത്തിലേക്കു് ക്ഷണിക്കണമെന്നു ഇതിനിടെ കൂടിയ സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയോഗത്തിൽനിന്നും പ്രമേയം പാസ്സാക്കിയിരുന്നുവെങ്കിലും അതിനടുത്തുണ്ടായ മദ്രാസ്സ് കോൺഗ്രസ്സ് സമ്മേളനത്തിൽ കേരളത്തിലെ പ്രതിനിധികൾ ഇങ്ങോട്ടു ക്ഷണിച്ചതായി കാണുന്നില്ല അക്കാലത്തെ ഗംഭീരമായ തോതിൽ ഒരു സമ്മേളനം നടത്തുന്നതു് കേരളത്തെപ്പോലെയുള്ള ഒരു ചെറിയ സംസ്ഥാനത്തിന്നു ദുർവ്വഹം തന്നെയാണ്. പുതിയ പരിഷ്ക്കാരമനുസരിച്ച് പ്രതിനിധികളുടെ സംഖ്യ 2000 ആയി ചുരുക്കിയിരിക്കകൊണ്ടു് കോൺഗ്രസ്സ് സമ്മേളനങ്ങളെ ഇനിമേൽ ചെറിയ സംസ്ഥാനങ്ങളിലേക്കും ക്ഷണിക്കാവുന്നതാണ്.

സൈമൺ കമ്മിഷനെ ബഹിഷ്ക്കരിക്കുവാനുള്ള ശ്രമത്തിൽ കേരള കോൺഗ്രസ്സ് കമ്മിററി ഊർജ്ജസ്വലമായി പ്രവർത്തിച്ചു. സൈമൺകമ്മിഷൻ മെമ്പർമാർ ബോംബെയിൽ കപ്പലിറങ്ങിയ 1928 ഫെബ്രുവരി 3 ാം തീയതി ഇന്ത്യയിലെ അന്യഭാഗങ്ങളിലെപ്പോലെ മലബാറിലും തീവ്രമായ പ്രതിഷേധപ്രദർശനങ്ങൾ ഉണ്ടായി. ഇതിൽ, കോൺഗ്രസ്സുകാർ മാത്രമല്ല, മഞ്ചേരി രാമയ്യർ മുതലായി വേറെയും പല പ്രമാണികൾ ഹാർദ്ദവമായി പങ്കെടുത്തിരുന്നു. ഈ ജില്ലയിലെ മററു പട്ടണങ്ങളിലും പ്രതിഷേധപ്രദർശനങ്ങൾ ഏർപ്പാടു ചെയ്യുവാൻവേണ്ടി കോൺഗ്രസ്സ് കമ്മിററിയിൽ നിന്നും, കുഞ്ഞിശങ്കരമേനോൻ സെക്രട്ടറിയായിരുന്ന ഒരു ഉപസംഘത്തെ നിയമിക്കുകയും ചെയ്തിരുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ സൈമൺ കമ്മിഷൻെറ ആഗമനത്തിൽ ഇന്ത്യയിൽ സർവ്വത്ര ഒരു കൊടുങ്കാററു വീശി.

സൈമൺ കമ്മിഷൻ ബോയിക്കോട്ട്

ബഹിഷ്കരണവാദികൾ ഉൽസാഹം തുടങ്ങിയപ്പോൾ ഗവർമ്മെണ്ടിൻെറ താല്പര്യക്കാരായ ഒരുകൂട്ടം ആളുകൾ സൈമൺ കമ്മീഷനെ സ്വാഗതം ചെയ്യുവാനും ഒരുക്കങ്ങൾ കൂട്ടി. ഇവർ ഇരുവരും തമ്മിലുണ്ടായ കൂട്ടിമുട്ടൽ, ഇടിയിൽ നിന്നു മിന്നൽ ഉണ്ടാകുന്നതുപോലെ, ജനങ്ങളുടെ ഇടയിൽ ഒരു പുതിയ ഉണർച്ചയും ഉൽസാഹപ്രഭയും പരത്തി. അക്കാലത്തു കോഴിക്കോട്ട് നടക്കുന്ന ഒരു സംഭവം അന്നത്തെ അന്തരീക്ഷത്തെ തെളിച്ചുകാണിക്കുവാൻ സഹായകമാണ്. പാറൻസ്ക്വയറിൽ വെച്ച് പൊതുജനങ്ങളുടെ ഒരു യോഗം, സൈമൺ കമ്മീഷനെ സ്വാഗതം ചെയ്യേണ്ടതിലേക്കു വേണ്ട ഏർപ്പാടുകളെപ്പററി ആലോചിക്കുവാൻ കൂടുന്നതാണെന്നു ചില "സ്വാഗതവാദികൾ" പ്രസിദ്ധപ്പെടുത്തിയിരുന്നു. പൊതുയോഗത്തിൻെറ പേരിൽ ചെയ്യുന്ന തീരുമാനങ്ങളിൽ തങ്ങൾക്കുകൂടി അഭിപ്രായം പറയുവാൻ അവകാശമുണ്ടെന്നു കരുതി മഞ്ചേരി രാമയ്യർ, കെ. മാധവൻനായർ, കുഞ്ഞിശ്ശങ്കരമേനോൻ ഇവരുടെ നേതൃത്വത്തിൽ കുറേ അധികം ആളുകൾ പാറൻസ്ക്വയറിൽ എത്തി. ഇവരുടെ ആഗമനം അവിടെ കൂടീട്ടുണ്ടായിരുന്ന സ്വാഗതവാദികളെ ക്ഷോഭിപ്പിച്ചു. അതു് ഒരു പൊതുയോഗമല്ലെന്നും പൊതുജന

ങ്ങളുടെ പേരിൽ യാതൊരു പ്രമേയവും പാസ്സാക്കുകയില്ലെന്നും ഉറപ്പുവരുന്നപക്ഷം അവിടെനിന്നു പൊയ്ക്കൊള്ളാമെന്നും അല്ലാതെ തങ്ങളെ വല്ല ഉപായവും പറഞ്ഞ് അയച്ചശേഷം പിന്നേ പൊതുജനങ്ങളുടെ പേരിൽ പ്രമേയം പാസ്സാക്കുവാനൊരുങ്ങുകയാണെങ്കിൽ അതിന്നു തങ്ങൾ അനുവദിക്കുകയില്ലെന്നും മഞ്ചേരി രാമയ്യർ ആ യോഗഭാരവാഹികളെ പരസ്യമായി ഒരു പ്രസംഗത്തിൽ അറിയിച്ചു. അതു് ഒരു പൊതുയോഗമല്ലെന്നും കമ്മീഷനെ സ്വാഗതം ചെയ്യേണമെന്നു് അഭിപ്രായമുള്ളവരുടെ മാത്രം യോഗമാണെന്നും കേ. സി. മേനോൻ, ഡാക്ടർ നെട്ടങ്ങാടി എന്നീ ഭാരവാഹികൾ പറഞ്ഞതനുസരിച്ച് ബഹിഷ്ക്കരണവാദികൾ കൂട്ടത്തോടെ ഇറങ്ങിപ്പോരുകയും ചെയ്തു. അവർ നേരേ ടൌൺഹാളിലേക്കാണ് വന്നതു്. അവിടേ മാധവൻനായരുടെ അദ്ധ്യക്ഷതയിൽ വമ്പിച്ച ഒരു പൊതുയോഗംകൂടി ബഹിഷ്ക്കരണത്തെ ശക്തിയായി അനുകൂലിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസ്സാക്കി. സൈമൺ കമ്മിഷൻ ബോംബെയിൽ എത്തിയ ദിവസം കോഴിക്കോട്ടെ മുനിസിപ്പൽ സ്കൂളുകളും മററും പൂട്ടുകയും മുനിസിപ്പൽ ആഫീസിൽ ഒരുകറുത്ത കൊടിനാട്ടുകയും ഉണ്ടായി. അതിന്നനുവദിച്ചതു് അപ്പോൾ ചെയർമാനായിരുന്ന ഇ നാരായണൻ നായരാകയാൽ അദ്ദേഹത്തിൻെറ പേരിൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ, ഗവർമ്മെണ്ടിൽ നിയമിക്കപ്പെട്ട രണ്ടു കൗൺസിലർമാർ നോട്ടീസ്സു കൊടുത്തു. ഈ നോട്ടീസ്സു പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ നഗരവാസികളുടെ ഒരുയോഗം ടൌൺഹാളിൽവെച്ച് മല്ലശ്ശേരി ഗോപാലമേനോൻെറ അദ്ധ്യക്ഷതയിൽ കൂടുകയും മുനിസിപ്പൽ ചെയർമാൻേറയും അദ്ദേഹത്തോടനുകൂലിച്ചുനിൽക്കുന്ന കൌൺസിലർമാരുടേയും പേരിൽ നഗരവാസികളുടെ വിശ്വാസം രേഖപ്പെടുത്തുകയും ചെയ്തു.

1928 ഏപ്രിൽ 2-ാം തീയതി കോഴിക്കോട്ടു ടൌൺഹാളിൽവെച്ചു പൊതുജനങ്ങളുടെ മറെറാരു പ്രധാനയോഗം ചേന്നു. സൈമൺ കമ്മിഷനിൽ അവിശ്വാസം പ്രദർശിപ്പിച്ച മദ്രാസ്സ് നിയമസഭ ഒരു പ്രമേയം പാസ്സാക്കുകയും

ലാ മെമ്പർ ആ പ്രമേയത്തോടനുകൂലിക്കുക നിമിത്തം

അനുമോദനവഴക്ക് മന്ത്രിമാരായിരുന്ന ആരോഗ്യസ്വാമി മുത

ലിയാരും രങ്കനാഥമുതലിയാരും മന്ത്രിസ്ഥാനങ്ങരം രാജി വെക്കുകയും ചെയ്തിരുന്നു എന്നാൽ, പ്രഥമമന്ത്രിയായിരുന്ന ഡാക്ടർ സുബ്ബറായൻ സ്വാഗതപക്ഷക്കാരായ രണ്ടുപേരെ കൂട്ടമന്ത്രിമാരാക്കിച്ചേർത്തു, ഗവർമ്മെണ്ടിൻെറ ആനുകൂല്യത്തോടും സ്വരാജ്യക്കക്ഷിമെമ്പർമാരായ സത്യമൂർത്തിപ്രഭൃതികളുടെ മൗനാനുവാദത്തോടുംകൂടി ഭരണം തുടർന്നുവന്നു. ഇക്കാലത്തായിരുന്നു സി. പി. രാമസ്വാമിഅയ്യർക്കു പകരം ലാ മെമ്പറായി നിയമിക്കപ്പെട്ട ടി. ആർ. വെങ്കിട്ടരാമശാസ്ത്രി ആ സ്ഥാനം കയ്യേററു ഒരു ദിവസം കഴിയുന്നതിന്നുമുമ്പ രാജിവെച്ചതു്. പോലീസ്സ് ഡിപ്പാർട്ടുമെണ്ടിൻെറ ഭരണംകൂടി ലാ മെമ്പരുടെ നിയന്ത്രണത്തിൻകീഴിൽ ആയിരുന്നതു ഇപ്പോരം എടുത്തുകളഞ്ഞതായിരുന്നു വെങ്കിട്ടരാമശാസ്ത്രിയുടേ രാജിക്കുണ്ടായ കാരണം. എന്നാൽ ശാസ്ത്രികരം രാജിവെച്ചൊഴിഞ്ഞ സ്ഥാനത്തു് ജസ്റ്റിസ് കക്ഷിയുടെ നോമിനിയായ ദിവാൻബഹദൂർ എം. കൃഷ്ണൻനായർ നിയമിതനായി. ഈ സ്ഥിതിഗതികളെക്കുറിച്ചാലോചിക്കുവാനായിരുന്നു പ്രസ്തുതയോഗം ചേർന്നതു്. ഡാക്ടർ സുബ്ബരായൻെറ ആക്ഷേപാർഹമായ നടപടികളേയും, തിരഞ്ഞെടുപ്പുസമയത്തു ചെയ്തിരുന്ന പ്രതിജ്ഞകരംക്കും കോൺഗ്രസ്സ് സ്വരാജ്യപാർട്ടിയുടെ സിദ്ധാന്തങ്ങരംക്കും വിരുദ്ധമായി മദ്രാസ്സ് കൌൺസിലിലെ ഏതാനും കോൺഗ്രസ്സ് മെമ്പർമാർ സുബ്ബറായൻെറ ഭരണത്തെ മൌനമായി അനുകൂലിച്ചും ഉപായത്തിൽ സഹായിച്ചും വരുന്ന നയത്തേയും കഠിനമായി ആക്ഷേപിക്കുകയും വെങ്കിട്ടരാമശാസ്ത്രിയെ അനുമോദിക്കുകയും കൃഷ്ണൻനായരുടെ അഭിമാനകരമല്ലാത്ത ഉദ്യോഗസ്വീകരണത്തിൽ ലജ്ജിക്കയും ചെയ്തു. ഈ പ്രമേയം ഹാജരാക്കിക്കൊണ്ടു് കേ. മാധവൻനായർ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:— "നമുക്കും നിയമസഭക്കും ഒരുപോലെ അപഖ്യാതിയുണ്ടാക്കുന്ന സംഭവങ്ങളാണു് മദിരാശിയിൽ ഇപ്പോരം നടന്നുവരുന്നതു്. സ്വാഭിമാനവും ദേശാഭിമാനവുമുള്ള ഏവരുടേയും പൊതുജീവിതത്തേ അസാദ്ധ്യമാക്കിത്തീർക്കത്തക്ക നിലയിൽ അത്ര നിന്ദ്യമായ സമ്പ്രദായമാണു് ഈയിടെ നിയമിക്കപ്പെട്ട പുതിയ മന്ത്രിമാർ പിൻതുടർന്നതു്. കോൺഗ്രസ്സുകാരായ ചില ബ്രാഹ്മണനേതാക്കന്മാരും ജസ്റ്റീസ്സ്

കക്ഷിക്കാരായ ചില അബ്രാഹ്മണന്മാരും ഇതിൽ ഒരുപോലെ ഉത്തരവാദികളാകുന്നു. 1927-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്വരാജ്യകക്ഷിക്കു ഗണ്യമായ വിജയം സിദ്ധിക്കുകയാൽ ജസ്ററീസ് കക്ഷിയുടെ ഭരണം അവസാനിച്ചുവെങ്കിലും പഴയ ദൂഷിച്ച സമ്പ്രദായത്തിന്നു മാററം സംഭവിച്ചില്ല. ഗർഹണീയമായ ഒരു സ്ഥിതി തുടർന്നു പോകുന്നതിൽ കോൺഗ്രസ്സ് പ്രവർത്തകരായ മദ്രാസ്സിലെ ചില ബ്രാഹ്മണനേതാക്കന്മാർ കരുതിക്കൂട്ടി മൗനാവലംബികളായിരിക്കുകയും ചെയ്തു ......... ജസ്റ്റീസ്സ് കക്ഷിക്കു ഉദ്യോഗ സമ്പാദനമല്ലാതെ മററൊരു നയവും ഇല്ല. അതിന്നുവേണ്ടി മുമ്പുംപിമ്പും മറയുവാൻ അവർ എപ്പോഴും തയ്യാറാണ്: ......... കൃഷ്ണൻനായരുടെ ഉദ്യോഗസമ്പാദനംതന്നേ ഇതിന്നൊരുത്തമദൃഷ്ടാന്തമാണ്.'' ഈ പ്രമേയങ്ങൾ വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കപ്പെട്ടു. കൃഷ്ണൻനായരുടെ ഉദ്യോഗലാഭത്തിൽ ഒരു പൊതുയോഗി ചേർന്നു അനുമോദിക്കുവാൻ ചിലർ ഉൽസാഹിച്ചുവെങ്കിലും അതു ഫലപ്രദമായില്ലെന്നു കാണുന്നു. എന്നാൽ, മാധവൻനായർ പരസ്യമായി പ്രസ്താവിച്ച പ്രസ്തുത അഭിപ്രായം അദ്ദേഹത്തിന്നു പിന്നേ ദുർഘടമായിഭവിച്ചു. എങ്ങിനെയെന്നാൽ, കൃഷ്ണൻനായരുടെ നിയമനത്തിൽ അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടു മാർച്ചുമാസം 29-ാം തീയതി, "ഏററവും ഹാർദ്ദമായ അഭിനന്ദനം; മലബാർ മുഴക്കേയും ആഹ്ളാദം'' എന്നു മാധവൻനായർ കൃഷ്ണൻനായർക്കയച്ചിരുന്ന കമ്പിസന്ദേശം പിന്നീടു ഇംഗ്ളീഷുപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കണ്ടപ്പോൾ, കോൺഗ്രസ്സുകാരുടെ ഇടയിൽ വിസ്മയവും അതൃപ്തിയും ഉണ്ടായി.

ഏപ്രിൽ 15-ാം തീയതി വടകരവെച്ചു കൂടിയ കേരള സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ യോഗത്തിൽ മാധവൻനായരുടെ പേരിൽ ഒരാക്ഷേപപ്രമേയം വി. കൃഷ്ണമേനോൻ ഹാജരാക്കി. കമ്മിററിയുടെ സ്ഥിരം പ്രസിഡണ്ടു മാധവൻനായരായിരുന്നതിനാൽ ആ യോഗത്തിലും അദ്ദേഹംതന്നേയാണു അദ്ധ്യക്ഷം വഹിച്ചിരുന്നതു്.

ആക്ഷേപപ്രമേയം

കൃഷ്ണമേനോൻെറ പ്രമേയം കോംബർ ബെയിൽ പിൻതാങ്ങി. അപ്പോൾ മാധവൻനായർ അദ്ധ്യക്ഷസ്ഥാനത്തിൽനിന്നു

മാറി. യു. ഗോപാലമേനോൻ ആ സ്ഥാനം സ്വീകരിച്ചു യോഗനടപടികഠം തുടർന്നു. കൃഷ്ണമേനോന്റെ പ്രമേയത്തിൽ, മാധവൻനായരുടെ പരസ്യമായ പ്രസംഗം ഒരു വിധത്തിലും, കൃഷ്ണനായർക്കയച്ചിരുന്ന കമ്പിസന്ദേശം മററൊരുവിധത്തിലും ഇരുന്നതിൽനിന്നു് മാധവൻനായരുടെ ആത്മാത്ഥതയെപ്പററിത്തന്നേ ചോദ്യം ചെയ്തിരുന്നു. അതിനാൽ കൃഷ്ണമേനോന്റെ പ്രമേയത്തിന്നു പി. രാമുണ്ണിമേനോൻ ഒരു ഭേദഗതി കൊണ്ടുവന്നു. "മാധവൻനായരവർകളുടെ കൃത്യം അനുചിതമായിപ്പോയി എന്നും മേലിൽ ഇപ്രകാരം സംഭവിക്കാതെ നോക്കേണമെന്നും" ആയിരുന്നു ആ ഭേദഗതിയിലെ അഭിപ്രായസാരം. മാധവൻനായർ ചെയ്ത ദീർഘമായ മറുപടി പ്രസംഗത്തിൽ കമ്പി അയച്ചതിൽ തനിക്കു അല്പം പിഴവുവന്നിട്ടുണ്ടെന്നു സമ്മതിച്ചു. ഒടുവിൽ കൃഷ്ണമേനോന്റെ പ്രമേയം പിൻവലിക്കുകയും അതിനുപകരം താഴേപറയുന്ന പ്രമേയം സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു. :— "കൃഷ്ണൻനായർക്കു അഭിനന്ദനക്കമ്പി അയച്ചതിൽ മാധവൻനായർ ആലോചനാപൂർവ്വമല്ലാതേയുള്ള ഒരു കൃത്യമാണു് ചെയ്തതെന്നു് ഈ കമ്മിററി അഭിപ്രായപ്പെടുന്നു. അതേസമയത്തുതന്നേ അദ്ദേഹം ആത്മാത്ഥതയില്ലാതെ പ്രവർത്തിച്ചുവെന്നുള്ള ആക്ഷേപങ്ങഠം അടിസ്ഥാനരഹിതമാണെന്നു അദ്ദേഹത്തിന്റെ സമാധാനം കേട്ടതിൽ ഈ കമ്മിററിക്കു ബോദ്ധ്യമായിരിക്കുകയും അദ്ദേഹത്തിലുള്ള വിശ്വാസം രേഖപ്പെടുത്തുകയും ചെയ്യുന്നു."

ഈ യോഗത്തിൽ പാസ്സാക്കപ്പെട്ട മററു രണ്ടു പ്രമേയങ്ങഠം (1 സമസ്തകക്ഷി സമ്മേളനത്തിൽ കേരളകോൺഗ്രസ്സ്കമ്മിററിയെ പ്രതിനിധീകരിക്കാൻ കോംബെർബെസിലിനെ അയക്കുന്നതിനും, (2) അടുത്ത കേരളസംസ്ഥാനസമ്മേളനം പയ്യന്നൂരിൽവെച്ചു് മേയ്മാസത്തിൽ കൂടുന്നതിനും തീരുമാനിച്ചുകൊണ്ടുള്ളവയായിരുന്നു. അദ്ധ്യക്ഷനായി ജവഹർലാൽനെഹറുവിന്റെ പേർ നിർദ്ദേശിക്കുകയും ചെയ്തു.

1928 മേമാസം 25, 26, 27 തീയതികളിൽ നാലാമത്തെ കേരളസംസ്ഥാന സമ്മേളനം പയ്യന്നൂരിൽവെച്ചു് ജവഹർലാൽ നെഹറുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കെ. ടി. കുമാരൻ

നമ്പ്യാർ ആയിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. അദ്ദേഹം സൈമൺകമ്മിഷൻ ബഹിഷ്കരണത്തിൻെറ അത്യാവശ്യത്തെപ്പററി ഊന്നിപ്പറഞ്ഞു. ബ്രിട്ടൻ ഇന്ത്യയോടു കാണിച്ചിട്ടുള്ള അക്ഷന്തവ്യമായ അമാന്തത്തിൽ ക്ഷുബ്ധരായി ഇന്ത്യാക്കാർ പൂർണ്ണസ്വാതന്ത്ര്യമാണ് അവരുടെ ലക്ഷ്യമെന്നു പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഉടനെതന്നെ ഡൊമീനിയൻ രീതിയിലുള്ള സ്വയംഭരണം അവർക്കു നൽകുന്നതായാൽഅവർഅതുകൊണ്ടു് തൃപ്തിപ്പെടാതെവരികയില്ലെന്നുംസ്വാഗതസംഘാദ്ധ്യക്ഷൻ തൻെറ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടിരുന്നു. നെഹറു റിപ്പോർട്ടിനെ സ്വീകരിച്ചുകൊണ്ടു് കൽക്കത്താ സമ്മേളനം ഇതിന്നേതാനും മാസങ്ങൾ കഴിഞ്ഞു് പ്രമേയം പാസ്സാക്കിയപ്പോൾ അവിടത്തെ ഭൂരിപക്ഷമനോഭാവവും ഏതാണ്ടു് ഈ രീതിയിലായിരുന്നുവല്ലോ. ഈ കോൺഫറൻസിനോടൊന്നിച്ചു് സാഹിത്യസമ്മേളനം, ഉത്തരകേരളമഹാജനസഭാ, സമുദായ പരിഷ്ക്കരണസമ്മേളനം, കേരള ആര്യൻ കോൺഫറൻസ്, ആദികേരള സമ്മേളനം എന്നിവയും നടന്നു. അദ്ധ്യക്ഷൻെറ ഉജ്ജ്വലമായപ്രസംഗത്തിൽ ഇന്ത്യയുടെ ആധുനികസ്ഥിതിയെ പരിശോധിക്കുകയും ഇന്ത്യാക്കാരുടെ സ്വാതന്ത്ര്യസമരാരംഭത്തിൽ അവർ ദീക്ഷിക്കേണ്ടുന്ന ചില പ്രധാന തത്വങ്ങളെ പ്രസ്താവിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ ഇങ്ങിനെ ഉപസംഹരിച്ചു:— "ലോകത്തിലെ വിവിധ രാജ്യങ്ങൾ തമ്മിൽ സ്ഥായിയായ സഹകരണത്തെ അധിഷ്ഠാനമാക്കിയതും ഓരോ രാജ്യത്തിൻേറയും സാമ്പത്തിക സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നതും അതാതു രാജ്യത്തിലെ ജനങ്ങൾക്കു തമ്മിൽ സമത്വത്തേയും സാമുദായിക നീതിയേയും പരിരക്ഷിച്ചു് പുലർത്തുന്നതും ആയ ഒരു സമസ്തലോകരാഷ്ട്രത്തെ നിർമ്മിക്കുവാൻ ഇതരരാജ്യങ്ങളുമായി യോജിച്ചു് ഇന്ത്യയും ശ്രമിക്കേണ്ടതാണ്. ഒരു ഭാരതീയ പ്രജായത്തഭരണം (ഇന്ത്യൻ റിപ്പബ്ളിക്കു്) സ്ഥാപിക്കുവാനാണ് നാം യത്നിക്കേണ്ടതു്"

ജവഹർലാൽ തുടർന്നു പറഞ്ഞതാണിതു്:— "നമ്മെ മുറുകെ പിടിച്ചിരിക്കുന്ന ദോഷകരങ്ങളായ സമ്പ്രദായങ്ങളെ നാം ത്യജിക്കേണ്ടതുണ്ടു്. പ്രത്യേകിച്ചു് ഈ രാജ്യവാസികളായ

പയ്യന്നൂർ

സകല സ്ത്രീപുരുഷന്മാർക്കും ഉത്ക്കർഷത്തിനുള്ള സൗകര്യം ഒരു പോലെ ഉണ്ടാക്കിത്തീർക്കേണ്ടതുണ്ട്. ഒരു ജനായത്തഭരണത്തിന്റെ സ്ഥാനത്തിന്ന് ഇപ്പോൾ പ്രതിബന്ധമായിരിക്കുന്ന എല്ലാ സാമുദായിക ദോഷങ്ങളേയും അയിത്തം മുതലായ അനാചാരങ്ങളേയും തൊഴിലാളികളോട് മുതലാളിമാരും കൃഷിക്കാരോട് ജന്മിമാരും അനുഷ്ഠിച്ചുവരുന്ന ചൂഷണനയത്തേയും നമുക്ക് ശക്തിയായി എതിർത്തു ജയിക്കേണ്ടതുണ്ട്. പാശ്ചാത്യരാജ്യക്കാരിൽനിന്നും പ്രകൃതിശാസ്ത്രം, സാമുദായികശാസ്ത്രം, വിശേഷിച്ചും ശാസ്ത്രീയപരമായി കാര്യങ്ങൾ വീക്ഷിക്കുവാനുള്ള മനോഭാവം, ചർച്ചചെയ്ത വാസ്തവസ്ഥിതികൾ അറിവാനുള്ള സന്നദ്ധത, ഇവയെല്ലാംനമുക്കു പഠിക്കുവാനുണ്ട്. എന്നാൽ, നാം കേവലം വർജ്ജിക്കേണ്ടതായും അനേകം സംഗതികൾ ഇന്ന് പാശ്ചാത്യരുടെ ഇടയിലുണ്ട്, നിങ്ങൾ വിചാരത്തിൽ വിപ്ളവകാരികളായിരിക്കുവിൻ. ഏതൊരുകാര്യത്തേയുംനിങ്ങൾ വിമർശ്ശനബുദ്ധ്യാവീക്ഷിക്കുവിൻ. നിങ്ങളുടെ യുക്തിക്കും ബുദ്ധിക്കും സമ്മതമല്ലാത്ത യാതൊരു സംഗതിയും സ്വീകരിക്കാതിരിക്കുവിൻ.. സ്വാതന്ത്ര്യം നേടുക എന്നു പറയുന്നതു ചിലർക്കുവേണ്ടിയോ ചില വിഭാഗങ്ങളിൽ ഉള്ളവർക്കുവേണ്ടിയോ ഏതാനും ആനുകൂല്യങ്ങൾ നേടുവാനുള്ള പരിശ്രമമല്ല. എല്ലാവർക്കും സ്വാതന്ത്ര്യവും സമസൗകര്യങ്ങളും പ്രദാനം ചെയ്യുന്ന ഒരു സാമുദായിക വ്യവസ്ഥ രൂപവൽക്കരിക്കുക എന്നതായിരിക്കണം നമ്മുടെ ഉദ്ദേശം. പൂർവ്വിക മാഹാത്മ്യങ്ങളെക്കുറിച്ചുള്ള ചിന്തകളിൽനിന്നുണർന്ന് ജീവിതത്തിൽ നമ്മുടെ ഗുണത്തിനും യുക്തിക്കും എതിരായി കാണുന്നവയെ എല്ലാം നിർഭയം വർജ്ജിച്ച് നമ്മുടെ വളർച്ചയ്ക്കനുകൂലവും നമുക്കു ഗുണകരവും ആയതിനെ എല്ലാം സധൈര്യം സ്വീകരിച്ച് ഉത്സാഹപൂർവ്വം മുന്നോട്ടു പോവുക, വിപ്ളവം വിജയിക്കട്ടെ,''

"വിമർശനബുദ്ധ്യാ വീക്ഷിക്കണം"

പയ്യന്നൂർ കോൺഫറൻസിലെ തീരുമാനങ്ങളും അദ്ധ്യക്ഷപ്രസംഗത്തേപ്പോലെ സ്വാതന്ത്ര്യതൃഷ്ണയെ പ്രകാശിപ്പിച്ചവയായിരുന്നു. (1) ഇന്ത്യയുടെ ഭാവിഭരണഘടനയിൽ

കേരളം ഒരു പ്രത്യേകസംസ്ഥാനമായിരിക്കേണ്ടതാണ്. (2) തങ്ങളുടെ ന്യായമായ അവകാശങ്ങളെ സ്ഥാപിച്ചുകിട്ടുവാൻ സമരംചെയ്തുവരുന്ന ബർദോളിയിലെ ധീരരായ സ്ത്രീപുരുഷന്മാരെ അനുമോദിക്കുന്നു. (3) മലബാറിലെ എല്ലാകുടിയാന്മാർക്കും വസ്തു കൈവശക്കാര്യത്തിൽ ഉറപ്പും അത്യാവശ്യമായ അവകാശങ്ങളിൽ രക്ഷയും നൽകുന്ന ഒരു നിയമം ഉടനെ പാസ്സാക്കണം. (ഇതിനെ സംബന്ധിച്ച് തീക്ഷ്ണമായ ഒരു വാദപ്രതിവാദത്തിന്നിടയായി. ജന്മിപക്ഷവാദികൾ പ്രമേയത്തെ എതിർത്തുകൊണ്ട് പറഞ്ഞതു്, ജന്മികളുടേയും കുടിയാന്മാരുടെയും വകയായുള്ള ഒരു പൊതുസമ്മേളനത്തിൽനിന്നും ഇങ്ങിനെ ഒരു വിഭാഗത്തിന്നു പ്രത്യക്ഷത്തിൽ ദോഷമായിട്ടുള്ള പ്രമേയം പാസ്സാക്കുവാൻ പാടില്ലെന്നായിരുന്നു. ഇതിനെല്ലാം മതിയായ സമാധാനം പ്രമേയകർത്താവായ എം. എം. കുഞ്ഞിരാമമേനോൻ പറഞ്ഞു 64പേർ അനുകൂലമായും 11 പേർ പ്രതികൂലമായും വോട്ടുചെയ്തു. വളരെ പേർ നിഷ്പക്ഷനിലയും സ്വീകരിച്ചു.. (4) മാപ്പിളകുടുംബങ്ങളെ ആന്തമാനിലേക്കയക്കുന്നതിന്നു് പൊതുജനങ്ങളുടേയും വിശിഷ്യമാപ്പിളമാരുടേയും ശക്തിയായ ആക്ഷേപം ഉണ്ടായിട്ടും അതിനെ അഗണ്യമാക്കി ഗവൺമെൻറു് പ്രവർത്തിക്കുന്നതിനെ നിന്ദിച്ചു. ഈ പ്രമേയം കെ. ഉപ്പിസാഹെബ് ഹാജരാക്കുകയും മഞ്ചേരി രാമയ്യർ പിൻതാങ്ങുകയും ചെയ്തതായി കാണുന്നു. മഞ്ചേരി രാമയ്യർ ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു:— "കഠിനമായ കുററം ചെയ്തിട്ടില്ലാത്തവരെ വിട്ടയക്കണമെന്നു മാത്രമെ പറയുന്നുള്ളു. എം. പി. നാരായണമേനോനെപ്പോലെ നിരപരാധികളായ പലരും ഉണ്ടു്. മമ്മതുകുട്ടി ഹാജി നിർദോഷിയാണെന്നു എനിക്കു് നേരിട്ടറിയാം. പിലക്കത്തു് മുഹമ്മദുഹാജിയെ അവർ തൂക്കുവാൻ ശ്രമിച്ചില്ലേ? അയാൾ കുററം ചെയ്തു എന്നു പറയുന്ന സ്ഥലത്തു് ഞാനുണ്ടായിരുന്നു. ഞാനയാൾക്കു് സാക്ഷി പറഞ്ഞു. അതുകൊണ്ടും മററും അയാൾ രക്ഷപ്പെട്ടതാണ്. എന്നാൽ തക്കതായ സാക്ഷികളെ

തീരുമാനങ്ങൾ

മഞ്ചേരി രാമയ്യരുടെ പ്രസംഗം

കൊടുക്കുവാൻ നൃജൻറുഗ്രാൻറിനെപ്പോലുള്ള ബാരിസ്ററർമാരെക്കൊണ്ടു് കേസ്സ്നടത്തി വാദിക്കുവാനും പഞ്ചിലകത്തു മുഹമ്മദു ഹാജിക്കു് സാധിച്ചതുപോലെ സാധാരണക്കാർക്കുണ്ടോ കഴിയുന്നു? അങ്ങിനെ എത്രപേരാണു് കൊലക്കുററത്തിനും മററുവൻശിക്ഷകൾക്കും അനർഹമായി പാത്രവാന്മാരായതു്? എൻെറ സഹപാഠിയായിരുന്ന ഒരു മജിസ്ട്രേട്ടു് എന്നോടു പറഞ്ഞ ഒരു സംഗതി വിജ്ഞേയമാണു്. അദ്ദേഹം പോലീസ്സു് തെളിവിന്മേൽ കുറേപേക്കു് 7 കൊല്ലവും 10 കൊല്ലവും മററും ശിക്ഷനിശ്ചയിച്ചു. വിധിന്യായം തയ്യാറാക്കിയിരുന്നു. അപ്പോൾ, കുററം നടന്ന ദിവസം അവർ കോയമ്പത്തൂർ ജയിലിലായിരുന്നുവെന്നറിവായി: ഇത്തരത്തിലായിരുന്നു അന്നത്തെ പ്രോസിക്യൂഷൻസു്. ആ സ്ഥിതിക്കു് ഇന്നും ജയിലിലടച്ചിരിക്കുന്ന തടവുകാരുടെ കേസ്സിൽ ഒരു അന്വേഷണം നടത്തി കുടുംകുററങ്ങളൊന്നും ചെയ്തിട്ടില്ല എന്നു കാണുന്നവരെ വിട്ടയക്കുന്നതു് നീതിയായിരിക്കും.'' (മഞ്ചേരി രാമയ്യരുടെ ഉജ്ജ്വലമായ ഈ പ്രസംഗംമ ലബാർ ലഹളയുടെ ചില കറുത്തിരുണ്ട മൂലകളിലേക്കു് നല്ല വിദ്യുത്ദീപത്തെ പായിച്ചു് അന്നത്തെ നടപടികളുടെ വാസ്തവഭാവം വെളിപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ടു്.)

(5) നാട്ടുരാജ്യങ്ങൾ ഇന്ത്യയുടെ അഭേദ്യമായ അംശമാണെന്നും അവയെ സാമ്പത്തികമായോ രാഷ്ട്രീയമായോ ബ്രിട്ടീഷിന്ത്യയിൽനിന്നു് വേർതിരിച്ചുനിർത്തുവാൻ പാടുള്ളതല്ലെന്നും നാട്ടുരാജാക്കന്മാരുടെ ഇന്നത്തെ അനിയന്ത്രിതമായ സ്വേച്ഛാധികാരം നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കു് മാത്രമല്ല, ബ്രിട്ടീഷിന്ത്യയിലെ ജനങ്ങൾക്കും ആപൽകരമായിട്ടുള്ളതാണെന്നും അതുകൊണ്ടു് ഐക്യഇന്ത്യയുടെ ഭരണഘടനയിൽ നാട്ടുരാജ്യങ്ങളിലും ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെടുന്നു. (6) ഇന്ത്യയുടെ പ്രാപ്യസ്ഥാനം പൂർണ്ണസ്വാതന്ത്ര്യമാണെന്നു് പ്രഖ്യാപനം ചെയ്തുകൊണ്ടു് ഉള്ള മദിരാശി കോൺഗ്രസ്സു് സമ്മേളനത്തിലെ പ്രമേയത്തെ സ്വാഗതം ചെയ്യുന്നു.

നാട്ടുരാജ്യങ്ങൾ

(7) കോൺഗ്രസ്സിൻെറ ഉദ്ദേശം ഇന്ത്യയുടെ സ്വരാജ്യപ്രാപ്തിയാണെന്നു് വിവരിച്ചിട്ടുള്ളതു് ഇന്ത്യയുടെ പരിപൂർണ്ണസ്വാതന്ത്ര്യമാണെന്ന നിലയിൽ ഭേദപ്പെടുത്തുവാൻ അടുത്തു് കൽക്കത്തയിൽ കൂടുന്ന കോൺഗ്രസ്സു് സമ്മേളനത്തോടു് ശിപാർശചെയ്യുന്നു. ഈ പ്രമേയം കെ. മാധവനാർ അവതരിപ്പിച്ചു. എം. എം. ഗോവിന്ദക്കുറുപ്പു് പിൻതാങ്ങി. പി. അപ്പുണ്ണിമേനോൻ എതിർത്തു. പി. രാമുണ്ണിമേനോൻ അനുകൂലിച്ചു. മഞ്ചേരി രാമയ്യരും പി. അച്യുതനും എതിർത്തു. എതിർത്തവരുടെ വാദം, ഈ പ്രമേയം ഫലശൂന്യമാണെന്നും സ്വന്തം നാട്ടുകാരെ കോൺഗ്രസ്സിൽനിന്നു അകററി നിറുത്തുവാൻ മാത്രമായിരിക്കും ഇങ്ങിനെയുള്ള പ്രമേയങ്ങളുടെ ഫലമെന്നും കോൺഗ്രസ്സിന്നു സകലരുടേയും സഹായം അത്യാവശ്യമാകയാൽ ആ സഹായങ്ങളില്ലാതാക്കുന്ന പ്രമേയം പാസ്സാക്കരുതെന്നുമായിരുന്നു. പ്രമേയത്തെ അനുകൂലിച്ച കെ. കേളപ്പൻ ഇവരുടെ എതിർവാദത്തിന്നു ഇങ്ങിനെ മറുപടി പറഞ്ഞു:- "കോൺഗ്രസ്സിൻെറ ഉദ്ദേശം ലഡ്ഡുവും ജിലേബിയും തിന്നു് സുഖമായി വിശ്രമിക്കുകയാണെന്നു തീർച്ചപ്പെടുത്തുന്നപക്ഷം ഇന്നത്തേക്കാരം അധികം ആളുകരം കോൺഗ്രസ്സിൽ ചേരുവാനുണ്ടായേക്കും. കോൺഗ്രസ്സിൻെറ ശക്തി അതിലെ അംഗങ്ങളുടെ എണ്ണത്തേ അല്ല ആശ്രയിച്ചിരിക്കുന്നതു്. അവരുടെ ദൃഢവിശ്വാസത്തേയും അതിനുവേണ്ടി ആത്മത്യാഗപൂർവ്വം ചെയ്യുന്ന പ്രവൃത്തിയേയും ആശ്രയിച്ചാണിരിക്കുന്നതു്" കുറൂർ നമ്പൂതിരിപ്പാടു്, വി. ആർ. നായനാർ, സി. കുട്ടൻനായർ എന്നിവർ അനുകൂലമായും യു ഗോപാലമേനോൻ, ഉപ്പിസാഹേബ് എന്നിവർ പ്രതികൂലമായും സംസാരിച്ചു. പ്രമേയം ഭൂരിപക്ഷപ്രകാരം പാസ്സായി.

പൂർണ്ണസ്വാതന്ത്ര്യ പ്രമേയം

ജവഹർലാൽ കേരളത്തിൽനിന്നു തൃപ്തനായിട്ടായിരുന്നു മടങ്ങിയതെന്നു് അദ്ദേഹം അല്ലഹബാദിലെത്തിയശേഷം അവിടേനിന്നു അയച്ച കത്തുവെളിപ്പെടുത്തി. അതിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:— "അല്പമായ ഒരുപരിശ്രമത്താൽ കേരളത്തിൽ കോൺഗ്രസ്സിൻെറ ഘടനയും പ്രവൃത്തിയും തൃപ്തികര

ജവഹർലാലിൻെറ തൃപ്തി

മായ നിലയിൽ കൊണ്ടുവരാമെന്നാണ് എനിക്ക് തോന്നുന്നതു്. അതിന്നു യോജിച്ച പ്രവർത്തകന്മാർ മററു സ്ഥലങ്ങളിലെന്നപോലെ കേരളത്തിലും ഉണ്ടു്. അടിയന്തിരമായി വേണ്ടതു സംസ്ഥാനക്കമ്മെററിക്ക് ഒരു ആഫീസു ശമ്പളക്കാരനായ ഒരു അസിസ്റ്റൻറ് സെക്രട്ടറിയുമാണ്. ജില്ലാ കമ്മിററികൾക്കും ഇതുപോലെയുള്ള ഒരേർപ്പാടു് അത്യാവശ്യമാണ്. രാഷ്ട്രീയ സംഘടന എന്ന പേരിന്നെ അർഹിക്കുന്ന ഏതൊരു സ്ഥാപനത്തിന്നും തക്കതായ ആഫീസും മുഴുവൻ സമയം അതിന്നായി ചെലവഴിക്കാൻ കഴിയുന്ന ഒന്നോ അതിലധികമോ പ്രവർത്തകന്മാരും ഒഴിച്ചു കൂടാത്തതാകുന്നു.'' ഈ ആവശ്യത്തിന്നായി സംസ്ഥാനക്കമ്മിററിക്ക് മാസത്തിൽ 200 ഉറുപ്പികവീതവും ജില്ലാകമ്മിററികൾക്ക 50 ഉറുപ്പിക വീതവും കോൺഗ്രസ്സ്കാരിൽ നിന്നു പിരിച്ചുണ്ടാക്കേണ്ടതാണെന്നും കോൺഗ്രസ്സ് കാര്യങ്ങളിൽ ശ്രദ്ധയുള്ള ഏതാനുംപേർ ശ്രമിച്ചാൽ ഇതു് പ്രയാസമായി വരികയില്ലെന്നും അഭിപ്രായപ്പെടുകയും ഈ ആവശ്യത്തിലേക്ക് 50 ഉറുപ്പിക സ്വന്തം സംഭാവനയായി കത്തോടൊന്നിച്ച് ജവഹർലാൽ അയച്ചുകൊടുക്കയും ചെയ്തു.

ഉൽബുദ്ധമായ രാഷ്ട്രീയസ്ഥിതി

ഇക്കാലത്തു് വിദേശവസ്ത്രബഹിഷ്ക്കരണ പദ്ധതിക്ക ഒരു പുതിയ ശക്തിയും ഉത്സാഹവും ലഭിച്ചിരുന്നു. സൈമൺ കമ്മീഷൻ ബഹിഷ്ക്കരണത്തിന്നായി ജനങ്ങൾ ചെയ്ത ശ്രമങ്ങളാലും, ഗവണ്മെൻറും കോൺഗ്രസ്സ് പ്രവർത്തകന്മാരുംതമ്മിൽ ഈ വിഷയത്തിൽ ഉണ്ടായ സംഘട്ടനത്താലും രാജ്യത്തുണ്ടാകുവാൻസംഗതിയായ പ്രക്ഷോഭണത്തിൻെറ ഫലമായി മുമ്പു വിദേശവസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നവരും കൂടി ഇപ്പോൾ അവയെ ഉപേക്ഷിച്ചിരുന്നു. കൽക്കത്തയിലെ ശ്രദ്ധാനന്ദപാർക്കിൽവെച്ചു ഗംഭീരമായ ഒരു പൊതുയോഗം കൂടുകയും സംഖ്യയില്ലാത്ത വിദേശവസ്ത്രങ്ങൾ അവിടെവെച്ച് ദഹിപ്പിക്കുകയും ചെയ്തു. അതു സംബന്ധിച്ച് ബംഗാൾ സംസ്ഥാന കോൺഗ്രസ്സ് കമ്മിററി സെക്രട്ടറിയായിരുന്ന കിരൻ ശങ്കർ റായിയേയും, വസ്ത്രങ്ങൾക്ക തീ കൊളുത്തിയ മഹാത്മാ

ഗാന്ധിയേയും മററു പലരേയും അറസ്ററുചെയ്ത ഓരോ ഉറുപ്പികവീതം പിഴ കൊടുക്കുവാൻ അവരോട് കല്പിച്ചു. മഹാത്മാ ഗാന്ധിയുടേയും മററും അറസ്ററും ശിക്ഷയും, അതുപോലെ തന്നെ അക്കാലത്തു നടന്ന പല തൊഴിലാളി നേതാക്കന്മാരുടേയും അറസ്ററും ശിക്ഷയും രാജ്യത്തെ ക്ഷോഭം ഒന്നുകൂടി വർദ്ധിപ്പിച്ചിരുന്നു. പൂർണ്ണസ്വാതന്ത്ര്യ പ്രഖ്യാപനം, നെഹ്റു റിപ്പോർട്ടിനെ തുടർന്നു അഖിലകക്ഷികളും ചേർന്നു നടത്തിയിരുന്ന പ്രക്ഷോഭണങ്ങൾ, അസംബ്ളിയിൽവച്ചുണ്ടായ ബോംബേറു്, പ്രസിഡണ്ട് പട്ടേലും വൈസറായിയും തമ്മിൽ അക്കാലത്തു് ഉണ്ടായിക്കൊണ്ടിരുന്ന തീഷ്ണമായ അഭിപ്രായ വ്യത്യാസങ്ങൾ, ഇവയെല്ലാം ഗവൺമെൻറിനേയും വളരെ അസ്വസ്ഥമാക്കിയിരുന്നു. കേരളത്തിൽ അന്നു കോൺഗ്രസ്സ് കമ്മിററി ഏർപ്പെട്ടിരുന്ന മിക്ക പരിശ്രമങ്ങളിലും മഞ്ചേരി രാമയ്യരും ഉത്സാഹപൂർവ്വം പങ്കുകൊണ്ടിരുന്നതായി കാൺമാനുണ്ട്. വീടുകൾതോറും ഖദർ കൊണ്ടുനടന്നു് വിററിരുന്നവരുടെ കൂട്ടത്തിൽ കോൺഗ്രസ്സുകാരോടൊപ്പം മഞ്ചേരി രാമയ്യരും ഉണ്ടായിരുന്നു. സൈമൺകമ്മിഷൻ ബഹിഷ്ക്കരണത്തേയും നെഹ്റു റിപ്പോർട്ടിനേയും തുടർന്നു ഇന്ത്യയിൽ വന്നുചേർന്ന പുതിയ സമരപരമായ അന്തരീക്ഷത്തിൻെറ ഒരു ലക്ഷണമായിരുന്നു അതു്. അന്നു് കേരളവും ഉന്മേഷത്താൽ മുഖരിതമായിരുന്നു.

നിയമസഭാ ബഹിഷ്ക്കരണവും കടിയാൻ ബില്ലും

ബോംബെയിൽവെച്ചു് 1929 മേയ് 25-ാം തീയതി നടന്ന സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററി യോഗത്തിൽവെച്ചു് പാസ്സാക്കിയ ഒരു പ്രമേയം നിയമസഭകളിലെ കോൺഗ്രസ്സ് മെമ്പർമാരോട് നിയമസഭകൾ വിട്ടു പുറത്തുവരുവാൻ അനുശാസിക്കയുണ്ടായി. പ്രമേയം ഇപ്രകാരമായിരുന്നു:- "സൈമൺ കമ്മിഷനോടും അതിൻെറ നിയമനത്തിനും നയത്തിന്നും ആസ്പദമായ തത്വത്തോടും ഈരാജ്യത്തിലെ ജനങ്ങൾക്കുള്ള ബലമായ പ്രാതികൂല്യത്തെ അവർ തങ്ങളുടെ വോട്ടുമൂലം ഒരു പൊതുതിരഞ്ഞെടുപ്പിൽ പ്രദർശിപ്പിക്കുന്നതിനെ തടയുവാനുള്ള ഗവർമ്മെണ്ടിൻെറ ഉദ്ദേശത്തിൻെറ ഫലമായിട്ടാണ് നിയമസഭകളുടെ

കാലാവധി നീട്ടുവാൻ ഗവർമ്മെണ്ടു തീരുമാനിച്ചിരിക്കുന്നതെന്നു് സ്പഷ്ടമാകുന്നു. ബങ്കാളിലും ആസ്സാമിലും ഒഴിച്ചുള്ള എല്ലാ സംസ്ഥാനനിയമസഭകളിലേയും കോൺഗ്രസ്സു മെമ്പർമാർ മേലിൽ തങ്ങളുടെ പൂർണ്ണസമയവും കോൺഗ്രസ്സ് പരിപാടി നിറവേററുന്നതിനായി വിനിയോഗിക്കേണ്ടതാണു്. എന്നാൽ ബങ്കാളിലേയും ആസ്സാമിലേയും നിയമസഭാ മെമ്പർമാർക്കു് തിരഞ്ഞെടുപ്പിന്നുശേഷം തങ്ങളുടെ പേർ രജിസ്ററർ ചെയ്യുവാനായി ആദ്യത്തെ യോഗത്തിൽ ഹാജരാകാവുന്നതുമാണു്. ഇതുകൂടാതെ ഗവർമ്മെണ്ടു് സമാരംഭിച്ചതായിക്കണ്ട തീവ്രമർദ്ദനനയത്തേ എതിർക്കുവാൻ ഓരോ സംസ്ഥാനക്കമ്മിററിയും ശക്തിയായും സംഘടിതമായും എതിർക്കേണ്ടതുമാകുന്നു.'' കോൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡണ്ടും മദ്രാസ് നിയമസഭാമെമ്പറുമായ കേ. മാധവൻനായർക്കു് നിയമസഭയുടെ യോഗത്തിൽ ഹാജരാകുവാൻ പാടില്ലാതേ വന്നു. എന്നാലും കുടിയാൻബിൽ അവതരിപ്പിക്കുവാൻ ഗവർമ്മെണ്ടു് തയ്യാറായിരിക്കുന്ന ആ അവസരത്തിൽ കുടിയാന്മാരുടെ പ്രാതിനിദ്ധ്യം വഹിക്കാമെന്നുള്ള പ്രതിജ്ഞയോടുകൂടി നിയമസഭയിൽ എത്തീട്ടുള്ള താൻ കോൺഗ്രസ്സിൻെറ ആജ്ഞാനുസരണം സന്നിഹിതനാകാതേ കഴിക്കുന്നതാകയാൽ അതു് കുടിയാന്മാരേ സംബന്ധിച്ചിടത്തോളം വലിയൊരപരാധമാകയില്ലേ എന്നു് അദ്ദേഹത്തിന്നു് സംശയം തോന്നി. തന്മൂലം അദ്ദേഹം ഈ സംഗതിയേപ്പററി കോൺഗ്രസ്സു പ്രസിഡണ്ടിന്നു ഒരു കത്തയച്ചു, സർവ്വേന്ത്യ കോൺഗ്രസ്സ കമ്മിററിയുടെ മുൻപറഞ്ഞ തീരുമാനത്തിൽനിന്നുംതന്നേ ഒഴിവാക്കുവാൻ അപേക്ഷിക്കയുണ്ടായി. മലബാർ കുടിയാൻ സംഘവും കേരളകോൺഗ്രസ്സ കമ്മിററിയും മാധവൻനായരുടെ അപേക്ഷ അനുവദിക്കണമെന്നു സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയോടഭ്യർത്ഥിച്ചു. എന്നാൽ പ്രസിഡൻറ് ഈ അപേക്ഷകളെ അനുവദിക്കുവാൻ നിവർത്തിയില്ലെന്നു് അറിയിച്ചു. മാധവൻനായർ മലബാറിലെ കുടിയാന്മാരോടു് ചെയ്തപോലെയുള്ള പ്രതിജ്ഞകൾപോലേ മററു സ്ഥലങ്ങളിലെ നിയമസഭാ മെമ്പർമാരും അവിടവിടത്തെ ജനങ്ങളോടു് പ്രത്യേകസങ്കടങ്ങളെ സംബന്ധിച്ചു് തിരഞ്ഞെടുപ്പുപ്രതിജ്ഞകൾ ചെയ്തിരിക്കാൻ ഇടയുണ്ടെന്നും ആ പ്രത്യേക പ്രതിജ്ഞകൾ പരിഗണിച്ചു് കോൺഗ്രസ്സ്

എം. എൽ. സി. മാരേ കോൺഗ്രസ്സിന്റെ തീരുമാന ത്തിൽനിന്നും ഒഴിവാക്കുന്നതു് സാദ്ധ്യമോ ഉചിതമോ ആയി രിക്കയില്ലെന്നുമായിരുന്നു പ്രസിഡണ്ടിന്റെ അഭിപ്രായം. കുടി യാൻ സംഘത്തിന്റെ ആവശ്യപ്രകാരം അവരുടെ പ്രതിനിധി യായി ജി. ശങ്കരൻനായർ ഇതിന്നുശേഷം അല്ലഹബാദിൽവെ ച്ച് കൂടിയ കോൺഗ്രസ്സ് പ്രവർത്തകക്കമ്മിററിയുടെ മുമ്പിൽ നിവേദനം ചെയ്യുകയുണ്ടായി. വേറേയും കോൺഗ്രസ്സ് എം. എൽ. സി. മാരേ സംബന്ധിച്ചു് ഇപ്രകാരമുള്ള നിവേദനങ്ങ ളും അപേക്ഷകളും കോൺഗ്രസ്സ് പ്രവർത്തകക്കമ്മിററിക്കു് ആ ലോചിക്കേണ്ടിവരികയും, ലാഹോർ കോൺഗ്രസ്സ് സമ്മേളനം സമീപിച്ചിരിക്കയും ചെയ്യുകയായാൽ ബോംബെയിൽവെച്ചു് ചെയ്തിരുന്ന മുൻപറഞ്ഞ തീരുമാനം ലാഹോർ സമ്മേളനംവരെ നിറുത്തിവെക്കുവാൻ തീരുമാനിച്ചു. അങ്ങിനെ മാധവൻനായർ ലാഹോർ സമ്മേളനം കഴിയുന്നതുവരേ നിയമസഭയുടെ യോഗ ങ്ങളിൽ തുടർന്നു് ഹാജരാവുകയും കുടിയാൻബിൽ നിയമമാക്കു ന്നതിൽ ഗണ്യമായി സഹായിക്കുകയും ചെയ്തു.

## അദ്ധ്യായം 11

# ഉപ്പു സത്യാഗ്രഹം

സൈമൺകമ്മീഷൻെറ രാജ്യമാസകലമുണ്ടായ ബോയി ക്കോട്ട്, നെഹറു റിപ്പോർട്ടിനെ അനുകൂലിച്ച രാജ്യമാസകല മുണ്ടായ പ്രക്ഷോഭണം, ലാഹോർ സമ്മേളനത്തിൽ പാസ്സാ ക്കിയ പരിപൂർണ്ണ സ്വാതന്ത്ര്യപ്രമേയം, അതിനെത്തുടർന്നു 1930 ജനുവരി 26-ാം തീയതി ഇന്ത്യയിലെല്ലാം പൊതുയോഗ ങ്ങരം ചേർന്ന് ചെയ്ത സ്വാതന്ത്ര്യപ്രഖ്യാപനം- ഇവയെല്ലാം ഒരു പുതിയ അന്തരീക്ഷത്തെ ഉണ്ടാക്കി ഈ അവസരത്തിലായിരു ന്നു മഹാത്മാഗാന്ധി അദ്ദേഹത്തിൻെറ പ്രസിദ്ധമായ പതി നൊന്നു സംഗതികളടങ്ങിയിരുന്ന കത്തു് റെയിനാംഡ് എന്ന ഇംഗ്ളീഷ് യുവാവിൻെറ പക്കൽഅന്നത്തെ വൈസ്റായിക്കു അയക്കുകയുണ്ടായതു്. മർവിൻ പ്രഭുവിൽനിന്നു് തൃപ്തികര മായമറുപടി കിട്ടായ്കനിമിത്തം, അദേഹം കത്തിൽ പ്രസ്താ വിച്ചിരുന്നതുപോലെ സത്യാഗ്രഹസമരംആരംഭിക്കുവാൻ തീർച്ച പ്പെടുത്തി. പുരാണങ്ങളിലെ ചില മഹാസംഭവങ്ങളോട് സാ മ്യം വഹിക്കുന്ന ദിണ്ഡിയാത്ര, ഗാന്ധി തൻെറ സത്യാഗ്രഹാ ശ്രമത്തിലെ അന്തേവാസികളായ 70 അനുയായികളോടുകൂടി 1930 മാർച്ചുമാസം 1-ാം തീയതി ആരംഭിച്ചു. മേൽപറഞ്ഞ അനുയായികളുടെ കൂട്ടത്തിൽ സി. കൃഷ്ണൻ നായർ മുതലാ യി നാലു കേരളീയരും ഉരംപ്പെട്ടിരുന്നു. താൻ വൈസ്റായി ക്കയച്ച കത്തിൽ ആവശ്യപ്പെട്ടിരുന്ന 11 സംഗതികളിലൊ ന്നു് സാധുക്കളുടെ കഞ്ഞിക്കു പോലും ഗവൺമെൻറു് നികുതി ചുമത്തിയിരിക്കുന്ന ഇപ്പോഴത്തെ ഉപ്പുനികുതി ഏർപ്പാടു് എടു ത്തുകളയേണമെന്നുള്ളതായിരുന്നു. ദണ്ഡിയാത്രക്കു മുമ്പായി ഗാന്ധിചെയ്ത പ്രസ്താവനയിൽ പറഞ്ഞതു് "ഒന്നുകിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങരം സാധിച്ചു മടങ്ങി ആശ്ര

മത്തിലെത്തും, അല്ലെങ്കിൽ എൻെറ മൃതശരീരം അറബിക്കടലിൽ ഒഴുകുന്നതു കാണും" എന്നായിരുന്നു. ഈ പ്രസ്താവന ഹിമാലയം മുതൽ കന്യാകുമാരിവരെ ഇന്ത്യയെ പ്രബുദ്ധമാക്കി. ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ധീരമായ ഒരു അവസാനസമരത്തിന്നു ജനങ്ങരം തയ്യാറായിക്കൊള്ളുവിൻ എന്നുള്ള ഒരു ഉൽബോധനമായി ജനങ്ങരം മേൽപ്പറഞ്ഞ പ്രസ്താവനയെ പരിഗണിച്ചു,

മററെല്ലാപ്രദേശങ്ങളും എന്നപോലെ കേരളവും ഈ പാഞ്ചജന്യത്താൽ ഉണർന്നു് സമരോൽസുകമായി ഭവിച്ചു. കെ. കേളപ്പൻ, ടി ആർ കൃഷ്ണസ്വാമി അയ്യർ മുതലായി പലരും മലബാറിൻെറ പല സ്ഥലങ്ങളിലും സഞ്ചരിച്ചു ഈ നവസന്ദേശത്തെ പ്രചരിപ്പിച്ചു. സ്വന്ത ജോലികളെല്ലാം ഉപേക്ഷിച്ചു ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നായുള്ള ഈ സത്യാഗ്രഹസമരത്തിൽ

**കേരളത്തിലെ ശ്രമങ്ങരം**

പങ്കുകൊള്ളുവാൻ ആയിരക്കണക്കിന്നു ജനങ്ങരം സന്നദ്ധരായി വന്നു. ഈ അവസരത്തിൽ, തനിക്കു് തലശേരി റെയിൽവേ സ്റ്റേഷനിൽ ഉണ്ടായിരുന്ന ഗുമസ്ഥൻ ജോലിയെ രാജിവച്ചു് ഈ സമരത്തിന്നു സന്നദ്ധനായ എ കെ. വാരിയർ താഴെ പറയും പ്രകാരമുള്ള ഒരു കത്തു് കേരളസത്യാഗ്രഹക്കമ്മിററിക്കയച്ചു:— "വിദേശീയ ഭരണത്തിൻെറ നിരന്തരമായ മർദ്ദനനയം, ഭാരതീയരുടെ നിത്യദാരിദ്ര്യം, അവയെല്ലാം കാണുമ്പോരം ഇവിടെ സൈ്വരമായിരിക്കുവാൻ എൻെറ മനസ്സു് അനുവദിക്കുന്നില്ല. എനിക്കുണ്ടായിരുന്ന ഉദ്യോഗം ഞാൻ ഏപ്രിൽ 1-ാം തീയതി തന്നെ രാജികൊടുത്തു. 5-ാം തീയതി മുതൽ എന്നെ ജോലിയിൽനിന്നു വിടുകയും ചെയ്തു. കേരളത്തിലും തുടങ്ങുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന സത്യാഗ്രഹസമരത്തിൽ ഒരു വാളണ്ടിയറായി ചേരുവാൻ ഞാനാഗ്രഹിക്കുന്നു. കേരളത്തിലെ യുവജനങ്ങരം ഈ സമരത്തിൽനിന്നു പിൻതിരിയാതിരിക്കുവാൻ അവക്കു് ധൈര്യവും ശക്തിയും ഉണ്ടാകട്ടെ എന്നു് ഞാൻ പ്രാത്ഥിക്കുകയും ചെയ്യുന്നു." ഇങ്ങിനെ ഒന്നാമത്തെ വാളണ്ടിയർ സംഘത്തിലേക്കു നിശ്ചിത ദിവസത്തിനുള്ളിൽ ആവശ്യത്തിലധികം വിളണ്ടിയർമാർ ചേന്നു കഴിഞ്ഞു, ഈ അവസരത്തിലായിരുന്നു കെ. എ. ദാമോദര

മേനോൻ, പി. കെ. രാമുണ്ണിനായർ എന്നീ ദേശാഭിമാനികാം തങ്ങാംക്കു് റംഗൂണിലുണ്ടായിരുന്ന ഗണ്യമായ ഉദ്യോഗങ്ങളെ വലിച്ചെറിഞ്ഞശേഷം കേരളത്തിലേക്കു് മടങ്ങിയതു്. അവർ രണ്ടുപേരും സത്യാഗ്രഹസമരത്തിൽ ഏർപ്പെടുകയും ഗൗരവമായ ചുമതലകാം വഹിക്കുകയും കാരാഗൃഹവാസം അനുഭവിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ നിന്നു ശ്രീധർ, കുമാർ, ഗുരുക്കാം, ശേഖർ എന്നിവരുടെ നേതൃത്വത്തിൽ വാളണ്ടിയർ സംഘങ്ങാം മലബാറിലേക്കു വരികയും ഉപ്പുനിയമം ലംഘിച്ചു് ജയിൽവാസം അനുഭവിക്കുകയുംചെയ്തു.*

കെ. കേളപ്പൻെറ നേതൃത്വത്തിൽ കോഴിക്കോട്ടുനിന്നു് പുറപ്പെട്ട ഒന്നാം വാളണ്ടിയർ സംഘത്തിൽ താഴെ പറയുന്നവർ ഉാംപ്പെട്ടിരുന്നു;— കെ. കേളപ്പൻ, പി കേശവൻ നമ്പ്യാർ, രാമൻക്കുറുപ്പു്, എം. കുഞ്ഞാണ്ടി, പി. കൃഷ്ണപിള്ള, പി, ആർ, ഗോപാലപിള്ള, ടി. സുബ്രഹ്മണ്യതിരുമുമ്പു്, വി. ഉണ്ണാമൻ ഉണ്ണിത്തിരി, വി. പി. ശ്രീകണ്ഠപ്പൊതുവാം, എ. വി. അപ്പു, പി. സി. കുഞ്ഞിരാമൻ അടിയോടി, കൂടാളിത്താഴത്തു് വീട്ടിൽ കുഞ്ഞിരാമൻ നമ്പ്യാർ, (ക്യാപ്റ്റൻ) വി. എം. കൃഷ്ണൻനായർ വി. അച്ചു, കെ. മാധവൻ, കെ കുഞ്ഞപ്പ നമ്പ്യാർ, കെ. കേളുക്കുറുപ്പു്, ടി. വി, രാമുണ്ണിക്കിടാവു്, കെ. പി. ഗോപാലൻ, എ. കെ വാരിയർ, എ. നാരായണപൈ, സി. അച്യുതക്കുറുപ്പു്, കെ. നാരായണൻനായർ, പി. മാധവൻ നായർ, എം. എൻ. പിഷാരടി, പി. കേശവപിള്ള, കെ. എം.

ഒന്നാം വാളണ്ടിയർ സംഘം

---

* ശ്രീധർ, ഗുരുക്കാം എന്നിവർ ബോംബെയിൽപോയി അവിടെ വഡാല, ധരാസന എന്നീ ഘോരമായ സത്യാഗ്രഹസമരങ്ങളിലേർപ്പെട്ടു. ജി. രാമചന്ദ്രൻ വേദാരണ്യത്തിൽവെച്ചു് നടന്ന ഒരു സമരത്തിലെ നായകത്വം വഹിച്ചിരുന്നു. നാട്ടുരാജ്യങ്ങളിൽ സത്യാഗ്രഹ സമരം പാടില്ലെന്നു് കോൺഗ്രസ്സു് പ്രവർത്തക കമ്മിററി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതിനാൽ തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും വാളണ്ടിയർ സംഘങ്ങാം മലബാറിലേക്കും തമിഴ്നാട്ടിലേക്കും പോയി സത്യാഗ്രഹസമരത്തെ സാരമായി സഹായിച്ചുവന്നിരുന്നു.

കുഞ്ഞിരാമൻ നമ്പ്യാർ, പി. സി, കരുണാകരൻ, കെ. വി. കുഞ്ഞിരാമപൊതുവാൾ, പി. വി. കുഞ്ഞിരാമൻ നമ്പ്യാർ. എൻ.വി. ഗൌരീദാസ്, കെ. കുമാരൻനായർ.

ഈ വളണ്ടിയർസംഘം 1931 ഏപ്രിൽ 13-ാം തീയതി കോഴിക്കോട്ടുനിന്നു പുറപ്പെട്ടു കാൽനടയായി പയ്യന്നൂരിലെത്തി അവിടെവെച്ച് ഉപ്പുനിയമം ലംഘിക്കയാണു് ചെയ്തതു്. അവർ പുറപ്പെടുന്ന സമയത്തു് കേ. മാധവൻനായർ 500 ഉറുപ്പികയുടെ ഒരു കിഴി വളണ്ടിയർ സംഘടനനേതാവായ കേളപ്പൻ നായർക്കു് സമർപ്പിച്ചു. ശ്രീമാൻ കേളപ്പൻനായരെപ്പോലെയുള്ള ഒരാൾ, എന്തുത്യാഗവും ചെയ്യുന്നതിനുള്ള സന്നദ്ധതയോടെ സമരാങ്കണത്തിലേക്കു പ്രയാണമാരംഭിച്ചിട്ടുള്ളതിനെ നോക്കിനിൽക്കുകമാത്രം ചെയ്യുന്ന തന്നേപ്പോലെ ഉള്ളവരെക്കുറിച്ചു് തനിക്കു വെറുപ്പും ലജ്ജയും തോന്നുന്നുവെന്നും മാധവൻനായർ അപ്പോൾ ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചു. കേ. കുഞ്ഞിശ്ശങ്കരമേനോൻ, സി. എച്ച്. ഗോവിന്ദൻനമ്പ്യാർ, മോയാരത്തു് ശങ്കരൻനമ്പ്യാർ എന്നിവരോടുംകൂടി വളണ്ടിയർസംഘം "മഹാത്മാഗാന്ധീകീജെയ്" എന്ന ശബ്ദം മുഴക്കിക്കൊണ്ടു് യാത്ര തുടങ്ങി. ഈ സംഘത്തിന്നു വഴിനീളെ ലഭിച്ച ഗംഭീര സ്വാഗതവും സമർപ്പിക്കപ്പെട്ട പണക്കിഴികളും ജനങ്ങളുടെ സ്വാതന്ത്ര്യേച്ഛയ്ക്കും അവർക്കു് ഈ ധർമ്മഭടന്മാരിലുണ്ടായിരുന്ന വിശ്വാസത്തിന്നും ഉത്തമദൃഷ്ടാന്തമായിരുന്നു. പാലക്കാട്ടുനിന്നു് ടി. ആർ. കൃഷ്ണസ്വാമിഅയ്യരുടെ നേതൃത്വത്തിൽ പയ്യന്നൂർക്കു് പുറപ്പെട്ട രണ്ടാം സത്യാഗ്രഹസംഘത്തിന്നും വഴിയിൽ എല്ലാ സ്ഥലങ്ങളിലും ഇതുപോലെതന്നേ ഗംഭീരമായ സ്വാഗതവും സംഭാവനകളും ലഭിച്ചു. ഈ സംഘം ഏപ്രിൽ 24-ാംനു- പയ്യന്നൂർ എത്തി.

സത്യാഗ്രഹവാളണ്ടിയർ സംഘത്തെ പയ്യന്നൂർ നിവാസികൾ അത്യന്തംഭക്തിവിശ്വാസങ്ങളോടും ഉന്മേഷത്തോടുകൂടിയാണു് സ്വീകരിച്ചതു്. മഹാത്മജി തുടങ്ങിയുള്ള കോൺഗ്രസ്സ നേതാക്കന്മാരുടെ ഛായാപടങ്ങളാലും മററു വിവിധങ്ങളായ അലങ്കാരങ്ങളാലും പട്ടണത്തിലെ എല്ലാ വീഥികളും പ്രശോഭിച്ചിരുന്നു. സർവ്വജനങ്ങളും ഒരുപോലെഉൽസാഹഭരിതരായി കാ

ണപ്പെട്ടു. ഖദർധാരികളല്ലാത്തവർ വളരെ ദുർല്ലഭമായിരുന്നു.

**പയ്യന്നൂരിലെ സ്വാഗതം**

സത്യാഗ്രഹികൾ കടവിൽ എത്തുമ്പോഴേക്കും ഒരു വമ്പിച്ച ജനക്കൂട്ടം നാഗസ്വരത്തോടും, ദീപം, നാളികേരം, വെററില, അരി, സുഗന്ധദ്രവ്യങ്ങൾ ഇത്യാദിയോടും കൂടി അവരേ എതിരേൽക്കുവാൻ തയ്യാറായി കാത്തുനിന്നിരുന്നു. വളണ്ടിയർസംഘം ആഗതരായതോടുകൂടി ഇരുകരകളിൽനിന്നും "ജയ് ജയ്" ശബ്ദം മുഴങ്ങി. തോണിയിറങ്ങിയപ്പോൾ വി. ജി. നായനാർ കേളപ്പനേയും അനുയായികളേയും മാലയണിയിച്ചു. പുഷ്പങ്ങളും പനിനീരും അവരുടെമേൽ ധാരാളം വർഷിച്ചു. അപ്പോഴത്തെ കാഴ്ച ഹൃദയാകർഷകം തന്നേയായിരുന്നു. ഹിന്ദുവെന്നോ, മുസൽമാനെന്നോഉള്ള യാതൊരു ജാതിമതവ്യത്യാസങ്ങളും ആ സമയം അവിടെ കാണ്മാനുണ്ടായിരുന്നില്ല. എല്ലാവരും ഖദർധാരികൾ ; എല്ലാവരും ഭാരതമാതാവിന്റെ സന്താനങ്ങൾ.

ഏപ്രിൽ 23 ാം തീയതി രാവിലെ കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടിന്റെ ഹൃദയംഗമായ ഒരു പ്രസംഗത്തിന്നുശേഷം കേളപ്പന്റെ നേതൃത്വത്തിൽ 16 വളണ്ടിയർമാർ ഓരോ കൈപാക്കും വരണ്ടിയെടുക്കുവാൻ ഓരോ ചിരട്ടയും കയ്യിലെടുത്തു അണിയായി നടന്നുപോയി. ഉപ്പുനിയമം ലംഘിച്ചു ഉപ്പുണ്ടാക്കുവാൻ ആരംഭിച്ചു. ഒരു വലിയ ജനക്കൂട്ടം അവരെ അനുഗമിച്ചിരുന്നു. പുഴവക്കിൽ

**ഉപ്പുനിയമലംഘനം**

വിശാലമായിക്കിടക്കുന്ന പടന്നയിൽനിന്നും ഓരോരുത്തരും സ്വച്ഛന്ദം ഉപ്പു വാരിയെടുക്കയും സ്വാദു നോക്കുകയും ചെയ്തു. അരമണിക്കൂർ ഇപ്രകാരം കഴിച്ചതിന്റെശേഷം ആഘോഷത്തോടെ വളണ്ടിയർസംഘം ക്യാമ്പിലേക്കുതിരിച്ചു. ഇങ്ങിനെ സത്യാഗ്രഹം തുടർന്നുവന്നു. ഏതാനും ദിവസം പോലീസ്സുകാരിൽനിന്നും മററും പ്രതിബന്ധങ്ങളൊന്നും നേരിടേണ്ടി വന്നില്ല. അനന്തരം വാറണ്ടുപ്രകാരം ഉപ്പു മുഴവൻ എടുത്തുകൊണ്ടുപോകുവാനായി സാൾട്ട് അസിസ്ററൻറ് ഇൻസ്പെക്ടരും രണ്ടു ഹെഡ്കോൺസ്ററബിൾമാരും ചില സാൾട്ട് ശിപായിമാരുംകൂടി വളണ്ടിയർ ക്യാമ്പിൽചെന്നു. പക്ഷേ ഒരുറച്ച

പിടിത്തം കൂടാതേ തങ്ങാം ഉപ്പു കൈവിടുന്നതല്ലെന്നും, അതു ഗാന്ധിജിയുടെ കല്പനയും തങ്ങളുടെ ധർമ്മവുമാണെന്നും കേളപ്പൻ ഇൻസ്പെക്ടരെ ധരിപ്പിച്ചു. പിന്നീടു സാംട്ട് ശിപായിമാരും വളണ്ടിയർമാരുംകൂടി അവിടെ ഒരു ബലാബലപരീക്ഷതന്നേ നടന്നു. ശിപായിമാർ ഉപ്പു കരസ്ഥമാക്കുവാൻ ശ്രമിച്ചപ്പോഠം വളണ്ടിയർമാർ തടുത്തു. ഇതുപ്രകാരം രണ്ടുമണിക്കൂർ സാഹസം ചെയ്യതിന്നിടയിൽ കുറുക്കിയ ഉപ്പു മുഴവൻ വിററു കഴിഞ്ഞു. ഇൻസ്പെക്ടരും കൂട്ടരും വിഷണ്ഡരായിമടങ്ങി. ഇതിൻെറശേഷം സത്യാഗ്രഹം ക്രമമായി തുടർന്നുവന്നു. അനവധി പേർ ക്യാമ്പിൽ എത്തി വളണ്ടിയർമാരായി ചേർന്നു. മുഹമ്മദ് അബ്ദുർ റഹിമാൻെറ നേതൃത്വത്തിൽ മാപ്പിളമാരും ഉപ്പു സത്യാഗ്രഹത്തിന്നൊരുങ്ങി. കേരളത്തിലെന്നപോലെ ഇന്ത്യയിലെ ഇതരപ്രദേശങ്ങളിലും സമരം ഊർജ്ജിതമായി നടന്നുവന്നു. തങ്ങളെ കഠിനമായിവിഷമിപ്പിച്ച ഒരു ദുർഗ്ഘടസ്ഥിതിയെ തരണം ചെയ്യുവാൻ ഗവർമ്മെണ്ടു ഒടുവിൽ, തങ്ങളുടെ സ്വാധീനത്തിൽ എപ്പോഴും ഉള്ളതായ മർദ്ദനത്തിന്നുതന്നേ പ്രേരിതരായി. അനേകം നേതാക്കന്മാർ കാരാഗൃഹത്തിലയക്കപ്പെടുകയും, പലർക്കും കഠിനമായ ദേഹോപദ്രവം ഏൽക്കേണ്ടിവരികയും ചെയ്തു. ഇന്ത്യാക്കാരുടെ മഹത്തായ ക്ഷമാശക്തി ലോകചരിത്രകാരന്മാരുടെ ശ്രദ്ധയ്ക്കു പാത്രീഭവിക്കുവാനും തുടങ്ങി. ഈ സന്ദർഭത്തിലാണ് ഇന്ത്യാഗവർമ്മേണ്ടിൻെറ മർദ്ദനനയത്തിൽ പ്രതിഷേധിച്ചും ലജ്ജിച്ചും അസംബ്ളി പ്രസിഡണ്ടു വി. ജെ. പട്ടേൽ തൻെറ സ്ഥാനം രാജിവെക്കുകയുണ്ടായതു്.

എന്നാൽ മലബാറിലാകട്ടെ സത്യാഗ്രഹം ആരംഭിച്ച് ഒരുവാരം കഴിഞ്ഞിട്ടും അധികൃതന്മാർ മർദ്ദനത്തിന്നു പുറപ്പെടാത്തതുകൊണ്ടു് പലർക്കും വിസ്മയാകുലമായ ഒരു ഉൽക്കണ്ഠ ജനിച്ചു. ആ അവസരത്തിൽഏപ്രിൽ 30-ാം തിയതി, ഹോസ്ദുർഗ്ഗിൽ സമരത്തിന്നേപ്പാടു ചെയ്യുവാൻ പോകുന്നവഴിക്കു് തീവണ്ടിസ്റേറഷനു സമീപം കൂടിയ ഒരു യോഗത്തിൽവെച്ച് കേളപ്പനേയും ചില വളണ്ടിയർമാരേയും അറസ്ററ് ചെയ്തു പോലീസ്സു സ്റേറഷനിലേക്കു് കൊണ്ടുപോയി. പക്ഷേ അല്പനേ

ഒരു വിജ്ഞാപനവും മറുപടിയും

രം കഴിഞ്ഞു് അവരെ വിട്ടയച്ചു സത്യാഗ്രഹികരം ഉണ്ടാക്കി എന്നു പറയുന്ന ഉപ്പു ഉപയോഗിക്കുവാൻ കൊള്ളാവുന്ന ഒരു സാധനമല്ലെന്നും ചില സ്ഥലങ്ങളിൽ കമ്പോള ഉപ്പു് സത്യാഗ്രഹികരം വിലക്കുവാങ്ങി വെള്ളത്തിൽ കലക്കി വററിച്ചു് ഉപ്പെടുത്തിട്ടുണ്ടെന്നും, എന്നാൽ ഗവർമ്മെണ്ടിനോ പൊതുജനങ്ങരംക്കോ അവരുടെ പ്രവൃത്തികൊണ്ടു് ഇനിയും നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാലും, സത്യാഗ്രഹികരം വാസ്തവത്തിൽ യാതൊരു നിയമവും ലംഘിച്ചിട്ടില്ലാത്തതിനാലും അവരെ അറസ്റ്റു് ചെയ്യാത്തതാണെന്നും മലബാർ കലക്ടർ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതിന്നു് ടി. ആർ. കൃഷ്ണസ്വാമി അയ്യർ ഉടൻതന്നേ തക്ക മറുപടിപറഞ്ഞു "കമ്പോളഉപ്പാണു് ഞങ്ങരം വിററുവരുന്നതെന്നും നിയമം ലംഘിക്കുന്നില്ലെന്നും പറയുന്നതു് വെറും പൊളിയാണു്. വാസ്തവവും എന്നാൽ അസുഖകരവുമായ സംഗതികളെ തങ്ങരം കണ്ടിട്ടും കാണുന്നില്ലെന്നു് ഗവർമ്മെണ്ടു നടിക്കുന്നതു് ഒട്ടകപ്പക്ഷിയുടെ നയമാകുന്നു" എന്നും കൃഷ്ണസ്വാമിഅയ്യർ ഒരു മറുപടിയിൽ പ്രസ്താവിക്കുകയും, പിറേറദിവസം താൻ പയ്യന്നൂർവെച്ചു് വീണ്ടും പരസ്യമായി ഉപ്പുണ്ടാക്കുവാൻ പോകുന്നുവെന്നും ഇഷ്ടമുണ്ടെങ്കിൽ അധികൃതന്മാർക്കു് അവിടെവന്നു സൂക്ഷിച്ചു് പരിശോധിക്കാമെന്നും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അങ്ങിനേ മലബാറിൽ ഉപ്പുനിയമലംഘനത്തിന്നായി മൂന്നാമതൊരു സംഘം പുറപ്പെട്ടു. കൃഷ്ണസ്വാമിഅയ്യരുടെ മേൽപ്രസ്താവിച്ച പ്രസ്താവനകരം എല്ലാ പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു. ആളുകളുടെ ഇടയിൽ ഉൽസാഹം വദ്ധിച്ചതിന്നനുസരിച്ചു് അധികൃതന്മാർക്കു് രോഷവും കൂടിക്കൂടി വന്നു.

മേയ് 5-ാം തീയതി മഹാത്മാഗാന്ധിയെ ദണ്ഡിസമുദ്രതീരത്തിൽവെച്ചു് ഉപ്പുനിയമം ലംഘിക്കുന്നതിനായി അറസ്ററു ചെയ്തു. വിചാരണകൂടാതെ ഗവൺമെൻറിനിഷ്ടമുള്ള കാലത്തോളം തടവിൽവെക്കുവാൻ അവർക്കനുവാദം നൽകുന്ന ഒരു പഴയ റഗുലേഷനനുസരിച്ചു് ഗാന്ധിയെ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഇതിന്നുശേഷം മലബാറിൽ

നേതാക്കന്മാർക്കു് ശിക്ഷ

അധികൃതരുടെ പെരുമാററത്തിനു് വലിയ ഒരു മാററം പ്രത്യക്ഷമായി. 12-ാം തീയതി രാവിലെ കോഴിക്കോട്ടു കടപ്പുറത്തു് ഉപ്പുനിയമലംഘനത്തിൽ ഏർപ്പെട്ടിരുന്നവരെയെല്ലാം പോലീസ്സുകാരാക്രമിച്ചു. പോലീസ്സൂപ്രണ്ടിൻെറ ആജ്ഞയനുസരിച്ചു് ലാത്തികൊണ്ടു് പ്രഹരിക്കുക എന്നതേയല്ല, അടിക്കുക, ബൂട്സ്കൊണ്ടു ചവിട്ടുക ഇത്യാദിയും തുടങ്ങി. കുത്തും ചവിട്ടും കൊണ്ടു് മുപ്പതിലധികംപേർക്കു് ദേഹോപദ്രവമേല്പിക്കുകയും, കേളപ്പൻ, അബ്ദുർറഹിമാൻ, ടി. ആർ. കൃഷ്ണസ്വാമി അയ്യർ, മാധവനാർ, ശർമ്മ, കൃഷ്ണപിള്ള എന്നിവരെ അറസ്ററു ചെയ്യുകയും ചെയ്തു വാറണ്ടു് കാണിക്കാതെ താൻ വരുന്നതല്ലെന്നു് ടി. ആർ. കൃഷ്ണസ്വാമി അയ്യർ ശഠിച്ചുവെങ്കിലും, അദ്ദേഹത്തെ പിടിച്ചിഴച്ചു് വലിച്ചുകൊണ്ടുപോവുകയാണുണ്ടായതു്, ഈ നിർദയമർദ്ദനം കണ്ടു് ജനങ്ങൾ സ്തബ്ധരായി നിന്നുപോയി. അറസ്ററു ചെയ്തവരെ ഡിവിഷനൽ മജിസ്ത്രേട്ടിൻെറ മുമ്പാകെ കൊണ്ടുപോയി വിചാരണ ആരംഭിച്ചു. പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയായി സർക്കിൾ ഇൻസ്പെക്ടർ നീലകണ്ഠൻനായരും, രണ്ടാംസാക്ഷിയായി പോലീസ്സു് സൂപ്രണ്ടും മൊഴികൊടുത്തു. എതിർചോദ്യങ്ങൾ ഉണ്ടായതേ ഇല്ല. പ്രതികളുടെ പേരിൽ ഇന്ത്യൻ പീനൽകോഡ് 145-ാം വകുപ്പു പ്രകാരവും മദ്രാസ്സു് ഉപ്പുനിയമം 14-ാം വകുപ്പു സി. എഫ്. സി. നിബന്ധനകൾ പ്രകാരവും കുററം ചുമത്തി ഓരോരുത്തർക്കും ആദ്യത്തെ വകുപ്പുപ്രകാരം ആറുമാസവും രണ്ടാമത്തെ വകുപ്പുപ്രകാരം മൂന്നുമാസവും കഠിനതടവു് വിധിക്കപ്പെട്ടു.

പിറേറദിവസം (മേയ് 13-ാം തീയതി) സത്യാഗ്രഹികൾ വീണ്ടും നിയമലംഘനം ചെയ്തു ഉപ്പുണ്ടാക്കുവാനായി കോഴിക്കോട്ടു കടപ്പുറത്തേക്കു പുറപ്പെട്ടു. ദേശീയ പതാകകൾ പിടിച്ചും ദേശീയ ഗാനങ്ങൾ പാടിയും ജയശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു ഒരു കൂട്ടം ജനങ്ങളും, നീണ്ടുനിവർന്ന വടികൾ മുറുകെ പിടിച്ചു അണിനിരന്നുകൊണ്ടു് ഒരു സെററു് പോലീസുകാരും അവിടെ കാത്തുനില്പുണ്ടായിരുന്നു. സത്യാഗ്രഹികൾ എത്തി

തുടർച്ചയായ നിയമലംഘനം

യതോട്ടുകൂടി ചെറുകുട്ടികരംപോലും നിശബ്ധരായി ഉൽകണ്ഠയോടെ നോക്കി നില്പായി. മുസ്തഫാ, എം. എം, മേനോൻ, പുതുശേരി കുഞ്ഞിക്കണ്ണൻ നായർ, സി. അച്യുതക്കുറുപ്പ് എന്നിവർ ചിരട്ടയും പാത്രങ്ങളുമായി മുന്നോട്ടുവന്നു, തങ്ങരം ഉപ്പുനിയമം ലംഘിക്കാൻ തുടങ്ങുകയാണെന്നു് കുഞ്ഞിക്കണ്ണൻനായർ ജനങ്ങളെ അറിയിക്കുകയും ശാന്തരായിരിപ്പാൻ അവരോടഭ്യർത്ഥിക്കയും ചെയ്തു— ജനക്കൂട്ടത്തിൽ ബഹളം നേരിടാതിരിക്കുവാൻ കെ. മാധവൻ നായർ, സുന്ദരയ്യർ മുതലായവർ അന്ത്യദ്ധ്വാനം ചെയ്തിരുന്നു—സത്യാഗ്രഹികരം അടുപ്പുകൂട്ടി, കടലിൽ നിന്നു് വെള്ളം മുക്കിയെടുത്തു തിളപ്പിക്കുവാൻ തുടങ്ങി. അതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്ന പോലീസു് അസിസ്ററൻറു് സൂപ്രണ്ടു് ആമുസാഹേബിൻെറ ക്ഷമ അവസാനിക്കുകയും അദ്ദേഹം അടുത്തുനിന്നിരുന്ന ഒരു കാൺസ്ററബിളിനെ വിളിച്ചു എന്തോ മന്ത്രിക്കുകയും ചെയ്തു. ഉടനെ ആ കാൺസ്ററബിരം ലാത്തിയുമായിച്ചെന്നു് വെള്ളം തിളപ്പിച്ചുകൊണ്ടിരുന്ന പാത്രം തല്ലിപ്പൊളിച്ചു. ആരേയും അറസ്ററു ചെയ്യുകയുണ്ടായില്ല. സത്യാഗ്രഹസമരം സംബന്ധിച്ചു് ഏർപ്പെടുത്തിയ സമരസമിതിയുടെ നേതാവായി മൊയ്തു മൌലവിയും മെമ്പറായി കോയക്കുഞ്ഞിയും തിരഞ്ഞെടുക്കപ്പെട്ടു.

1930മേയ് 17-ാംതീയതി കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ ഒരു യോഗം പയ്യന്നൂരിൽവെച്ചു് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിൻെറ അദ്ധ്യക്ഷതയിൽ കൂടി കമ്മിററിയുടെ പ്രസിഡൻറായി കെ, മാധവൻ നായരേയും സെക്രട്ടറിയായി പി. കെ, കുഞ്ഞിശ്ശങ്കരമേനോനേയും തിരഞ്ഞെടുത്തു. താഴെ പറയുന്ന പ്രമേയങ്ങരം പാസ്സാക്കി. (1) കഴിഞ്ഞ തിങ്കളാഴ്ച കോഴിക്കോട്ടു കടപ്പുറത്തുവെച്ചു് ഉപ്പുനിയമലംഘനം ചെയ്ത സത്യാഗ്രഹികളെ ചില പോലീസുകാർ കുറുവടി കൊണ്ടടിക്കുകയും ബൂട്സിട്ടു ചവിട്ടുകയും ചെയ്തു്. മർദ്ദിച്ച അവസരത്തിൽ സത്യാഗ്രഹികരം പ്രദർശിപ്പിച്ച സഹനശക്തിയെ ഈയോഗം ഹാർദമായി അഭിനന്ദിക്കുന്നു. (2) ഉപ്പുസത്യാഗ്രഹം നട

സംസ്ഥാനക്കമ്മിററിയുടെ അഭിനന്ദനം

ത്തുകയാൽ ബന്ധനസ്ഥരാക്കപ്പെട്ട കേളപ്പൻ, മുഹമ്മദ് അബ്ദുർ റഹിമാൻ, കൃഷ്ണസ്വാമിഅയ്യർ, എ. സി. കണ്ണൻനായർ, മാധവൻനായർ. കെ. ടി. കുഞ്ഞിരാമൻനമ്പ്യാർ, ആർ. വി. ശർമ്മ, കൃഷ്ണപിള്ള എന്നീ കേരളീയസത്യാഗ്രഹ നേതാക്കന്മാരെ ഈ യോഗം അഭിനന്ദിക്കുന്നു. (3) കേരളസത്യാഗ്രഹികൾ ഉപ്പുനിയമത്തെ ലംഘിച്ച എല്ലാ സ്ഥലങ്ങളിലും പൊതുജനങ്ങൾക്കു വലിയ ഉൽസാഹവും കോൺഗ്രസ്സ കാര്യപരിപാടിയിൽ നിർവ്യാജമായ അനുഭാവവും കണ്ടു വരുന്നതുകൊണ്ടു് നിയമലംഘനപ്രചാരം കേരളത്തിലെ മററു പ്രധാനസ്ഥലങ്ങളിലും നടത്താൻ ഉടനേ ശ്രമിക്കേണ്ടതാണെന്നും അതിനെ തുടർന്നു് ചിറക്കൽ താലൂക്കിലും ഹോസ്ദുർഗ്ഗ് താലൂക്കിലും മദ്യവർജ്ജനപരിശ്രമം ആരംഭിക്കേണ്ടതാണെന്നും സത്യാഗ്രഹക്കമ്മിററിയോടു ഈ യോഗം ആവശ്യപ്പെട്ടുകൊള്ളുന്നു. (4) ഭാരതഭൂമിയുടെ ഈ സ്വാതന്ത്ര്യസമരത്തിൽ പുരുഷന്മാരോടൊപ്പം മുന്നണിയിൽവന്ന നേതൃത്വം വഹിച്ചു വേലചെയ്യുന്ന ശ്രീമതി സരോജിനിനായഡു മുതലായ ധീരവനിതകളേയും, ഈ സഹന സമരത്തിൽ ബന്ധനസ്ഥരാക്കപ്പെട്ടരുഗ്മണി, ലക്ഷ്മി, കമലാദേവി, മുതലായ സ്ത്രീരത്നങ്ങളേയും ഈ യോഗം അഭിനന്ദിക്കുന്നു.

അബ്ദുർറഹിമാൻ, കൃഷ്ണസ്വാമിഅയ്യർ മുതലായവരെ ശിക്ഷിച്ചതിൻെറശേഷം സത്യാഗ്രഹ നിരോധനത്തിൽ വീണ്ടും അധികൃതന്മാർ അല്പം അലസത പ്രദർശിപ്പിച്ചു. അറസ്ററുകളും അടിയും ഉണ്ടായില്ല എന്നാൽ ജൂൺ ആരംഭിച്ചതോടുകൂടി ആ സ്ഥിതിക്കു് വലിയ മാററം സംഭവിച്ചു. ജൂൺ 7ാം- തീയതി വടകരവെച്ചു എം എൻ. പിഷാരടി, പി. കുഞ്ഞിക്കണ്ണൻ നായർ, ടി കേ. ഗോപാലൻകിടാവു്, അച്യുതൻ വൈദ്യർ. കെ. എസ്. കുഞ്ഞിരാമൻ എന്നിവരെ അറസ്ററ് ചെയ്യുകയു, അടുത്തദിവസം 4 മാസത്തേക്കു് നല്ല നടപ്പിനു് ജാമ്യം കൊടുക്കുവാനാവശ്യപ്പെടുകയും 100 ഉറുപ്പിക വീതം പിഴയിടുകയും ചെയ്തു. പിന്നീടു തുടർച്ചയായി അറസ്ററുകളും തുടങ്ങി. ഉപ്പുനിയമലംഘനത്തോടുകൂടി മദ്യവർജ്ജനത്തിന്നായുള്ള പിക്കററിംഗ്, വിദേശവസ്ത്രഷോപ്പു് പിക്കററിംഗ്, മദ്യമുണ്ടാക്കരുതെന്നുള്ള അഭ്യർത്ഥന എന്നിവയും നടന്നു ജൂൺ 8-ാം തീയതി

നിയമലംഘന ദിനാഘോഷം

“സമസ്തകേരള ഉപ്പുനിയമലംഘന ദിനമായി മലബാറിൽ നാനാഭാഗങ്ങളിലും കൊണ്ടാടി. ഇതിനേ സംബന്ധിച്ച് വടക്കേ മലബാറിൽ അനേകം അറസ്റ്റുകൾ നടന്നു വിശ്വനാഥഭട്ട്, ജനാർദ്ദനഷേണായി, വാസുദേവഷേണായി, കൃഷ്ണൻ നമ്പ്യാർ എന്നിവരെ തലശ്ശേരിവെച്ച് അറസ്റ്റു ചെയ്തു മജിസ്ട്രേട്ട കോടതിയിൽ കൊണ്ടുപോയി. വാറണ്ടുണ്ടെന്നറിഞ്ഞു പാലത്തിൽ ഗോപാലൻ, എൽ. എസ്. പ്രഭു എന്നിവർ സ്വയമേവ കോടതിയിൽ ഹാജർ കൊടുത്തു. ഇവരിൽ എൽ. എസ്. പ്രഭുവിന്നു ആറുമാസത്തെ കഠിനതടവും മററുള്ളവർക്കെല്ലാം 9 മാസത്തെ കഠിനതടവും, സ്റ്റേററുമെൻറിൽ ഒപ്പിടാത്തതിന്നു 25 ഉറുപ്പിക പിഴയും പിഴ അടസ്സാഞ്ഞാൽ ഒരു മാസത്തെ തടവുശിക്ഷയുമാണ് ലഭിച്ചതു്. ഈ അവസരത്തിലായിരുന്നു ടി. വി. ചാത്തുക്കുട്ടി നായരേയും അറസ്റ്റ് ചെയ്തതു്. “സ്വാഭിമാനി” പത്രം അച്ചടിച്ചിരുന്ന “ആനന്ദവിലാസം” “അച്ചുകൂടത്തോട്” 1500 ഉറുപ്പിക ജാമ്യം ചോദിച്ചു. അതു് സത്യാഗ്രഹവർത്തമാനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിന്നു പുതിയ പ്രസ്സ് നിയമം അനുസരിച്ചായിരുന്നു. ഈ ഘട്ടത്തിൽ യു. ഗോപാലമേനോൻ, കേ. മാധവൻനായർ, കേ. രാമൻമേനോൻ കേ. മാധവമേനോൻ എന്നീ നേതാക്കന്മാരും മുന്നോട്ടിറങ്ങി.

മാധവൻനായരുടെ പ്രസ്താവന

മേയ് 23-ാം തീയതി കെ. മാധവൻ നായർ താഴെപറയും പ്രകാരം ഒരു സ്റ്റേററുമെൻറു് പ്രസിദ്ധപ്പെടുത്തി:—“മലബാറിൽ സത്യാഗ്രഹസമരം ആരംഭിച്ചിട്ടു നാല്പതു ദിവസമേ ആയിട്ടുള്ളു. എങ്കിലും അതു ഈ ജില്ലയിലെ ജനങ്ങളെ ആകമാനം ഇളക്കി തീർത്തിട്ടുണ്ടെന്നു അതിൻെറ പരമശത്രുക്കൾപോലും സമ്മതിക്കാതിരിക്കയില്ല. കേളപ്പൻെറ ധൈര്യവും, കൃഷ്ണസ്വാമി അയ്യരുടെ സഹനവും മുഹമ്മദ് അബ്ദുർ റഹിമാൻെറ സ്വരാജ്യ സ്നേഹവും ഉറങ്ങിക്കിടന്നിരുന്ന കേരളത്തെ ഉണർത്തി. ഭീരുക്കളെ ധീരന്മാരാക്കി അലസന്മാരെ ഉത്സാഹമുള്ളവരും ആക്കി. കാസർകോടു മുതൽ കന്യാകുമാരിവരെ സത്യാഗ്രഹസമരത്തിൻെറ പ്രതിദ്ധ്വനികൾ മുഴങ്ങി. തെക്കെ മലബാറിലെ ചില ജന്മികളും വടക്കേ മലബാറിൽ

ചിലമാപ്പിളമാരുംചില അപശബ്ദങ്ങളുംപുറപ്പെട്ടവിച്ചിട്ടണ്ടാ യിരിക്കാം. എന്നാൽ, ജന്മികളിൽ അധികംപേരും ഈ പ്രസ്ഥാ നത്തോടനുഭാവമുള്ളവരാണെന്നു് അവരുടെ ഉള്ളറിഞ്ഞവർക്ക റിയാം. ജന്മിയുവാക്കന്മാർ മുഴുവൻതന്നെ സത്യാഗ്രഹികളെ പര സ്യമായോ രഹസ്യമായോ സഹായിക്കുന്നവരാണു് മാപ്പിളമാർ ഒട്ടൊന്നകന്നു നിൽക്കുന്നുവെങ്കിൽ അതു് കാര്യത്തിന്റെ സ്വഭാ വം മുഴുവൻ മനസ്സിലാക്കാത്തതുകൊണ്ടാണു്. എന്നാൽ, അവരു ടെ ഇടയിലും ഇപ്പോൾ ഇതാ വലുതായ മാററം കണ്ടുതുടങ്ങിയി രിക്കുന്നു. ഈ മാററത്തിന്നു ഡെപ്യൂട്ടി സൂപ്രണ്ടു് ആമൂസാഹെബി നോടു് സത്യാഗ്രഹികൾ എത്രതന്നെ നന്ദിപറഞ്ഞാലും മതിയാ കുന്നതല്ല. കോഴിക്കോട്ടെ കടപ്പുറത്തുവച്ചുണ്ടായ പെരുമാററം അയാളുടെ സ്വന്തം അനുചരന്മാരെപ്പോലും ലജ്ജിപ്പിച്ചു. സത്യാ ഗ്രഹികളുടെ ധൈര്യവും ശാന്തതയും സഹനശക്തിയും കോഴി ക്കോട്ടനഗരത്തെസത്യാഗ്രഹികളുടെ ഭാഗത്തേക്കു വശീകരിച്ചു. സത്യാഗ്രഹപ്രസ്ഥാനത്തിന്നു ഈ നഗരത്തിൽ മാത്രമല്ല, മല ബാറിലാകേയുംഒരുറച്ച സ്ഥാനം ലഭിക്കുകയും ചെയ്തു.'' അടുത്തു തന്നെ മൊയ്തുമൌലവി, കോഴിക്കോട്ടെ ടൌൺകോൺഗ്രസ്സ് കമ്മിററി സെക്രട്ടറി പി. കുമാരൻ എന്നിവരെ അറസ്ററു ചെ യ്തു. അവക്കു് 9 മാസംവീതം തടവുശിക്ഷ നൽകി കേളപ്പ ട്ടിൽ രാമൻമേനോൻ, കോഴിപ്പുറത്തു് മാധവമേനോൻ, മിസി സ്സ് കൃഷ്ണസ്വാമി അയ്യർ എന്നിവരേയും അറസ്ററു ചെയ്തു ശിക്ഷിച്ചിരുന്നു സമരത്തിലേർപ്പെട്ടു ജയിലിലേക്കു പോകുന്ന ഒന്നാമത്തെ ബ്രാഹ്മണസ്ത്രീ മലബാറിൽ മിസിസ്സ് കൃഷ്ണ സ്വാമി അയ്യരായിരുന്നു.

കോൺഗ്രസ്സ് സംഘങ്ങളേയും സർവ്വേന്ത്യാ പ്രവർത്തക മ്മിററിയേ തന്നേയും ഗവണ്മെൻറു് നിയമവിരുദ്ധമാക്കി വിളം ബരം ചെയ്തു. ഇതിനെക്കുറിച്ചു മാളവ്യ പ്രസ്താവി ച്ചതു് ''ഗവൺമെൻറിന്റെ മർദ്ദനനയം അതിന്റെ മൂർദ്ധ ന്യാവസ്ഥയിൽ എത്തിയെന്നാണു് ഇ പ്പോൾ വിചാരിക്കേണ്ടതു്'' എന്നായിരു ന്നു. കോൺഗ്രസ്സിന്റെ ആജ്ഞാശിരസ്സാ വഹിച്ചു. താൻ എന്തു ചെയ്വാനും തയ്യാ റായിരിക്കുന്നുവെന്നു് മാളവ്യ ഈ അവസര ത്തിൽ കോൺഗ്രസ്സ് പ്രസിഡണ്ടിനെഅറിയിക്കുകയും ചെയ്തു.

മർദ്ദനനയം

മൂർദ്ധന്യാവസ്ഥയിൽ

ജൂലായ് 7-ാം തീയതി കെ. മാധവൻ നായർ, ഹസ്സൻ കോയമൊല്ല, യു. ഗോപാലമേനോൻ, എം. ഗോവിന്ദമേനോൻ, പി. കുട്ടികൃഷ്ണപ്പണിക്കർ എന്നിവർക്കു 143-ാം വകുപ്പുപ്രകാരം നിരോധനാജ്ഞ നൽകി. ഇക്കാലത്തു് വിദേശവസ്ത്രഷാപ്പുകളും മദ്യഷാപ്പുകളും വിജയപൂർവ്വം പിക്കററു ചെയ്തുവന്നിരുന്ന പിക്കററിങ്ങിനെ സഹായിക്കുകയോ നിയമലംഘനത്തിനുള്ള സഭകൾ വിളിച്ചു കൂട്ടുകയോ ചെയ്തുപോകരുതെന്നായിരുന്നു മേൽപറഞ്ഞ നിരോധനാജ്ഞ. ജൂലായി 9—ാം തീയതി മാധവൻ നായർ വീണ്ടും ഒരു സ്റേറററുമെൻറു് പ്രസിദ്ധപ്പെടുത്തി:— "മാതൃഭൂമിയോടുള്ള തങ്ങളുടെ കടമയേ നിർവ്വഹിക്കുവാൻ കോഴിക്കോട്ടെ കടപ്പുറത്തുവെച്ചു് കൂടിയ സാധുവിദ്യാർത്ഥികളെ നിരായുധരും നിരപരാധികളുമായ ചെറുബാലന്മാരെ നിർദ്ദയമായും ക്രൂരമായും ലാത്തിക്കുറുവടികൾകൊണ്ടു് അടിച്ചു തല പൊട്ടിക്കുവാനും, കൈകാലുകൾ അടിച്ചു് ഒടിക്കുവാനും മലയാളത്തിലെ സ്ത്രീകൾ പെററവരാണെന്നു പറയുന്ന ചിലക്കു് കൈ പൊന്തിയല്ലോ എന്നാലോചിക്കുന്നതുതന്നെ ദുസ്സഹമായിരിക്കുന്നു. ഇവർ വല്ല കുററവും ചെയ്തിരുന്നുവെങ്കിൽതന്നെ പോലിസ്സ് ചട്ടങ്ങളെപ്പോലും അവഗണിച്ചു് കുറുവടികളിൽ ഊക്കു മുഴുവൻ ഉപയോഗിച്ചു് വല്ല ദുഷ്ടസർപ്പങ്ങളേയും തല്ലിക്കൊല്ലുന്ന രീതിയിൽ ദണ്ഡപ്രഹരണം ചെയ്തുവേണമോ ഈ ചെറുബാലന്മാരെ പിരിച്ചുവിടുവാൻ? ഹാ! കഷ്ടം ഈ നഗരത്തിൽ യോഗ്യന്മാരെന്നും ധനികന്മാരെന്നും പൌരപ്രമാണികളെന്നും പറയുന്നവർ ഇതെല്ലാം കണ്ടും കേട്ടും അടങ്ങിയിരിക്കുന്നതു കാണുമ്പോൾ മേലധികാരികളുടെ കൽപനയെ കണ്ണും ചിമ്മി അനുസരിക്കുന്ന വിവരമില്ലാത്ത പോലീസുകാരെ ഞാനെന്തിന്നു പഴിക്കുന്നു? സാഹസമായ യാതൊരു കാര്യങ്ങളിലും ഏർപ്പെട്ടു പ്രവർത്തിക്കുവാൻ ഞങ്ങളിൽ ചിലർ ഇതുവരേയും ഒരുങ്ങിയിരുന്നില്ല. സത്യാഗ്രഹപ്രസ്ഥാനത്തിൻെറ ഫലമായി ജനങ്ങളുടെ ഇടയിൽ ഉളവായ ഉത്സാഹത്തെ സ്വദേശിപ്രചരണം, മദ്യവർജ്ജനം എന്നീ കാര്യങ്ങളിൽ തിരിച്ചുവിടുവാൻ ചില സംരംഭങ്ങൾ മാത്രമാണു് കോഴിക്കോട്ടുനഗരത്തിൽ ഞങ്ങൾ ചെയ്തുവന്നതു്. വിദേശവസ്ത്ര വ്യാപാരികൾക്കും മദ്യഷാപ്പുകൾ

ഹൃദയഭേദകമായ സ്ഥിതി

ത്തിൽ വിളിച്ചവക്കും കഴിയുന്നതും നഷ്ടം വരുത്താതിരിക്കാവുന്നവിധം ചില നിബന്ധനകളും ഞങ്ങറം ചെയ്തിരുന്നു. ഈ നിബന്ധനകളോട് ഈ വർഗ്ഗത്തിൽപെട്ടവർ അനുഭാവം പ്രദർശിപ്പിക്കുകയും ചെയ്തു. മൂന്നു വാളണ്ടിയർമാർ പിക്കററു ചെയ്യുകയും വേറെ മൂന്നു വാളണ്ടിയർമാർ ആറംക്കൂട്ടങ്ങളെ ഒതുക്കി നിർത്തുകയുമായിരുന്നു പതിവു്. എന്നാൽ ആറുപേരിലധികം ഒരു ഷാപ്പിൻേറ മുമ്പിൽനിന്നുപോകരുതെന്നു ഇപ്പോറം 144 ാം വകുപ്പുപ്രകാരം നിരോധിച്ചിരിക്കുന്നു. അതിനാൽ ഞങ്ങറം വാളണ്ടിയർമാരുടെ സംഖ്യനാലായി ചുരുക്കി. എന്നാൽ വലിയ സന്നാഹത്തോടുകൂടി കലക്ടരും ഡിസ്ത്രിക്ട് സൂപ്രണ്ടും സ്ഥലത്തെത്തി ജനങ്ങളെ ഭ പ്പെടുത്തി ഓടിച്ചു പൊതുയോഗങ്ങളെ നിരോധിച്ചുകൊണ്ടുള്ള കൽപനയും ഞങ്ങളിൽ ചിലക്കു് നൽകിയിരിക്കുന്നു. പരിഭ്രമംകൊണ്ടു് മതിമറന്നു അധികൃതന്മാർ ചാപല്യം കാട്ടുന്നു. അതനുസരിച്ചു കോൺഗ്രസ്സ് ഭാരവാഹികളും ചാപല്യം പ്രവൎത്തിക്കുവാൻ ഒരുങ്ങുന്നതല്ല. കോഴിക്കോട്ടാരംഭിച്ചിട്ടുള്ള (മദ്യഷാപ്പ്) പിക്കററിംഗ് സമാധാനപരമായി തുടർന്നു നടത്തിക്കൊണ്ടു പോകുവാൻതന്നെയാണു് സത്യാഗ്രഹികറം തീർച്ചപ്പെടുത്തിയിരിക്കുന്നതു്.'' താൻ ബന്ധനസ്ഥനായാൽ തൻെറ അനന്തരഗാമികളും സമാധാനപരമായി പിക്കററിംഗ് നടത്തിക്കൊണ്ടുപോകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും മാധവൻനായർ ഈ പ്രസ്താവനയിൽ പറഞ്ഞിരുന്നു. 144 ാം വകുപ്പിനെ ലംഘിച്ചു് ധീരനായ കട്ടികൃഷ്ണപ്പണിക്കർ പൊതുയോഗം വിളിച്ചുകൂട്ടിയതും അതിൽ പ്രസംഗിച്ചതും പോലീസുകാർ വന്നു് അടിച്ചുവീഴ്ത്തിയതും പിന്നേയും എണീററുനിന്നു പ്രസംഗിച്ചതും, പിന്നേയും പിന്നേയും അടികൊണ്ടിട്ടും തൻെറ പ്രവൃത്തിയിൽ നിന്നു് വിരമിക്കാതിരുന്നതും അത്യന്തം അഭിനന്ദനീയംതന്നെയാണെന്നും മാധവൻ നായർ ഈ സ്റേറററുമെൻറിൽ പ്രസ്താവിച്ചു.

ജൂലായി 9-ാം തീയതി കെ. മാധവൻനായർ, യു. ഗോപാലമേനോൻ, നീലകണ്ഠൻ എന്നിവരെ അറസ്ററു ചെയ്തു. ഈവർത്തമാനം അറിഞ്ഞു ഉടനേഗണപതി ഹൈസ്കൂറം വിദ്യാർത്ഥികറം കൂട്ടത്തോടെ പുറത്തിറങ്ങി ഘോഷ

അറസ്ററും ഘോഷയാത്രയും

ഘോഷ യാത്രയായി സാമൂതിരി കോളേജിന്നു സമീപത്തെത്തി. ആ കോളേജ് വിദ്യാർത്ഥികളും പുറത്തിറങ്ങി എല്ലാവരും ഒരുമിച്ച് ക്രിസ്ത്യൻ കോളേജ് വരെ ഘോഷയാത്ര പോയി. ആ കോളേജിലേയും വിദ്യാർത്ഥികളിൽ അധികം പേർ ഘോഷയാത്രക്കാരോടു ചേർന്നു. അവരെല്ലാംകൂടി ഗംഭീരമായ ഒരു ഘോഷയാത്രയായി ടൌൺ ചുററി വീണ്ടും സാമൂതിരി കോളേജിൻെറ മുൻഭാഗത്തെത്തി. അവിടെ അരയാൽത്തറക്കു സമീപം ഒരു യോഗം ചേർന്നു, ആവശ്യമായി വന്നാൽ വിദ്യാലയങ്ങൾ വിട്ടു രാജ്യസേവനത്തിന്നിറങ്ങേണമെന്നു തീർച്ചപ്പെടുത്തി. അറസ്ററൊന്നും ഉണ്ടായില്ല. മാധവൻനായർ, ഗോപാലമേനോൻ, നീലകണ്ഠയ്യർ എന്നിവർക്കു നാലുമാസത്തെ വെറും തടവുശിക്ഷ നൽകി. കോൺഗ്രസ്സദ്ധ്യക്ഷനായി മാധവൻനായർക്കു പകരം ഹസ്സൻകോയമൊല്ലയെ നോമിനേററു ചെയ്തിരുന്ന പ്രകാരം അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചു. ഇങ്ങിനെ സമരം നിർവ്വിഘ്നം തുടർന്നുവന്നു.

ബാലഭാരതസേവാസംഘം

സ്വാതന്ത്ര്യ സമരത്തിലേർപ്പെട്ടിരുന്ന ധർമ്മഭടന്മാരോടു അധികൃതന്മാർ പെരുമാറിയ ക്രൂരവും നിർദ്ദയവുമായ സമ്പ്രദായം ആരുടെ ഹൃദയത്തേയും ഭേദിക്കുന്നതായിരുന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മോഹനാദർശങ്ങൾ സ്വതേ നിഷ്ക്കളങ്കരായ യുവജനങ്ങളുടെ ഹൃദയത്തിലാണ് വേഗം പ്രവേശിക്കുന്നത്. ഇതെവിടേയും ഉള്ള ഒരു അനുഭവവുമാണ്. കോൺഗ്രസ്സ പ്രോഗ്രാം നടപ്പിൽ വരുത്തുന്നതിന്നു യുവജനങ്ങളുടേയും വിദ്യാർത്ഥികളുടേയും പല സംഘങ്ങളും ഇക്കാലത്തു സ്ഥാപിക്കപ്പെട്ടിരുന്നു. കൊഴിക്കോട്ടെ ഉൽസാഹശീലരായ ബാലന്മാർ 1930 ഒക്ടോബർ 12-ാം തീയതി ചാലപ്പുറത്തു ഒരു യോഗം കൂടി ''ബാലഭാരതസേവാസംഘം'' എന്ന പേരിൽ ഒരു സംഘടനയെ ഏർപ്പെടുത്തി. കോഴിക്കോട്ടെ പല വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികളായിരുന്നു സംഘത്തിലെ അംഗങ്ങൾ. എല്ലാവരുംതന്നേ 18 വയസ്സിൽ താഴേയുള്ള ബാലന്മാ

രും ആയിരുന്നു. ഇവർ മററു സ്ഥലങ്ങളിലെ ബാലന്മാർക്കു മാതൃകയായി ഭവിച്ചു. അവരും ഇപ്രകാരമുള്ള സംഘടനകരം ഏർപ്പെടുത്തി. ഒളവണ്ണ, പുതിയപാലം, മാങ്കാവ്, പുതിയറ, ചാവക്കാട്ട്, കുമരനെല്ലൂർ, തൃപ്രയാർ, മതിലകം, കൊടുങ്ങല്ലൂർ, ഇരിങ്ങത്ത്, കല്പത്തൂർ, അണ്ടത്തോട്ട്, ഇങ്ങിനെ പന്ത്രണ്ടു ദിക്കുകളിൽ ബാലഭാരതസേവാസംഘങ്ങരം ഉണ്ടായിരുന്നതായി കാണുന്നു. വിദേശവസ്ത്രബഹിഷ്കരണത്തിന്റെ പിക്കററു ചെയ്യുന്നതിലും സ്വദേശിയെ പ്രചരിപ്പിക്കുന്നതിലും ലഘുപത്രികകരം വിതരണം ചെയ്യുന്നതിലും ഇവർ ഗണ്യമായ വിധം കോൺഗ്രസ്സ പ്രവൃത്തിയെ സഹായിച്ചു. വെളിച്ചത്തെ തുടർന്നു ഇരുട്ടും ഇരുട്ടിനെ തുടർന്നു വെളിച്ചവും ഉണ്ടാവുന്നതു പ്രകൃതിയിലെ അനുഭവമാണ്. സമരകോലാഹലം ശമിച്ചതോടുകൂടി യുവജനങ്ങളുടെ ഉൽസാഹത്തിലും ഒരു മാന്ദ്യം സംഭവിച്ചു. സംഘത്തിന്റെ കാര്യദർശിയും ആദ്യവസാനമുള്ള അതിന്റെ ഉൽസാഹികളിൽ ഒരാളും ആയ എ. പി. ശിവരാമൻകുട്ടിനായരുടെ വീട്ടിൽ— ബാലഭാരതസേവാസംഘത്തിന്റെ കാര്യാലയത്തിൽ — പോലീസ്സുകാർ കയറുകയും സംഘത്തിന്റെ റിക്കാർട്ടുകരം ഉരംപ്പെടെ പല സാധനങ്ങളും പിടിച്ചടക്കുകയും ചെയ്തു.

1930 ഡിസംബർ മാസത്തിൽ സംസ്ഥാനക്കമ്മിററി നിയമവിരുദ്ധമാണെന്നു് ഗവർമ്മെണ്ടു് പ്രഖ്യാപനം ചെയ്തു്. അതിന്നുശേഷം കമ്മിററിയെ നിലവിൽ നിർത്തിക്കൊണ്ടു് അതുവഴി പ്രവൃത്തികരം നടത്തുന്നതു പ്രയാസമായി വരികയാൽ ഒരു സർവ്വാധിപതി മുഖേന കാര്യം നടത്തുവാൻ നിശ്ചയിച്ചു. അങ്ങിനെ നിയമിക്കപ്പെട്ട ആറു സർവ്വാധിപന്മാർ അവർക്കുമുമ്പുണ്ടായിരുന്ന കോൺഗ്രസ്സ പ്രസിഡണ്ടന്മാരെ അനുഗമിച്ചു വഴിക്കുവഴിയെ കാരാഗൃഹത്തിൽ പോയി. 7-ാമത്തെ സർവാധിപതിയായിരുന്ന മിസ്സിസ്സ് മാർഗരററ് പാവമണിയുടെ കാലത്തായിരുന്ന ഗാന്ധി—ഇർവിൻസന്ധി ഉണ്ടായതു്.

1931 ജനുവരി 21-ാം തീയതി പി. രാമുണ്ണിമേനോന്റെ ചരമത്താൽ കേരളത്തിന്നും, ഫിബ്രുവരി 6-ാം തീയതി മോട്ടിലാൽ നെഹറുവിന്റെ ചരമത്താൽ ഇന്ത്യക്കും ഗംഭീരമായ നഷ്ടം സംഭവിച്ചു. രാമുണ്ണി മേനോന്റെ

അപരിഹാര്യമായ നഷ്ടം

അകാലചരമം നിമിത്തം കേരളത്തിന്നും "മാതൃഭൂമിക്കും" സംഭവിച്ച നഷ്ടം കേവലം അപരിഹാര്യമായിരുന്നു.

ഗാന്ധി—ഇർവിൻ സന്ധി

1931 മാർച്ച് മാസം 5-ാം തീയതി ഇന്ത്യയിൽ ഉപ്പുസത്യാഗ്രഹം ആരംഭിച്ച് ഒരുവർഷം കഴിഞ്ഞപ്പോൾ, ഗാന്ധി—ഇർവിൻസന്ധി വിളംബരപ്പെടുത്തി. അതിലെ വ്യവസ്ഥകളനുസരിച്ച് സിവിൽനിയമലംഘനം പിൻവലിച്ചു. ബ്രിട്ടീഷ്സാമാനങ്ങളുടെ ക്രയവിക്രയങ്ങൾ തടസ്സപ്പെടുത്തുന്നതല്ലെന്ന് ഉറപ്പുനൽകി. സമാധാന ലംഘനത്തിന് ഹേതുവായ പിക്കററ് ചെയ്യുവാനുള്ള അവകാശം ഗവൺമെൻറ് അംഗീകരിക്കുകയും ഓർഡിനൻസ് നിയമങ്ങൾ പിൻവലിക്കുകയും ഉപ്പുണ്ടാക്കാവുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് സ്വന്തഉപയോഗത്തിന്നോ അതാതു ഗ്രാമങ്ങളിലെ അതിർത്തിക്കുള്ളിൽ വില്പന നടത്തുന്നതിനോ, ആയി ഉപ്പുണ്ടാക്കുവാൻ അനുവദിക്കുകയും സകലസത്യാഗ്രഹത്തടവുകാരേയും വിമുക്തരാക്കുകയും ചെയ്തു. മാർച്ച് 15-ാം തീയതി കേരളസംസ്ഥാനകോൺഗ്രസ്സ കമ്മിററിയുടെ ഒരു യോഗം ചേർന്നതിൽ പുതിയ പ്രവർത്തകക്കമ്മിററിയിലേക്ക് കേ. കേളപ്പനെ അദ്ധ്യക്ഷനായും കേ. മാധവനാരേ സെക്രട്ടറിയായും, കാർത്ത്യായനിഅമ്മ മുതലായി ആറു പേരെ അംഗങ്ങളായും തിരഞ്ഞെടുത്തു. പി രാമുണ്ണിമേനോൻെറ ചരമത്തിൽ അനുശോചിക്കുകയും സത്യാഗ്രഹസമരത്തിൽ മുതിയടഞ്ഞ രാമൻകുട്ടി പണിക്കർ, കുഞ്ഞിരാമൻ അടിയോടി, പി. കെ. പണിക്കർ, നാരായണൻ എന്നീ ധർമ്മഭടന്മാരുടെ മഹത്തായ ത്യാഗങ്ങളെ ബഹുമാനപൂർവ്വം അനുസ്മരിച്ച് രേഖപ്പെടുത്തുകയും എല്ലാ വാളണ്ടിയർമാരേയും അഭിനന്ദിക്കുകയും ചെയ്യുകയുണ്ടായി. ഗാന്ധി-ഇർവിൻസന്ധി വ്യവസ്ഥകളെ അനുസരിക്കുവാനും കറാച്ചി സമ്മേളനത്തിൽ ഗാന്ധിയുടെ നിലയെ അനുകൂലിക്കുവാനും തീരുമാനിച്ച് പ്രമേയങ്ങൾ പാസ്സാക്കി.

1931 മേയ് മാസത്തിൽ 3, 4, 5 ഈ തീയതികളിൽ വടകരവെച്ചു കേരളസംസ്ഥാന സമ്മേളനം സേൻ ഗുപ്തയുടെ അദ്ധ്യ

ക്ഷതയിൽ നടന്നു. പി, കെ, നാരായണൻ നായരായിരുന്നു ഈ സമ്മേളനത്തിൽ സ്വാഗതസംഘാദ്ധ്യക്ഷൻ. സേൻഗുപ്തയുടെ അദ്ധ്യക്ഷപ്രസംഗത്തിൽ, ഗാന്ധിഇർവിൻ സന്ധി താൽക്കാലികം മാത്രമാണെന്നും, നമുക്കു് വിജയം ലഭിച്ചു കഴിഞ്ഞിട്ടില്ലെന്നും നമ്മുടെ പ്രാപ്യസ്ഥാനത്തെത്തുവാൻ ഇനിയും അദ്ധ്വാനിക്കേണ്ടതായിട്ടുണ്ടെന്നും പ്രസ്താവിച്ചു. "നമുക്കു വേണ്ടതു് പൂർണ്ണമായ അധികാരമാണു്; ഈജിപ്റ്ററിന്നു ലഭിച്ച മാതിരിയുള്ള "സ്വാതന്ത്ര്യ" സ്ഥിതിയല്ല. വെറും സ്വാതന്ത്ര്യം എന്നുള്ള പേരുപറഞ്ഞ് നമ്മെ മയക്കുവാനും സമ്മതിക്കുന്നതല്ല. രണ്ടാം വട്ടമേശസമ്മേളനവും അതിൻെറ മുൻഗാമിയെപ്പോലെ വെറും ഒരു പ്രഹസനമായി പരിണമിക്കുവാനേ ഇടയുള്ളു. അതിനാൽ ഇനിയും സമരത്തിൻെറ ആവശ്യം നേരിടുന്നതാണു്. പൂർണ്ണസ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നുകൊണ്ടും ഇന്ത്യ തൃപ്തിപ്പെട്ടുകൂടാത്തതാണു്" എന്നായിരുന്നു അദ്ധ്യക്ഷൻെറ ഉൽബോധനം. ഈ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രധാനപ്രമേയങ്ങൾ താഴെ പറയുന്നവയാണു്:— (1) രാമുണ്ണിമേനോൻെറയും സത്യാഗ്രഹത്തിൽ മൃതിയടഞ്ഞ കുട്ടികൃഷ്ണപ്പണിക്കർ തുടങ്ങിയ വീരാത്മാക്കളുടെയും ചരമത്തിൽ അനുശോചനം. (2) മൊയ്തു മൌലവി, അബ്ദുർ റഹിമാൻ ഇവർ രണ്ടുപേരും കേരളത്തിലെ സത്യാഗ്രഹസമരത്തിൻെറ വിജയത്തിന്നു പ്രധാന കാരണഭൂതന്മാരായിരുന്നുവെന്നു് രേഖപ്പെടുത്തിക്കൊണ്ടുള്ള അഭിനന്ദനം. (3) തൊഴിലാളികളെ സംഘടിപ്പിച്ചു് യൂണിയൻ സ്ഥാപിക്കുകയും മററും ചെയ്യേണ്ടതാണെന്നു് കോൺഗ്രസ്സ് കമ്മിററികളോടു ചെയ്ത നിർദ്ദേശം. (4) കറാച്ചിസമ്മേളനത്തിൽ പാസ്സായ പ്രാഥമികപൌരാവകാശപ്രമേയം നാട്ടുരാജ്യപ്രജകൾക്കും ബാധകമായിരിക്കണമെന്നും, ഭരണത്തിൻെറ നിത്യജോലികൾ നിർവ്വഹിക്കുവാൻ ഗ്രാമപഞ്ചായത്തുകൾ രൂപവൽക്കരിക്കണമെന്നും, ഏതൊരു ഗവൺമെൻറു് ജീവനക്കാരന്നും ചുമഞ്ഞിയതു മുപ്പതു ഉറുപ്പികയെങ്കിലും പ്രതിമാസം ലഭിക്കുവാൻ വ്യവസ്ഥയുണ്ടായിരിക്കേണ്ടതാണെന്നും ഉള്ള അഭിപ്രായം. (5) നാട്ടുരാജ്യങ്ങളിൽ ഉടൻതന്നെ സമ്പൂർണ്ണമായ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതിനുള്ള സ്പഷ്ടമായ

5-ാം സംസ്ഥാന സമ്മേളനം 1931

വ്യവസ്ഥകരം ഫെഡറൽഭരണഘടനയിലുണ്ടായിരിക്കണമെന്നും അതില്ലാതെയുള്ള യാതൊരു ഫെഡറൽ വ്യവസ്ഥയും ജനങ്ങൾക്കു സ്വീകാര്യമായിരിക്കുന്നതല്ലെന്നും ഉള്ള പ്രഖ്യാപനം. (6) ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകേണമെന്നു സവർണ്ണ ഹിന്ദുക്കളോടും ദേവസ്വം അധികാരികളോടും അഭ്യർത്ഥന.

ഉപസംഹാര പ്രസംഗം

സമ്മേളനത്തിൻെറ അവസാനത്തിൽ ചെയ്ത ഉപസംഹാര പ്രസംഗത്തിൽ സേൻഗുപ്ത ഇപ്രാരം പറഞ്ഞു:— "ഇനിയൊരു മഹാസമരം ഞാൻ ഭാവനാലോകത്തിൽ ഇപ്പോൾതന്നേ കണ്ടുതുടങ്ങിയിരിക്കുന്നു. ആ സമരത്തിലും കേരളീയർ ഉൽകൃഷ്ടസ്ഥാനം കൈക്കലാക്കുമെന്നതിൽ എനിക്കു സന്ദേഹമില്ല. ഇക്കഴിഞ്ഞ സമരത്തിൽ ഇന്ത്യയിൽ ആകെക്കൂടി അറുപതിനായിരം പേർ കാരാഗൃഹവാസം സ്വീകരിച്ചു. അവരിൽ പന്തീരായിരം പേർ മുസ്ലീംകളുമായിരുന്നു. അതെത്രയും തൃപ്തികരമായിരിക്കുന്നു."

വിദ്യാൎത്ഥി സമ്മേളനം

ഈ സമ്മേളനത്തോടുകൂടി കേ. എഫ്. നരിമാൻെറ അദ്ധ്യക്ഷതയിൽ ഒരു വിദ്യാർത്ഥിസമ്മേളനവും, ടി. പ്രകാശത്തിൻെറ അദ്ധ്യക്ഷതയിൽ രാഷ്ട്രീയത്തടവുകാരുടെ ഒരു സമ്മേളനവും ശ്രീമതി പത്മാവതി ആഷറുടെ അദ്ധ്യക്ഷതയിൽ ഒരു മഹിളാസമ്മേളനവും നടക്കുകയുണ്ടായി. ഈ സമ്മേളനങ്ങളിലും വളരെ പേർ സന്നിഹിതരായിരുന്നു. നരിമാൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം യുവജനങ്ങളോടിപ്രകാരം പറഞ്ഞു:—"ഭാവിഭരണഘടനയെക്കുറിച്ചും മററും പ്രായം ചെന്ന നേതാക്കന്മാർ ആലോചിച്ചുകൊള്ളട്ടെ. യുവജനങ്ങളുടെ ആദർശം ഇതിലും എത്രയോ മഹത്തായ ഒന്നായിരിക്കണം. മനുഷ്യ സമുദായത്തിൻെറ പുരോഗതിയിൽ—രാഷ്ട്രീയമോ, സംസ്കാരപരമോ, സാമുദായികമോ ഏതു വിധത്തിലുള്ളതായാലും ശരി—പ്രതിബന്ധങ്ങൾ എപ്പോൾ കണ്ടാലും ആ പ്രതിബന്ധങ്ങളോട് നേരിട്ട് അവ

യെ മാറോന്നുന്ന ഭാരമാണ് യുവജനങ്ങളിൽ അപ്പിക്കപ്പെട്ടിട്ടുള്ളത്. ശരിയായ സംഘടനയുണ്ടെങ്കിൽ ഏതും അസ്സാദ്ധ്യമല്ല. നമുക്ക് സ്വാതന്ത്ര്യം സിദ്ധിക്കേണമെങ്കിൽ നമ്മുടെ അടിമബുദ്ധി പോകണം. ഇന്നത്തെ പിഴച്ച വിദ്യാഭ്യാസ സമ്പ്രദായമാണ് നമ്മിൽ ഈ അടിമബുദ്ധിയെ സൃഷ്ടിക്കുവാൻ പ്രധാനമായും സഹായിച്ചിട്ടുള്ളത്.'' മദ്യവർജ്ജനശ്രമങ്ങളിൽ വിദ്യാർത്ഥികരം ഏർപ്പെടേണ്ടതാണെന്നും, എന്നാൽ സന്ധി നിലവിലിരിക്കുന്ന കാലത്തു ആ സന്ധിയിലെ വ്യവസ്ഥകളെ പൂർണ്ണമായി ആദരിച്ചുവേണം പ്രവർത്തിക്കുവാൻ എന്നും പ്രസ്താവിച്ചു. പണ്ഡിത ഗണേശ ശങ്കർ വിദ്യാർത്ഥി കുട്ടികൃഷ്ണപണിക്കർ, മോട്ടിലാൽനെഹറു എന്നിവരുടെ ചരമത്തിൽ ഖേദിച്ചും, വിദ്യാത്ഥികളുടെ ദേശീയപരിശ്രമങ്ങളെ തടയുന്നതായ ഇന്നത്തെ നയത്തെ അധികൃതന്മാർ ഉപേക്ഷിക്കേണ്ടതാണെന്നു താക്കീതു് നൽകിയും പ്രമേയങ്ങരം പാസ്സാക്കി.

രാഷ്ഷ്ട്രീയത്തടവുകാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച ടി. പ്രകാശം അദ്ദേഹത്തിൻെറ ഉപക്രമ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: ''എൻെറ കാരാഗൃഹവാസക്കാലത്തു് രാഷ്ട്രീയത്തടവുകാർക്കു് പൊതുവായുള്ള പല സങ്കടങ്ങളും നേരിട്ടു് കാണുവാനും അറിയുവാനും എനിക്കിടവന്നിട്ടുണ്ടു്. തങ്ങളുടെ രാജ്യത്തിനു വേണ്ടി ത്യാഗങ്ങരം ചെയ്യുവരോടു് പൊതുജനങ്ങരംക്കുള്ള ഉത്തരവാദിത്വങ്ങരം എന്തൊക്കെയാണെന്നു് അവരിനിയും മനസ്സിലാക്കിയിട്ടില്ല. രാഷ്ട്രീയത്തടവുകാരോടു് അധികൃതന്മാർ പെരുമാറുന്നതു് എത്രയോ അതൃപ്തകരമായിട്ടാണ്. അവരേ ഈയിടെ ഏ. ബി, സി, എന്നു മൂന്നു ക്ളാസ്സുകളായി വകതിരിച്ചതു് യാതൊരു നീതിയേയും അടിസ്ഥാനപ്പെടുത്തിയല്ല. രാജ്യത്തിന്നുവേണ്ടി ഒരുപോലെ ക്ലേശം സഹിച്ചിട്ടുള്ളവരെ ഒരേ നിലയിൽ കരുതേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. സത്യാഗ്രഹത്തടവുകാരിൽ ഭൂരിപക്ഷത്തേയും വിമോചിപ്പിച്ചതോടുകൂടി ബാക്കിയുള്ളവരുടെ സ്ഥിതി വളരെ ദയനീയമായിട്ടുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. തടവുകാരെ ജയിലിൻെറ മുറിക്കകത്തിട്ടു മർദ്ദിക്കുന്നതി

രാഷ്ട്രീയത്തടവുകാരുടെ സ്ഥിതി

നെ പൊതുജനങ്ങരം സഹിക്കയില്ലെന്ന അധികൃതന്മാരെ അറിയിക്കേണ്ട കാലം വൈകീട്ടുണ്ട്. രാഷ്ട്രീയകാര്യങ്ങരംക്കവേണ്ടി ലാത്തിപ്രഹരം ഏററവരും മററുവിധത്തിലുള്ള ഹിംസകരം സഹിച്ചവരും കാരാഗൃഹത്തിൽ പോയില്ലെങ്കിലും അവരേയും രാഷ്ട്രീയത്തടവുകാരുടെ കൂട്ടത്തിൽ എണ്ണേണ്ടതാണ്. രാജ്യത്തിൻേറയും ഭാവിസന്താനങ്ങളുടെയും ഉൽക്കർഷത്തിന്നുവേണ്ടി സങ്കടമനുഭവിക്കുന്നവരെ സഹായിപ്പാൻ ഒരു രാജ്യസേവകനിധി ഉണ്ടായിരിക്കേണ്ടതു് ഏററവും ആവശ്യമാകുന്നു. രാഷ്ട്രീയഭടന്മാർ ജയിലിലായിരിക്കുമ്പോരം അവരുടെ കുടുംബാംഗങ്ങരംക്കുവേണ്ടുന്ന സഹായം നൽകുവാൻ രാജ്യത്തിന്നു കടമയുണ്ടു്'' ജയിലിൽക്കിടന്നും മർദ്ദനങ്ങരം സഹിച്ചും നിര്യാണമടഞ്ഞ രാമൻകുട്ടി പണിക്കർ, കുഞ്ഞിരാമൻ അടിയോടി, കെ നാരായണൻ, പി കെ. പണിക്കർ എന്നിവരുടെ ചരമത്തെ സാദരം അനുസ്മരിച്ചും 1921-ലെ മരണവണ്ടിയുടെ സ്മാരകം ഏർപ്പെടുത്തിത്തരുന്നതിനുവേണ്ട ഏർപ്പാടു ചെയ്‌വാൻ ഒരു കമ്മിററിയെ രൂപീകരിച്ചും, തടവുകാരെ തരംതിരിക്കുന്ന ഏർപ്പാടിനെ നിന്ദിച്ചും, സത്യാഗ്രഹവാളണ്ടിയർമാരുടെ സംരക്ഷണത്തിന്നായി ഒരു നിധി ഏർപ്പെടുത്തേണമെന്നു് നിശ്ചയിച്ചും, സത്യാഗ്രഹ സമരത്തിൻെറ ചരിത്രമെഴുതുന്നതിനു് ഒരു കമ്മിററിയെ രൂപീകരിച്ചും, കുട്ടികൃഷ്ണപ്പണിക്കരുടെ കുടുംബങ്ങളോടുള്ള സഹതാപത്തെ പ്രദർശിപ്പിച്ചും ഈ സമ്മേളനത്തിൽ പ്രമേയങ്ങരം പാസ്സാക്കപ്പെട്ടു.

## അദ്ധ്യായം 12

# രണ്ടു വൻസമരങ്ങൾ

ജൂലായി 12-ാം തീയതി ബോംബെയിൽവെച്ച് നടന്ന കോൺഗ്രസ്സ് പ്രവർത്തകക്കമ്മിററി യോഗത്തിൽ, അപ്പോറം കേരളസംസ്ഥാനകോൺഗ്രസ്സ് കമ്മിററി പ്രസിഡണ്ടായിരുന്ന കേളപ്പൻ സന്നിഹിതനായി, ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിന്നു കമ്മിററിയുടെയും ഗാന്ധിയുടേയും അനുമതി വാങ്ങി. ആഗസ്ററ് 3-ാം തീയതി കൂടിയ കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ യോഗത്തിൽ അധഃകൃതർ ഉറംപ്പെട്ട എല്ലാ ഹിന്ദുക്കളുടേയും ക്ഷേത്രപ്രവേശനാവകാശത്തെ സ്ഥാപിക്കുവാൻ സത്യാഗ്രഹം തുടങ്ങേണമെന്നു നിശ്ചയിച്ചു. നവംബർ 1-ാം തീയതി ഗുരുവായൂർ ക്ഷേത്രനടയിൽ സത്യാഗ്രഹമാരംഭിക്കുവാനും തീരുമാനം ചെയ്തു.

ഗുരുവായൂർ സത്യാഗ്രഹം

“വിജയം അല്ലെങ്കിൽ മരണം” എന്ന മുദ്രാവാക്യത്തോടുകൂടിയായിരുന്നു കേളപ്പൻ ഗുരുവായൂർ സത്യാഗ്രഹത്തിന്നൊരുങ്ങിപ്പുറപ്പെട്ടതു്. ഒക്ടോബർ 21-ാം തീയതി സുബ്രഹ്മണ്യൻ തിരുമുമ്പിൻെറ നേതൃത്വത്തിൽ ഒരു വളണ്ടിയർസംഘം കണ്ണൂരിൽനിന്നു കാൽനടയായി ഗുരുവായൂർക്കു പുറപ്പെട്ടു. ഇവർക്കു വഴിനീളെ ആശീർവ്വാദങ്ങറം മാത്രമല്ല, സൽക്കാരങ്ങളും പണക്കിഴികളും ലഭിച്ചുകൊണ്ടിരുന്നു. നമ്പൂതിരിയുവജനങ്ങറം ചെയ്ത സഹായസഹകരണങ്ങറം ഗണ്യമായിട്ടുള്ളവ യായിരുന്നു. നമ്പൂതിരിയുവജനസംഘം പ്രസിഡണ്ടായ പി. എസ്സ്. കേശവൻ നമ്പൂതിരി (ഇപ്പോറം ഒരു ഡിസ്ട്രിക്ട് മുൻസിഫ്) കേളപ്പന്നയച്ച ഒരു അഭിനന്ദനക്കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—

"കേരളസംസ്ഥാന കോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ ഗുരുവായൂർ ആരംഭിക്കുന്ന സത്യാഗ്രഹസമരത്തിന്നു, നമ്പൂതിരി യുവജനസംഘത്തിൻെറ പ്രതിനിധി എന്ന നിലയിലും എൻെറ സ്വന്തം നിലയിലും മംഗളമാശംസിച്ചുകൊള്ളുന്നു. അയിത്തം ആഭിജാത്യഭ്രമം എന്നു തുടങ്ങിയ സാമുദായികദോഷങ്ങൾ ഹിന്ദുമതത്തെ മാത്രമല്ല, ഭാരതവർഷത്തെത്തന്നെ താറുമാറാക്കിയിരിക്കുന്നു. അജ്ഞതകൊണ്ടും അന്ധവിശ്വാസംകൊണ്ടും സ്വാർത്ഥതൽപരതകൊണ്ടും ദുഷിച്ചു ജീർണ്ണിച്ചിരിക്കുന്ന ആ പഴയ മാമൂൽകോട്ടയെ തകർക്കുക. സ്വാമിദർശനം സകലർക്കും സാദ്ധ്യമായി വരട്ടെ. ഗുരുവായൂരെ വിജയം സാർവ്വത്രികവിജയമായി കലാശിക്കുന്നതാണ്. ഒരു നമ്പൂതിരി) യുവാവായ സുബ്രഹ്മണ്യൻ തിരുമുമ്പും മുമ്പിൽ നടപ്പാനിറങ്ങിയതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു." ഇവർക്കു് കോൺഗ്രസ്സ് പ്രസിഡണ്ടു് മുതലായി പലരുടേയും ആശംസകൾ ലഭിച്ചു. സത്യാഗ്രഹം തുടങ്ങുന്നതിന്നു മുമ്പായി മലബാറിൽ മാത്രമല്ല, കൊച്ചിയിലും തിരുവിതാംകൂറിലും നടത്തിയ വിപുലമായ പ്രചരണവേലയും സത്യാഗ്രഹ ദിനാഘോഷവും നിമിത്തം ഈ പ്രചാരത്തിന്നു അനുകൂലമായ ഒരു പൊതുജനാഭിപ്രായം സമ്പാദിച്ചു കഴിഞ്ഞിരുന്നു.

ഒന്നാമത്തെ സത്യാഗ്രഹജാഥ കണ്ണൂരിൽനിന്നുപുറപ്പെട്ടതു്, ഒക്ടോമ്പർ 31-ാം നു- വൈകുന്നേരം ഗുരുവായൂരിൽ എത്തി.

**സത്യാഗ്രഹപരിപാടി**

നവമ്പർ 1-ാം തീയതി അയിത്തജാതിക്കാരെന്നു പറയുന്നവരോടുകൂടി വാളണ്ടിയർമാർ എല്ലാവരും ശുഭ്രവസ്ത്രധാരികളായി ക്ഷേത്രത്തിലേക്കു് നടന്നുപോവുകയും അയിത്താതിർത്തിയിൽ എത്തിയപ്പോൾ അവരെ ക്ഷേത്രഭരണാധികാരികൾ തടയുകയും, അപ്പോൾ സത്യാഗ്രഹികൾ അവിടെത്തന്നെ നിൽക്കുകയും വെയിൽ സഹിച്ചും മഴകൊണ്ടും അവിടെത്തന്നെ സമയം കഴിക്കുകയും ചെയ്തുവന്നു. ഇങ്ങിനെ പകൽ മുഴുവൻ മൂന്നു നടയിലും സത്യാഗ്രഹം അനുഷ്ഠിച്ചു. വാളണ്ടിയർമാർ ഇടക്കിടെതന്നെ മാറിക്കൊണ്ടിരുന്നു. വൈകുന്നേരം സാധാരണപൊതുയോഗങ്ങൾ കൂടാറുണ്ടായിരുന്നു. കേളപ്പൻ, ആഗമാനന്ദൻ വൈശ്രവണത്തു രാമൻ നമ്പൂതിരി,

മന്നത്തു പത്മനാഭപിള്ള എന്നിങ്ങനെ പലരുടേയും പ്രസംഗ ങ്ങരം ഇക്കാലത്തുണ്ടായി. ആരംഭകാലത്തു്, സവർണ്ണരോ ക്ഷേത്രാധികാരികളോ സത്യാഗ്രഹികളെ ഉപദ്രവിച്ചിരുന്നില്ല. കുറെ കഴിഞ്ഞപ്പോരം ശകാരം ആരംഭിച്ചു

സത്യാഗ്രഹക്കാരുടെ പ്രസംഗങ്ങളും പൊതുയോഗങ്ങളും നടക്കുന്നതു കണ്ടപ്പോരം അതിനെതിരായി സനാതനികളും പ്രസംഗങ്ങരം ഏർപ്പെടുത്തി. പാലയത്തു കുഞ്ഞുണ്ണിഅച്ചനായിരുന്നു അവരുടെ പ്രധാന പ്രസംഗകൻ. ഇരുഭാഗത്തേയും പീഡിതാഭിപ്രായങ്ങരം കേരംക്കുവാൻ അനേകം ആളുകരം പതിവായി വന്നുകൊണ്ടിരുന്നു. സത്യാഗ്രഹാശ്രമത്തിൽ ഗീതാക്ളാസ്സും, നൂൽനൂൽപ്പും, ഭാഗവതപാരായണം ഇവയും ജനങ്ങളെ ആകർഷിച്ചു.

നവംബർ 7-ാം തിയതി സുബ്രഹ്മണ്യൻ തിരുമുമ്പിനെ ഗുരുവായൂർവെച്ചു് അറസ്ററുചെയ്തു. പക്ഷേ ഈ അറസ്ററു സത്യാഗ്രഹം സംബന്ധിച്ചല്ലായിരുന്നു. അദ്ദേഹം "യുവഭാരത"ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു കവിത രാജദ്രോഹകരമായിരുന്നു എന്ന ഒരു ചാർജ്ജിന്മേലാണു് അറസ്ററു ചെയ്തതു്. ഈ കേസ്സിൽ തിരുമുമ്പിനേയും "യുവഭാരതം" പത്രാധിപർ ടി. ആർ. കൃഷ്ണസ്വാമി അയ്യരേയും ഒമ്പതുമാസത്തെ തടവിന്നു ശിക്ഷിച്ചു.

ഡിസംബർ 26-ാം തീയതി സത്യാഗ്രഹവളണ്ടിയർമാരുടെ ക്യാപ്ടനായ എ. കെ, ഗോപാലനെ സവർണ്ണരിൽ പത്തിരുപതുപേർ ചേർന്നു് അക്രമമായി അടിക്കുകയും ചവിട്ടുകയും കഴുത്തുപിടിച്ചു ഞെരുക്കുകയുംചെയ്തു. ഇതു് അകാരണമായി പ്രവർത്തിച്ച വലിയ ഒരു അക്രമമായിരുന്നിട്ടും സത്യാഗ്രഹികരം ക്ഷേത്രം അടച്ചു പൂട്ടി മൌനമായി പൊറുക്കുകയാണുണ്ടായതു്.

* മഹാത്മാ ഗാന്ധിയുടെ 'യങ്ഇന്ത്യാ' എന്ന പ്രതിവാരികയുടെ ചാരപിടിച്ചു് പാലക്കാട്ടുനിന്നു മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി വന്നിരുന്ന ഒരു പ്രതി വാരികയായിരുന്നു 'യുവഭാരതം' ഉടമസ്ഥനും പത്രാധിപരും ടി. ആർ. കൃഷ്ണസ്വാമി അയ്യരായിരുന്നു. ഏതാനും വർഷങ്ങരം നടന്നശേഷം കേസ്സോടുകൂടി അതിൻെറ പ്രസിദ്ധീകരണം മുടക്കേണ്ടതായി വന്നു. അതിപ്പോരം തിരെ നിലച്ചിരിക്കുകയാണു്.

ഈ സംഭവം സവർണ്ണരുടെ ഇടയിലും പ്രക്ഷോഭത്തിന്നിടയാക്കി. ഇതിന്റെ ശേഷമാണ് സത്യാഗ്രഹികളെ തടഞ്ഞുനിറുത്തുവാനായി കെട്ടിയിരുന്ന മുള്ളവേലിയെ പൊതുജനങ്ങൾ പൊളിച്ചു മാററിയത്. അന്തരീക്ഷം വല്ലാതെ കലങ്ങി. സ്ഥിതിയെ ഒന്നുകൂടി ഗൌരവതരമാക്കുവാൻ സഹായിച്ച സംഭവമായിരുന്നു ക്ഷേത്രാധികൃതന്മാർ ക്ഷേത്രം അടച്ചുപൂട്ടിയത്.

ഇതിനിടക്ക് മഹാത്മഗാന്ധി ഇംഗ്ലണ്ടിൽനിന്നു വട്ടമേശസമ്മേളനം കഴിഞ്ഞു മടങ്ങി എത്തുകയും ജനുവരി 4-ാം തിയതി ബോംബെയിൽ വെച്ച് അദ്ദേഹവും മററു നേതാക്കന്മാരും അറസ്ററു ചെയ്യപ്പെടുകയും ഉണ്ടായി. എന്നാൽ, നിയമലംഘനത്തിലേർപ്പെടുന്നതിനുപകരം ഗുരുവായൂരിലെ സത്യാഗ്രഹസമരത്തെ തുടർന്നുകൊണ്ടുപോകയാണ് വേണ്ടതെന്ന് മഹാത്മാഗാന്ധി ഉപദേശിച്ചിരുന്നതനുസരിച്ച് സത്യാഗ്രം പിൻവലിക്കാതെ തുടർന്നുപോയി. സത്യാഗ്രഹത്തിന്റെ ചുമതല കോൺഗ്രസ്സു കമ്മിററിയിൽനിന്നു വേർപെടുത്തുകയും, കേളപ്പന്റെ നേതൃത്വത്തിൽ പ്രത്യേകം ഒരു കമ്മിററി ഉണ്ടാക്കി ആ കമ്മിററിയെ സത്യാഗ്രഹസംബന്ധമായ ചുമതലകൾ ഏല്പിക്കയും ചെയ്തു.

ഗാന്ധിയുടെ ഉപദേശം

നേതാക്കന്മാരുടെ അറസ്ററിനെത്തുടർന്ന് ഇന്ത്യയിലെല്ലാം, കഠിനമായ മർദ്ദനം നടക്കുന്ന കാലമായിരുന്നു ഇത്. ഈ അവസരത്തിൽ മലബാറിലും സിവിൽ നിയമലംഘനപ്രസ്ഥാനം ആരംഭിച്ചു. അനേകം ദേശാഭിമാനികൾ അടികൊണ്ടും പലതരം ത്യാഗങ്ങൾ കൈക്കൊണ്ടും, ജയിൽവാസം സ്വീകരിച്ചും വന്നിരുന്നു. ഗുരുവായൂരിലെ സത്യാഗ്രഹം ഈ അവസ്ഥയിൽ ദേശീയസമരത്തിന്റെ ഊക്കിനെ സാരമായി സ്പർശിക്കുകയുണ്ടായി. ജനങ്ങളുടെ ശ്രദ്ധ ആ വഴിയായി തിരിഞ്ഞു പോയതുകൊണ്ട് ഏകാഗ്രതയിൽനിന്നും ലഭിക്കുന്ന ആ ശക്തി ദേശീയസമരത്തിന്നു ലഭ്യമാകാതെ വന്നു. എല്ലാ അവശതകളും

ക്ഷേത്രപ്രവേശനവും ദേശീയ സമരവും

ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തോടുകൂടി മാത്രമേ നീങ്ങുവാൻ വഴിയുള്ളു എന്നിരിക്കേ, സമരോൽസുകരായ എല്ലാ യുവജനങ്ങളുടേയും ശ്രദ്ധ സർവ്വപ്രധാനമായ സ്വാതന്ത്ര്യസമരത്തിൽ ഏകാഗ്രമായി ലയിപ്പിക്കുകയായിരുന്നു വേണ്ടിയിരുന്നതു്.

ഗുരുവായൂർ ക്ഷേത്രം പൂട്ടിയശേഷം ജനുവരി 27-ാം തീയതി കേളപ്പൻ സാമൂതിരിപ്പാടിന്നയച്ച ഒരു പ്രത്യക്ഷപത്രത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:-"അങ്ങേക്കിന്നു രാജ്യഭാരമൊന്നുമില്ല. എന്നാൽ ഇന്നു് കേരളത്തിലുള്ള 90 ലക്ഷം ജനങ്ങളിൽ 75 ലക്ഷത്തിൻേറയും ഹൃദയാന്തർഭാഗത്തു് ഏകഛത്രാധിപതിയായി വാഴുവാനുള്ള ഒരു അവസരം ഇതാ ലഭിച്ചിരിക്കുന്നു:— ഇന്നു് പലവിധ അവശതകൾ അനുഭവിച്ചുവരുന്ന ഭൂരിപക്ഷം കേരളീയരുടെ കണ്ണുനീർ തുടച്ചുകളയുവാൻ, ഹിന്ദുമതത്തിന്നു ബാധിച്ചിട്ടുള്ള മാലിന്യത്തെ നീക്കുവാൻ, ക്ഷയോന്മുഖമായ ഹിന്ദുമതത്തെത്തന്നേ പുഷ്ടിപ്പെടുത്തുവാൻ അങ്ങേക്കു ലഭിച്ചിട്ടുള്ള ഈ സുവർണ്ണാവസരത്തെ പാഴാക്കാതേ സാധുക്കളെ അനുഗ്രഹിച്ചു് ശാശ്വതകീർത്തി നേടുവാൻ ഞാൻ താഴ്മയോടെ അപേക്ഷിക്കുന്നു."

സാമൂതിരിപ്പാടിലേക്കു പ്രത്യക്ഷപത്രം

എന്നാൽ, അതുകൊണ്ടു് ഫലമൊന്നും ഉണ്ടായില്ല, ജനുവരി 28-ാം തീയതിവരെയും ഗുരുവായൂർക്ഷേത്രം പൂട്ടിത്തന്നേ ഇട്ടിരുന്നു. പൂട്ടിയിട്ടിരുന്ന ഈ ദിവസങ്ങളിലെല്ലാം സത്യാഗ്രഹികൾ ഗോപുരത്തിങ്കൽവരെ പോവുകയും അവിടെ നിലകൊള്ളുകയുമാണു് ചെയ്തിരുന്നതു്. 28-ാം തീയതി രാവിലെ ക്ഷേത്രം തുറന്നതോടുകൂടി, പൂർവ്വസ്ഥിതിയിൽ അയിത്താബോർഡിന്നപ്പുറം സത്യാഗ്രഹികളെ തടഞ്ഞു നിർത്തുവാനുള്ള ഏർപ്പാടുകളും ചെയ്തിരുന്നു. അതിനാൽ യഥാപൂർവ്വം നാലു നടയിലും സത്യാഗ്രഹം നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്തു. ഈ ഘട്ടത്തിൽ 1932-ലെ 5-ാം ഓർഡിനൻസ് പ്രകാരം സത്യാഗ്രഹികൾക്കു ഒരു നിരോധനാജ്ഞ കൊടുപ്പിക്കുവാൻ യാഥാസ്ഥിതികർക്കു സാധിച്ചു.

നിരോധനാജ്ഞ

ക്ഷേത്രമതിലിൻെറ അമ്പതുവാര ദൂരം കഴിഞ്ഞു അങ്ങോട്ടു സമീപിച്ചുകൂടെന്നായിരുന്നു നിരോധനാജ്ഞ. ക്ഷേത്രത്തിന്നു തൊട്ടുള്ള വടക്കേചിറയുടെ ചുററുമുള്ള ഇടവഴി ഒഴികേ മററെല്ലാവഴികളും ക്ഷേത്രനടകളും പബ്ലിക്കു് റോഡുകളാണെന്നും അതിനാൽ ജാതിമതവ്യത്യാസം കൂടാതേ എല്ലാവർക്കുംസഞ്ചരിക്കാവുന്നതാണെന്നും പാലക്കാട്ടു ഡിവിഷനൽ ആഫീസർ ഒരു കേസ്സിൽ തീരുമാനം ചെയ്തു. സാമൂതിരിപ്പാട്ടു് കൊടുത്ത അപ്പീലിൽ ഹൈക്കോടതി മേൽപറഞ്ഞ വിധിയെ പ്രയോജനശൂന്യമാക്കി ഭേദപ്പെടുത്തി, സത്യാഗ്രഹം പിന്നേയും തുടർന്നുവന്നു. എന്നാൽ ഇന്ത്യയിൽ അപ്പോഠം നടന്നുകൊണ്ടിരുന്ന ശക്തിമത്തായ നിയമലംഘന പ്രസ്ഥാനം അതിൻെറ പരമകാഷ്ഠയിൽ എത്തിയിരുന്നതുകൊണ്ടു് ഗുരുവായൂരിലേക്കുള്ള ശ്രദ്ധ ജനങ്ങളുടെ ഇടയിൽ നന്നേ കുറഞ്ഞുപോയിരുന്നു.

ഈ അവസരത്തിലാണു്, മക്ഡോണാൽഡിൻെറ 'വർഗ്ഗീയവിധി'യെ പ്രതിഷേധിച്ചു് മഹാത്മാഗാന്ധി "മരണംവരെ ഉപവസിക്കു' വാൻ തീരുമാനിച്ചു് ഉപവാസംആരംഭിച്ചതു്. ഈ വർത്തമാനം പത്രങ്ങളിൽ പ്രസ്താവിച്ചുകണ്ടപ്പോഠം, 1932 സെപ്തംബർ 13-ാം തീയതി കേളപ്പനും ഗുരുവായൂരിലെ ക്ഷേത്രപ്രവേശനം സംബന്ധിച്ചു് മരണംവരെ ഉപവസിക്കുവാൻ തിരുമാനിച്ചതു്, വിവരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മഹാത്മാഗാന്ധി ഉപവാസം ആരംഭിച്ച സെപ്തംബർ 21-ാം തീയതി രാവിലെതന്നെ കേളപ്പനും ഗുരുവായൂരിൽ കിഴക്കേ നടയിൽ ഉപവാസം ആരംഭിച്ചു രാവിലെ ആറരമണിക്കു മുപ്പതോളം സത്യാഗ്രഹികളാൽ അനുഗതനായി "ഒന്നുകിൽ മരണം അല്ലെങ്കിൽ വിജയം" എന്ന ദൃഢപ്രതിജ്ഞയോടെ കേളപ്പൻ ക്ഷേത്രസന്നിധിയിലേക്കു പോയതു കാൺമാൻ അനേകംപേർ കൂടിയിരുന്നു സന്നിധിയിൽചെന്നു്, അദ്ദേഹം വെയിലും മഞ്ഞും ഏററു പകലും രാത്രിയും കിഴക്കേ നടയിലിരിക്കുകയാണുണ്ടായതു്. ആദ്യം അദ്ദേഹം ഇരുന്ന സ്ഥലത്തു ജനങ്ങഠം ഒരു പന്തൽകെട്ടുകയുണ്ടായെങ്കിലും അതിനെ പിന്നീടു് അദ്ദേഹത്തിൻെറ അഭിലാഷമനുസരിച്ചു് അവർ പൊളിച്ചു മാററി.

ഉപവാസം

ഇങ്ങിനെ പത്തു ദിവസം കഠിനമായ തപസ്സുതന്നെ ചെയ്തിട്ടും അധികൃതന്മാർക്ക ക്ഷേത്രപ്രവേശനം നൽകേണ്ട കാര്യത്തെപ്പററി ക്ഷേത്രാധികാരികറം ആലോചിക്കുകയുണ്ടായില്ല കാര്യം ഗൗരവസ്ഥിതിയിൽ എത്തി എന്നു കണ്ടപ്പോറം ഇന്ത്യയിലെ വിടേയും ഗംഭീരമായ പൊതുയോഗങ്ങറംകൂടി, ഈ വിഷയത്തെപ്പററി സഗൗരവം ആ ലാചിപ്പാൻ തുടങ്ങി. മഹാത്മാരായ വ്യക്തികളുടേയും പൊതുജനയോഗങ്ങളുടേയും അഭ്യർത്ഥനകളടങ്ങിയ കമ്പിസന്ദേശങ്ങറം സാമൂതിരിപ്പാട്ടിലേക്ക കൂടിക്കൊണ്ടിരുന്നു. സാമൂതിരി കോവിലകത്തിൻെറ പടിക്കലും കെ. കൃഷ്ണഭട്ട് എന്ന ഒരു സത്യാഗ്രഹി നിരാഹാരവ്രതം അനുഷ്ഠിച്ചു നിൽക്കുകയുണ്ടായി. ഗുരുവായൂരിൽ ക്ഷേത്രത്തിൽ അതിഗംഭീരമായ ഒരു സവർണ്ണയോഗം നടന്നു അതിൽ അവർണ്ണരുടേയും ക്ഷേത്രപ്രവേശത്തെ അനുകൂലിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയങ്ങളും ഉണ്ടായി. ഏകദേശം പതിനായിരംപേർ ഈ യോഗത്തിൽ പങ്കുകൊണ്ടിട്ടുണ്ടായിരുന്നു. ക്ഷേത്രത്തിനുള്ളിലും സത്യാഗ്രഹം തുടങ്ങുവാൻ ഈ യോഗത്തിൽ വെച്ചു തീരുമാനിച്ചു.

ഗാന്ധിയുടെ ആജ്ഞ

ഇങ്ങനെ ഇരിക്കുമ്പോഴായിരുന്നു നിരാഹാരവ്രതം നിർത്തിവെക്കുവാൻ ഉപദേശിച്ചുകൊണ്ട് ഒരു കമ്പി സന്ദേശം കേളപ്പനു മഹാത്മാഗാന്ധിയിൽ നിന്നും ലഭിച്ചതു്. ആ സന്ദേശത്തിൽ ഗാന്ധി ഇപ്രകാരം പറഞ്ഞിരുന്നു: "നിങ്ങറം രണ്ടു് അബദ്ധങ്ങറം പ്രവർത്തിച്ചു. നിരാഹാരവ്രതം തുടങ്ങുന്നതിന്നു മുമ്പ് നിങ്ങറം എന്നോടാലോചിക്കേണ്ടതായിരുന്നു. അതു് നിങ്ങറം ചെയ്തില്ല. രണ്ടാമത്തു്, നിരാഹാരവ്രതം അനുഷ്ഠിക്കുവാൻ പോകുന്നു എന്ന വിവരം ക്ഷേത്രഭാരവാഹികളെ കുറേ മുൻകൂട്ടി അറിയിക്കേണ്ടതു് നിങ്ങളുടെ കടമയായിരുന്നു. അതിനാൽ ഈ കമ്പികിട്ടിയാൽ ഉടനേ നിങ്ങറം വ്രതം നിർത്തിവെക്കേണ്ടതാണെന്നു് ഞാൻ ബലമായി ഉപദേശിക്കുന്നു. വ്രതം നിറുത്തിവെക്കുമ്പോറം, മൂന്നുമാസത്തിന്നുള്ളിൽ അധഃകൃതർക്ക ക്ഷേത്രം തുറന്നുകൊടുക്കേണ്ടതാണെന്നും അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ എൻെറ അനുവാദത്തോടുകൂടി വീണ്ടും വ്രതം തുട

ങ്ങുമെന്നും നിങ്ങൾ ക്ഷേത്രഭാരവാഹികളെ അറിയിക്കണം. ഈ കാലത്തിന്നുള്ളിൽ ക്ഷേത്രം തുറന്നുകിട്ടുവാൻ സർവ്വശക്തികളും ഉപയോഗിച്ച് നാം പ്രവർത്തിക്കേണ്ടതുമാണ്." ഇതുപ്രകാരം ഒക്ടോബർ 2-ാം തീയതി രാവിലെ കേളപ്പൻ നിരാഹാരവ്രതം അവസാനിപ്പിച്ചു.

"സത്യാഗ്രഹം ഇപ്പോൾ അവസാനിച്ചിട്ടില്ല, നിറുത്തിവെക്കുക മാത്രമേ ചെയ്തിട്ടുള്ളു" എന്നു വ്രതസമാപ്തിക്കുശേഷം കേളപ്പൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. ഇനിയും ക്ഷേത്രം ഭാരവാഹികൾ അധ:കൃതർക്കു തുറന്നുകൊടുത്തിട്ടില്ല. പ്രത്യക്ഷമായ ഫലപ്രാപ്തിയെ സംബന്ധിച്ചിടത്തോളം ഗുരുവായൂർ സത്യാഗ്രഹം ഒരു പരാജയമാണ് എന്നു സാമാന്യദൃഷ്ടിയിൽ തോന്നാമെങ്കിലും, വൈക്കം സത്യാഗ്രഹത്തെപ്പോലെയോ, അഥവാ, അതിലും, കൂടുതലായോ, അയിത്തപ്പിശാചിനെ അകററിക്കളയുവാൻ ഈ സമരത്തിന്നു സാധിച്ചു.

വ്രതസമാപ്തിക്കുശേഷം

മൂന്നുമാസത്തിനകം, നീക്കാൻ കഴിയാത്ത നിയമത്തടസ്ഥങ്ങൾ അധികൃതർക്കു ക്ഷേത്രം തുറന്നുകൊടുക്കുന്നതിൽ പ്രതിബന്ധമായി വരാനിടയുണ്ടെന്നുകണ്ടാൽ തൻെറ സന്ദേശത്തിൽ സൂക്ഷിപ്പിച്ചിരുന്ന മൂന്നുമാസക്കാലത്തിൻെറ അവധി നീട്ടിവെക്കുന്നതാണെന്നു ഗാന്ധി പിന്നീട് പ്രസ്താവിച്ചു. പൊതുജനാഭിപ്രായമറിയുവാനായി ഗുരുവായൂർ ക്ഷേത്രം സ്ഥിതിചെയ്യുന്ന പൊന്നാനി താലൂക്കിൽ ഒരു മെമ്മോറാണ്ടം എടുക്കുവാൻ തീർച്ചയാക്കി, ഈ വോട്ടെടുക്കലിൻെറ ഡയറക്ടറായി കെ. മാധവൻ നായരെ നിശ്ചയിച്ചു കസ്തൂരിഭായി ഗാന്ധിയും, ഊർമ്മിളാദേവിയും ഇക്കാര്യത്തിൽ സഹായത്തിനായി ഗുരുവായൂരിൽ എത്തീട്ടുണ്ടായിരുന്നു. ക്ഷേത്രപ്രവേശന യോഗ്യതയുള്ള സവർണ്ണരിൽ പ്രായപൂർത്തിവന്ന 27465 സ്ത്രീപുരുഷന്മാരെ ഇക്കാര്യത്തിൽ സമീപിക്കുകയുണ്ടായി. എന്നാൽ, 7302 പേർ നിഷ്പക്ഷനിലയിൽ വോട്ടുചെയ്തു. അങ്ങിനെ സുമാർ 77 ശതമാനം

പൊതുജനാഭിപ്രായം

സവർണ്ണഹിന്ദുക്കറം അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിന്നു അനുകൂലികളായിത്തീർന്നതു് സത്യാഗ്രഹകാലത്തു് നടന്ന പ്രചരണവേലയുടെയും സത്യാഗ്രഹികളുടെ ത്യാഗത്തിൻേറയും ഫലംതന്നേയാണു്. ചില നിയമതടസ്സങ്ങറം ഉണ്ടെന്നു കാണുകയാൽ അവയുടെ ദൂരീകരണത്തിന്നു ഒരു ക്ഷേത്രപ്രവേശന ബിൽ മദ്രാസ്സു് നിയമസഭയിൽ ഹാജരാക്കുവാൻ ഡാക്ടർ സുബ്ബരായനെ ഏർപ്പാടുചെയ്തു. പക്ഷേ, ആ വഴിക്കുള്ള ശ്രമങ്ങറം നിഷ്ഫലമായിത്തന്നേയാണു് ഭവിച്ചിരിക്കുന്നതു്. ഗുരുവായൂർ സത്യാഗ്രഹം ഒന്നുരണ്ടു സംഗതികളെ വീണ്ടും വെളിപ്പെടുത്തിയിരിക്കുന്നു. എത്ര നീതിരഹിതവും അധാർമ്മികവുമായ കാര്യത്തിൽക്കൂടിയും യാഥാസ്ഥിതികത്വത്തിന്നു ഗവൺമെൻറിൻെറ പിൻതുണ ലഭിക്കുന്നതാണു്. ഇപ്പോഴത്തെ നിലയിൽ നിയമനിർമ്മാണംകൊണ്ടു് അവശതകറംക്കു പരിഹാരം നേടുവാൻ പലപ്പോഴും പല കാരണങ്ങളാലും സാദ്ധ്യമല്ലാതെയാണു് കണ്ടിരിക്കുന്നതു്. മതത്തിൻെറ തണലിൽ എത്ര അന്യായങ്ങറം വളർന്നാലും നിഷ്പക്ഷനിലയുടെ പേരിൽ മൗനാനുവാദം കൊണ്ടും മിക്കപ്പോഴും ഗണ്യമായ സഹകരണംകൊണ്ടും ഗവൺമെൻറു് ആ അന്യായങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതി മാറിവന്നാൽ മാത്രമേ അയിത്തോച്ചാടന വിഷയത്തിൽ കൂടിയും ജനങ്ങറംക്കു രക്ഷാമാർഗ്ഗമുള്ളു. അതിന്നു ഇന്ത്യ ആദ്യം സ്വതന്ത്രയാകേണ്ടിയിരിക്കുന്നു.

ഗാന്ധി-ഇർവിൻ സന്ധിക്കുശേഷം, മററു കോൺഗ്രസ്സ് കമ്മിററികളെപ്പോലെ മുമ്പു നിയമവിരുദ്ധമാക്കി പ്രഖ്യാപനം ചെയ്യപ്പെട്ടിരുന്ന കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിററിയും ഇപ്പോറം നിയമവിരുദ്ധമല്ലെന്നു വന്നു. ഇതിന്നു ശേഷമുള്ള

സന്ധിക്കുശേഷം

സംസ്ഥാനക്കമ്മിററിയുടെ യോഗം റിപ്പോർട്ടുകളിൽ നിന്നും കാണുന്നതു്, കമ്മിററിയുടെ യോഗം ക്രമമായി കൂടിവന്നിരുന്നു എന്നും മെമ്പർമാർ നാരാളം ഹാജരായി വന്നിരുന്നുവെന്നുമാണു്. ഗാന്ധി-ഇർവിൻ സന്ധിയുടെ വ്യവസ്ഥകളിൽ കേരളസംസ്ഥാനക്കമ്മിററി അത്രതന്നെ സംതൃപ്തരായിരുന്നില്ലെന്നു സന്ധിക്കുശേഷം കൂടിയ ആദ്യത്തെ കമ്മിററി യോഗത്തിൽ കാർത്ത്യായനി അമ്മ

അവതരിപ്പിച്ച ഒരു പ്രമേയംകൊണ്ടു കാണുവാൻ കഴിയുന്നു. "എല്ലാ രാഷ്ട്രീയത്തടവുകാരേയും വിട്ടയക്കണമെന്നു നിർബന്ധിക്കാത്തതും മററും അത്രതന്നെ അതൃപ്തികരമാണെങ്കിലും "ഈ സന്ധി നിലനിൽക്കുന്നിടത്തോളം കാലം അതിലെ വ്യവസ്ഥകൾ ആത്മാർത്ഥം പാലിക്കുവാൻ തന്നെ കമ്മിററി തീർച്ചപ്പെടുത്തി. കെ. മാധവൻ നായർ, യു. ഗോപാലമേനോൻ, എൽ. എസ്സ്. പ്രഭു, ആർ. വി ശർമ്മ എന്നിവർ താൽപര്യപ്പെട്ടതനുസരിച്ച് മേൽകാണിച്ച ഉദ്യതഭാഗം പ്രമേയത്തിൽ നിന്നു ഉപേക്ഷിച്ചതായി കാണുന്നുണ്ടു്. ഇതിന്നുശേഷം വടകരവെച്ചു കൂടിയ സംസ്ഥാനസമ്മേളനത്തിൽ അദ്ധ്യക്ഷൻ സെൻഗുപ്ത ചെയ്ത പ്രസംഗത്തിലും ഗാന്ധി-ഇർവിൻസന്ധി കേവലം താൽക്കാലികമാണെന്നും സ്വാതന്ത്ര്യസമരം വീണ്ടും താമസിയാതെ തുടങ്ങേണ്ടിവരുമെന്നും പ്രസ്താവിച്ചിരിക്കുന്നു. അതു എത്രയോ പരമാർത്ഥമാണെന്നു് ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ വെളിപ്പെടുകയും ചെയ്തു.

വീണ്ടും സമരം

1932 ജനവരി മാസം 4-ാം തീയതി മഹാത്മാഗാന്ധിയേയും കോൺഗ്രസ്സ് പ്രസിഡണ്ടു് ഉൾപ്പെടെയുള്ള മററു പ്രവർത്തകകമ്മിററി മെമ്പർമാരേയും അറസ്ററു ചെയ്തു ബന്ധനസ്ഥരാക്കി. രാജ്യമാസകലം സിവിൽ ആജ്ഞാലംഘനം തുടങ്ങുവാൻ പ്രവർത്തകക്കമ്മിററി കല്പിച്ചിട്ടുണ്ടായിരുന്നതനുസരിച്ച് മററു സ്ഥലങ്ങളിലെപ്പോലെ ജനവരി 5—ാം തീയതി തന്നെ കേരളത്തിലും സിവിൾ ആജ്ഞാലംഘനം ആരംഭിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ താഴെ പറയുന്ന സംഘടനകൾ നിയമവിരുദ്ധമെന്നു് ഗവൺമെൻറു് പ്രഖ്യാപനം ചെയ്തു. (1) കേരളസംസ്ഥാനകോൺഗ്രസ്സ് കമ്മിററി, (2) കോൺഗ്രസ്സ് വാളണ്ടിയർ സംഘടന, (3) കേരളയുവകസംഘം, (4) ഏറനാട്ട് താലൂക്ക് കോൺഗ്രസ്സ് കമ്മിററി, (6) തെക്കെ മലയാളം ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിററി. എല്ലാ ഓർഡിനൻസുകളും മലബാർ ഡിസ്ട്രിക്റ്റിനും ബാധകമാക്കി. എന്നാൽ, ഈ ഓർഡിനൻസുകളെ ലേശവും കൂട്ടാക്കാതെ മദ്യഷാപ്പുകളും വിദേശ വസ്ത്രഷാപ്പുകളും ഊർജ്ജിതമായി പിക്കററുചെയ്തുവന്നു.

യോഗങ്ങരം കൂടുവാൻ പാടില്ലെന്നുള്ള ഗവൺമെൻറു് ആജ്ഞയെ ലംഘിച്ചു് മുറക്കു് യോഗങ്ങളും ചേർന്നുവന്നു. എല്ലാമാസവും 4-ാം തീയതി ഗാന്ധിദിനമായും 24-ാംതീയതി സ്വാതന്ത്ര്യദിനമായും 26-ാംതീയതി ജവഹർദിനമായും 29-ാം തീയതി അതിർത്തിദേശദിനമായും, ഒടുവിലത്തെ ഞായറാഴ്ച പതാകദിനമായും മുടങ്ങാതെആഘോഷിക്കപ്പെട്ടു. ഈ ദിവസങ്ങളിലെല്ലാം ഘോഷയാത്രകരം, പൊതുയോഗങ്ങരം, പ്രസംഗങ്ങരം എന്നിവ നടത്തി ഓർഡിനൻസു് നിയമങ്ങളെ എല്ലാം പതിവായും എന്നാൽ സമാധാനപരമായും ലംഘിച്ചുവന്നു. നിയമത്തെ ലംഘിച്ചവർ സമാധാനപരമായി പ്രവർത്തിച്ചുവെങ്കിലും ആ സമാധാനസ്ഥിതിയെ ലംഘിച്ചുകൊണ്ടായിരുന്നു അധികൃതന്മാർ പെരുമാറി വന്നതു്. മർദ്ദനം അതിൻെറ നഗ്നരൂപത്തിൽ നൃത്തം ചെയ്തിരുന്നുവെങ്കിലും സിവിൽ നിയമലംഘനപ്രസ്ഥാനം ഒന്നിനൊന്നു് അധികമധികം ശക്തിയോടുകൂടി നടത്തപ്പെട്ടു.

മേൽപറഞ്ഞ കാര്യപരിപാടിക്കു് പുറമെ നിയമത്തെ ലംഘിച്ചു് ഉപ്പുണ്ടാക്കുകയും വനനിയമങ്ങളെ ഭേദിക്കുകയും കോടതികളേയും വിദേശബാറുകളേയും പിക്കററു ചെയ്യുകയും ചെയ്തിരുന്നു. കോൺഗ്രസ്സു് സമ്മേളനങ്ങരം നിയമവിരുദ്ധമാക്കിട്ടും ആ സ്ഥിതിയിൽ ഒരു സമ്മേളനം വിജയപൂർവ്വം നടത്തിയതു് ആദ്യം കേരളത്തിലായിരുന്നു. സാമുവൽ ആറോണിൻെറ അദ്ധ്യക്ഷതയിൽ 1932 മേയ് 15-ാം തീയതി കോഴിക്കോട്ടു കൂടിയ ആ സമ്മേളനമായിരുന്നു ആറാമത്തെ കേരള സംസ്ഥാനകോൺഫറൻസ്. ദൽഹി സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട എല്ലാ പ്രമേയങ്ങളും ഇവിടേയും പാസ്സാക്കപ്പെട്ടു. 300-ൽ അധികം പ്രതിനിധികരം നാനാഭാഗങ്ങളിൽനിന്നും ഹാജരുണ്ടായിരുന്നു. സമ്മേളനസ്ഥലമായ ചെല്ലി മൈതാനത്തുനിന്നു് പുറപ്പെട്ടു് തളിക്കുളത്തിൻെറ ആൽത്തറയിൽ എത്തി അവിടേയും ഒരു പൊതുയോഗം കൂടി. അപ്പോരം മാത്രമാണു് പോലീസ്സുകാർക്കു് സ്ഥലത്തെ സംബന്ധിച്ചു് എന്തെങ്കിലും ഒരു തുമ്പു് കിട്ടുവാൻ കഴിഞ്ഞതു്. അന്നേദിവസംതന്നേ മററൊരുയോഗം മിസിസ്സു് ആറോൺെറ അദ്ധ്യക്ഷതയിലും കൂടി

6-ാമത്തേ സംസ്ഥാന കോൺഫറൻസ്

യിരുന്നു. സമ്മേളനാദ്ധ്യക്ഷനായ ആറോൺ, മിസിസ്സ് ആറോൺ, സ്വാഗതസംഘാദ്ധ്യക്ഷനായ കുഞ്ഞിശങ്കരമേനോൻ. ഡിക്റേറ്റർ ശങ്കരവർമ്മരാജാ ഇവരുംപ്പെടെ പതിനൊന്നുപെരേ അറസ്ററു ചെയ്തു ശിക്ഷിച്ചു. സമ്മേളനത്തെ തുടർന്നുണ്ടായ ഘോഷയാത്രയിൽ പങ്കുകൊണ്ടവരേ പോലീസ്സുകാർ അടിച്ച് സംഘം പിരിക്കുകയും ചെയ്തു. ആ സമ്മേളനത്താൽ ജനങ്ങളിൽ ഉളവായ ഉൽസാഹം സീമാതീതമായിരുന്നു. സമ്മേളനാദ്ധ്യക്ഷനേയും കൂട്ടുകാരേയും ശിക്ഷിച്ച് ജയിലിലേക്കു കൊണ്ടുപോയതു് ആയുധധാരികളായ റിസർവ്വു് പോലീസിൻെറ അകമ്പടിയോടുകൂടിയായിരുന്നുവെങ്കിലും അന്നു് ഹജ്ജൂർ കച്ചേരിവളപ്പിൽ കൂടിയിരുന്ന സംഖ്യയില്ലാത്തുള്ള ജനങ്ങൾ ഒരു ഘോഷയാത്രയായി അവരെ അനുഗമിക്കുവാൻ തയ്യാറായി. അവരേ കൂട്ടത്തോടെ അറസ്ററു ചെയ്യുമെന്നും, വേണ്ടിവന്നാൽ വെടിവെച്ച് സംഘം പിരിക്കുമെന്നും ഭീഷണിപ്പെടുത്തീട്ടും ജനങ്ങൾ കൂട്ടാക്കാതേ മുമ്പോട്ടു നീങ്ങി. ഒടുവിൽ ബന്ധനസ്ഥരായ നേതാക്കന്മാർതന്നേ ജനങ്ങളോടപേക്ഷിക്കുകയും അതിനേ അവർ ആദരിച്ച് സമാധാനമായി പിരിഞ്ഞു പോകുകയും ചെയ്തു.

കോഴിക്കോട്ടും കണ്ണൂരും എത്രയും ഊർജ്ജിതമായ വിധത്തിൽ പിക്കററിംഗ് നടത്തിയിരുന്നു. ഇത്തവണത്തെ സമരത്തിൽ കണ്ണൂരിന്നു അദ്വിതീയമായ ഒരു സ്ഥാനം തന്നെയാണു് ഉണ്ടായിരുന്നതു്. വലിയ പട്ടണങ്ങളിലെപ്പോലെ ചെറിയ ഗ്രാമങ്ങളിലും നിയമലംഘനപ്രസ്ഥാനം ശക്തിയായി നടന്നു വന്നു. മയ്യഴിക്കു തെക്കുവശമുള്ള ചോമ്പാലിൽ പിക്കററിംഗിൻെറ ഊക്കു നിമിത്തം പല മദ്യഷാപ്പുകളും പൂട്ടേണ്ടതായിവന്നു. അവിടെ എമ്പതോളം അംഗങ്ങൾ അടങ്ങിയ ഒരു യുവസമാജം സ്ഥാപിച്ചു, ഇവരെല്ലാം കോൺഗ്രസ്സംഗങ്ങളുമായിരുന്നു. വിദേശ വസ്ത്രഷാപ്പുകളും വിജയകരമായി പിക്കററ ചെയ്തു. ഓർക്കാട്ടെരി, വള്ളിക്കാട്ട്, പുതിയങ്ങാടി എന്നീ സമീപസ്ഥലങ്ങളിലും യുവജന സമാജക്കാരുടെ ഉൽസാഹത്തിൽ

സർവത്ര നിയമലംഘനം

പിക്കററിംഗ് നടത്തി. വടകരമജിസ്രേട്ട കോടതിയും പിക്കററു ചെയ്തു. അനവധി ആളുകഠം അറസ്ററിനെ വരിച്ചു. കമ്മിററികളും സംഘങ്ങളും നിയമവിരുദ്ധമാക്കിയപ്പോഠം ഭാരവാഹികളായി ആ സ്ഥാനത്തു് സർവ്വാധിപന്മാർ നിയമിക്കപ്പെട്ടു. അതുപോലെ മലബാറിലെ മിക്കസ്ഥലങ്ങളിലും നിയമലംഘനപ്രസ്ഥാനം ഊർജ്ജിതമായി നടത്തിവന്നു. സ്ത്രീകളും പുരുഷന്മാരും ബാലന്മാരും പ്രായംചെന്നവരും എല്ലാം ഉൽസാഹപൂർവ്വം സമരത്തിൽ പങ്കുകൊണ്ടു. ചില സ്ഥലങ്ങളിൽ കുടുംബത്തിലുള്ളവർ മുഴുവനും തന്നെ അറസ്ററു വരിച്ചു ജയിലിൽ പോയിട്ടുണ്ടു്. പൊന്നാനി താലൂക്കിൽ പള്ളിപ്പുറം കോൺഗ്രസ്സ് കമ്മിററിയിൽപെട്ട സി. ആർ. ദേവകി അമ്മ, അവരുടെ സഹോദരനായ ശ്രീധരൻ നമ്പ്യാർ, നാരായണൻ നമ്പ്യാർ, മാധവൻ നമ്പ്യാർ (കോൺഗ്രസ്സ് കമ്മിററിയുടെ സെക്രട്ടറി) സി. ആർ. അച്യുതൻകുട്ടി നമ്പ്യാർ എന്നിങ്ങനെ ഒരു കുടുംബത്തിലെ മിക്ക മെമ്പർമാരും ജയിലിൽ പോയി. ഇപ്രകാരമുള്ള ഉദാഹരണങ്ങഠം വേറെയും പല സ്ഥലങ്ങളെക്കുറിച്ചും പറയാൻ കഴിയും. എ. വി. കുട്ടിമാളുഅമ്മ രണ്ടുമാസം മാത്രം പ്രായമുള്ള തന്റെ ശിശുവിനോടുകൂടി ജയിലിലേക്കു പോയി. (കുട്ടിമാളു അമ്മ - മിസ്സിസ്സ് മാധവമേനോൻ - കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ 9-ാം സർവ്വാധിപയായിരുന്നു. അപ്പോഴാണു് അവരെ അറസ്ററു ചെയ്തതു്). സി. കുഞ്ഞിക്കാവർമ്മ, മിസ്സ് മെററിൽഡാകല്ലൻ, എന്നീ മഹിളമാരും കോൺഗ്രസ്സ് സംസ്ഥാനക്കമ്മിററിയുടെ സമരകാലത്തെ സർവ്വാധിപന്മാരായിരുന്നു. കുഞ്ഞിക്കാവർമ്മക്കു് രണ്ടരകൊല്ലത്തെ തടവും കുട്ടിമാളുഅമ്മക്കും മിററിൻഡോകല്ലനും രണ്ടുവർഷത്തെ തടവുമാണു് ശിക്ഷവിധിച്ചതു്. ഏററത്താമസിയാതെ കെ. മാധവമേനോനേയും അറസ്ററുചെയ്തു രണ്ടുകൊല്ലത്തേക്കു ശിക്ഷിക്കുകയുണ്ടായി.

കോൺഗ്രസ്സിന്റെ കാര്യപരിപാടി നടപ്പിൽവരുത്തുവാൻ കേരളത്തിൽ യൂത്തുലീഗ്, വിദ്യാത്ഥിസംഘം, സ്വദേശിലീഗ്, എന്നീ പല സംഘങ്ങഠം അവിടവിടെയായിഉൽഭവിക്കുകയും അതാതിന്റെ പ്രവൃത്തിഊർജ്ജിതമായി നടത്തിക്കൊണ്ടുവ

ക്രൂരമായ അക്രമങ്ങൾ

രികയും ചെയ്തിരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടി സമാധാനപരമായ സമരത്തിൽ ഏർപ്പെട്ട ഈ ധർമ്മഭടന്മാരോട് ഭരണാധികാരം കാണിച്ചുവന്നിരുന്ന ക്രൂരത ഏതൊരാളുടേയും സ്വാതന്ത്ര്യദാഹത്തെ ഒന്നു വർദ്ധിപ്പിക്കുന്നതായിരുന്നു. മർദ്ദനം കൊണ്ടു പ്രസ്ഥാനത്തെ നശിപ്പിക്കാമെന്നുള്ള അധികൃതന്മാരുടെ വിചാരം വെറും വ്യാമോഹമായി പരിണമിച്ചു. അപ്പോൾ ഗുരുവായൂരിൽ നടന്നുകൊണ്ടിരുന്ന ക്ഷേത്രപ്രവേശന സത്യാഗ്രഹത്തെ സംബന്ധിച്ചും ഓർഡിനൻസ് പ്രയോഗിച്ചുവെങ്കിലും ഏതാനും ദിവസങ്ങൾക്കുള്ളിൽ അതു പിൻവലിക്കുവാൻ അധികൃതന്മാർ നിർബന്ധിതരായി. അല്ലാത്തപക്ഷം ധാരാളം പേർ ഗുരുവായൂരിലും അറസ്റ്റു വരിക്കുവാൻ സന്നദ്ധരാവുമെന്നു അധികൃതന്മാർക്കറിയാമായിരുന്നു, അറസ്റ്റുകൾ കഴിയുന്നത്ര ചുരുക്കുവാനും ലാത്തിപ്രയോഗം വർദ്ധിപ്പിക്കുവാനും ആണ് തീർച്ചയാക്കിയത്. അറസ്റ്റു ചെയ്യപ്പെട്ടുന്നവരിൽ തന്നെയും ഒരു ചെറിയ വിഭാഗത്തെ മാത്രമെ കേസ്സെടുത്തു. ചാർജ്ജ് ചെയ്തിരുന്നുള്ളു. രണ്ടുവാരത്തിന്നിടയിൽ 306 പേരെ അറസ്റ്റു ചെയ്തതിൽ 15 പേരെ മാത്രമേ ചാർജ്ജു ചെയ്തു ശിക്ഷിക്കുകയുണ്ടായുള്ളു. കേരളത്തിൽ മാത്രമല്ല, പുറമേയും ഈ നയം തന്നെയാണ് ഇക്കാലത്തു ഗവൺമെൻറു് സ്വീകരിച്ചിരുന്നതെന്നു റിപ്പോർട്ടുകൾ കൊണ്ടു കാണുന്നു. സത്യാഗ്രഹികളോടു കാണിച്ച ക്രൂരമായ പെരുമാററം മിതവാദികളേക്കൂടി കോൺഗ്രസ്സിനോടനുഭാവമുള്ളവരാക്കി. അവർ തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തി അധികൃതന്മാർക്കു് അയച്ചുകൊണ്ടിരുന്നു. തലശ്ശേരിയിൽ വിദേശവസ്ത്രഷാപ്പ് പിക്കററിംഗ് നടത്തിയിരുന്ന മിസ്സിസ്സ് എൽ. എസ്സ്. പ്രഭുവിനെ അറസ്റ്റു ചെയ്തു ശിക്ഷിച്ചപ്പോൾ ആ മാന്യയ്ക്കു വിധിച്ചിരുന്ന പിഴ അപ്പോൾതന്നെ ഈടാക്കുവാനായി അവരുടെ കഴുത്തിൽ കെട്ടിയിരുന്ന 'മംഗല്യ'ത്തെ നിർബന്ധപൂർവ്വം അഴിച്ചുവാങ്ങുകയും, ഈ സംഭവം നിയമസഭകളിൽ ചോദ്യത്തിന്നു വിഷയമാകയും, ഇന്ത്യയിലെയും കക്ഷിഭേദമെന്യേ സകലരും ഇതിനെപ്പററി ആക്ഷേപിക്കുകയും, ഒടുവിൽ താലി മടക്കിക്കൊടുക്കുവാനും മററും ഗവൺമെൻറ് ആജ്ഞാപിക്കേണ്ടതായി വരികയും ചെയ്തു. ഉദ്യോഗസ്ഥന്മാരുടെ തലതിരി

ഞ്ഞ അക്രമ പ്രവർത്തികൾക്കുള്ള മററൊരു ഉദാഹരണമായിരുന്നു. ഇക്കാലത്തു് വാളണ്ടിയർമാരെ പിടിച്ചു പോലീസ്സ് സ്റ്റേഷനിൽ കൊണ്ടുപോയി നല്ലവണ്ണം പ്രഹരിച്ചശേഷം രാത്രിയിൽ തീവണ്ടിയിൽ കയററി പല ദൂരസ്ഥലങ്ങളിലും കൊണ്ടുവിടുകയും പതിവായിരുന്നു. മർദ്ദിതരായ ധർമ്മഭടന്മാർക്കു് യാതൊന്നും ഭക്ഷിക്കുവാൻ കൊടുത്തിരുന്നില്ലെന്നു മാത്രമല്ല, ദാഹിച്ചു നിലവിളിച്ചാൽ വെള്ളംപോലും നിഷേധിക്കപ്പെട്ടുകയാണുണ്ടായതെന്നു് അക്കാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്ന പരാതികളിൽ നിന്നു കാണുന്നു. ഏറനാടു താലൂക്കിൽപെട്ട രാമനാട്ടുകരയിലെ കുട്ടികൃഷ്ണമേനോനെ പോലീസ്സ് ലോക്കപ്പിൽവെച്ചു് ലാത്തികൊണ്ടും ചൂരൽകൊണ്ടും അടിക്കുകയും കൈചുരുട്ടി ഇടിക്കുകയും ചെയ്തു. ചൂരൽകൊണ്ടടിച്ചതിനാലുണ്ടായ പാടു് നെടുനീളത്തിൽ അയാളുടെ ശരീരമാസകലം കാൺമാനുണ്ടായിരുന്നു. അയാളെ എടുത്തുകൊണ്ടുപോയി ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ കാണിക്കുകയും, അന്വേഷണം നടത്താമെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ട വാഗ്ദാനംചെയ്കയും ചെയ്തുവെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. തെളിവില്ലെന്നായിരുന്നു സമാധാനം; അയാളുടെ ശരീരത്തിലുണ്ടായിരുന്ന രക്തപങ്കിലമായ ഓരോ പാടും ആ യുവാവിൻെറ മേൽ ചെയ്തിരുന്ന ക്രൂരമായ മർദ്ദനത്തിനു ഓരോ രക്തസാക്ഷിയായിരുന്നില്ലേ?

മററു ചിലർ അനുഭവിച്ച ഉപദ്രവങ്ങൾ

ഇതേ അനുഭവംതന്നേയായിരുന്നു ചെറുപ്പുളശ്ശേരിയിലെ ദാമോദരൻനായർക്കും. അയാളേ കുറുവടികൊണ്ടും ചൂരൽകൊണ്ടും നിർദ്ദയമായി അടിക്കുകയും കൈചുരുട്ടി ഇടിക്കുകയും ഷൂസിട്ട കാലുകൊണ്ടു് ചവിട്ടുകയും ചെയ്തിരുന്നു. ശ്വാസോച്ഛ്വാസം ചെയ്യുവാൻ ആയാൾതന്നേ പ്രയാസപ്പെട്ടു. ഫറോക്കിലെ രാമനും എന്നുവേണ്ട, മററനവധി വളണ്ടിയർമാർക്കും ഇക്കാലങ്ങളിൽ മേല്പറഞ്ഞ വിധമായിരുന്നു അനുഭവം. അടികൊണ്ടു ബോധംകേട്ടു് വീണാൽ യാതൊരു വൈദ്യസഹായവും പോലീസ്സുകാർ നൽകിയിരുന്നില്ല. ഗവർമ്മെണ്ടുവക ആസ്പത്രികളിൽ കൊണ്ടുപോയാൽ അവരെ അകത്തു് സ്വീക

രിച്ചിരുന്നതുമില്ല. ഗൌരവമായ ക്ഷതങ്ങരം പററിയിരുന്നവരെ ആസ്പത്രിയിൽ കിടത്തി ചികിൽസിച്ചാൽ അതെല്ലാം ഒടുവിൽ രേഖയായിത്തീരുമല്ലൊ എന്നു കരുതി ആയിരിക്കണം അവരെ സ്വീകരിക്കാതിരുന്നതു്. ദ്വിവസേന പരുക്കേററു ചെല്ലുന്നവരുടെ സംഖ്യ അത്രയ്ക്കു വലുതായിരുന്നതുകൊണ്ടു് ഒരു സമയം ആസ്പത്രിയിൽ അവരെയെല്ലാം പ്രവേശിപ്പിക്കുവാൻ വേണ്ടുന്നിടത്തോളം സ്ഥലമില്ലായിരുന്നുവെന്നും വരാവുന്നതുമാണു്. * കോഴിക്കോട്ടു്, കൊയിലാണ്ടി, പാലക്കാട്ടു്, കണ്ണൂർ, കാഞ്ഞങ്ങാട്ടു്, ഈ സ്ഥലങ്ങരം മേൽപ്രകാരമുള്ള അക്രമപ്രവൃത്തികളാൽ അക്കാലത്തു് കുപ്രസിദ്ധമായിത്തീർന്നിരുന്നു. അവിടങ്ങളിൽ കേവലം ഖദർധാരികരംക്കുപോലും രക്ഷയുണ്ടായിരുന്നില്ല. രാമകൃഷ്ണാശ്രമത്തിലെ ഒരു ബ്രഹ്മചാരിയെ ആയാരം ഖദർധരിച്ചിരുന്നതിനാൽ പൊലീസ്സ സ്റേറഷനിൽ പിടിച്ചുകൊണ്ടുവെച്ചു

കൊച്ചിയിലും തിരുവിതാംകൂറിലും സത്യാഗ്രഹസമരം നടത്തിയിരുന്നില്ലെങ്കിലും ബ്രിട്ടീഷിന്ത്യയിലെ സമരത്തിൽ ഈ നാട്ടുരാജ്യങ്ങളിൽനിന്നു വളരെപേർ വളണ്ടിയർമാരായി ചേർന്നിരുന്നു. നാട്ടുരാജ്യങ്ങളിൽനിന്നു് വന്നിരുന്നവരോടു് കൂടുതൽ രോഷത്തോടുകൂടിയാണു് പോലീസ്സുകാർ പെരുമാറി വന്നിരുന്നതെന്നു് സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി കേ. എ. ദാമോദരമേനോൻ വടകര കോൺഫറൻസിൽവെച്ചു് പ്രസ്താവിച്ചുകാണുന്നു. സൈമൺ കമ്മിഷനോടനുബന്ധിച്ചു് നാട്ടുരാജ്യങ്ങളിൽ അന്വേഷണം നടത്താൻ വന്നിരുന്ന ബട്ട്ലർ കമ്മിററിയെ കൊച്ചിയിലും തിരുവിതാകൂറിലും ബോയിക്കോട്ടു ചെയ്തു. അതു സംബന്ധിച്ചുള്ള പ്രതിഷേധ പ്രകടനത്തിന്നു തൃശ്ശൂർവെച്ചു് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു മുതൽപേരെ

കൊച്ചിയിലും തിരുവിതാംകൂറിലും

* എച്ചു്. മഞ്ജുനാഥറാവുവിൻെറയും മററും പരിശ്രമങ്ങളുടെ ഫലമായി കോക്കോട്ടു ഇക്കാലത്തു് ഒരു കോൺഗ്രസ്സ ആസ്പത്രി സ്ഥാപിച്ചു് പരുക്കേററ വളണ്ടിയർമാരെ ചികിത്സിച്ചുവന്നു. ഉദാരമതികളായ ഡാക്ടർമാരുടേയും പൌരന്മാരുടേയും സഹായസഹകരണങ്ങളും ഈ സ്ഥാപനത്തിന്നു ധാരാളം ലഭിച്ചിരുന്നു. വളരെ പ്രയോജനകരമായ സേവനം നൽകിക്കൊണ്ടു് ഈ ആസ്പത്രി സമരാവസാനംവരെ നിലനിന്നു.

അറസ്ററു ചെയ്തു. ഇപ്രകാരമുള്ള അറസ്ററുകൾ എറണാകുളത്തും ഉണ്ടായി. തിരുവിതാംകൂറിലും പ്രതിഷേധപ്രകടനങ്ങൾ ഉണ്ടായിരുന്നു. മദ്യഷാപ്പുകളുടെ പിക്കററിങ്ങും വിദേശവസ്ത്രഷാപ്പുകളുടെ പിക്കററിങ്ങും എത്രയും ഊർജ്ജിതമായവിധം തിരുവിതാംകൂറിലും കൊച്ചിയിലും നടത്തിയിരുന്നു. ഗാന്ധിയുടെ അറസ്ററിനെ പ്രതിഷേധിക്കുവാൻ യോഗം കൂട്ടവാൻ പാടില്ലെന്നു് തിരുവിതാംകൂർ ഗവർമ്മെണ്ടു് വിരോധിച്ചിരുന്നതിനെ അവഗണിച്ചു് യോഗം ചേർന്നതിന്നു എൻ. സി. ശേഖർ, ടി. എസ്സ്. കൊച്ചുകൃഷ്ണപിള്ള, എൻ. പി. കുരുക്കൾ തുടങ്ങി വളരെപേരെ അറസ്ററു ചെയ്തു ശിക്ഷിക്കുകയുണ്ടായി. എറണാകുളത്തു എം. ചന്ദ്രഹാസൻ, എൻ. ജെ. ജോസഫ്, വി. കെ. കുട്ടി എന്നിവരുടെ മേൽനോട്ടത്തിൽ നടത്തിയ ശക്തിയായ പിക്കററിംഗിൻെറ ഫലമായി 80 ശതമാനത്തിലധികം വിദേശവസ്ത്രവ്യാപാരികൾ സ്വദേശിപ്രതിജ്ഞ കൈക്കൊള്ളുകയും വിദേശവസ്ത്രങ്ങൾ ഭാണ്ഡംകെട്ടി മുദ്രവെക്കാൻ സമ്മതിക്കുകയും ചെയ്തു

പ്രായേണ എല്ലാ സ്ഥലങ്ങളിലും പിക്കററിംഗ് വിജയകരമായിത്തന്നേ നടന്നതായി കാണ്മാനുണ്ടു്. ഇക്കാലങ്ങളിൽ ഖദർവില്പന ധാരാളമായി നടന്നിരുന്നു. ഒരു വാരത്തിന്നുള്ളിൽ

യുവാക്കന്മാരുടെ വൈഭവങ്ങൾ

തന്നേ കോഴിക്കോട്ടു രണ്ടായിരം ഉറുപ്പികക്കും തൃശ്ശൂരിൽ മൂവ്വായിരം ഉറുപ്പികയ്ക്കും ഖദർ വിൽക്കുവാൻ കഴിഞ്ഞു. ആ ആഴ്ച കേരളത്തിൽ ആസകലം 20,637 ഉറുപ്പികക്കു ഖദർ വിററതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഇതെല്ലാം "സർവ്വാധിപന്മാ"രുടെ വാഴ്ചക്കാലമായിരുന്നുവെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. അനിതരസാധാരണമായ വൈഭവങ്ങൾ പലതും അന്നു് യുവാക്കന്മാർ പ്രദർശിപ്പിച്ചു. സാമർത്ഥ്യത്തിന്നു സർട്ടിഫിക്കററു വാങ്ങീട്ടുള്ള പോലീസ്സു മേധാവികളുടേയും അവരുടെ വിസ്തൃതമായ സന്നാഹങ്ങളുടെയും അന്വേഷണങ്ങളേയും മുൻകരുതലുകളേയും തോല്പിച്ചിട്ടു് യോഗങ്ങൾ ചേരുക, ലഘുലേഖനങ്ങൾ വിതരണം ചെയ്യുക. പത്രികകൾ കല്ലച്ചിൽ എഴുതിച്ചു പല ദിക്കുകളിലേക്കും അയക്കുക, കോൺഗ്രസ്സ്

ബുള്ളററിൻസ് പ്രസിദ്ധപ്പെടുത്തുക എന്നിങ്ങനെ പല കാര്യങ്ങളും കോൺഗ്രസ്സ ഭാരവാഹികരം വിരുതോടുകൂടി ചെയ്തിരുന്നു. കോഴിക്കോട്ട നഗരത്തിൽനിന്നും ദിവസേന പുറപ്പെട്ടുകൊണ്ടിരുന്ന ബുള്ളററിൻസ് എവിടെവെച്ചെഴുതിയുണ്ടാക്കുന്നുവെന്നോ അതിന്നുള്ള കല്ലച്ച് എവിടെ ഇരിക്കുന്നുവെന്നോ കണ്ടുപിടിക്കുവാൻ പോലീസ്സുകാർക്കു സാദ്ധ്യമായില്ല. സർവ്വേന്ത്യാ കോൺഗ്രസ്സ് കമ്മിററിയായും ഇവിടത്തെ ഡിസ്ട്രിക്ട കോൺഗ്രസ്സ് കമ്മിററികളുമായും മററു ശാഖാകമ്മിററികളുമായും കത്തിടപാടുകരം നടത്തിയതു സ്വന്തം പോസ്ററൽ ഏർപ്പാടുവഴിയായിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്. സംസ്ഥാന സമ്മേളനം കോഴിക്കോട്ടുവെച്ചു നടത്തിയതുപോലെ കണ്ണൂരിൽവെച്ച് വടക്കേ മലബാർ ഡിസ്ട്രിക്ട കോൺഫറൻസും ഫറോക്കിൽവെച്ച് മദ്ധ്യമലബാർ ഡിസ്ട്രിക്ട സമ്മേളനവും ജൂലായി മാസത്തിൽ നടന്നതായി കണുന്നുണ്ട്. ഇതുപോലെ താലൂക്കു സമ്മേളനങ്ങളും ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട് മുതലായി എല്ലാ താലൂക്കുകളിലും വിജയപൂർവ്വം നടത്തുവാൻ കഴിഞ്ഞു.

സംസ്ഥാനസമ്മേളനം ഉരംപ്പെടെ ഈ മേൽപ്പറഞ്ഞ സമ്മേളനങ്ങളുടെയെല്ലാം വിജയപൂർവ്വമായ നടത്തിപ്പിന്നും സമരത്തിൻെറ നിർവിഘ്നമായ തുടർച്ചക്കും കോൺഗ്രസ്സ് പരിപാടിയുടെ സംഘടിതമായ പ്രവർത്തനത്തിന്നും കെ. രാമൻമേനോൻെറ മേൽനോട്ടവും സഹകരണവുമായിരുന്നു മുഖ്യമായിട്ടുണ്ടായിരുന്നതു്. ഇക്കാലത്തു മാധവൻ നായർ സുഖക്കേടായി കിടപ്പിലായിരുന്നു. മേയ് മാസത്തിൽ രാമൻമേനോനെ അറസ്ററുചെയ്തു രണ്ടു വർഷത്തേക്കു ശിക്ഷിച്ചു. എന്നാൽ സമരം പിന്നേയും പഴയ ക്രമത്തിൽ നടന്നുകൊണ്ടുതന്നെഇരുന്നു. സ്ത്രീകളും പുരുഷന്മാരുമായി 20-ൽ അധികം ഡിക്ടേട്ടർമാർ (സർവ്വാധിപർ) വഴിക്കുവഴിയേ സ്ഥാനങ്ങരം സ്വീകരിക്കുകയും ശിക്ഷിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. ഇങ്ങിനെ, 1934 ഏപ്രിൽമാസം 7-ാം തീയതി മഹാത്മാഗാന്ധി സിവിൽ നിയമലംഘന പ്രസ്ഥാനം പിൻവലിക്കുന്നതുവരെ കേരളത്തിൽ സമരം ഇട

കേരളീയർക്കു അഭിമാനാർഹം

വിടാതെ നടന്നുകൊണ്ടുതന്നെ വന്നു. വ്യക്തിഗതമായ സത്യാഗ്രഹം പിന്നേയും കുറെനാറംകൂടി കണ്ണൂർ മുതലായ ചില സ്ഥലങ്ങളിൽ* നടന്നതായി കാൺമാനുണ്ട്. ഇപ്രകാരം രണ്ടാമത്തെ സത്യാഗ്രഹസമരത്തിലും കേരളത്തിന്റെ മുറ സ്തുത്യർഹമായ വിധം നിർവ്വഹിച്ചുവെന്നു അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കന്മാർക്കു അഭിനന്ദിക്കുവാനും കേരളീയർക്കു അഭിമാനിക്കുവാനും കഴിഞ്ഞു

മറേറതൊരു സംസ്ഥാനത്തോട് താരതമ്യപ്പെടുത്തിയാലും കേരളത്തിന്റെ സ്ഥാനം സമരസന്നദ്ധതയിലും സമരനിർവ്വഹണത്തിലും, അദ്വിതീയമായിരുന്നു. എന്നാൽ, സമരം നിത്തിവെക്കുകയും ജനങ്ങളുടെ സ്വാതന്ത്ര്യതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നതുമായ ഒരു കാര്യപരിപാടി ആ സ്ഥാനത്തു് ഏർപ്പെടുത്താതെ വരികയും ചെയ്കയാൽ കേരളത്തിൽ കോൺഗ്രസ്സ്പ്രസ്ഥാനം ഒരിക്കൽകൂടി മന്ദമായി ഭവിച്ചു. അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാത്ഥിയായി നിറുത്തിയിരുന്ന സാമുവൽ ആറോൺ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ടു. സംഘടിതമായ പ്രവത്തി ആവശ്യപ്പെടുമ്പോഴൊക്കെയും മലബാർ പിന്നോക്കം മാററിില്ല. സമരപരമായ കാര്യപരിപാടിക്കു വേണ്ടി വാദിച്ചുകൊണ്ട് കോൺഗ്രസ്സ് സോഷ്യലിസ്ററു പാർട്ടി ഇന്ത്യയിലെ മിക്കപ്രസ്ഥാനങ്ങളിലും സംഘടിതങ്ങളായ പ്രചരണവേല ചെയ്തുവരുന്നു. കോൺഗ്രസ്സ് സോഷ്യലിസ്ററ് പാർട്ടിക്കു താരതമ്യേന ധാരാളം പ്രാബല്യമുള്ള ഒരു സംസ്ഥാനമാണ് കേരളമെന്നു് സംസ്ഥാന കോൺഗ്രസ്സു കമ്മിററിയിൽ ആ പാർട്ടിക്കുള്ള ഭൂരിപക്ഷനിലയും 1935 മേയ് മാസത്തിൽ കോഴിക്കോട്ടുവെച്ചു ബ്രെൽവിയുടെ അദ്ധ്യക്ഷതയിൽ നടന്ന സംസ്ഥാനസമ്മേളനത്തിലെ പ്രമേയങ്ങളും തെളിയിക്കുന്നുണ്ട്.

ഇതിനിടക്കു് കേരളത്തിന്നു് വലുതായ രണ്ടു നഷ്ടങ്ങറം സംഭവിച്ചു, കെ. മാധവൻനായരും ടി. ആർ. കൃഷ്ണസ്വാമി

---

* കെ. പി. ഗോപാലൻ, എ. കെ. ഗോപാലൻ എന്നിവരുടെ പേരുകറം ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യയോഗ്യമാകുന്നു.

അയ്യരും രോഗബാധിതരായി ചരമമടഞ്ഞു. ഈ നേതാക്കന്മാർ കേരളത്തിനും കോൺഗ്രസ്സിനും ചെയ്തിട്ടുള്ള ഗംഭീരവും ആത്മത്യാഗപരവുമായ സേവനങ്ങൾ വിലമതിക്കാവുന്നതല്ല.

വലുതായ രണ്ടു നഷ്ടങ്ങൾ

കെ. മാധവൻ നായരാവട്ടെ, കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററിയുടെ ഉത്ഭവം മുതൽ തന്റെ ജീവിതകാലം മുഴുവൻ അതിനോട് സ്ഥായിയായി ബന്ധിച്ചിരുന്നു. കേരളസംസ്ഥാനകോൺഗ്രസ്സ് കമ്മിററി 1921-ൽ സ്ഥാപിച്ചപ്പോൾ അദ്ദേഹവും യു ഗോപാലമേനോനും ആയിരുന്നു അതിന്റെ ജോയിൻറുസെക്രട്ടറിമാർ.* മാധവൻനായരുടെ നിസ്തുല്യസേവനം കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ വിവിധവശങ്ങളേയും സംബന്ധിച്ചിട്ടുണ്ടായിരുന്നുവെന്ന്, ഇതിന്നുമുൻപുള്ള സംഭവചരത്രങ്ങൾ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞിടത്തോളം കൊണ്ടുതന്നേ വിശദമാകുന്നതാണ്.

പതിന്നാലു വർഷത്തെ കാരാഗൃഹവാസത്തിന്നുശേഷം എം. പി. നാരായണമേനോൻ ഇതിനിടെ മടങ്ങി എത്തുകയുമുണ്ടായി. കോഴിക്കോട്ടു നഗരം കണ്ടിട്ടുള്ളതിൽവെച്ച് കെങ്കേമമായ ഒരു സ്വീകരണമാണ് ജനങ്ങൾ അദ്ദേഹത്തിനു നൽകിയത്.

1934 മേയ് മാസം 28 ാം തീയതി കോഴിക്കോട്ടുവെച്ച "ബോംബേ ക്രാണിക്കിൾ" പത്രാധിപർ ബ്രൽവിയുടെ അധ്യ

---

* യു ഗോപാലമേനോൻ സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ മാത്രമല്ല, സംസ്ഥാന ഖിലാഫത്തു കമ്മിററിയുടെയും ജോയിൻറുസെക്രട്ടറിയായിരുന്നു. നാഗപ്പൂരിൽവെച്ച് പാസ്സായ ബോയിക്കോട്ട് പ്രമേയപ്രകാരം ഗോപാലമേനോൻ ആയിടക്കുതന്നെ തന്റെ പ്രാക്ടീസ് നിർത്തിവെച്ച് മുഴുവൻ സമയവും പ്രചരണവേലക്കും സംഘടിത പ്രവർത്തിക്കുമായ വിനിയോഗിച്ചിരുന്നു. [illegible] നാലാം അദ്ധ്യായം എഴുതി പ്രസ്സിലായശേഷം കിട്ടിയ വിവരങ്ങളാണ്.

ക്ഷതയിൽ കേരളസംസ്ഥാന കോൺഗ്രസ്സ് സമ്മേളനം കൂടി.

സംസ്ഥാന കോൺഫറൻസ്

ഈ രാഷ്ട്രീയ സമ്മേളനത്തോടൊപ്പം അഖിലകേരളസോഷ്യലിസ്ററു സമ്മേളനവും തൊഴിലാളിസമ്മേളനവും ഉണ്ടായിരുന്നു. സോഷ്യലിസ്ററു സമ്മേളനത്തിന്നു എം. ആർ. മസാനിയും, തൊഴിലാളിസമ്മേളനത്തിന്നു ശ്രീമതി മണിബെൻകറും ആദ്ധ്യക്ഷ്യം വഹിച്ചു. ഈ മൂന്നു സമ്മേളനങ്ങളിലും ഏറെക്കുറെ കോൺഗ്രസ്സ് സോഷ്യലിസ്ററുപാർട്ടിയുടെ അഭിപ്രായഗതികളും കാര്യപരിപാടികളും അനുസരിച്ചുള്ള പ്രമേയങ്ങളാണു് പാസ്സാക്കപ്പെട്ടതു്. എല്ലാ പ്രമേയങ്ങളെ സംബന്ധിച്ചും തീക്ഷ്ണമായ വാദപ്രതിവാദങ്ങൾ നടന്നു.

പ്രധാന പ്രമേയങ്ങൾ

ബ്രെൽവിയുടെ അദ്ധ്യക്ഷതയിൽ കൂടിയ രാഷ്ട്രീയ സമ്മേളനത്തിൽ പാസ്സാക്കിയ പ്രധാനപ്രമേയങ്ങൾ താഴെ പറയുന്നവയാകുന്നു:— (1) വിചാരണ കൂടാതെ തടവിൽ പാർപ്പിക്കുന്ന ബങ്കാൾ തടവുകാരെ ഒരു നീതിന്യായക്കോടതി മുമ്പാകെ വിചാരണ ചെയ്യുകയോ അവരെ വിട്ടയക്കുകയോ ചെയ്യേണ്ടതാണെന്നു ഗവർമ്മെണ്ടിനോടാവശ്യപ്പെടുകയും അവരുടെ കുടുംബാദികൾക്കു സഹായം ചെയ്യുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. (2) രോഗബാധിതനായ എം. എൻ. റോയിയെ ഉടനെ വിട്ടയക്കേണ്ടതാണെന്നു ഗവർമ്മെണ്ടിനോടപേക്ഷിക്കുന്നു, (3) നാട്ടുരാജ്യഭരണം ഇല്ലാതാക്കുന്നതു് അത്യാവശ്യമാണെന്നുള്ള അഖിലേന്ത്യാ സോഷ്യലിസ്ററുപാർട്ടിയുടെ ബോംബെ സമ്മേളനത്തിലെ പ്രമേയത്തെ സ്വീകരിക്കുന്നതോടുകൂടി, നാട്ടുരാജ്യങ്ങളിൽ തൊഴിലാളികളുടേയും കർഷകന്മാരുടേയും സാമ്പത്തികനിലയെ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം തന്നേ, നാട്ടുരാജ്യപ്രജകൾക്കു ഉടനെ വേണ്ടതായ ജനാധിപത്യപരമായ ആവശ്യങ്ങളെ ആധാരമാക്കി അവരെ സംഘടിപ്പിക്കുന്നതിനുവേണ്ട ശ്രമങ്ങൾ പാർട്ടി ചെയ്യേണ്ടതാണെന്നു അഭിപ്രായപ്പെടുന്നു. ഈ ആവശ്യങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:-

(എ) പ്രായപൂർത്തി വോട്ടവകാശമനുസരിച്ച് തിരഞ്ഞെടുത്ത് സംഘടിപ്പിക്കുന്ന ഒരു ഏകമണ്ഡലനിയമസഭ. (ബി) നിയമസഭയിൽ തിരഞ്ഞെടുക്കപ്പെടുന്നതും അതിനോട് പരിപൂർണ്ണമായ ഉത്തരവാദിത്വമുള്ളതുമായ ഒരു മന്ത്രി സമിതി, (സി) സംസ്ഥാനത്തിലെ വരവിന്റെ രണ്ടു ശതമാനത്തിൽ കൂടുതൽ രാജകീയകുടുംബത്തിന്റെ പ്രത്യേകാവശ്യത്തിന്നുവിനിയോഗിക്കാതിരിക്കുക. (ഡി) രാജകീയകുടുംബത്തിന്റെ മതവിശ്വാസത്തിന്നു സംസ്ഥാന ഭരണത്തിന്മേൽ യാതൊരു സ്വാധീനശക്തിയും ഉണ്ടാകാതിരിക്കുക, (ഇ) പത്രപ്രവർത്തനം പ്രസംഗം, സമുദായ സംഘടന എന്നിവക്കു പരിപൂർണ്ണ സ്വാതന്ത്ര്യം.

(4) ബ്രിട്ടൺ ഏർപ്പെടുവാൻ ഇടയുള്ള ഏതു യുദ്ധത്തിലും ഇന്ത്യ സഹകരിക്കുന്നതിനെ ഭാരതമഹാജനസഭ പ്രബലമായി പ്രതിഷേധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. (5) ഇൻഡ്യൻ ഭരണഘടനതയ്യാറാക്കുവാനുള്ള അവകാശം ഇന്ത്യൻ ജനതക്കു് മാത്രമാകയാലും ആ അവകാശത്തെ പ്രായോഗികമാക്കാൻ അധികാര സമ്പാദനസമയത്തു വിളിച്ചുകൂട്ടുന്ന കോൺസ്റ്റിററ്യൂവൻറ് അസംബ്ളിക്ക് മാത്രമേ സാധിക്കു എന്നതിനാലും ഇപ്പോഴ ബ്രിട്ടീഷ് പാർലിമെൻറിന്റെ ആലോചനയിലിരിക്കുന്ന ഭരണപരിഷ്ക്കാരം തകർക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. (6) കോൺഗ്രസ്സ് ചട്ടത്തിലെ ഒന്നാം വകുപ്പിനെ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാകുന്നു "ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യം ഇൻഡ്യക്കു് പൂർണ്ണസ്വാതന്ത്ര്യം സമ്പാദിക്കുകയായിരുന്നു. എന്നുവെച്ചാൽ, ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്നു തികച്ചും വേർപ്പെട്ടുനിൽക്കുന്ന ഒരു പരിപൂർണ്ണ സ്വാതന്ത്ര്യനില ഇന്ത്യക്കുണ്ടായിരിക്കണം. ഭരണാധികാരം, ഉല്പാദനം തുടങ്ങി സമുദായക്ഷേമകരമായ പ്രവൃത്തികളിലേർപ്പെട്ട സാമാന്യജനങ്ങൾക്കായിരിക്കണം. ഈ സ്വാതന്ത്ര്യലബ്ധിക്കായുള്ള സമരത്തിൽ ബ്രിട്ടീഷ് സാമ്രാജ്യവുമായി യാതൊരു രാജിക്കും വഴിപ്പെടുന്നതല്ല. (7) ഉൾനാട്ടുകളിൽ അവശരായി വലയുന്ന കർഷകരെ ശക്തിയാംവണ്ണം സംഘടിപ്പിച്ച് അവരുടെ സങ്കടങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യം സ്വാതന്ത്ര്യസമരത്തിലെ ഒരു പ്രധാനരംഗമാണെന്നഭിപ്രായപ്പെടുകയും ഇതിന്നായുള്ള

പ്രവൃത്തികഠം ഉടനെ ആരംഭിക്കേണ്ടതാണെന്നു കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററിയോടാവശ്യപ്പെടുകയും ചെയ്യുന്നു, (6) യാഥാർത്ഥത്തിലുള്ള അടിമത്വത്തെപ്പററി അജ്ഞരും ബോധശൂന്യരുമായ ഗ്രാമങ്ങളിലുള്ള സാമാന്യജനങ്ങളെ യഥാർത്ഥനില അറിയിക്കുന്നതിനായി രാജ്യമൊട്ടാകെ ഊർജ്ജിതമായ പ്രചാരവേല ആരംഭിക്കേണ്ടതാണ്. (9) രാഷ്ട്രീയപ്രവർത്തകന്മാർക്കുള്ള പഠനകേന്ദ്രങ്ങഠം കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിററി ആരംഭിക്കേണ്ടതാണ്. (10) കോൺഗ്രസ്സ് കമ്മിററിയിൽ ഉദ്യോഗങ്ങഠം സ്വീകരിക്കണമെങ്കിൽ ദേഹാദ്ധ്വാനം ചെയ്യണമെന്നുള്ള ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് ചട്ടത്തിലെ വ്യവസ്ഥയെ മാറേറണ്ടതാണെന്ന് കോൺഗ്രസ്സ് കമ്മിററിയോടഭ്യർത്ഥിക്കുന്നു. (11) രാഷ്ട്രീയസംബന്ധമായ വസ്തുതകളിൽ കേരളത്തെ ഒരു ഭരണഘടനയിൻകീഴിലാക്കി ഒരു പ്രവിശ്യയായി സ്വരൂപിക്കേണ്ടതാണെന്നുള്ള ആദർശത്തോടു യോജിക്കുകയും, എന്നാൽ തിരുവിതാംകൂർ, കൊച്ചി എന്നീ രണ്ടു പ്രത്യേക ഘടകങ്ങളേയും ഇല്ലാതാക്കിയതിന്നുശേഷം മാത്രമേ ആ വിധത്തിൽ പ്രവർത്തിക്കുന്നതിന്നു സാധിക്കുകയുള്ളുവെന്നു ശക്തിപൂർവ്വം അഭിപ്രായപ്പെടുകയും ചെയ്യുന്നു.

ഈ സമ്മേളനത്തിന്നു ശേഷമുണ്ടായ കേരളത്തിലെ പ്രധാന സംഭവം കോൺഗ്രസ്സ് പ്രസിഡൻറ് ബാബുരാജേന്ദ്രപ്രസാദിൻെറ ദിഗ്വിജയമായിരുന്നു. ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ പ്രസിഡൻറ് ഔദ്യോഗിക നിലയിൽ കേരളം സന്ദർശിച്ചതു് ഇപ്പോഠം ആദ്യമായിട്ടായിരുന്നു. ജനങ്ങഠം എല്ലാസ്ഥലങ്ങളിലും, വലിയ പട്ടണങ്ങളിലും ചെറിയ ഗ്രാമങ്ങളിലും ഒന്നുപോലെ ഇന്ത്യാമഹാരാജ്യത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട നായകനെ അനിതരസാധാരണമായ സ്നേഹാദരങ്ങളോടെ രാജകീയമട്ടയവിധം സ്വീകരിക്കയുണ്ടായി. അദ്ദേഹം സംസ്ഥാനകോൺഗ്രസ്സ് സെക്രട്ടറി കെ. രാമൻമേനോനുമൊന്നിച്ച് മലബാറിൻെറ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചു. രാജേന്ദ്രപ്രസാദിൻെറ സന്ദർശനത്താൽ കേരളത്തിൽ വിശേഷമായ ഒരുണർവുണ്ടായിട്ടുണ്ടെന്നുവേണം പറയുവാൻ.

രാജേന്ദ്രപ്രസാദിൻെറ ദിഗ്വിജയം

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചരിത്രം ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രവുംകൂടിയാണല്ലോ. കോൺഗ്രസ്സിന്റെ കേരളഘടകത്തെക്കുറിച്ച് 1935 ൽ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിററി പ്രസിദ്ധീകരിച്ച 'കോൺഗ്രസ്സും കേരളവും' എന്ന ഈ ഗ്രന്ഥം നമ്മുടെ ആദ്യകാല രാഷ്ട്രീയ പ്രവർത്തനശൈലിയെ അനുസ്മരിക്കുവാനുപകരിക്കുന്നു.

കോൺഗ്രസ്സിന്റെ അതുവരെയുള്ള കേരളത്തിലെ പ്രവർത്തനങ്ങളെ ആധികാരികമായി ആവിഷ്ക്കരിച്ചിരിക്കുകയാണ് ഈ പുസ്തകത്തിൽ. ദേശാഭിമാനപ്രചോദിതനായി ഇംഗ്ളണ്ടിൽനിന്നും ഉപരിപഠനം മതിയാക്കി കോൺഗ്രസ്സ് പ്രവത്തനങ്ങളിൽ പങ്കാളിയാകുവാൻ വേണ്ടി കേരളത്തിൽ മടങ്ങിയെത്തിയ കോൺഗ്രസ്സിന്റെ ആദ്യകാലനേതാക്കന്മാരിൽ ഒരാളായ ബാരിസ്റ്റർ എ. കെ. പിള്ളയാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്. കോൺഗ്രസ്സ് നേതാക്കന്മാരിൽ സമാദരണീയനും അനിഷേദ്ധ്യനുമായിരുന്ന ബാരിസ്റ്റർ എ. കെ. പിള്ള കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിററിയുടെ സമ്മതത്തോടും അനുവാദത്തോടുംകൂടി എഴുതി തയ്യാറാക്കിയ ഈ ഗ്രന്ഥം തീർത്തും ആധികാരികമാണെന്ന കാര്യത്തിൽരണ്ടുപക്ഷമുണ്ടാകുകയില്ലല്ലോ.

**ചരിത്രം പബ്ലിക്കേഷൻസ്**
തിരുവനന്തപുരം - 695010



# കോൺഗ്രസ്സും കേരളവും

ബാരിസ്റ്റർ : എ. കെ. പിള്ള



ചരിത്രം പബ്ലിക്കേഷൻസ്
തിരുവനന്തപുരം-695010

Indic Digital Archive Foundation
gpura.org